# ജി.എസ്.ടി. – പതിവ് ചോദ്യങ്ങൾ

## (Frequently Asked Questions)

# സന്ദേശം



ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വാണിജ്യനികുതി വകുപ്പ് നടത്തുന്ന ബോധവൽക്കരണ - പ്രചാരണ പ്രവർത്തനത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞു. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് ജി.എസ്.ടി. യുമായി ബന്ധപ്പെട്ടു നിരന്തരം ഉയരുന്ന സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വിശദീകരണം നൽകുന്ന ജി.എസ്.ടി. FAQ ഹാൻഡ്ബുക്ക് പ്രസിദ്ധം ചെയ്യുകയുണ്ടായി. ഈ കൈപ്പുസ്തകം വാണിജ്യനികുതിവകുപ്പ് പുനഃപ്രസാധനം ചെയ്യുന്നുവെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഈ പുസ്തകം നികുതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കച്ചവടക്കാർ, ഉദ്യോഗസ്ഥർ, ടാക്സ് പ്രാക്ടീഷണർമാർ, പൊതുജനങ്ങൾ എന്നിവർക്ക് ഉപയോഗപ്രദമായിരിക്കും എന്നെനിക്കുറപ്പുണ്ട്. ജി.എസ്.ടി. നടപ്പിലാകുന്നതോടു കൂടി നികുതി പിരിക്കുന്നതിലും ഒടുക്കുന്നതിലും ഒരു കാതലായ മാറ്റം ഉണ്ടാകും. തുടക്കമെന്ന നിലയിൽ തൽപരകക്ഷികളുടേയും കാര്യക്ഷമതാ പരിപോഷണത്തിന് സമഗ്രമായ ഒരു മാറ്റം കൊണ്ടുവരുന്നതിന്

നിരന്തര പരിശ്രമം വേണ്ടതാണ്. വ്യാപാരികൾക്കു പുറമേ മറ്റു തത്പരകക്ഷികൾ എന്ന നിലയിൽ പൊതുജനങ്ങൾക്കിടയിലും ജി.എസ്.ടി. അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. ജി.എസ്.ടി. യെക്കുറിച്ച് ഉപഭോക്താക്കൾക്ക് സമഗ്രമായ ഒരു ധാരണ ഉണ്ടെങ്കിൽ നികുതിഭരണ സംവിധാനത്തിൽ വമ്പൻ കുതിച്ചുചാട്ടങ്ങൾക്ക് നമുക്ക് സാക്ഷിയാകാൻ കഴിയും.

അതുകൊണ്ടുതന്നെ വാണിജ്യനികുതിവകുപ്പിന്റെ ഈ സംരംഭം വിവിധ തത്പരകക്ഷികൾക്കിടയിൽ ജി.എസ്.ടി. വിവരവിനിമയത്തിന് നിർണ്ണായക പങ്ക് വഹിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മുൻ കാലങ്ങളിൽ വാറ്റ് നികുതി നടപ്പിലാക്കുന്നതിൽ മാർക്ഷദർശകമായി മാറിയ നമ്മുടെ സംസ്ഥാനം ജി.എസ്.ടി. നടപ്പിലാക്കുന്നതിനും ഒന്നാമതെത്തുമെന്ന് ഉറപ്പാണ്. സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഡോ. ടി.എം. തോമസ് ഐസക്**

കേരള ധന, കയർ വകുപ്പ് മന്ത്രി.

# സന്ദേശം

വാണിജ്യനികുതി വകുപ്പ് ജി.എസ്.ടി. യെ സംബന്ധിച്ച് സാധാരണയായി ഉന്നയിക്കപ്പെടാവുന്ന ചോദ്യോത്തരങ്ങൾ ഒരു കൈപ്പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജി.എസ്.ടി. വിജയകരമായി നടപ്പിൽവരുത്തുവാൻ ഇതിലുൾപ്പെട്ട എല്ലാ തത്പരകക്ഷികൾക്കും ഈ പുസ്തകം അർത്ഥവത്തായ സഹായം നൽകുമെന്ന് ഉറപ്പാണ്. ജി.എസ്.ടി. യെക്കുറിച്ചുള്ള പൊതുവായ ബോധവത്കരണത്തിന് വാണിജ്യ നികുതി വകുപ്പിന്റെ ഈ സംരംഭം ശരിയായ ദിശയിലുള്ളതാണ് എന്ന് എനിക്കുറപ്പുണ്ട്. ജി.എസ്. ടി. വിജയകരമായി നടപ്പിലാക്കു ന്നതിലേക്കായി എന്റെ ആശംസകൾ നേരുന്നു.

**പി. മാര പാണ്ഡ്യൻ ഐ.എ.എസ്.**
അഡീഷണൽ ചീഫ് സെക്രട്ടറി
നികുതി, എക്സൈസ്, രജിസ്ട്രേഷൻ
& വനം വകുപ്പുകൾ
കേരളസർക്കാർ

# ആമുഖം

സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് ആണ് ജി.എസ്.ടി. FAQ ഹാൻഡ് ബുക്കിന്റെ പ്രസാധകർ. ദേശീയതലത്തിൽ ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ ഏറെ പ്രശംസനീയമാണ്.

ജി.എസ്.ടിയുമായി ബന്ധപ്പെട്ടു നിരന്തരം ഉയരുന്ന സംശയങ്ങൾക്കും ചോദ്യങ്ങൾക്കും സമഗ്രവും ഹ്രസ്വവുമായി വിശദീകരണം നൽകുന്ന ജി.എസ്.ടി. എഅത്ധ ഹാൻഡ് ബുക്ക് കൈകാര്യം ചെയ്യാൻ എളുപ്പവും ഒതുക്കവുമുള്ളതാണ്. അതുകൊണ്ടുതന്നെയാണ് ഇതിന്റെ ഒരു കേരള പരിപ്രേക്ഷ്യം പുനഃപ്രസാധനം ചെയ്യാൻ വാണിജ്യനികുതിവകുപ്പ് തീരുമാനിച്ചതും.

ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച കേന്ദ്ര/സംസ്ഥാന കരട് നിയമങ്ങൾക്കും അനുസൃതമായി ഈ FAQ ഹാൻഡ് ബുക്കിലെ ചോദ്യോത്തരങ്ങൾ വാണിജ്യനികുതി വകുപ്പ് പുനഃപരിശോധിക്കുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. രാജ്യത്തു നടപ്പിലാക്കുന്നതിന് വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന ടീമിന് പ്രത്യേകം നന്ദി പറയുന്നു.

ഈ ഹാൻഡ്ബുക്ക് മലയാളത്തിലും ഇംഗ്ലീഷിലും പുനഃപ്രസാധനം ചെയ്യാൻ അക്ഷീണം പ്രയത്നിച്ച വാണിജ്യനികുതി കമ്മീഷണറേറ്റിലെ ജി.എസ്.ടി. സെല്ലിനോടുള്ള കൃതജ്ഞത പ്രത്യേകം അറിയിക്കുന്നു.

**ഡോ. രാജൻ ഖോബ്രഗഡെ**
കമ്മീഷണർ
സംസ്ഥാന വാണിജ്യനികുതി വകുപ്പ്
കേരള സർക്കാർ

**തയ്യാറാക്കിയവർ**

ശ്രീ. ദീപക് മറ്റ, അസിസ്റ്റന്റ് ഡയറക്ടർ, NACEN, മുംബൈ.ശ്രീ. സമീർ ബജാജ്, അഡീഷണൽ ഡയറക്ടർ, NACEN, മുംബൈയുടെ നിരീക്ഷണത്തിൽ ശ്രീ. സഞ്ജീവ് നായർ, എക്സാമിനർ, CESTAT, മുംബൈ.

**പുനഃപരിശോധന നടത്തിയവർ**

ശ്രീ. പി. കെ. മൊഹന്തി, കൺസൾട്ടന്റ്, CBEC (അദ്ധ്യായം 1), ശ്രീ. വിശാൽ പ്രതാപ് സിംഗ്, DC(GST) GST പോളിസി വിങ്, CBEC (അദ്ധ്യായം 2),ഡോക്ടർ പി.ഡി. വഗേല, CCT ഗുജറാത്ത് (അദ്ധ്യായം 3&7), ശ്രീ ഡി.പി. നാഗേന്ദ്ര കുമാർ, പ്രിൻ. ADG DGCEI ബാംഗ്ലൂർ (അദ്ധ്യായം 4 മുതൽ 6 വരെ), ശ്രീ. ഉപേന്ദർ ഗുപ്ത, കമ്മീഷണർ GST, CBEC (അദ്ധ്യായം 8 മുതൽ 11 വരെ), ശ്രീ ഋഥിക് പാണ്ഡേ, CCT കർണ്ണാടക (അദ്ധ്യായം 12), ശ്രീ അരുൺകുമാർ മിശ്ര, ജോയിന്റ് സെക്രട്ടറി, CTD ബീഹാർ (അദ്ധ്യായം 13), ശ്രീ. ഖാലിദ് അൻവർ, സീനിയർ JCT, വെസ്റ്റ് ബംഗാൾ (അദ്ധ്യായം 14 & 24), ശ്രീ. അജയ് ജെയിൻ, പ്രിൻ. കമ്മീഷണർ, കസ്റ്റംസ് അഹമ്മദാബാദ് (അദ്ധ്യായം 15), ശ്രീ. ബി.ബി. അഗർവാൾ, പ്രിൻ. കമ്മീഷണർ, ഹൈദരാബാദ് (അദ്ധ്യായം 16), ശ്രീ. ശശാങ്ക് പ്രിയ, ADG DG (GST) CBEC (അദ്ധ്യായം 17 മുതൽ 20 വരെ), ശ്രീ. ജി ഡി ലൊഹാനി, CCE, ഫരീദാബാദ് (അദ്ധ്യായം 21 & 22), ശ്രീ. പ്രകാശ്കുമാർ, CEO, GSTN (അദ്ധ്യായം 23).

**കേരള എഡിഷൻ.**

ജി.എസ്.ടി. സെൽ, വാണിജ്യനികുതി വകുപ്പ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

**ബാദ്ധ്യതാനിരാകരണ കുറിപ്പ് (Disclaimer)**

NACEN സമാഹരിച്ചു സോഴ്സ് ട്രെയിനെർസ് തെറ്റ് തിരുത്തൽ വരുത്തുകയും ചെയ്തിട്ടുള്ള ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന FAQ പരിഭാഷ CGST/SGST/UTGST/IGST നിയമങ്ങളെ ആധാരമാക്കിയിട്ടുള്ളതാണ്.

ഈ ചോദ്യങ്ങളും ഉത്തരങ്ങളും, പഠനപരിശീലന ആവശ്യങ്ങൾക്ക മാത്രമുള്ളതാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ, ജി.എസ്.ടി. യെപ്പറ്റി ഒരു പൊതുവായ അറിവ് ലഭിക്കുന്നതിലേക്ക് മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇത്, നിയമ ഉപദേശമോ അഭിപ്രായമോ ആയി കണക്കാക്കാൻ പാടുള്ളതല്ല. കൂടുതൽ വിവരങ്ങൾക്കായി CGST/SGST/ UTGST/IGST നിയമങ്ങൾ നോക്കേണ്ടതാണ്.

CGST ആക്ടിലേയും SGST ആക്ടിലേയും മിക്കവാറും എല്ലാ വ്യവസ്ഥകളും ഒന്നാകയാൽ ഈ FAQ വിൽ CGST ആക്ടിലേയും SGST ആക്ടിലേയും റഫർ ചെയ്തിരിക്കുന്ന കാര്യങ്ങൾ എന്ന് CGST/SGST കാണിച്ചിരിക്കുന്നു. CGST ആക്ട് പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ട്. SGST നിയമങ്ങൾ സംസ്ഥാന നിയമസ കൾ പാസ്സാക്കും. ചില വ്യവസ്ഥകൾ സംസ്ഥാന വുമായി മാത്രം ബന്ധപ്പെട്ടതും CGST ആക്ടിൽ ഇല്ലാത്തതും ആകാം.

# ഉള്ളടക്കം


ചരക്കുസേവന നികുതിയുടെ പൊതുവായ
അവലോകനം. – 11

നികുതി ചുമത്തലും ഒഴിവുകളും – 29

രജിസ്ട്രേഷൻ – 37

സപ്ലൈ - അർഥവും വ്യാപ്തിയും – 57

സപ്ലൈ ലഭിച്ച സമയം – 67

ചരക്കുസേവന നികുതിയിൽ മൂല്യനിർണ്ണയം – 75

നികുതിയടയ്ക്കൽ – 81

ഇ- കോമേഴ്സ് – 93

ജോബ് വർക്ക് – 101

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് – 109

ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം
ജി. എസ്. ടി യിൽ – 121

റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്
ഒത്തുനോട്ടവും – 129

നികുതി നിർണ്ണയവും കണക്കു പരിശോധനയും – 141

റീഫണ്ടുകൾ – 151

നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും – 163

ചരക്കുസേവന നികുതി നിയമത്തിലെ 16 അപ്പീൽ,

അവലോകനം, പുനരവലോകനം. – 173

അഡ്വാൻസ് റൂളിംഗ് – 181

Inspection (പരിശോധനാ) Search (തിരയൽ) Seizure (പിടിച്ചടക്കൽ), അറസ്റ്റ് (ബന്തവസ്സിലാക്കുക) മുതലായവ – 191

കുറ്റങ്ങളും പിഴകളും – പ്രോസിക്യൂഷനും ഒത്തു തീർപ്പാക്കലും – 211

IGST നിയമത്തിന്റെ പൊതുവായ അവലോകനം – 227

ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ ലഭിച്ച സ്ഥലം – 235

ജി.എസ്.ടി പോർട്ടലിലെ ഫ്രണ്ട് -എന്റ് ബിസിനസ്സ് പ്രോസ്സസ് – 247

സ്ഥിതിമാറ്റ വ്യവസ്ഥകൾ – 267

# ചരക്കുസേവന നികുതിയുടെ പൊതുവായ അവലോകനം.

# ചരക്കുസേവന നികുതിയുടെ പൊതുവായ അവലോകനം.

ചോ.1. എന്താണ് ചരക്കുസേവന നികുതി (GST) ?

ഉ. സാധന സേവനങ്ങളുടെ ഉപഭോഗത്തെ അടിസ്ഥാനമാക്കി ഓരോ പ്രദേശത്തെ ആശ്രയിച്ചിട്ടുള്ള നികുതിയാണ് ചരക്കു സേവന നികുതി. ഉല്പാദനം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്ത് അടക്കാവുന്ന നികുതി യാണിത്. ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യ വർദ്ധന വിനു മാത്രമുള്ള നികുതിയിൽ, നികുതിയുടെ ഭാരം അന്തിമ ഉപഭോക്താവിന് മാത്രമായിരിക്കും.

ചോ.2. ഉപഭോഗത്തിൽ മേലുള്ള പ്രദേശനിക്ഷിപ്ത നികുതി എന്നാൽ എന്ത്?

ഉ. ഏത് പ്രദേശത്താണോ ചരക്കിന്റെയോ സേവനത്തിന്റെയോ ഉപഭോഗം അന്തിമമായി നടക്കുന്നത് അല്ലെങ്കിൽ ഏത് പ്രദേ ശത്താണോ അന്തിമമായി വിതരണം ചെയ്യപ്പെടുന്നത്, ആ പ്രദേശത്തെ നികുതി അധികാരികൾക്കാണ് ഈ നികുതി എത്തിച്ചേരേണ്ടത്.

ചോ.3. ഏതെല്ലാം നിലവിലുള്ള നികുതികളാണ് ചരക്കു സേവന നികുതിയിൽ ലയിപ്പിച്ചിട്ടുള്ളത്?

ഉ. താഴെപ്പറയുന്നവയാണ് ചരക്കുസേവന നികുതിയിൽ ഉൾപ്പെ ട്ടിട്ടുള്ളത്.

(i) കേന്ദ്ര സർക്കാർ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്ന നികുതികളായ -

a).കേന്ദ്ര എക്സൈസ് ഡ്യൂട്ടി

b).കേന്ദ്ര എക്സൈസ് ഡ്യൂട്ടി (മരുന്നും ശൗചാലയ നിർമ്മിതികൾക്കും)

c).അധിക എക്സൈസ് ഡ്യൂട്ടി (പ്രത്യേക പ്രാധാന്യമുള്ള സാധനങ്ങൾ)

d). അധിക എക്സൈസ് ഡ്യൂട്ടി (തുണിത്തരങ്ങൾക്ക്)

e). അധിക കസ്റ്റംസ് ഡ്യൂട്ടി (പൊതുവായി CVD എന്നറിയപ്പെടുന്നു.)

F). സ്പെഷ്യൽ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി (SAD)

g). സേവന നികുതി

h). സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ടിട്ടുള്ള കേന്ദ്ര സർച്ചാർജുകളും സെസ്സുകളും.

(ii). ചരക്കുസേവന നികുതിയിൽ ലയിപ്പിക്കുന്ന സംസ്ഥാന നികുതികൾ -

a). സംസ്ഥാന മൂല്യവർധിത നികുതി (VAT)

b). കേന്ദ്ര വിൽപന നികുതി

c). ആഡംബര നികുതി

d). എല്ലാ വിധത്തിലുമുള്ള പ്രവേശന നികുതി

e). വിനോദ നികുതി (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചുമത്തുന്നവ ഒഴിച്ച്)

f). പരസ്യ നികുതി

g). വാങ്ങൽ നികുതി (Purchase tax)

h). ലോട്ടറി, ചൂതാട്ടം, വാതുവയ്പ് തുടങ്ങിയവയുടെ മേൽ ചുമത്തുന്ന നികുതി

i). സാധന സേവനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന സർച്ചാർജുകളും സെസ്സുകളും.

കേന്ദ്ര - സംസ്ഥാന, തദ്ദേശ സ്ഥാപനങ്ങൾ ചുമത്തിയ നികുതികൾ, സൈസ്സുകൾ, സർച്ചാർജുകൾ എന്നിവ ചരക്കു സേവന നികുതിയിൽ ലയിപ്പിക്കാൻ GST കൗൺസിൽ ശുപാർശ ചെയ്യും.

ചോ.4. മേൽപറഞ്ഞ നികുതികൾ GST യിൽ ലയിപ്പിക്കുന്നത് എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണ്?

ഉ. പലവിധ കേന്ദ്ര, സംസ്ഥാന, പ്രാദേശിക നികുതികൾ

GSTയിൽ ലയിപ്പിക്കാനുള്ള സാധ്യത പരിശോധിച്ച്, ഈ കണ്ടെത്തൽ താഴെ പറയുന്ന തത്വങ്ങൾ അടിസ്ഥാനമാക്കി യാണ്.

i). ലയിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന നികുതികൾ സാധനങ്ങളുടെയോ അല്ലെങ്കിൽ സേവനങ്ങളുടെയോ വിതരണവുമായി ബന്ധപ്പെട്ടിട്ടുള്ള പരോക്ഷ നികുതികളായിരിക്കും.

ii). ചുമത്തുന്ന നികുതികൾ ഒരറ്റത്ത് ചരക്കുകളുടെ ഇറ ക്കുമതി ഉല്പാദനം, അല്ലെങ്കിൽ സേവനങ്ങൾ നൽകു ന്നത് മുതൽ, മറ്റേ അറ്റത്ത് ചരക്കുകളുടെയും സേവന ങ്ങളുടെയും ഉപഭോഗം വരെയുള്ള ഇടപാടു ഘട്ടത്തി ലൂടെ കടന്നുപോകുന്നതായിരിക്കണം.

iii). ലയനം, അന്തർസംസ്ഥാന, സംസ്ഥാനത്തിനുള്ളി ലുള്ള തലങ്ങളിൽ സ്വാതന്ത്രമായി നികുതി ക്രഡിറ്റ് നൽകുവാൻ പ്രാപ്തമായിരിക്കണം. കൃത്യമായ ചരക്കു കളുടെയോ സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധ പ്പെടാത്ത നികുതികളും ചുമതലകളും ഫീസുകളും ലയി പ്പിക്കേണ്ടതില്ല.

iv). കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നികുതി നീതി കൃത്യമായി ലഭിക്കുന്നതായിരിക്കണം.

ചോ.5. ഏതൊക്കെ ഉല്പ്പന്നങ്ങളാണ് GST യുടെ നിരീക്ഷണ പരി ധിയിൽ നിന്ന് മാറ്റി നിർത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്?

ഉ. ജനങ്ങളുടെ ഉപഭോഗത്തിനുള്ള മദ്യം, പെട്രോളിയം ഉല്പ്പ ന്നങ്ങളായ ക്രൂഡ് ഓയിൽ, പെട്രോൾ, ഹൈസ്പീഡ് ഡീസൽ, പ്രകൃതി വാതകം, വിമാന ഇന്ധനം, വൈദ്യുതി മുതലായവയെ 101 -ാമത് കോൺസ്റ്റിറ്റ്യൂഷണൽ അമ ന്റ്മെന്റ് ആക്ട്, 2016 പ്രകാരം GST ൽ നിന്ന് ഒഴിവാക്കി യിട്ടുണ്ട്.

ചോ.6. GST നിലവിൽ വന്ന ശേഷം, എപ്രകാരമുള്ള നികുതി ചുമ ത്തലായിരിക്കും മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾക്കു ബാധകമാ കുക?

ഉ. ഇപ്പോൾ നിലവിലുള്ള നികുതി സമ്പ്രദായങ്ങളായ മൂല്യാ ധിഷ്ഠിത നികുതിയും (VAt) സെൻട്രൽ എക്സൈസ് (Central excise) നികുതിയുമാണ് മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളുടെ മേൽ ചുമത്തുക.

ചോ.7. GST മേഖലയിൽ പുകയില, പുകയില ഉൽപ്പന്നങ്ങളുടെ അവസ്ഥ എന്താണ്?

ഉ. പുകയില, പുകയില ഉൽപ്പന്നങ്ങൾ GST യുടെ പരിധിയിലാകുന്നു. കൂടാതെ കേന്ദ്ര സർക്കാരിന് ഈ ഉൽപ്പന്നങ്ങളുടെ മേൽ സെൻട്രൽ എക്സൈസ് ഡ്യൂട്ടി ചുമത്തുവാനുള്ള അധികാരവുമുണ്ട്.

ചോ.8. ഏതു തരത്തിലുള്ള GST നടപ്പിലാക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്?

ഉ. ഒരേ നികുതി അടിസ്ഥാനത്തിൻമേൽ കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം ചുമത്തപ്പെടുന്ന രണ്ടു തലത്തിലുള്ള നികുതി സമ്പ്രദായമായിരിക്കും നടപ്പിലാക്കുക.

സംസ്ഥാനത്തിനുള്ളിൽ വിതരണം ചെയ്യപ്പെടുന്ന സേവനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും മേൽ കേന്ദ്രം ചുമത്തുന്ന നികുതിയെ കേന്ദ്ര GST (CGST) എന്നു വിളിക്കുന്നു. എന്നാൽ സംസ്ഥാനങ്ങൾ ചുമത്തിയ നികുതിയെ സംസ്ഥാന GST അഥവാ (SGST)എന്നുവിളിക്കുന്നു. അതുപോലെ, അന്തർ സംസ്ഥാന സേവന ഉൽപ്പന്ന വിതരണ പ്രക്രിയയിൽ കേന്ദ്രസർക്കാർ ഇന്റഗ്രേറ്റഡ് GST (IGST) ചുമത്തുകയും നിർവ്വഹിക്കുകയും ചെയ്യുന്നു.

ചോ.9. രണ്ടുതരത്തിലുള്ള GST എന്തുകൊണ്ടാണ് ആവശ്യമായി വരുന്നു?

ഉ. നിയമ നിർമ്മാണത്തിലൂടെ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നികുതി ചുമത്തുവാനും പിരിക്കുവാനും അധികാരം നൽകിയിട്ടുള്ള ഒരു ഫെഡറൽ സംവിധാനമാണ് ഇന്ത്യക്കുള്ളത്. ഭരണഘടന അനുശാസിക്കുന്ന രീതിയിലുള്ള അധികാരമുപയോഗിച്ചിട്ട് ആവശ്യമുള്ള വിഭവസമാഹരണത്തിനുള്ള പ്രത്യേക ഉത്തരവാദിത്വങ്ങൾ കേന്ദ്ര സർക്കാരിനും സംസ്ഥന സർക്കാരുകൾക്കുമുണ്ട്. ആയതിനാൽ ഭരണഘടന അനുശാസിക്കുന്ന രീതിയിലുള്ള ഫിസ്ക്കൽ ഫെഡറലിസം നിലനിർത്തുന്നതിനു രണ്ടു തരത്തിലുള്ള GST സമ്പ്രദായം അനിവാര്യമാണ്.

ചോ.10. GSTചുമത്തുവാനും ശേഖരിക്കുവാനും ഉള്ള അധികാരം ഏതു അധികാരിക്കാണ്?

ഉ. കേന്ദ്രസർക്കാർ CGST യും IGST യും നടപ്പിലാക്കുകയും നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സംസ്ഥാന സർക്കാരുകൾ,

കേന്ദ്രഭരണ പ്രദേശങ്ങളും SGSTയും UTGST യും ചുമത്തുകയും നിർവ്വഹിക്കുകയും ചെയ്യുന്നു.

ചോ.11. എന്തുകൊണ്ട് ഇന്ത്യൻ ഭരണഘടന GST യുടെ പശ്ചാത്തലത്തിൽ ഭേദഗതി ചെയ്യപ്പെട്ടത്?

ഉ. ഇന്ത്യൻ ഭരണഘടനാ ഭേദഗതി പ്രകാരം കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനകാര്യ അധികാരങ്ങൾ അന്യോന്യം കടന്നുകയറ്റങ്ങളില്ലാതെ കൃത്യമായി ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യ ഉപയോഗത്തിനുള്ള മദ്യം, ഓപിയം, മയക്കുമരുന്നുകൾ ഒഴിച്ചുള്ള സാധനങ്ങളുടെ ഉൽപ്പാദനത്തിനു മേൽ നികുതി ചുമത്തുവാനുള്ള അധികാരം കേന്ദ്രസർക്കാരിനുണ്ട്. സംസ്ഥാനങ്ങൾക്ക് ചരക്കുകളുടെ മേൽ വിൽപ്പന നികുതി ഏർപ്പെടുത്തുവാനുള്ള അധികാരമുണ്ട്. അന്തർ സംസ്ഥാനങ്ങളുടെ വിപണന കാര്യത്തിൽ കേന്ദ്ര വില്പന നികുതി (സെൻട്രൽ സെയിൽസ് ടാക്സ്) ചുമത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാരിനായിരിക്കും. എന്നാൽ നികുതി പിരിക്കുന്നതും ഉപയോഗിക്കുന്നതും സംസ്ഥാനങ്ങളാണ്. സേവനങ്ങളുടെ കാര്യത്തിൽ നികുതി ചുമത്തുവാനുള്ള അധികാരം കേന്ദ്രസർക്കാരിനു മാത്രമാണുള്ളത്.

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരേ സമയം നികുതി ചുമത്തുവാനും അവ ശേഖരിക്കുവാനുമുള്ള അധികാരങ്ങൾ നൽകുവാൻ GST നടപ്പിലാക്കുന്നതിലൂടെ ഭരണഘടന ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടന ഈ ആവശ്യത്തിനായി ഇപ്പോൾ 101 ാം ഭേദഗതി പ്രകാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും GST ചുമത്താനും ശേഖരിക്കാനും അധികാരം നൽകുന്നു.

ചോ.12. ചരക്കുസേവനങ്ങളുടെ ഇടപാടിൽ എങ്ങനെയാണ് കേന്ദ്ര GST (CGST) യും സംസ്ഥാന (SGST) GST യും ഒരുപോലെ ചുമത്തപ്പെടുന്നത്?

ഉ. ഒഴിവാക്കപ്പെട്ടിട്ടുള്ള സാധനങ്ങളും സേവനങ്ങളും GST പരിധിയിൽ വരാത്ത സാധനങ്ങൾ ഇളവ് പരിധിക്കു കീഴിലുള്ള ഇടപാടുകൾ എന്നിവ ഒഴികെയുള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ വിതരണത്തിൽ കേന്ദ്ര GST യും സംസ്ഥാന GST യും ഒരേ സമയം ഏർപ്പെടുത്താം.

അതിനുപുറമെ CENVAT ചേർത്ത് ചുമത്തപ്പെട്ടിരുന്ന

സംസ്ഥാന വാറ്റ് നികുതി പോലല്ലാതെ ഈ രണ്ടു നികുതികളും ഒരേ വിലയിന് മേലും മൂല്യത്തിലും ചുമത്തപ്പെടും. CGST യുടെ കാര്യത്തിൽ വിതരണക്കാരന്റെയും സ്വീകാര്യന്റെയും സ്ഥലങ്ങൾക്കു പ്രസക്തിയില്ല. നേരെമറിച്ചു വിതരണക്കാരനും സ്വീകാര്യനും ഒരു സംസ്ഥാനത്തിലാണെങ്കിൽ മാത്രമെ SGST ചുമത്താവൂ.

വിശദീകരണം : 1

ഉദാഹരണത്തിനു CGST യിലും SGST യിൽ റേറ്റ് 10% വെച്ച് ആണെന്നു കരുതുക. ഉത്തർപ്രദേശിലുള്ള ഒരു സ്റ്റീൽ മൊത്ത വിതരണകച്ചവടക്കാരൻ അതേ സംസ്ഥാനത്തിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പനിക്കു 100 രൂപയ്ക്കു സ്റ്റീൽ കമ്പി വിതരണം ചെയ്യുമ്പോൾ, വിപണനക്കാരൻ സാധനങ്ങളുടെ വില കൂടാതെ 10 രൂപാ CGST യും 10 രൂപാ SGST യുമായി ചാർജ്ജു ചെയ്യും. അയാൾ ഇതിലെ CGST തുക കേന്ദ്രസർക്കാരിനും SGST തുക സംസ്ഥാന സർക്കാരിനും അടക്കണം. ഈ തുക പണമായി അടക്കേണ്ടതില്ല. കാരണം അയാൾ സാധനങ്ങൾ വാങ്ങുമ്പോൾ അടച്ച CGST / SGST നികുതിയുടെ ക്രെഡിറ്റുപയോഗിച്ച് തന്റെ നികുതി ബാദ്ധ്യത തട്ടിക്കിഴിക്കാൻ അവകാശമുണ്ട്. എന്നാൽ CGST അടയ്ക്കാൻ, വാങ്ങിയപ്പോൾ ലഭിച്ച CGST credit മാത്രമെ ഉപയോഗിക്കാവൂ. അതുപോലെ SGST അടയ്ക്കാൻ SGST ക്രെഡിറ്റ് മാത്രമെ ഉപയോഗിക്കാവൂ.

വിശദീകരണം 2

ഉദാഹരണത്തിന് CGST and SGST നിരക്കുകൾ 10% ആണ് എന്നു കരുതുക. മുംബയിലുള്ള ഒരു പരസ്യ കമ്പനി, പരസ്യ സേവനങ്ങൾക്കായി മഹാരാഷ്ട്രയിൽ തന്നെയുള്ള ഒരു സോപ്പു കമ്പനിക്കു 100 രൂപ നൽകുമ്പോൾ ആ കമ്പനി 10 രൂപ CGST ആയും 10 രൂപ SGST ആയും സേവനത്തിന്റെ അടിസ്ഥാന മൂല്യത്തിനു നൽകും. CGST കേന്ദ്ര സർക്കാർ അക്കൗണ്ടിലും SGST സംസ്ഥാന സർക്കാർ അക്കൗണ്ടിലും നൽകണം. ഈ 20 രൂപാ തുക പണമായി അടക്കേണ്ടതില്ല. കാരണം പർച്ചേസിൽ ലഭിച്ച CGST യുടെയും SGST യുടെയും ഉദാഹരണത്തിന് സ്റ്റേഷനറി, ഓഫീസ് സാധനങ്ങൾ, കലാകാന്മാരുടെ സേവനം മുതലായ ഇൻപുട്ടുകളുടെ ക്രെഡിറ്റ് തട്ടിക്കിഴിക്കാൻ അവകാ

ശമുണ്ട്. പൊതുവായി CGST credit SGST പെയ്മെന്റിനും SGST ക്രെഡിറ്റ് CGST അടവിനും ഉപയോഗിക്കാൻ പാടില്ല.

ചോ.13. ചരക്കു സേവന നികുതി സമ്പ്രദായം രാജ്യത്തിന് എന്തു നേട്ടങ്ങളാണ് നൽകുന്നത്?

ഉ. ചരക്കു സേവന നികുതി സമ്പ്രദായം നടപ്പിലാക്കുന്നതി ലൂടെ പരോക്ഷ നികുതി പരിഷ്കാരങ്ങളിൽ ഇന്ത്യ വളരെ സുപ്രധാനമായ ഒരു ചുവടുവയ്പ്പാണ് നടത്തിയത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന നിരവധി നികുതികൾ ഒറ്റ നികുതിയായി മാറ്റുകയും മുൻ സ്റ്റേജ് നികു തികളുടെ സെറ്റ് ഓഫ് അനുവദിക്കുകയും ചെയ്യുക വഴി നികുതിയുടെ മേൽ നികുതി എന്നതിന്റെ ദൂശ്യഫലം ഒഴി വാക്കുകയും രാജ്യമാകെയുള്ള ഒരു പൊതു വിപണിക്കു വഴി ഒരുങ്ങുകയും ചെയ്തു. ഉപഭോക്താവിനെ സംബന്ധി ച്ചിടത്തോളം 25% മുതൽ 30% വരെയെന്ന് കണക്കാക്കുന്ന മൊത്തം നികുതി ഭാരം വളരെ കുറയുന്നു എന്നതാണ് ഏറ്റവും വലിയ നേട്ടം.

GST നടപ്പാക്കുന്നതു വഴി നമ്മുടെ ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിലും അന്താരാഷ്ട്ര വിപണിയിൽ മത്സ രക്ഷമമാകുകയും അതു വഴി പെട്ടെന്നുള്ള സാമ്പത്തിക വളർച്ച ഉണ്ടാകുമെന്നും പഠനങ്ങൾ തെളിയിക്കുന്നു. നികു തിയുടെ അടിത്തറ വിപുലമാകുന്നതോടുകൂടി, കേന്ദ്ര സംസ്ഥാനങ്ങളുടെ വരുമാനത്തിൽ വർദ്ധനയുണ്ടാകുകയും നികുതി നടപടി ക്രമങ്ങൾ പരിപാലിക്കപ്പെടകയും കച്ചവട ത്തിന്റെ തോത് വർധിക്കുകയും ചെയ്യും. കൂടാതെ സുതാര്യ സ്വഭാവമുള്ള ഒരു നികുതി ആയതു കൊണ്ട് നടപ്പിലാക്കാൻ കൂടുതൽ എളുപ്പവുമാണ്.

ചോ.14. എന്താണ് IGST?

ഉ. IGSTയിൽ അന്തർ സംസ്ഥാന ചരക്കു സേവന വിതരണ ങ്ങൾക്കു കേന്ദ്ര സർക്കാർ ഒരു ഇന്റഗ്രേറ്റഡ് (IGST) നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ആർട്ടിക്കിൽ 269 A പ്രകാരം അന്തർസംസ്ഥാന വ്യാപാര വാണിജ്യത്തിന്റെ ഭാഗമായുള്ള വിതരണങ്ങൾക്കു GST ചുമ ത്തുന്നതും പിരിക്കുന്നതും കേന്ദ്രസർക്കാരാണ്. അങ്ങനെ പിരിക്കുന്ന നികുതി GST കൗൺസിലിന്റെ ശുപാർശയിൻ മേൽ, പാർലമെന്റ് ഉണ്ടാക്കുന്ന നിയമാനുസരണം കേന്ദ്രവും

സംസ്ഥാനങ്ങളും തമ്മിൽ പങ്കുവെയ്ക്കണം.

ചോ.15. ആരാണ് GST നിരക്കുകൾ നിശ്ചയിക്കുന്നത്?

ഉ. കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി തീരുമാനിക്കുന്ന നിരക്കുകളിലാണ് CGST, SGST നിരക്കുകൾ ചുമത്തുന്നത്. ഈ നിരക്കുകൾ GST കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

ചോ.16. GST കൗൺസിലിന്റെ പങ്ക് എന്താണ്?

ഉ. GST കൗൺസിൽ നിലവിൽ വരുന്നത് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി കൗൺസിൽ ചെയർമാനായും സംസ്ഥാന റവന്യൂ/ ധനകാര്യ/ നികുതി വകുപ്പ് മന്ത്രിമാരും ചേർന്നാണ്.

താഴെ പറയുന്ന കാര്യങ്ങളിൽ കൗൺസിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകുന്നു.

(i). കേന്ദ്ര, സംസ്ഥാന, തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന എല്ലാ നികുതിക്കും സെസ്സുകളും സർചാർജുകളും GST യിൽ ലയിപ്പിക്കേണ്ടതാണ്.

(ii). ചരക്കുസേവന നികുതി ചുമത്തേണ്ടത് ഏതൊക്കെ സാധനങ്ങൾക്കും സേവനങ്ങൾക്കുമാണ്.

(iii). ഏതു തീയതി മുതലാണ് പെട്രോളിയം ക്രൂഡ് ഓയിൽ, ഹൈസ്പീഡ് ഡീസൽ, പെട്രോൾ, പ്രകൃതി വാതകം, വിമാന ഇന്ധനം എന്നിവയ്ക്ക് GST ചുമത്തേണ്ടത്.

(iv). മാതൃകാ GST നിയമം, നികുതി ചുമത്തലിന്റെ തത്വങ്ങൾ, IGST യും വിഹിതം വയ്ക്കൽ, വിതരണം നടന്നതായി കണക്കാക്കുന്ന സ്ഥലം-

(v). ആദായത്തിന്റെ അടിസ്ഥാനത്തിലുള്ള (Turnover) നികുതി ഒഴിവാക്കുന്ന പരിധി.

(vi). തറ (Floor rate) നിരക്കും ബാൻഡുകളും ഉൾപ്പെടുന്ന നികുതി നിരക്കിന്റെ ഘടന.

(vii). പ്രകൃതി ദുരന്തങ്ങളുടെയോ ആപത്തുകളുടെയോ സമയത്ത് ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്ക് അധിക വിഭവ സമാഹരണത്തിനായി ചുമത്തപ്പെടുന്ന പ്രത്യേക നികുതി നിരക്കുകൾ.

(viii). വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കു വേണ്ട പ്രത്യേക വ്യവസ്ഥകൾ (നിയമങ്ങൾ).

(ix). GST യുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനിക്കുന്ന

മറ്റു വിഷയങ്ങൾ.

ചോ.17. GST കൗൺസിലിനെ നയിക്കുന്ന തത്വങ്ങൾ എന്തെല്ലാം?

ഉ. സംസ്ഥാനങ്ങൾ തമ്മിലും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും GST വിഷയത്തിൽ പൊരുത്തക്കേടുകളില്ലെന്നും ഒത്തൊരുമ ഉണ്ടെന്നും GST കൗൺസിൽ ഉറപ്പുവരുത്തുന്നു. 2016 ലെ 101 ാം ഭേദഗതി നിയമമനുസരിച്ച് ഭരണഘടന അനുശാസിക്കുന്നത് GST കൗൺസിൽ അവരുടെ ചുമതല നിർവ്വഹിക്കേണ്ടത് ചരക്കുകൾക്കും സേവനങ്ങൾക്കും പൊരുത്തക്കേടുകളില്ലാത്ത ഒരു ദേശീയ വിപണി വളർത്തിയെടുക്കുന്നതിന്റെ ആവശ്യകതയിലായിരിക്കണം.

ചോ.18 GST കൗൺസിൽ തീരുമാനങ്ങളെടുക്കേണ്ട വിധം?

ഉ. 2016 ലെ ഭരണഘടനാ 101 ാം ഭേദഗതി നിയമപ്രകാരം മീറ്റിങ്ങിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്ന് വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷാഭിപ്രായത്തിലാണ് GST കൗൺസിൽ ഓരോ തീരുമാനങ്ങൾ എടുക്കേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ വോട്ടിംഗ് ശക്തി പോൾ ചെയ്ത വോട്ടിന്റെ മൂന്നിലൊന്നും സംസ്ഥാന ഗവൺമെന്റ്കളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടുമാണ്. GST കൗൺസിലിന്റെ മീറ്റിംഗിൽ പങ്കെടുക്കേണ്ട മിനിമം അംഗങ്ങളുടെ എണ്ണം മൊത്തം അംഗങ്ങളുടെ പകുതിയാണ്.

ചോ.19. നിർദ്ദിഷ്ഠ GST നിയമപ്രകാരം ആരാണ് നികുതി അടയ്ക്കാൻ ബാധ്യസ്ഥർ.?

ഉ. ചരക്കുകളും സേവനങ്ങളും വിതരണം ചെയ്യുന്ന, നികുതി വിധേയനായ ആളിനാണ് GST യിൽ നികുതി അടയ്ക്കാൻ ബാധ്യതയുള്ളത്. അയാളുടെ വാർഷിക വിറ്റുവരവ് 20 ലക്ഷം കടക്കുമ്പോഴാണ് അയാൾ നികുതി അടയ്ക്കേണ്ടതും (വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും മറ്റു ചില പ്രത്യേക സംസ്ഥാനങ്ങളിൽ വിറ്റുവരവ് 10 ലക്ഷം കടക്കുമ്പോൾ ) ചില പ്രത്യേക അവസരങ്ങളിൽ നികുതിയൊഴിവു പരിധി വാർഷിക വിറ്റുവരവ് നോക്കാതെ GST നികുതി അടക്കാൻ ബാധ്യതയുണ്ട്. ഒരു സംസ്ഥാനത്തിനകത്തു നടക്കുന്ന എല്ലാ ചരക്കു സേവന വിതരണങ്ങൾക്കും CGST / SGST അടയ്ക്കേണ്ടതും അന്തർ സംസ്ഥന വിതരണങ്ങൾക്ക് IGST അടയ്ക്കേണ്ടത്. അതാത് നിയമങ്ങളുടെ നിര

ക്കുകൾക്കും വ്യവസ്ഥകൾക്കും അനുസരിച്ചാണ്.

ചോ.20. ചെറുകിട നികുതി ദായകർക്ക് GST യിലുള്ള ആനുകൂല്യങ്ങൾ എന്തെല്ലാം.?

ഉ. ഒരു സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് 20 ലക്ഷം വരെ നികുതിയൊഴിവുണ്ട്. (വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ചില പ്രത്യേക വിഭാഗസംസ്ഥാനങ്ങൾക്കും നികുതിയൊഴിവു പരിധി 10 ലക്ഷം ആണ്) മുൻ സാമ്പത്തിക വർഷത്തിൽ മൊത്ത ആദായം 50 ലക്ഷത്തിൽ കുറവാണെങ്കിൽ നികുതി ദായകന് കുറഞ്ഞ നിരക്ക് ലഭിക്കണമെങ്കിൽ സിംപ്ലിഫൈഡ് കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാവുന്നതാണ്.

നികുതിയുള്ളതും ഇല്ലാത്തതുമായ എല്ലാ സപ്ലൈകളും, നികുതി ഒഴിവുള്ള സപ്ലൈകളും, ചരക്കുകളുടെയും സേവനങ്ങളുടെയും കയറ്റുമതിയും മൊത്തം വാർഷിക വിറ്റുവരവിൽ ഉൾപ്പെടുത്തുന്നതും GST നികുതി ആദായത്തിന്റെ മൊത്തം തുകയിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിലാണ് 6 ടേണോവർ കണക്കാക്കുന്നത്. ആദായത്തിന്റെ അടിസ്ഥാനത്തിൽ നികുതിയൊഴിവിന് അർഹതയുള്ളവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തു നികുതയടയ്ക്കാൻ ഓപ്ഷൻ എടുക്കുകയും ചെയ്യാം. മൊത്തം വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് എടുക്കുന്നതിന് റിവേഴ്സ് ചാർജിൽ നികുതിയടക്കുന്നവരും അന്തർസംസ്ഥാന വിതരണം നടത്തുന്നവരും അർഹരല്ല.

ചോ.21. എങ്ങനെയാണ് GST യിൽ പരിധിയിൽ സാധനങ്ങളും സേവനങ്ങളും തരം തിരിക്കുന്നത്?

ഉ. GST യിൽ സാധനങ്ങൾ HSN (ഹോർമോണൈസ്സ്ഡ് സിസ്റ്റം നൊമൻ ക്ളേച്ചർ) കോഡുപയോഗിച്ച് തരംതിരിക്കും. ഒന്നരക്കോടിക്കു മുകളിൽ അഞ്ചു കോടിക്ക് താഴെ ടേണോവർ ഉള്ളവർ രണ്ടക്ക കോഡും അഞ്ചു കോടിക്ക് മുകളിൽ മൊത്താദായം ഉള്ള നികുതി ദായകർ നാലക്ക കോഡും ഉപയോഗിക്കണം. ഒന്നരക്കോടിയിൽ താഴെ മൊത്താദായം ഉള്ളവർ HSN കോഡ് ഇൻവോയിസിൽ കാണിക്കേണ്ടതില്ല. സർവ്വീസസ്സ് അക്കൗണ്ടിംഗ് കോഡ് പ്രകാരം (SAC) സേവനങ്ങൾ തരംതിരിക്കണം.

ചോ.22. GST യിൽ ഇറക്കുമതികൾക്ക് എങ്ങനെയാണ് നികുതി വിധേയമാക്കുന്നത്?

ഉ. സാധന സേവനങ്ങളുടെ ഇറക്കുമതിയെ അന്തർ സംസ്ഥാന വിതരണമായി കണക്കാക്കി രാജ്യത്തേക്കുള്ള സാധനങ്ങളുടെ സേവനങ്ങളുടെ ഇറക്കമതിക്ക് IGST ചുമത്തുകയും ചെയ്യും.

ചരക്കുകളും സേവനങ്ങളും എത്തിച്ചേരുന്ന ലക്ഷ്യത്തിൽ നികുതി ലഭിക്കുമെന്ന തത്വം പാലിക്കുകയും ഇറക്കുമതി ചെയ്ത സാധനങ്ങളുടെയും സേവനങ്ങളുടെയും ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിന് SGST നികുതി ലഭിക്കുകയും ചെയ്യുന്നു. സാധനങ്ങളും സേവനങ്ങളും ഇറക്കുമതി ചെയ്യുമ്പോൾ അടയ്ക്കുന്ന GST യ്ക്കു പൂർണ്ണമായി സെറ്റ് ഓഫ് ലഭിക്കുകയും ചെയ്യുന്നു.

ചോ.23. GST യിൽ കയറ്റുമതികൾ എങ്ങനെയാണ് കണക്കാക്കുന്നത്?

ഉ. കയറ്റുമതികളെ പൂജ്യം നികുതി നിരക്കിലുള്ള വിതരണം ആയിട്ടാണ് കണക്കാക്കുന്നത്. സാധനങ്ങളോ സേവനങ്ങളോ കയറ്റുമതി ചെയ്യുമ്പോൾ നികുതി അടയ്ക്കേണ്ടതില്ല. എങ്കിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. അത് കയറ്റുമതിക്കാർക്ക് തിരികെ ലഭിക്കുന്നതുമാണ്. ഔട്ട്പുട്ടിന് നികുതി അടച്ച് IGST തിരികെ ലഭിക്കണമെന്നോ അല്ലെങ്കിൽ IGST നികുതി അടയ്ക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കണമെന്നോ എന്നത് കയറ്റുമതിക്കാരന് തീരുമാനിക്കാം.

ചോ.24. GST യിൽ കോമ്പസിഷൻ സ്കീമിന്റെ സാധ്യത എന്താണ്?

ഉ. മുൻ സാമ്പത്തിക വർഷത്തെ മൊത്തം ടേണോവർ 50 ലക്ഷം വരെയുള്ള ചെറുകിട നികുതി ദായകർ കോമ്പസിഷൻ സ്കീമിനർഹരാണ്. ഈ സ്കീം പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഇല്ലാതെ നികുതി ദായകന് ടേണോവറിന്റെ ഒരു നിശ്ചിത ശതമാനം നികുതിയടക്കാം. ( CGSTയുടെയും SGST യുടെയും തറനിരക്ക് ഉല്പാദകർക്ക് 1% ത്തിൽ കുറയില്ല. (മറ്റുള്ളവർക്ക് 0.5% ഉം ഖണ്ഡിക 6(b) പറയുന്ന പ്രത്യേക സേവനങ്ങൾക്ക് 2.5%ഉം ആണ്) കോമ്പസിഷൻ രീതിയിൽ നികുതി ചുമത്താൻ തിരഞ്ഞെടുക്കുന്ന നികുതി ദായകൻ കസ്റ്റമറിൽ നിന്നും നികുതി പിരിക്കാൻ പാടില്ല.

അന്തർ സംസ്ഥാന വിതരണം നടത്തുന്ന നികുതി ദായകർക്കും ഇ- കോമേഴ്സ് വഴി വിതരണം നടത്തുന്ന വരും അതിൽ ഉറവിടത്തിൽ വച്ചു തന്നെ നികുതി പിരിക്കു കയും ചെയ്യുന്നവർക്ക് കോമ്പസിഷൻ സ്കീമിന് അർഹത ഇല്ല.

ചോ.25. കോമ്പസിഷൻ സ്കീം തിരഞ്ഞെടുക്കുന്നതാണോ നിർബ ന്ധിതമാണോ?

ഉ. തിരഞ്ഞെടുക്കാവുന്നതാണ്.

ചോ.26. എന്താണ് GSTN? GST യിൽ അതിന്റെ പങ്കെന്താണ്?

ഉ. GSTN എന്നാൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നെറ്റ്വർക്ക് എന്നാണ്. ചരക്കുസേവന നികുതിയുടെ ആവ ശ്യത്തിലേക്കായി വികസിപ്പിച്ചെടുത്ത പ്രത്യേക ആവശ്യ വെഹിക്കിൾ ആണ് GSTN. GST നടപ്പിലാക്കുന്നതിന് കേന്ദ്ര/ സംസ്ഥാന സർക്കാരുകൾക്കും നികുതി ദായകർക്കും മറ്റു തല്പരകക്ഷികൾക്കും വിവര സാങ്കേതിക വിദ്യയിലൂടെ നൽകാവുന്ന സംവിധാനങ്ങളും സേവനങ്ങളും GSTN നൽകുന്നു.

GSTN- ന്റെ പ്രധാന ചുമതലകൾ

(i). രജിസ്ട്രേഷൻ എളുപ്പമാക്കുന്നു.
(ii). കേന്ദ്ര/ സംസ്ഥാന സർക്കാരുകൾക്ക് റിട്ടേണുകൾ അയച്ചു കൊടുക്കുന്നു.
(iii). കണക്കാക്കി സെറ്റിൽമെന്റ് ചെയ്യുന്നു.
(iv). ബാങ്കിങ് നെറ്റ്വർക്കുമായി നികുതി അടവ് വിവരങ്ങൾ ഒത്തു നോക്കുന്നു.
(v). നികുതി ദായകന്റെ റിട്ടേണിന്റെ അടിസ്ഥാനത്തിൽ വിവിധ മനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം റിപ്പോർട്ടുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നു.
(vi). നികുതി ദായകന്റെ രൂപരേഖ വിശകലനം ചെയ്യുന്നു.
(vii). ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പൊരുത്തപ്പെടലിനുമായി മാച്ചിംഗ് എൻജിൻ ആയി പ്രവർത്തിക്കുന്നു.

രജിസ്ട്രേഷൻ നികുതിയടവ്, റിട്ടേണുകൾ, MIS റിപ്പോർട്ടുകൾ എന്നിവയ്ക്കായി പൊതുവായ ഒരു GST പോർട്ടലും ആപ്ലിക്കേഷനുകളും GSTN വികസിപ്പിച്ചെടു ക്കുന്നു. നികുതിദായകർക്ക് ഇന്റർഫേസുകൾ ഉണ്ടാകു

കയും പൊതുവായ GST പോർട്ടിൽ നിലവിലുള്ള നികുതി നടപ്പാക്കൽ സംവിധനവുമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ GSTN സംയോജിപ്പിക്കുകയും ചെയ്യുന്നു. 19 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും (മോഡൽ II സംസ്ഥാനങ്ങൾ) നികുതി നിർണ്ണയം, കണക്കു പരിശോധന, തിരിച്ചടവ്, അപ്പീൽ തുടങ്ങിയവയ്ക്ക് ബാക്ക് എൻഡ് മോഡ്യൂൾസ് സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നു. GST യിലേക്കുള്ള മാറ്റം എളുപ്പമാക്കുന്നതിന് GST ഫ്രണ്ട് എൻഡ് സംവിധാനങ്ങളും ബാക്ക് എൻഡ് സംവിധാനങ്ങളും വളരെ മുമ്പ് തന്നെ യോജിപ്പിക്കുകയും പൂർത്തിയാക്കുകയും പരിശോധിക്കുകയും ചെയ്യേണ്ടതാണ്. മോഡൽ I സംസ്ഥാനങ്ങളും (15 സംസ്ഥാനങ്ങൾ) CBEC അവരുടെതായ ബാക്ക് എൻഡ് സംവിധാനം വികസിപ്പിച്ചെടുക്കേണ്ടതാണ്.

ചോ.27. GST യിലെ തർക്കങ്ങൾ എങ്ങനെയാണ് പരിഹരിക്കേണ്ടത്?

ഉ. ഭരണഘടനയുടെ 2016 ലെ ഭേദഗതി നിയമം 101 അനുസരിച്ച് താഴെപ്പറയുന്ന തർക്ക പരിഹാരത്തിനുള്ള സംവിധാനങ്ങൾ ചരക്കു സേവന നികുതി കൗൺസിൽ നിലവിൽ വരുത്തേണ്ടതാണ്.

a. കേന്ദ്ര സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കം.
b. അല്ലെങ്കിൽ കേന്ദ്ര സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ ഒരുവശത്തും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ മറുവശത്തും.
c. അല്ലെങ്കിൽ രണ്ടോ അതിലധികം സംസ്ഥാനങ്ങൾ തമ്മിലും GST കൗൺസിലിന്റെ ശുപാർശയിൽ നിന്നും അതിന്റെ നടപ്പിലാക്കലിൽ നിന്നും ഉളവാക്കുന്ന തർക്കങ്ങൾ.

ചോ.28. അനുസൃതമായ റേറ്റിംഗ് സംവിധാനത്തിന്റെ ആവശ്യം എന്താണ്?

ഉ.CGST / SGST നിയമം സെക്ഷൻ 149 പ്രകാരം എല്ലാ രജിസ്റ്റേർഡ് നികുതി ദായകർക്കും ചില നിലവാരമനുസരിച്ച് (പാരാമീറ്റർ) അടിസ്ഥാനപ്പെടുത്തി റേറ്റിംഗുകൾ പൊതുസഞ്ചയത്തിന്റെ മുൻപിൽ വെയ്ക്കേണ്ടതാണ്. ഈ റേറ്റിംഗ് നോക്കി ഭാവിയിലെ ക്ലയന്റിന് സപ്ലൈയർസുമായി

ഇടപാടുനടത്തണോ വേണ്ടയോ എന്ന് തീരുമാനിക്കാവുന്ന താണ്. ഇത്തരം റേറ്റിംഗ് സമ്പ്രദായം നികുതിദായകർക്കിട യിൽ ആരോഗ്യകരമായ മത്സരം സൃഷ്ടിക്കുന്നു.

ചോ.29. വ്യാവഹാരപ്പെടാവുന്ന അവകാശങ്ങൾ (Actionable claims) ബാധ്യതയാണോ അല്ലയോ?

ഉ. CGST / SGSTനിയമം സെക്ഷൻ 2(52) പ്രകാരം വ്യവഹാര പ്പെടാവുന്ന അവകാശങ്ങളെ (Actionable claims) ഉല്പ്പന്ന ങ്ങളായി കണക്കാവുന്നതാണ്. CGST / SGST നിയമം സെക്ഷൻ 7 ഷെഡ്യൂൾ iii പ്രകാരം ഏതൊക്കെ ഇടപാടു കൾ പ്രവർത്തനങ്ങൾ സാധന വിതരണം സേവന വിത രണം ആയി കണക്കാക്കേണ്ടതില്ല എന്ന് പ്രതിപാദിച്ചിട്ടു ണ്ട്. ഇടപാടായി കണക്കാക്കാവുന്നതും ലോട്ടറി, ചൂതാട്ടം, വാതുവയ്പ്പ് എന്നിവ ഒഴികെയുള്ള വ്യാവഹാരപ്പെടാവുന്ന അവകാശങ്ങൾ ഏതൊക്കെയാണെന്ന് ഈ ഷെഡ്യൂൾ പ്രതി പാദിക്കുന്നു. ഇതു പ്രകാരം ലോട്ടറി, വാതുവെയ്പ്പ്, ചൂതാട്ടം എന്നിവ GST - ടെ പരിധിയിൽ വരുന്ന വിതരണങ്ങളായി കണക്കാക്കുന്നു. മറ്റുള്ളവർ വ്യവഹാരപ്പെടാവുന്ന അവകാ ശങ്ങൾ വിതരണമായി കണക്കാക്കുന്നില്ല.

ചോ.30. ഓഹരി ഇടപാടുകൾ GST പ്രകാരം നികുതി വിധേയമാണോ അല്ലയോ?

ഉ. ഓഹരികൾ സാധന സേവനങ്ങളുടെ നിർവ്വചനത്തിൽ നിന്നും പ്രത്യേകമായി ഒഴിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഓഹരി മേലുള്ള ഇടപാടുകൾ GST പ്രകാരം നികുതി വിധേ യമല്ല.

ചോ.31. ഇൻഫോർമേഷൻ റിട്ടേൺ എന്ന ആശയം എന്താണ്?

ഉ. രജിസ്റ്റേർഡ് വ്യക്തികളുടെ അനുസൃതമായ റേറ്റിംഗ് പരി ശോധിക്കേണ്ടത് മൂന്നാമതൊരു പാർട്ടിയുടെ ഉറവിടത്തിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന ആശയത്തിൽ നിന്നാണ് ഇൻഫർമേഷൻ റിട്ടേൺ എന്ന ആശയം ഉണ്ടായത്. CGST / SGST നിയമം സെക്ഷൻ 150 പ്രകാരം രജിസ്ട്രഷൻ റെക്കോർഡുകൾ, അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, ഏതെങ്കിലും പീരിയോഡിക് റിട്ടേൺ, നികുതി അടച്ചിതിന്റെ വിവരങ്ങൾ അടങ്ങിയ രേഖകൾ, സാധനങ്ങളുടെ ഇടപാടുകൾ അല്ലെങ്കിൽ സേവനങ്ങളുടെ ഇടപാടുകൾ അല്ലെങ്കിൽ രണ്ടിന്റെയും അല്ലെങ്കിൽ ബാങ്ക്

അക്കൗണ്ടുമായി ബന്ധപ്പെട്ട ഇടപാടുകൾ അല്ലെങ്കിൽ വൈദ്യുതി ഉപഭോഗം അല്ലെങ്കിൽ സാധനങ്ങളുടെ അഥവാ ആസ്തിയുടെ വാങ്ങൽ, വിൽക്കൽ, കൈമാറ്റം തുടങ്ങിയ ഇടപാടുകൾ, ആസ്തിമേലുള്ള അവകാശം അഥവാ താല്പര്യം തുടങ്ങിയ വിവരങ്ങൾ ആ കാലയളവിൽ നിശ്ചിത സമയത്ത് നിശ്ചിത മാതൃകയിലും രീതിയിലും തയ്യാറാക്കി ഏജൻസികൾ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചു വയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്ഷൻ 123 പ്രകാരം പിഴ ഈടാക്കേണ്ട താണ്.

ചോ.32. വിവിധ കമ്പനികൾ വിവര ശേഖരണത്തിനും റിക്കോർഡുകൾ സൂക്ഷിക്കുന്നതിനായി പല തരത്തിലുള്ള പ്രത്യേക ഫോർമാറ്റില്ലാതെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റ് എങ്ങനെ സങ്കീർണ്ണമായ സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുന്നു?

ഉ. CGST / SGST നിയമം സെക്ഷൻ 153 പ്രകാരം കമ്പനികൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ സ്വഭാവം സങ്കീർണ്ണകതൾ കണക്കിലെടുത്ത് സൂക്ഷ്മ പരിശോധന, അന്വേഷണം, മറ്റു പ്രക്രിയകളുടെ ഏതു ഘട്ടത്തിൽ വേണമെങ്കിലും ഡിപ്പാർട്ടുമെന്റിന് ഒരു വിദഗ്ദ്ധന്റെ സഹായം തേടാവുന്നതാണ്.

ചോ.33. സാധനം വാങ്ങിയ ആൾ അത് തിരികെ നൽകിയാൽ GST പ്രകാരം നികുതി കണക്കാക്കുന്നതിന് വ്യവസ്ഥയുണ്ടോ?

ഉ. ഉണ്ട്. സെക്ഷൻ 34 ഇത്തരം സാഹചര്യത്തെ വിശദീകരിക്കുന്നു. വിറ്റ സാധനം വാങ്ങിയ ആൾ തിരികെ നൽകിയാൽ സാധനത്തിന്റെ വിതരണക്കാരൻ നിശ്ചിത വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ക്രെഡിറ്റ് നോട്ട് വാങ്ങിയ ആൾക്ക് നൽകുന്നു. സെപ്റ്റംബറിനു മുൻപ് നൽകുന്ന റിട്ടേണിൽ ക്രെഡിറ്റ് നോട്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം. അല്ലെങ്കിൽ വാർഷിക റിട്ടേണിൽ ഉൾക്കൊള്ളിച്ചിരിക്കണം. ക്രെഡിറ്റ് നോട്ടിലെ വിവരങ്ങൾ റെസിപിയന്റെ അതേ നികുതികാലയളവിൽ സമർപ്പിക്കുന്നതും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്നതും റിട്ടേണിലേതും അല്ലെങ്കിൽ തുടർന്നുള്ള നികുതി കാലയള

വിലോ സാധനങ്ങളുടെ വിതരണക്കാരൻ സമർപ്പിക്കുന്ന ഔട്ട്പുട്ട് ടാക്സ് ബാധ്യതയുടെ റിഡക്ഷനുവേണ്ടി സമർപ്പിക്കുന്ന റിട്ടേണിലെ വിവരങ്ങളുമായി പൊരുത്തപ്പെട്ടിരിക്കണം. സപ്ലൈയറുടെ ഔട്ട്പുട്ട് ടാക്സ് ബാധ്യതയിലെ റിഡക്ഷനും റെസീപിയന്റിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലെ റിഡക്ഷനും പൊരുത്തപ്പെടുകയും അവസാനം അംഗീകരിക്കുകയും രണ്ടുപേരേയും അറിയിക്കുകയും വേണം.

ചോ.33. എന്താണ് കൊള്ളലാഭത്തിനെതിരെയുള്ള നടപടി?

ഉ. CGST / SGST നിയമം 171 ാം സെക്ഷൻ പ്രകാരം വിതരണം ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി നിരക്കിലെ കുറവിനെയോ ആനുപാതികമായ വിലക്കുറവാണ് സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ഗുണം. രജിസ്റ്റർഡ് വ്യക്തിക്ക് തന്നെയാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായത്. നികുതി നിരക്ക് കുറഞ്ഞത് സപ്ലൈയർ വിതരണം ചെയ്ത സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയും വില കുറവിനാനുപാതികമായിട്ടാണ് എന്നത് പരിശോധിക്കാനായി ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

# നികുതി ചുമത്തലും ഒഴിവുകളും

# നികുതി ചുമത്തലും ഒഴിവുകളും

ചോ.1. ചരക്കു സേവന നികുതി ചുമത്താനുള്ള അധികാരം എവിടെ നിന്നാണ് ലഭിക്കുന്നത്?

ഉ. ഭരണഘടനയുടെ 101 -ാം ഭേദഗതി നിയമം 2016 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള Article 246 A സംസ്ഥാന നിയമസഭകൾക്കും പാർലമെന്റിനും ചരക്കു സേവന നികുതി സംബന്ധിച്ച നിയമ നിർമ്മാണത്തിനുള്ള അധികാരം നൽകുന്നു. കേന്ദ്ര നികുതിക്ക് CGST പ്രകാരവും സംസ്ഥാനങ്ങളിൽ SGST പ്രകാരവും കേന്ദ്രഭരണ പ്രദേശങ്ങളിൽ UTGST പ്രകാരവും നിയമം തയ്യാറാക്കേണ്ടതാണ്. സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യാപാര വാണിജ്യങ്ങൾക്ക് ആർട്ടിക്കിൾ 246 A ഉപവകുപ്പ് 2 പ്രകാരവും ആർട്ടിക്കിൾ 269 A പ്രകാരവും പാർലമെന്റിന്റെ മാത്രം അധികാര പരിധിയിലാണ് അതായത് IGST

ചോ.2. ചരക്കുസേവന നികുതിയിൽ നികുതി ബാധ്യത ഉണ്ടാകുന്ന സംഭവം എന്താണ്?

ഉ. സാധന സേവനങ്ങളുടെ വിതരണം ആണ് ചരക്കുസേവന നികുതി പ്രകാരം നികുതി ബാധ്യത ഉണ്ടാകുന്ന സംഭവം ഒരു സംസ്ഥാനത്തിനകത്തു നടക്കുന്ന സാധന സേവന വിതരണങ്ങൾക്ക് CGST യോ SGST യോ UTGST യോ ചുമത്തുന്നു. സംസ്ഥാനങ്ങൾ തമ്മിലുള്ള വിതരണത്തിന് IGST യും ചുമത്തുന്നു.

ചോ.3. പ്രതിഫലമില്ലാതെയുള്ള വിതരണം GST നിയമത്തിന്റെ പരിധിയിൽ വരുന്ന വിതരണം ആയി കണക്കാക്കാമോ?

ഉ. അതെ, CGST / SGST നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ പറഞ്ഞിരിക്കുന്ന വിതരണങ്ങൾ മാത്രം. ഇതേ വ്യവസ്ഥ IGST യിലും UTGST യിലും ഉപയോഗപ്പെടുത്താം.

ചോ.4. ധർമ്മസ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങൾ നികുതി ബാധ്യതയുള്ള പ്രവർത്തനം ആണോ?

ഉ. ബിസിനസ്സിന്റെ ദൈനംദിന പ്രവർത്തനമോ അഭിവൃദ്ധിക്കു വേണ്ടിയോ ഉള്ള ഇടപാടുകൾ GST പ്രകാരം നികുതി ബാധ്യത വരുന്നത്. ഇത് വിതരണം ചെയ്യുന്നതും ലാഭേച്ഛം ഇല്ലാത്തതുമായ ധർമ്മ പ്രവർത്തനങ്ങളെ GST പ്രകാരം വിതരണം ആയി കണക്കാക്കുന്നില്ല.

ചോ.5. ഒരു ഇടപാട് ചരക്കിന്റെ/ സേവനത്തിന്റെ അല്ലെങ്കിൽ രണ്ടിന്റെയും വിതരണം ആണോ എന്ന് വിജ്ഞാപനം ചെയ്യുന്നത് ആരാണ്.?

ഉ. GST കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ ആണ് ഒരു ഇടപാട് സാധനത്തിന്റെ വിതരണവും സേവനത്തിന്റെ വിതരണവും അല്ല എന്നും അല്ലെങ്കിൽ സേവനത്തിന്റെ വിതരണവും സാധനത്തിന്റെ വിതരണവും അല്ലാ എന്നും അല്ലെങ്കിൽ രണ്ടിന്റെയും വിതരണം അല്ല എന്ന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

ചോ.6. കോമ്പോസിറ്റ് സപ്ലൈയും മിക്സഡ് സപ്ലൈയും എന്താണ്? ഇവ രണ്ടും എങ്ങനെ ആണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

ഉ. ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ സാധാരണ ബിസിനസ്സ് പ്രവർത്തനങ്ങളുടെ ഫലമായി രണ്ടോ അതിലധികമോ നികുതി ബാധ്യതയുള്ള സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ രണ്ടും ഒരിമിച്ചോ വിതരണം ചെയ്യപ്പെടുകയും ഇവയിൽ ഏതെങ്കിലും ഒരു Supply പ്രാഥമിക വിതരണമായി കണക്കാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഈ ഇടപാടിനെ കോമ്പോസിറ്റ് സപ്ലൈ എന്ന് പറയുന്നു. ഉദാഹരണം ഒരു ഉപഭോക്താവ് ടെലിവിഷൻ സെറ്റ് വാങ്ങുമ്പോൾ അയാൾക്ക് വാറന്റിയും മെയിന്റനൻസ് കരാറും ടെലിവിഷനോടൊപ്പം ലഭിക്കുന്നു. ഇതാണ് കോമ്പോസിറ്റ് സപ്ലൈ. ഈ ഉദാഹരണത്തിൽ TV വിൽപ്പന ആണ് പ്രാഥമിക വിതരണവും വാറന്റിയും മെയിന്റ്നൻസ് സേവനങ്ങളും അനുബന്ധ വിതരണങ്ങളും ആണ്.

പ്രത്യേക വിൽപ്പന നടത്താൻ സാധിക്കുന്ന രണ്ടോ

അതിലധികമോ സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ അവ ഒരുമിച്ച് ഒറ്റ വിലയ്ക്ക് വിതരണം ചെയ്യപ്പെടുന്നതിനെ മിക്സഡ് സപ്ലൈ എന്നു പറയുന്നു. ഉദാ. ഒരു വ്യാപാരി റഫ്രിജറേറ്ററിനോടൊപ്പം വാട്ടർ ബോട്ടിൽസും ഒരുമിച്ച് വിൽപ്പന നടത്തുന്നു. ഇവിടെ റഫ്രിജറേറ്ററും കുപ്പികളും പ്രത്യേകം വിൽപ്പന നടത്തി വില ഈടാക്കാൻ സാധിക്കുമായിരുന്നു.

ചോ.7. GST യിൽ എങ്ങനെയാണ് കോമ്പോസിറ്റ് സപ്ലൈയും മിക്സഡ് സപ്ലൈയും കണക്കാക്കുന്നത്?

ഉ. കോമ്പോസിറ്റ് വിതരണത്തിൽ പ്രധാന വിതരണത്തെ Supply ആയി കണക്കാക്കുന്നു. മിക്സഡ് supply പ്രകാരം ഉയർന്ന നികുതി ഈടാക്കാൻ സാധിക്കുന്ന സാധനത്തെയോ സേവനത്തേയോ വിതരണം ആയി കണക്കാക്കുന്നു.

ചോ.8. എല്ലാ സാധനങ്ങളും സേവനങ്ങളും GST പ്രകാരം നികുതി വിധേയമാണോ?

ഉ. മനുഷ്യ ഉപഭോഗത്തിനായി ഉപയോഗിക്കുന്ന മദ്യം ഒഴികെ എല്ലാ സാധനങ്ങളും സേവനങ്ങളും നികുതി ബാധകമാണ്. GST കൗൺസിലിന്റെ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത വ്യക്തി ഉല്പാദകൻ ആണെങ്കിൽ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും വിറ്റു വരവിന്റെ 1% ആണ് കോമ്പോസിറ്റ് നിരക്ക്. റസ്റ്റോറന്റ് സേവനങ്ങൾ നൽകുന്ന വ്യക്തിക്ക് വിറ്റുവരവിന്റെ 2.5% ആണ് നിരക്ക്. ഈ നിരക്കുകൾ ഒരു നിയമ പ്രകാരമുള്ളതും മറ്റു നിയമങ്ങൾക്ക് ബാധകവുമാണ്. സാധാരണ ഗതിയിലുള്ള കോമ്പോസിഷൻ നിരക്കുകൾ (CGST, SGST / UTGST പ്രകാരം) വിതരണക്കാരൻ, ഉല്പാദകൻ, റസ്റ്റോറന്റ് സേവനങ്ങൾ എന്നിവയ്ക്ക് യഥാക്രമം 1%, 2%, 5% എന്നാണ്.

ചോ.15. കോമ്പോസിഷൻ സ്കീമിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്ന വ്യക്തിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ മൊത്തം വിറ്റു വരവ് 50ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ 50 ലക്ഷം കഴിഞ്ഞു വരുന്ന തുകയ്ക്ക് മാത്രം മാർച്ച് 31 ന് നികുതി അടയ്ക്കാൻ അനുവദനീയമാണോ?

ഉ. ഇല്ല, കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത വ്യക്തിയുടെ സാമ്പത്തിക വർഷത്തെ മൊത്തം വിറ്റു വരവ് 50 ലക്ഷം

രൂപയിൽ കൂടുതൽ ആകുകയാണെങ്കിൽ ആ ദിവസം മുതൽ കോമ്പോസിഷൻ സ്കീം ആനുകൂല്യങ്ങൾ നഷ്ടമാകുന്നു.

ചോ.16. കൂടുതൽ രജിസ്ട്രേഷനുകൾക്ക് മാത്രം കോമ്പോസിറ്റ് സ്കീം തിരഞ്ഞെടുക്കാൻ സാധിക്കുമോ?

ഉ. ഒരേ പാൻ (പെർമനന്റ് അക്കൗണ്ട് നമ്പർ) ഉള്ള വ്യക്തിക്ക് കൂടുതൽ രജിസ്ട്രേഷന് കോമ്പോസിറ്റ് സ്കീം തിരഞ്ഞെടുക്കാം. എന്നാൽ ഏതെങ്കിലും ഒരു രജിസ്ട്രേഷന് നോർമൽ സ്കീം തിരഞ്ഞെടുത്താൽ മറ്റു രജിസ്ട്രേഷനുകളുടെ കോമ്പോസിറ്റ് സ്കീം യോഗ്യതയില്ലാതാകും.

ചോ.17. ഉല്പാദകനും സേവന വിതരണക്കാരനും കോമ്പോസിഷൻ സ്കീം ലഭ്യമാകുമോ?

ഉ. അതെ, പൊതുവായി ഉല്പാദകന് കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാം. എന്നാൽ GST കൗൺസിലിന്റെ ശുപാർശ പ്രകാരം വിജ്ഞാപനം ചെയ്ത ചില സാധനങ്ങളുടെ ഉല്പാദകന് ഈ സ്കീം തിരഞ്ഞെടുക്കാൻ സാധിക്കില്ല. റസ്റ്റോറന്റ് സേവനങ്ങളൊഴികെ മറ്റു സേവനങ്ങൾക്ക് ഈ സ്കീം ലഭ്യമല്ല.

ചോ.18. ആരൊക്കെയാണ് കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ അർഹരല്ലാത്തത്?

ഉ. പൊതുവായി അഞ്ചു വിഭാഗത്തിൽപ്പെട്ട രജിസ്ട്രേഡ് വ്യക്തികൾക്ക് കോമ്പോസിറ്റ് സ്കീം തിരഞ്ഞെടുക്കാൻ കഴിയില്ല.

i) റസ്റ്റോറന്റ് സേവനങ്ങളൊഴികെ മറ്റു സേവനങ്ങൾ നൽകുന്ന വിതരണക്കാരൻ.

ii) CGST നിയമം / SGST നിയമം UTGST നിയമ പ്രകാരം നികുതി വിധേയമാകാത്ത സാധനങ്ങളുടെ വിതരണക്കാരൻ.

iii) സംസ്ഥാനാന്തര സാധനങ്ങളുടെ വിതരണക്കാരൻ.

iv) ഇ- കോമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിതരണക്കാരൻ .

v) വിജ്ഞാപനം ചെയ്ത ചില സാധനങ്ങളുടെ ഉല്പാദകൻ.

ചോ.19. കോമ്പോസിഷൻ സ്കീമിലുള്ള നികുതി വിധേയ വ്യക്തിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

ഉ. ഇല്ല, കോമ്പോസിഷൻ സ്കീമിൽ വരുന്ന നികുതി വിധേയ

വ്യക്തിക്ക് നികുതി പിരിക്കാനുള്ള അനുവാദം ഇല്ല. ഇതിനർഥം കോമ്പോസിഷൻ സ്കീമിൽ വരുന്ന സപ്ലൈയർക്ക് ടാക്സ് ഇൻവോയിസ് നൽകാൻ കഴിയില്ല.

ചോ.20. കോമ്പോസിഷൻ സ്കീം പ്രകാരം നികുതി അടയ്ക്കുന്നയാളിൽ നിന്നും ചരക്കുവാങ്ങുന്ന കസ്റ്റമറിന് കോമ്പോസിഷൻ ടാക്സിനെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി അവകാശം ഉന്നയിക്കാമോ?

ഉ. ഇല്ല, കോമ്പോസിഷൻ സ്കീമിലുള്ള ഒരാൾക്ക് ടാക്സ് ഇൻവോയിസ് കസ്റ്റമർക്ക് നൽകാൻ സാധ്യമല്ല. അതുകൊണ്ട് കോമ്പോസിഷൻ സ്കീമിലുള്ള സപ്ലൈയറുടെ പക്കൽ നിന്നും ചരക്കു വാങ്ങുന്നയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അർഹത ഉണ്ടായിരിക്കുന്നതല്ല.

ചോ.21. കോമ്പോസിഷൻ നികുതി കസ്റ്റമറുടെ പക്കൽ നിന്നും പിരിച്ചെടുക്കാമോ?

ഉ. ഇല്ല, കോമ്പോസിഷൻ സ്കീമിലുള്ള ഒരു നികുതി വിധേയ വ്യക്തിയെ നികുതി പിരിച്ചെടുക്കുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നൽകാൻ കോമ്പോസിഷൻ സ്കീമിലുള്ള സപ്ലൈയർക്ക് കഴിയില്ല എന്നാണിതിനർത്ഥം.

ചോ.22. കോമ്പോസിഷൻ സ്കീമിന് അർഹതയുള്ള മൊത്തം വിറ്റുവരവ് എങ്ങനെയാണ് കണക്കാക്കുന്നത്?

ഉ. നിയമത്തിന്റെ 2 (6) എന്ന വകുപ്പ് മൊത്തം വിറ്റുവരവ് എപ്രകാരമാണെന്ന് പറയുന്നു. മൊത്തം വിറ്റുവരവ് എന്നത് എല്ലാ സപ്ലൈകളുടെയും മൊത്തം മൂല്യമാണ്. (നികുതി ഉള്ളതും ഇല്ലാത്തതുമായ സപ്ലൈകൾ, അന്തർസംസ്ഥാന കയറ്റുമതി സപ്ലൈകൾ ഉൾപ്പെടെയുള്ളതിന്റെ ആകെ തുക) എന്നാൽ CGST, SGST, IGST, UTGST നിയമങ്ങൾ പ്രകാരം ചുമത്തുന്ന നികുതികളും ഒരേ PAN ഉള്ള വ്യക്തിയുടെ റിവേഴ്സ് ചാർജ് അടയ്ക്കേണ്ട സപ്ലൈയറുടെ മൂല്യവും, ഇൻവാർഡ് സപ്ലൈയറുടെ മൂല്യവും മൊത്തം വിറ്റുവരവിൽ പെടുന്നില്ല.

ചോ.23. നികുതി വിധേയ വ്യക്തി നിബന്ധനകൾ ലംഘിക്കുക വഴി കോമ്പോസിഷൻ സ്കീമിന് അർഹത ഇല്ലാതായാൽ എന്താണ് ശിക്ഷാനടപടി?

ഉ. കോമ്പോസിഷൻ സ്കീം പ്രകാരം നികുതി അടയ്ക്കുന്ന നികുതി വിധേയന് കോമ്പോസിഷൻ സ്കീമിന് അർഹത

ഇല്ലാതായാൽ അയാൾ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാ ണ്. ആ വ്യക്തി അടയ്ക്കേണ്ട നികുതിയും പിഴയും തീരു മാനിക്കാൻ 73 അല്ലെങ്കിൽ 74-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാണ്.

ചോ.24. 'സപ്ലൈ' കളെ ചരക്കു സേവന നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കാൻ GST നിയമം സർക്കാരിന് അധികാരം നൽകുന്നുണ്ടോ?

ഉ. അതെ. പൊതുജന താല്പര്യാർത്ഥം, കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ GST കൗൺസിലിന്റെ ശുപാർശ പ്രകാരം പൊതുവായോ അല്ലെ ങ്കിൽ നിബന്ധനകൾക്ക് വിധേയമായോ സപ്ലൈ കളെ ചരക്കു സേവന നികുതിയിൽ നിന്ന് മൊത്തമായോ ഭാഗീ കമായോ ഒഴിവാക്കാം. ചില അപൂർവ്വമായ സാഹചര്യങ്ങ ളിൽ പ്രത്യേക ഓർഡറിലൂടെ ഗവൺമെന്റിന് സാധനസേ വനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കാം. CGST നിയമ പ്രകാരം നൽകപ്പെടുന്ന ഒഴിവുകൾ SGST നിയമത്തിനും UTGST നിയമത്തിനും ഒഴിവുകളായി കണക്കാക്കാം.

ചോ.25. ചരക്കുകളുടെ / സേവനത്തിന്റെ മൊത്തം നികുതിയും നിരു പാധികമായി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ നികുതിയടക്കാൻ കഴിയുമോ?

ഉ. ഇല്ല, നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട സാധന സേവ നങ്ങൾ വിതരണം ചെയ്യുന്ന ആൾക്ക് നികുതി പിരച്ചെടു ക്കാൻ പാടില്ല.

# രജിസ്ട്രേഷൻ

## രജിസ്ട്രേഷൻ

ചോ.1. GST യിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം?

ഉ. ചരക്കു സേവന നികുതി പ്രകാരം രജിസ്ട്രേഷൻ എടുക്കുന്ന ബിസിനസ്സിന് താഴെപ്പറയുന്ന ഗുണങ്ങൾ ലഭിക്കുന്നു.

a). സാധനങ്ങൾ സേവനങ്ങളുടെ വിതരണക്കാരൻ എന്ന് നിയമപരമായി അംഗീകരിക്കപ്പെടുന്നു.

b). ബിസിനസ്സ്, ചരക്കു സേവനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ അടയ്ക്കേണ്ട നികുതിയ്ക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ചരക്കുകളും സേവനങ്ങളും സ്വീകരിച്ചപ്പോൾ അടച്ച നികുതിയുടെ ശരിയായ കണക്കു വയ്ക്കൽ.

c). വാങ്ങുന്നവരിൽ നിന്നും നികുതി പിരിക്കാനുള്ള അധികാരവും ചരക്കുകളോ സേവനങ്ങളോ സപ്ലൈ ചെയ്തവരിലേയ്ക്കു അടച്ച നികുതിയുടെ ക്രെഡിറ്റ് എടുക്കുവാനുള്ള അധികാരവും.

d). GST നിയമ പ്രകാരം നൽകപ്പെടുന്ന എല്ലാ ആനുകൂല്യങ്ങളും മുൻഗണനകളും ലഭിക്കാൻ അർഹത നേടുന്നു.

ചോ.2. GST രജിസ്ട്രേഷൻ ഇല്ലാത്തയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) അവകാശപ്പെടാനും നികുതി പിരിക്കാനും കഴിയുമോ?

ഉ. ഇല്ല. GST രജിസ്ട്രേഷൻ ഇല്ലാത്ത ഒരാൾക്ക് അയാളുടെ കസ്റ്റമറിൽ നിന്നും നികുതി പിരിക്കുവാനോ അയാൾ ഒടുക്കിയ നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനോ കഴിയുകയില്ല.

ചോ.3. രജിസ്ട്രേഷൻ പ്രാബല്യത്തിൽ വരുന്ന തീയതി എപ്പോഴാണ്?

ഉ. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത വന്ന 30 ദിവസത്തിനുള്ളിൽ അപേക്ഷ നല്കുന്നയാളിന് രജിസ്ട്രേഷന് ബാധ്യതയുണ്ടായ തീയതി മുതൽ രജിസ്ട്രേഷന് സാധ്യതയുണ്ട്. രജിസ്ട്രേഷന് ബാധ്യത ഉണ്ടായി 30 ദിവസത്തിന് ശേഷം അപേക്ഷ സമർപ്പിക്കുന്ന ആളിന് രജിസ്ട്രേഷൻ നൽകുന്ന തീയതി മുതൽ സാധ്യത ഉള്ളതായി കണക്കാക്കും.

നികുതി ഇളവ് പരിധിക്കുള്ളിൽ വിറ്റു വരവ് ഉള്ളയാൾ സ്വന്തം ഇഷ്ട പ്രകാരം രജിസ്ട്രേഷന് അപേക്ഷിച്ചാൽ രജിസ്ട്രേഷൻ നൽകുന്ന ഉത്തരവിന്റെ തീയതി മുതൽ സാധ്യത ഉണ്ടായിരിക്കും.

ചോ.4. മോഡൽ GST നിയമ പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ളത് ആർക്കൊക്കെയാണ്?

ഉ. 2017 ലെ CGST / SGST നിയമം 22- ാം വകുപ്പ് പ്രകാരം ഇന്ത്യയിലെവിടെയെങ്കിലും ഏതെങ്കിലും നികുതിവിധേയ ബിസിനസ് നടത്തുന്ന സപ്ലൈയറോ അയാളുടെ ഏജന്റോ നടപ്പു വർഷത്തെ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ അധിക വിറ്റുവരവ് നികുതി ബാധ്യതയുള്ള സപ്ലൈ ആയതിനാൽ GST നിയമപ്രകാരം അയാൾ ബിസിനസ്സ് നടത്തുന്നതോ നികുതി വിധേയ സപ്ലൈ ചെയ്യുന്നതോ ആയ സംസ്ഥാനം അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശങ്ങളായ ഡൽഹി, പോണ്ടിച്ചേരി അവിടെ രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥനാണ്.

ചില പ്രത്യേക വിഭാഗത്തിലെ 11 സംസ്ഥാനങ്ങളിൽ (ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 279 A (4) (g) യിൽ പറഞ്ഞിരിക്കുന്നതുപോലെ) രജിസ്ട്രേഷനുള്ള വാർഷിക വിറ്റുവരവിന്റെ പരിധി 10 ലക്ഷം രൂപ ആണ്.

ഇതു കൂടാതെ നിയമത്തിലെ 24-ാം വകുപ്പു പ്രകാരം ചില പ്രത്യേക വിഭാഗത്തിലെ സപ്ലൈയർമാർ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ കുറവാണെങ്കിലും രജിസ്ട്രേഷൻ നടത്താൻ ബാധ്യസ്ഥരാണ്.

എന്നാൽ നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം നികുതി വിധേയമല്ലാത്തതോ അല്ലെങ്കിൽ മൊത്തമായി നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതോ ആയ കാർഷിക

ഉല്പന്നങ്ങൾ വിതരണം ചെയ്യുന്ന കൃഷിക്കാരന് GST നിയമ പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയില്ലാത്തതു മാണ്.

ചോ.5. എന്താണ് മൊത്തം വിറ്റുവരവ്?

ഉ. CGST / SGST നിയമം 2 (6) വകുപ്പ് പ്രകാരം താഴെപ്പറ യുന്നവയുടെ മൊത്തം മൂല്യമാണ് മൊത്തം വിറ്റുവരവ് എന്ന് പറയുന്നത്.

i. നികുതി വിധേയ എല്ലാ വിതരണങ്ങളും
ii. നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട എല്ലാം വിതരണം.
iii. സാധന സേവനങ്ങളുടെ കയറ്റുമതി.
iv. ഒരേ PAN വ്യക്തിയുടെ അന്തർ സംസ്ഥാന വിതരണം.

മേൽപ്പറഞ്ഞവ അഖിലേന്ത്യാ അടിസ്ഥാനത്തിൽ കണക്കാക്കുന്നതും എന്നാൽ ഇവയിൽ CGST, SGST, IGST, UTGST നിയമങ്ങൾ പ്രകാരം അടച്ച നികുതികൾ ഒഴിവാ ക്കേണ്ടതുമാണ്. മൊത്തം വിറ്റുവരവിൽ ഒരു നികുതി അടയ്ക്കുന്ന വ്യക്തിയോ അല്ലെങ്കിൽ അയാൾക്കു വേണ്ടി നടത്തപ്പെടുന്നതോ ആയ എല്ലാ വിതരണങ്ങളും ഉൾപ്പെട്ടി രിക്കണം.

റിവേഴ്സ് ചാർജിൽ നികുതി അടക്കേണ്ട സപ്ലൈ യുടെ മൂല്യവും ഇൻവെർഡ് സപ്ലൈയുടെ മൂല്യവും മൊത്തം വിറ്റുവരവിൽ ഉൾപ്പെടുത്തുന്നില്ല.

കരാർ ജോലി പ്രകാരം പൂർത്തിയാക്കപ്പെട്ട സാധന ങ്ങളുടെ മൂല്യം ജോബ് വർക്കരുടെ വിറ്റുവരവിൽ കൂട്ടാൻ പാടില്ല. ഇതിനെ ജോലി ചെയ്യാൻ ഏല്പിച്ച സപ്ലൈയറുടെ (Principal) വിതരണം ആയി കണക്കാക്കുകയും അയാളുടെ (Principal) മൊത്തം വിറ്റുവരവിൽ ഉൾപ്പെടുത്തേണ്ടതുമാ ണ്.

ചോ.6. ഏതൊക്കെ കാര്യങ്ങളിലാണ് നിർബന്ധമായും രജിസ്ട്രേ ഷൻ എടുക്കേണ്ടത്?

ഉ. CGST / SGST നിയമം 24-ാം വകുപ്പ് പ്രകാരം താഴെ പറ യുന്ന വ്യക്തികൾ നികുതി വിധേയ പരിധി നോക്കാതെ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടവർ ആണ്.

i). അന്തർ സംസ്ഥാന നികുതി ബാധ്യതാവിതരണം നട ത്തുന്ന വ്യക്തികൾ.
ii). താല്കാലികമായി നികുതി അടയ്ക്കേണ്ടവർ (കാഷ്യൽ

ടാക്സബിൾ പേഴ്സൺസ്)

iii). റിവേഴ്സ് ചാർജ് പ്രകാരം നികുതി അടയ്ക്കേണ്ടവർ.

iv). വകുപ്പ് 9 ഉപവകുപ്പ് 5 പ്രകാരം നികുതി ബാധ്യത വരുന്ന നിർദ്ദിഷ്ട തരത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ.

v). നികുതി അടക്കുന്ന നോൺ റസിഡന്റ്സ്.

vi). വകുപ്പ് 51 പ്രകാരമുള്ള നികുതി പിടിച്ച് അടയ്ക്കേണ്ട വർ.

vii). ഏജന്റ് എന്ന നിലയിലോ അല്ലാതെയോ രജിസ്ട്രേഷൻ എടുത്ത നികുതി വിധേയരായ വ്യക്തികൾക്ക് വേണ്ടി സാധന സേവനം സപ്ലൈ ചെയ്യുന്നവർ.

viii). ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ (നിയമ പ്രകാരം പ്രത്യകമായോ അല്ലാതെയോ രജിസ്റ്റർ ചെയ്തവർ)

ix). 52 -ാം വകുപ്പ് പ്രകാരം നികുതി പിരിക്കേണ്ടവർ.

x). ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ

xi). ഇന്ത്യയ്ക്കു പുറത്തു നിന്നും ഇന്ത്യയിലുള്ള വ്യക്തിക്കായി ഓൺലൈൻ വിവരങ്ങളും ഡാറ്റാ ബേസ് ആക്സഡോ റിട്രീവൽ സർവ്വീസുകളോ ലഭ്യമാക്കുന്ന ഓരോ വ്യക്തിയും.

xii). കൗൺസിലിന്റെ ശുപാർശ പ്രകാരം കേന്ദ്ര ഗവൺമെന്റോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളോ വിഭാഗങ്ങളോ.

ചോ.7. GST നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാനുള്ള സമയ പരിധി ഏതാണ്?

ഉ. രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്ട്രേഷനു ബാധ്യതയുണ്ടാകുന്ന തീയിതി മുതൽ മുപ്പതു ദിവസത്തിനകം നിർദ്ദിഷ്ട നിബന്ധനകൾക്കു വിധേയമായി ഏതൊരാളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഒരു കാഷ്വൽ ടാക്സബിൾ പേഴ്സണും (താല്ക്കാലികമായി നികുതി അടയ്ക്കേണ്ടവർ) നോൺ റസിഡന്റ് ടാക്സബിൾ പേഴ്സണും (നിവാസേതര നികുതി വിധേയ വ്യക്തികൾ) ബിസിനസ് ആരംഭിച്ച് 5 ദിവസത്തിനകം എങ്കിലും രജിസ്ട്രേഷനു വേണ്ടി അപേക്ഷ കൊടുക്കേണ്ടതാണ്.

ചോ.8. ഒരേ PAN നമ്പറിൻ കീഴിൽ പല സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഒറ്റ രജിസ്ട്രേഷൻ ഉപയോഗിച്ച്

പ്രവർത്തിക്കാമോ?

ഉ. ഇല്ല. CGST / SGST നിയമം 22 -ാം വകുപ്പ് പ്രകാരം രജിസ്ട്രേഷന് ബാധ്യതയുള്ള ഓരോ വ്യക്തിയും ബിസിനസ് ഉള്ള ഓരോ സംസ്ഥാനതലങ്ങളിലും പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതും നിയമപ്രകാരം GST അടയ്ക്കേണ്ടതുമാണ്.

ചോ.9. ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉള്ളവർക്ക് പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കാമോ?

ഉ. അതെ. 25 -ാം വകുപ്പ് പ്രകാരം ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉള്ളയാൾക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

ചോ.10. ചരക്ക് സേവന നികുതി അടയ്ക്കാൻ ബാധ്യത ഇല്ലാത്ത ഒരാൾക്ക് സ്വന്തം ഇഷ്ടപ്രകാരം രജിസ്ട്രേഷൻ എടുക്കാൻ വകുപ്പുണ്ടോ?

ഉ. അതെ. വകുപ്പ് 25 ഉപവകുപ്പ് 3 പ്രകാരം ഒരു വ്യക്തിക്ക് രജിസ്റ്റർ ചെയ്യാൻ ബാധ്യതയില്ലെങ്കിലും 22ാം വകുപ്പ് പ്രകാരം സ്വന്തം ഇഷ്ടപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്യുന്നയാൾക്ക് നികുതി ബാധ്യതയുള്ള രജിസ്റ്റർ ചെയ്തയാളിനുള്ളതുപോലെ ഈ നിയമത്തിന്റെ എല്ലാ വ്യവസ്ഥകളും ബാധകമാണ്.

ചോ.11. രജിസ്ട്രേഷൻ ലഭിക്കാൻ പെർമനന്റ് അക്കൗണ്ട് നമ്പർ (PAN) നിർബന്ധമാണോ?

ഉ. അതെ. 1961 ലെ ആദായ നികുതി നിയമപ്രകാരം (43 of 1961) PAN ഉള്ള വ്യക്തിക്ക് മാത്രമേ CGST / SGST നിയമം 25-ാം വകുപ്പ് ഉപവകുപ്പ് 6 പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളൂ.

എന്നാൽ വകുപ്പ് 51 പ്രകാരം ഒരു വ്യക്തിക്ക് നികുതി പിടിക്കാൻ PAN ന് പകരം ആദായ നികുതി നിയമം പ്രകാരം നൽകുന്ന Tax Deduction and Collection Account Number മതിയാകും. വകുപ്പ് 25 (6) പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹത നേടാൻ.

അതേപോലെ സെക്ഷൻ 25 (7) പ്രകാരം ഒരു വ്യക്തി

(Non resident taxble persons) രജിസ്ട്രേഷൻ നൽകാൻ PAN നിർബന്ധമല്ല. രജിസ്ട്രേഷനായി അവർക്ക് മറ്റു രേഖകൾ മതിയാകും.

ചോ.12. ഈ നിയമ പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന വകുപ്പിന് സ്വമേധയാ ഒരാളെ രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാമോ?

ഉ. നടപടിയെടുക്കാം. CGST / SGST നിയമം വകുപ്പ് 25 ഉപവകുപ്പ് 8 പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ബാധ്യതയുള്ള ഒരാൾ രജിസ്ട്രേഷൻ എടുക്കാതിരുന്നാൽ അയാളെ രജിസ്റ്റർ ചെയ്യാൻ നടപടി എടുക്കാം. GST നിയമപ്രകാരം ഉള്ള നടപടികൾക്ക് പുറമേയാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ രജിസ്ട്രേഷൻ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാം.

ചോ.13. ചുമതലപ്പെട്ട് ഉദ്യോഗസ്ഥന് രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ നിരസിക്കാമോ?

ഉ. അതെ. CGST / SGST നിയമം വകുപ്പ് 25 ഉപവകുപ്പ് 10 പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് പരിശോധനകൾക്കു ശേഷം രജിസ്ട്രേഷനുള്ള അപേക്ഷ നിരസ്സിക്കാവുന്നതാണ്.

ചോ.14. ഏതെങ്കിലും ആൾക്ക് നൽകുന്ന രജിസ്ട്രേഷൻ സ്ഥിരമാണോ?

ഉ. അതെ. ഒരിക്കൽ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പിൻവലിക്കുകയോ റദ്ദാക്കുകയോ സറണ്ടർ ചെയ്യുകയോ സസ്പൻഡ് ചെയ്യുകയോ ചെയ്തില്ല എങ്കിൽ സ്ഥിരമാണ്.

ചോ.15. GST നിയമപ്രകാരം ഐക്യരാഷ്ട്ര സംഘടനയുടെ ഘടകങ്ങൾ രജിസ്റ്റർ ചെയ്യണമോ?

ഉ. എല്ലാ ഐക്യരാഷ്ട്രാ സംഘടനാ ഘടകങ്ങളും വിദേശരാജ്യങ്ങളുടെ കോൺസുലേറ്റ് എംബസ്സികൾ എന്നിവയും ഗവൺമെന്റ് വിജ്ഞാപനം ചെയ്തിരിക്കുന്ന മറ്റു വിഭാഗത്തിലുള്ള വ്യക്തികളും GST പോർട്ടലിൽ നിന്നും ഒരു UIN (യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ) എടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ ID എല്ലാ സംസ്ഥാനങ്ങളിലും ഒരേ ഘടനയിലുള്ളതും GSTIN ഘടനയോടു പൊരുത്തപ്പെടുന്നതും സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പൊതുവായുള്ളതുമാണ്. അടച്ച നികുതി റീഫണ്ട് ചോദിക്കുന്നതിനും GST നിയ

മത്തിൽ പറയുന്ന ഏത് ആവശ്യങ്ങൾക്കും UIN ആവശ്യമാണ്.

ചോ.16. ഐക്യരാഷ്ട്ര സംഘടനയുടെ ഘടകങ്ങൾക്ക് ചരക്ക് സേവനങ്ങൾ സപ്ലൈ ചെയ്യുന്ന നികുതി വിധേയ വ്യക്തിയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?

ഉ. ഇത്തരം സംഘടനകൾക്ക് സപ്ലൈ ചെയ്യുന്ന നികുതി വിധേയ വ്യക്തികൾ ഇൻവോയ്സ്സുകളിൽ UIN കാണിക്കേണ്ടതാണ്. ഇത്തരം സപ്ലൈകൾ രജിസ്റ്റർ ചെയ്ത മറ്റ് ഏതൊരാളിനുള്ള സപ്ലൈ പോലെ കണക്കാക്കേണ്ടതും സപ്ലൈയർ ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

ചോ.17. സർക്കാർ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഉണ്ടോ?

ഉ. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതും എന്നാൽ പുറത്തേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തതുമായ (അതിനാൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ലാത്ത) ഗവൺമെന്റ് അധികാരികൾക്കും പൊതു മേഖലാ സ്ഥാപനങ്ങൾക്കും ഒരു യൂണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ (ID) നൽകുന്നതാണ്.

ചോ.18. താല്ക്കാലികമായി നികുതി അട്ക്കേണ്ടവർ ആര്? (കാഷ്വൽ ടാക്സബിൾ പേഴ്സൺ)

ഉ. പ്രിൻസിപ്പൽ ആയോ ഏജന്റ് ആയോ അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ സ്ഥിരമായ ഒരു ബിസിനസ്സ് സ്ഥലമില്ലാതെ ബിസിനസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങളോ ബിസിനസ്സിന്റെ അഭിവൃദ്ധിക്കോ വേണ്ടി സാധനങ്ങൾ സേവനങ്ങൾ വിതരണം ചെയ്ത് വല്ലപ്പോഴും ഇടപാടു നടത്തുന്ന വ്യക്തിയാണ് കാഷ്വൽ ടാക്സബിൾ പേഴ്സൺ എന്ന് CGST / SGST നിയമം വകുപ്പ് 2 (20) പ്രകാരം നിർവ്വചിക്കുന്നത്.

ചോ.19. നിവാസേതര നികുതി വിധേയ വ്യക്തി (Non - resident taxable persons) ആരാണ്?

ഉ. CGST / SGST നിയമം വകുപ്പ് 2 (77) പ്രകാരം ഒരു നിവാസേതര നികുതി വിധേയ വ്യക്തി എന്നാൽ ഏതെങ്കിലും ഒരു വ്യക്തി പ്രിൻസിപ്പൽ ആയോ ഇടനിലക്കാരനായോ അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ ഇന്ത്യയിൽ വന്ന് സാധന സേവനങ്ങൾ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ഇടപാ

ടുകൾ വല്ലപ്പോഴും നടത്തുകയും എന്നാൽ ഇന്ത്യയിൽ സ്ഥിരമായ ബിസിനസ്സ് സ്ഥലമില്ലാത്തവരുമാണ്.

ചോ.20. നോൺ റസിഡന്റ് / കാഷ്വൽ ടാക്സബിൾ വ്യക്തികൾക്ക് നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധ്യത കാലാവധി എത്രയാണ്.?

ഉ. 27 (1) ാം വകുപ്പ് പ്രകാരം രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാലാവധിയോ, രജിസ്ട്രേഷൻ മുതൽ 90 ദിവസം വരെയുള്ള കാലാവധിയോ ഏതാണാദ്യം തീരുന്നതുവരെയാണ് നോൺ റസിഡന്റ് കാഷ്വൽ ടാക്സബിൾ വ്യക്തികൾക്ക് നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി. എന്നാൽ അത്തരം ആളുകളുടെ അപേക്ഷ പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് കാലാവധി മറ്റൊരു 90 ദിവസത്തിൽ കൂടുതലല്ലാത്ത കാലത്തേക്ക് നീട്ടി കൊടുക്കാവുന്നതാണ്.

ചോ.21. രജിസ്ട്രേഷൻ സമയത്ത് പ്രത്യേക വിഭാഗമെന്ന നിലയിൽ നോൺ റെസിഡന്റ് പേഴ്സൺ/ കാഷ്വൽ ടാക്സബിൾ പേഴ്സൺ എന്തെങ്കിലും മുൻകൂർ നികുതി അടയ്ക്കേണ്ടതുണ്ടോ?

ഉ. ഉണ്ട്. രജിസ്ട്രേഷൻ ലഭിക്കുന്നതിനായി സാധാരണ നികുതി ബാധ്യതയുള്ള വ്യക്തി പണം നിക്ഷേപിക്കേണ്ടതില്ലെങ്കിലും ഒരു കാഷ്വൽ ടാക്സബിൾ പേഴ്സൺ അല്ലെങ്കിൽ നോൺ റസിഡന്റ് ടാക്സബിൾ പേഴ്സൺ വകുപ്പ് 27 (2) പ്രകാരം രജിസ്ട്രേഷൻ ആവശ്യമുള്ള സമയത്തേക്ക് കണക്കാക്കുന്ന നികുതി മുൻകൂറായി അടയ്ക്കണം. ആദ്യത്തെ 90 ദിവസത്തിനു ശേഷം കാലാവധി നീട്ടണമെങ്കിൽ കൂടുതലായി അങ്ങനെ കിട്ടുന്ന കാലത്തേക്ക് കണക്കാക്കുന്ന നികുതി ബാധ്യതയും ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

ചോ.22. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മാറ്റങ്ങൾ അനുവദനീയമാണോ?

ഉ. അതെ. വകുപ്പ് 28 പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് അയാൾ കണ്ടെത്തിയതോ അപേക്ഷകൻ നൽകിയതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വിവരങ്ങളിലുള്ള മാറ്റം നിർദ്ദേശിക്കപ്പെട്ട രീതിയിൽ മാറ്റത്തിനുവേണ്ടിയുള്ള അപേക്ഷ സ്വീകരിച്ച് 15 പൊതു പ്രവൃത്തി

ദിനങ്ങൾക്കകം അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

ശ്രദ്ധിക്കേണ്ട ഒരു കാര്യം, ചില പ്രധാന ഫീൽഡുകളിലുള്ള മാറ്റങ്ങൾക്കു മാത്രമേ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ അനുവാദം ആവശ്യം ഉള്ളൂ. മറ്റ് വിവരങ്ങൾ GST നിയമം പൊതു പോർട്ടലിൽ മാറ്റത്തിനുള്ള അപേക്ഷ നൽകി മാറ്റാവുന്നതാണ്.

ചോ.23. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നത് അനുവദനീയമാണോ?

ഉ. അതെ. CGST / SGST നിയമം 29 ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ഈ നിയമ പ്രകാരം നൽകിയ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്.ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വയം എടുക്കുന്ന നടപടിയിലോ നിർദ്ദിഷ്ട രീതിയിൽ രജിസ്റ്റർ ചെയ്തയാളോ അയാളുടെ അവകാശികളോ (അയാൾ മരണപ്പെട്ടെങ്കിൽ) നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലോ നിശ്ചിത രീതിയിലും കാലാവധിക്കുള്ളിലും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്.

രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വയം എടുക്കുന്ന നടപടിയിലാണെങ്കിൽ SCN ന് മറുപടി കിട്ടിയതിന്റെ 30 ദിവസത്തിനകം ക്യാൻസൽ ചെയ്തു കൊണ്ടുള്ള ഓർഡർ ഇഷ്യൂ ചെയ്യണം. അല്ലെങ്കിൽ നികുതി വിധേയ വ്യക്തിയോ അയാളുടെ അവകാശികളോ ആണ് ക്യാൻസലിനു വേണ്ടിയുള്ള അപേക്ഷ നൽകുന്നതെങ്കിൽ അപേക്ഷ സ്വീകരിക്കുന്ന ദിവസം മുതൽ തന്നെ ക്യാൻസൽ തീയതി കണക്കാക്കാവുന്നതാണ്.

ചോ.24. GST നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്താൽ അത് SGST നിയമപ്രകാരമുള്ള ക്യാൻസലേഷൻ ആയി കണക്കാക്കാമോ?

ഉ. അതെ ഒരു നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യൽ (ഉദാ. CGST ACT ) മറ്റൊരു നിയമ പ്രകാരമുള്ള (ഉദാ. SGST ACT) രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യൽ ആയി കണക്കാക്കും. (വകുപ്പ് 29 (4)).

ചോ.25. ചുമതപ്പെട്ട ഉദ്യോഗസ്ഥന് സ്വയമേ രജിസ്ട്രേഷൻ

ക്യാൻസൽ ചെയ്യാമോ?

ഉ. ചെയ്യാം. CGST / SGST നിയമം 29 (2) ാം വകുപ്പിൽ പറയുന്ന പ്രത്യേക സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വന്തമായി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. CGST നിയമത്തിൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് എതിരായി പ്രവർത്തിക്കുക, കോമ്പോസിഷൻ വ്യാപാരി തുടർച്ചയായ മൂന്ന് നികുതി കാലയളവിൽ റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, ഒരു സാധാരണ നികുതി വിധേയവ്യക്തി ആറു (6) മാസത്തേയ്ക്ക് തുടർച്ചയായി റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, സ്വയം രജിസ്ട്രേഷൻ നടത്തി 6 മാസത്തിനകം ബിസിനസ്സ് തുടങ്ങാതിരിക്കുക തുടങ്ങിയവ അത്തരം സാഹചര്യങ്ങളിൽ ഉൾപ്പെടും. എന്നിരുന്നാലും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് മുൻപ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വഭാവിക നീതിയുടെ തത്വങ്ങൾ പാലിക്കേണ്ടതാണ്. (വകുപ്പ് 29 (2) (e) വ്യവസ്ഥകൾ പ്രകാരം)

ചോ.26. വസ്തുതകൾ ഒളിപ്പിച്ചുവച്ചോ അസത്യ പ്രസ്താവനകൾ നടത്തിയോ കൃത്രിമമായോ രജിസ്ട്രേഷൻ വാങ്ങിയാൽ എന്ത് സംഭവിക്കും?

ഉ. ഇത്തരം സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്. (വകുപ്പ് 29 (2) (e)

ചോ.27. GST നിയമ പ്രകാരം സേവനങ്ങൾക്ക് കേന്ദ്രീകൃത രജിസ്ട്രേഷൻ എടുക്കാമോ?

ഉ. ഇല്ല. നികുതി വിധേയ സപ്ലൈകൾ നടത്തുന്ന ഓരോ സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേകം രജിസ്ട്രേഷൻ നികുതി അടയ്ക്കുന്ന വ്യക്തി എടുക്കണം.

ചോ.28. ഒരു നികുതി ദായകന് ഒരു സ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉണ്ടെങ്കിൽ അയാൾ ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ?

ഉ. വേണ്ട. എന്നാൽ നികുതി ദായകന് അയാളുടെ ഇഷ്ടപ്രകാരം CGST നിയമം 2017 വകുപ്പ് 25 (2) പ്രകാരം ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

ചോ.29. ISD എന്നാൽ ആരാണ്?

ഉ. ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്നാണ് CGST / SGST നിയമം വകുപ്പ് 2 (61) പ്രകാരം നിർവ്വചിച്ചിരിക്കുന്നത്. ഇൻപുട്ട് സേവനങ്ങൾ സ്വീകരിക്കുന്നതിന്റെ ഇൻവോയ്സ് കൈപ്പറ്റാനും അവരുടെ ടാക്സ് ക്രെഡിറ്റ് സപ്ലൈയർ യൂണിറ്റുകളിലേയ്ക്ക് (ഒരേ PAN ഉള്ള ) ആനുപാതികമായി വിതരണം ചെയ്യാനുള്ള ഓഫീസ് ആണ് ഇത്.

ചോ.30. നിലവിൽ നികുതിയടക്കുന്നയാളെന്ന നിലയിലുള്ള രജിസട്രേഷൻ കൂടാതെ ISD ക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമുണ്ടോ?

ഉ. ഉണ്ട്. സാധാരണ രജിസ്ട്രേഷനിൽ നിന്നും വ്യത്യസ്ഥമായി ISD രജിസ്ട്രേഷൻ നികുതിദായകന്റെ ഒരു ഓഫീസുനുവേണ്ടിയുള്ളതാണ്.

ചോ.31. ഒരു നികുതി ദായകന് ഒന്നിലധികം ISD കൾ സാധ്യമാണോ?

ഉ. അതെ. നികുതി ദായകന്റെ വിവിധ ഓഫീസുകൾക്ക് ISD രജിസ്ട്രേഷന് അപേക്ഷിക്കാം.

ചോ.32. ഒരു ബിസിനസ്സ് കൈമാറ്റം ചെയ്യുമ്പോൾ (രജിസ്ട്രേഷനെ സംബന്ധിച്ച്) എന്ത് ബാധ്യതയാണുള്ളത്?

ഉ. ബിസിനസ്സിനെ കൈമാറ്റം ചെയ്തു കിട്ടുന്നയാൾ അല്ലെങ്കിൽ പിൻഗാമിയ്ക്ക് കൈമാറ്റത്തിന്റെ അല്ലെങ്കിൽ പിന്തുടർച്ചയുടെ തീയതി മുതൽ രജിസ്റ്റർ ചെയ്ത് പുതിയ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത ഉണ്ട്. (വകുപ്പ് 22 (3))

ചോ.33. നിലവിലുള്ള സെൻട്രൽ എക്സൈസ് / സേവന നികുതി/ വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ GST യിൽ പുതിയ രജിസ്ട്രേഷൻ എടുക്കണമോ?

ഉ. വേണ്ട. GST നെറ്റ് വർക്ക് അങ്ങനെയുള്ള എല്ലാ നികുതിദായകരെയും പുനർവിന്യസിക്കുകയും GSTIN നമ്പർ ഉള്ള താല്ക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ താല്ക്കാലികമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി 6 മാസത്തിനകം സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ഫൈനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആക്കി മാറ്റി നൽകേണ്ടതാണ്. താല്ക്കാലിക രജിസ്ട്രേഷൻ ഫൈനൽ രജിസ്ട്രേഷനാക്കാൻ വേണ്ടി ആവശ്യമായ രേഖകളും വിവരങ്ങളും ഒരു നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാൻ അവരോട് ആവ

ശ്യപ്പെടും. അപ്രകാരം സമർപ്പിച്ചില്ലെങ്കിൽ താല്ക്കാലിക മായി നൽകിയ GSTIN നമ്പർ ക്യാൻസൽ ചെയ്യപ്പെടും.

ഇപ്പോൾ കേന്ദ്രീകൃത രജിസ്ട്രേഷനുള്ള സേവന നികുതിദായകർ ബിസിനസ്സുള്ള ഓരോ സംസ്ഥാനത്തും പ്രത്യേകമായി പുതിയ രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ചോ.34. ജോബ് വർക്ക് ചെയ്യുന്നവർ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?

ഉ. ഇല്ല. ജോബ് വർക്ക് ചെയ്യുന്നവർ സേവനങ്ങളാണ് വിത രണം ചെയ്യുന്നത്. അവരുടെ വാർഷിക വിറ്റുവരവ് നിശ്ചിത നികുതിയൊഴിവ് പരിധിയായ 20 ലക്ഷം രൂപ / 10 ലക്ഷം രൂപ കഴിയുകയാണെങ്കിൽ അവർ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്.

ചോ.35. ചരക്കുകൾ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥാപനത്തിൽ നിന്നും വിതരണം ചെയ്യാമോ?

ഉ. ചെയ്യാം പക്ഷേ ജോബ് വർക്കർ രജിസ്റ്റർ ചെയ്തിട്ടുണ്ടെ ങ്കിലോ അല്ലെങ്കിൽ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥാപനം പ്രിൻസിപ്പലിന്റെ അഡീഷണൽ ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലോ മാത്രം.

ചോ.36. രജിസ്ട്രേഷൻ സമയത്ത് നികുതിദായകൻ അയാളുടെ ബിസിനസ്സ് നടത്തുന്ന എല്ലാ സ്ഥലങ്ങളുടെയും വിവരങ്ങൾ അറിയിക്കണമോ?

ഉ. അതെ. CGST / SGST ACT വകുപ്പ് 2 (89) ഉം വകുപ്പ് 2 (85) ഉം പ്രധാന ബിസിനസ്സ് സ്ഥലം ബിസിനസ്സ് സ്ഥലം എന്നി വയെക്കുറിച്ച് യഥാക്രമം പ്രത്യേകം നിർവ്വചിച്ചിട്ടുണ്ട്. നികുതിദായകൻ അയാളുടെ പ്രധാന ബിസിനസ്സ് സ്ഥല ത്തിന്റെയും കൂടുതലായുള്ള മറ്റു ബിസിനസ്സ് സ്ഥലങ്ങളു ടെയും വിവരങ്ങൾ രജിസ്ട്രേഷൻ ഫോമിൽ അറിയി ക്കേണ്ടതാണ്.

ചോ.37. ചെറുകിട കച്ചവടക്കാരെയും കമ്പ്യൂട്ടർ സംവിധാനങ്ങൾ ഇല്ലാത്തവരെയും സഹായിക്കാൻ എന്തെങ്കിലും സംവിധാ നമുണ്ടോ?

ഉ. അങ്ങനെയുള്ളവരെ സഹായിക്കാൻ താഴെപ്പറയുന്ന സജ്ജീ കരണങ്ങൾ ചെയ്യുന്നതാണ്.

a.) ടാക്സ് റിട്ടേൺ പ്രിപ്പേറർ (TRP):

നികുതി വിധേയനായ ഒരു വ്യക്തിക്ക് രജിസ്ട്രേഷൻ അപേക്ഷ, റിട്ടേൺ ഇവ സ്വന്തമായി തയ്യാറാക്കുകയോ ഒരു TRP യെ സമീപിക്കുകയോ ചെയ്യാവുന്നതാണ്. നികുതിദായകൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ TRP രജിസ്ട്രേഷൻ രേഖകൾ / റിട്ടേൺ എന്നിവ നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്നു. TRP തയ്യാറാക്കുന്ന അപേക്ഷകളിൽ പറയുന്ന വിവരങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം നികുതിദായകനു തന്നെയാണ്. എന്തെങ്കിലും തെറ്റുകൾക്കോ, ശരിയല്ലാത്ത വിവരങ്ങൾക്കോ TRP ഉത്തരവാദിയാകുകയില്ല.

b.) ഫെസിലിറ്റേഷൻ സെന്റർ (FC):

നികുതി വിധേയനായ ആൾ / ചുമതലപ്പെട്ടയാൾ ഒപ്പിട്ടു നൽകുന്ന സമ്മറി ഷീറ്റ് ഉൾപ്പെടെയുള്ള ഫോമുകളും രേഖകളും ഡിജിറ്റലൈസ് ചെയ്യുകയും അപ്ലോഡ് ചെയ്യുകയും ചെയ്യാൻ ഫെസിലിറ്റേഷൻ സെന്ററിന് അധികാരമുണ്ട്. കോമൺ പോർട്ടലിൽ FC യുടെ ID യും പാസ്‌വേർഡും ഉപയോഗിച്ച് വിവരങ്ങൾ അപ്ലോഡ് ചെയ്ത ശേഷം അതിന്റെ അക്നോളഡ്ജ്മെന്റ് പ്രിന്റ്ഔട്ട് എടുത്ത് FC ഒപ്പിട്ടതിനു ശേഷം നികുതിദായകനു വേണ്ടി ഒപ്പിടാൻ അധികാരപ്പെട്ടയാൾ ഒപ്പിട്ടു നൽകുന്ന സമ്മറിഷീറ്റ് FC സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുന്നു.

ചോ.38. GSTN രജിസ്ട്രേഷനിൽ ഡിജിറ്റൽ ഒപ്പിനുള്ള സൗകര്യം ഉണ്ടോ?

ഉ. നികുതിദായകർക്ക് അവർ സമർപ്പിക്കുന്ന അപേക്ഷയിൽ സാധുതയുള്ള ഡിജിറ്റൽ ഒപ്പിടാനുള്ള ഓപ്ഷനുണ്ട്. അപേക്ഷയിലോ മറ്റു രേഖകളിലോ ഡിജിറ്റൽ ഒപ്പിടാനുള്ള രണ്ട് ഓപ്ഷൻ ഉണ്ട്. ആധാർ നമ്പറിലൂടെ നൽകുന്ന ഡിജിറ്റൽ ഒപ്പ് അല്ലെങ്കിൽ DSC മുഖേന DSC എന്നാൽ നികുതിദായകന്റെ ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കേറ്റ് GST പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നു. കമ്പനികളും പരിധിയുള്ള ബാധ്യതയുള്ള പങ്കാളിത്ത സ്ഥാപനങ്ങളും DSC മുഖേന മാത്രമേ ഒപ്പിടാവൂ. 2-ാം തല 3 -ാം തല DSC സർട്ടിഫിക്കറ്റുകൾ മാത്രമാണ് ഒപ്പിടൽ ആവശ്യത്തിനുവേണ്ടി സ്വീകരിക്കപ്പെടുന്നത്.

ചോ.39. ഓൺലൈൻ അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള സമ

യപരിധി എത്രയാണ്?

ഉ. അപ്‌ലോഡ് ചെയ്ത രേഖകളും വിവരങ്ങളും ക്രമപ്രകാരമാണെന്ന് കണ്ടാൽ, സംസ്ഥാനം കേന്ദ്ര അധികാരികൾ അപേക്ഷ അംഗീകരിക്കുകയും മൂന്ന് പൊതുവായുള്ള പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ കോമൺ പോർട്ടലിൽ അറിയിക്കുകയും ചെയ്യും. ആ സമയത്തിനുള്ളിൽ അപേക്ഷയിലുള്ള കുറവുകളോ വ്യത്യാസങ്ങളോ അറിയിക്കുകയും, അപേക്ഷകൻ 7 ദിവസത്തിനകം വ്യത്യാസങ്ങളും കുറവുകളും മാറ്റേണ്ടതുമാണ്. അതിനുശേഷം, നികുതിദായകൻ വ്യത്യാസങ്ങൾ മാറ്റി അറിയിച്ചതിനുശേഷമുള്ള 7 ദിവസത്തിനകം സംസ്ഥാനം, കേന്ദ്ര അധികാരികൾ അപേക്ഷ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യേണ്ടതാണ്. അഥവാ ഉത്തരവാദിത്തപ്പെട്ട അധികാരികളിൽ നിന്ന് പറഞ്ഞ സമയത്തിനകം ഒരു മറുപടിയും ലഭിക്കുന്നില്ലെങ്കിലും പോർട്ടൽ തനിയെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യും.

ചോ.40. ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടായാൽ അപേക്ഷകന് പ്രതികരിക്കാൻ എത്ര സമയമുണ്ട്?

ഉ. പരിശോധനവേളയിൽ ഏതെങ്കിലും ഒരു നികുതി അധികാരി ചോദ്യം ഉന്നയിക്കുകയോ തെറ്റു കണ്ടെത്തുകയോ ചെയ്താൽ അത് മറ്റേ നികുതി അധികാരിയെയും അപേക്ഷകനേയും GST കോമൺ പോർട്ടൽ വഴി മൂന്ന് പൊതുവായ പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അറിയിക്കേണ്ടതാണ്. അപേക്ഷകൻ അറിയിപ്പു കിട്ടി ഏഴു ദിവസത്തിനകം തെറ്റു തിരുത്തുകയോ ചോദ്യത്തിനു മറുപടി പറയുകയോ വേണം.

കൂടുതലായ രേഖകളോ വിശദീകരണങ്ങളോ ലഭിക്കുന്ന പക്ഷം ലഭിച്ച് ഏഴു പൊതുവായ പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നികുതി അധികാരി ആയതിനാൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ചോ.41. രജിസ്ട്രേഷൻ നിരസിക്കാനുള്ള നടപടി എന്താണ്?

ഉ. രജിസ്ട്രേഷൻ നിരസിക്കുകയാണെങ്കിൽ ആയതിന്റെ കാരണങ്ങൾ അപേക്ഷകനെ ഒരു സ്പീക്കിംഗ് ഓർഡർ മുഖേന അറിയിക്കണം. അധികാരിയുടെ തീരുമാനത്തിനെതിരെ അപ്പീൽ നൽകാൻ അപേക്ഷകന് അവകാശമുണ്ട്. CGST

നിയമം 26–ാം വകുപ്പ് 2–ാം ഉപ വകുപ്പ് പ്രകാരം ഏതെങ്കിലും ഒരു അധികാരി (CGST നിയമം / SGST നിയമം പ്രകാരം) അപേക്ഷ നിരസിച്ചാൽ മറ്റു അധികാരികളും (SGST/ UTGST/ CGST) രജിസ്ട്രേഷനുള്ള അപേക്ഷ നിരസിച്ചതായി കണക്കാക്കും.

ചോ.42. അപേക്ഷയുടെ തീർപ്പ് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് നൽകുമോ?

ഉ. GST കോമൺ പോർട്ടലിൽ നിന്നും ഇ- മെയിൽ ആയും SMS ആയും രജിസ്ട്രേഷൻ നൽകിയതോ നിരസിച്ചതോ സംബന്ധിച്ച വിവരം അപേക്ഷകനെ അറിയിക്കുന്നതാണ്. അപേക്ഷകൻ ഏത് ഓഫീസിന്റെ പരിധിയിൽ വരുന്നു എന്നതും ഈ ഘട്ടത്തിൽ അറിയിക്കുന്നതാണ്.

ചോ.43. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് GST പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ കഴിയുമോ?

ഉ. രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ GST അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.

ചോ.44. ക്യാൻസൽ ചെയ്ത രജിസ്ട്രേഷനെ അസാധുവാക്കാൻ സാധിക്കുമോ?

ഉ. അതെ. നികുതിദായകനോ അയാളുടെ നിയമാവകാശികളോ ആവശ്യപ്പെടാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വമേധയാ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത അവസരങ്ങളിൽ മാത്രം അസാധുവാക്കാൻ സാധിക്കും. ഉദ്യോഗസ്ഥൻ സ്വമേധയ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തു എന്ന അറിയിപ്പ് ലഭിച്ചിട്ട് 30 ദിവസത്തിനകം നികുതിദായകൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തത് റദ്ദാക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ നൽകണം. ക്യാൻസലേഷൻ അസാധുവാക്കുവാനുള്ള അപേക്ഷ സ്വീകരിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും വിശദീകരണങ്ങളോ വിവരങ്ങളോ സ്വീകരിക്കുകയോ ചെയ്തതിന്റെ 30 ദിവസത്തിനകം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ക്യാൻസലേഷൻ റദ്ദാക്കുകയോ രജിസ്ട്രേഷൻ ക്യാൻസൽ ചെയതത് അസാധുവാക്കുവാനുള്ള അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്.

ചോ.45. രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യപ്പെട്ട നികുതിദായകൻമേൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തതിന്റെ എന്തെങ്കിലും

നികുതി ബാധ്യത ചുമത്തേണ്ടതുണ്ടോ?

ഉ. ഉണ്ട്. രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന്റെ തെട്ടു മുൻപുള്ള തീയതികളിൽ സ്റ്റോക്ക് ആയി വച്ചിരിക്കുന്ന ഇൻപുട്ടുകളുടെയോ, സ്റ്റോക്ക് ആയി സൂക്ഷിച്ചിരുന്ന അർദ്ധ പൂർണ്ണ ഉല്പന്നങ്ങളുടെയോ ക്യാപിറ്റൽ ഉല്പന്നങ്ങളുടെയോ, പ്ലാന്റും മെഷിനറിയുടെയോ അല്ലെങ്കിൽ അത്തരം ഉല്പന്നങ്ങളുടെ ഔട്ട്പുട്ടിന് അടച്ച നികുതി ഇവയിലേതാണോ കൂടുതൽ അവയ്ക്കു തുല്യമായ ഒരു തുക ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ ഡെബിറ്റു ചെയ്യുക വഴി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യപ്പെട്ട ഏതൊരു നികുതിദായകനും CGST നിയമം SGST നിയമം 29 (5)-ാം വകുപ്പ് പ്രകാരം അടയ്ക്കേണ്ടതാണ്.

ചോ.46. കാഷ്വൽ ടാക്സബിൾ പേഴ്സണിന്റെയും നോൺ റസിഡന്റ് ടാക്സബിൾ പേഴ്സണിന്റെയും വ്യത്യാസം എന്ത്?

ഉ. ആരാണ് കാഷ്വൽ / നോൺ റസിഡന്റ് ടാക്സബിൾ പേഴ്സണുകൾ എന്ന് CGST / SGST ACTയഥാക്രമം വകുപ്പ് 2 (20) ലും 2 (77) ലും നിർവ്വചിച്ചിട്ടുണ്ട്. അവർ തമ്മിലുള്ള വ്യത്യാസങ്ങൾ താഴെ പറയുന്നു.

| കാഷ്യൽ ടാക്സബിൾ പേഴ്സൺ | നോൺ റസിഡന്റ് ടാക്സബിൾ പേഴ്സൺ |
|---|---|
| i. ഒരു സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശത്തോ സ്ഥിരമായി ബിസിനസ്സ് സ്ഥലമില്ലാതെ സാധന സേവനങ്ങളുടെ വിതരണം ഉൾപ്പെടുന്ന ഇടപാടുകൾ വല്ലപ്പോഴും നടത്തുന്നവർ. | i. ഇന്ത്യയ്ക്കകത്ത് താമസമില്ലാത്തതും സ്ഥിരമായ ബിസിനസ്സ് സ്ഥലമില്ലാതെ സാധനസേവനങ്ങളുടെ വിതരണം ഉൾപ്പെടുന്ന ഇടപാടുകൾ വല്ലപ്പോഴും നടത്തുന്നവർ. |
| ii. ഇവർക്ക് PAN നമ്പർ ഉണ്ട്. | ii. ഇവർക്ക് PAN നമ്പറില്ല. അഥവാ ഒരു നോൺ റസിഡന്റ് ടാക്സബിൾ വ്യക്തിക്ക് PAN നമ്പർ ഉണ്ടെങ്കിൽ കാഷ്യൽ ടാക്സബിൾ പേഴ്സൺ ആയി രജിസ്റ്റർ എടുക്കാവുന്നതാണ്. |
| iii. സാധാരണ നികുതി ദായകന് നൽകുന്ന GST REG - 01 ആപ്ലിക്കേഷൻ ഫോം തന്നെയാണ് രജിസ്ട്രേഷനു വേണ്ടി കാഷ്യൽ ടാക്സബിൾ പേഴ്സണും നൽകുന്നത്. | iii. നോൺ റസിഡന്റ് ടാക്സബിൾ പേഴ്സൺ രജിസ്ട്രേഷനു വേണ്ടി GST REG - 10 എന്ന വ്യത്യസ്തമായ അപേക്ഷ ഫോറം ആണ് നൽകുന്നത്. |
| iv. ദൈനംദിന ബിസിനസ് ഇടപാടുകളോ ബിസിനസ്സിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള ഇടപാടുകളോ ഏറ്റെടുക്കാവുന്നതാണ്. | iv. ബിസിനസ്സിന്റെ ഇടപാടുകൾ നിർവ്വചനത്തിൽ നൽകിയിട്ടില്ല. |
| v. റിട്ടേൺസ് സമർപ്പിക്കുന്നതിനു വേണ്ടി സാധാരണ ഉപയോഗിക്കുന്ന GSTR-1, GSTR - 2 GSTR - 3 എന്നിവ ഉപയോഗിക്കാവുന്നതാണ്. | v. GSTR- 5 എന്ന ഫോർമാറ്റിലാണ് പ്രത്യേകമായി തയ്യാറാക്കിയ റിട്ടേൺസ് സമർപ്പിക്കേണ്ടത്. |
| vi. എല്ലാ ഇൻവേർഡ് സപ്ലൈകൾക്കും ITC അവകാശപ്പെടാവുന്നതാണ്. | vi. സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഇറക്കുമതിയിൽ മാത്രമാണ് ITC ലഭിക്കുന്നത്. |

# സപ്ലൈ - അർഥവും വ്യാപ്തിയും

# സപ്ലൈ - അർഥവും വ്യാപ്തിയും

ചോ.1. ചരക്കു സേവന നികുതിയിൻ കീഴിൽ നികുതി വിധേയമായ പ്രവൃത്തി എന്താണ്?

ഉ. ചരക്കു സേവന നികുതിയിൻ കീഴിൽ ബസിനസ്സ് അഭിവൃദ്ധിക്കുവേണ്ടി പ്രതിഫലം വാങ്ങി ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈ നടത്തുന്നതായിരിക്കും നികുതി വിധേയ പ്രവൃത്തി.

നിലവിലുള്ള പരോക്ഷ നികുതി നിയമങ്ങൾക്കു കീഴിലുള്ള നിർമ്മാണം, വില്പന, സേവനങ്ങൾ എന്നിവ 'സപ്ലൈ' എന്ന നികുതി വിധേയ പ്രവൃത്തിയിൽ ലയിക്കപ്പെടും.

ചോ.2. GST നിയമ പ്രകാരം 'സപ്ലൈ' എന്താണ് അർത്ഥമാക്കുന്നത്?

ഉ. 'സപ്ലൈ' എന്ന പദം വളരെ വ്യാപ്തി ഉള്ളതാണ്. ഇതിൽ എല്ലാ വിധത്തിലുമുള്ള (ബിസിനസ്സ് അഭിവൃദ്ധിക്കുവേണ്ടി) പ്രതിഫലം വാങ്ങി നൽകുന്ന ചരക്കുകളുടെ / സേവനങ്ങളുടെ വില്പ്പന, കച്ചവടം, കൈമാറ്റങ്ങൾ, ബാർട്ടർ, ലൈസൻസ്, എക്സ്ചേഞ്ച്, വാടക, പാട്ടം, നീക്കം ചെയ്യൽ എന്നിവയോ അല്ലെങ്കിൽ ഇവ ചെയ്യാമെന്നുള്ള സമ്മതം എന്നിവ ഉൾപ്പെടുന്നു. ഇതിൽ ഇറക്കുമതി ചെയ്യുന്ന സേവനങ്ങളും ഉൾപ്പെടുന്നു. ഇതുകൂടാതെ മോഡൽ GST നിയമപ്രകാരം പ്രതിഫലമില്ലാതെ നൽകുന്ന ചില ഇടപാടുകളും സപ്ലൈയുടെ പരിഗണനയിൽ വരും.

ചോ.3. നികുതി വിധേയ 'സപ്ലൈ' എന്നാൽ എന്ത്?

ഉ. 'നികുതി വിധേയ സപ്ലൈ' എന്നാൽ ചരക്കുസേവന

നികുതി നിയമ പ്രകാരം നികുതി ചുമത്തപ്പെടേണ്ട സാധനങ്ങളോ സേവനങ്ങളോ ആണ്.

ചോ.4. CGST / SGST നിയമ പ്രകാരം സപ്ലൈ ആകുവാനുള്ള അത്യാവശ്യ ഘടകങ്ങൾ എന്തൊക്കെയാണ്?

ഉ. ഒരു സപ്ലൈ ആയി കരുതുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ ആവശ്യമാണ്. അതായത്

i). ചരക്ക് / അല്ലെങ്കിൽ സേവനങ്ങളുടെ 'സപ്ലൈ' ആയിരിക്കണം.

ii). സപ്ലൈ പ്രതിഫലത്തിന് ആകണം.

iii). ബിസിനസ്സ് അഭിവൃദ്ധിക്കുള്ള പ്രയത്നത്തിനിടയിൽ നൽകുന്ന സപ്ലൈ ആയിരിക്കണം.

iv). നികുതി ചുമത്താവുന്ന പ്രദേശത്ത് നൽകുന്ന സപ്ലൈ ആയിരിക്കകണം.

v). സപ്ലൈ, നികുതി വിധേയ സപ്ലൈ ആയിരിക്കണം.

vi). നികുതി വിധേയ വ്യക്തി നൽകുന്ന സപ്ലൈ ആയിരിക്കണം.

ചോ.5. മുകളിൽ പ്രസ്താവിച്ച ഏതെങ്കിലും ഒന്നോ അതിലധികമോ മാനദണ്ഡങ്ങൾ പാലിക്കാത്ത ഒരു ഇടപാട് ഉണ്ടെങ്കിൽ അത് ചരക്കു സേവന നിയമത്തിന്റെ കീഴിൽ സപ്ലൈ ആയി കണക്കാക്കുമോ?

ഉ. ചില സാഹചര്യങ്ങളിൽ കണക്കാക്കാം. അതായത് സേവനങ്ങളുടെ ഇറക്കുമതി (വകുപ്പ് 3 (1)(b)) അല്ലെങ്കിൽ പ്രതിഫലേച്ഛ കൂടാതെയുള്ള സപ്ലൈ (CGST / SGST നിയമം ഷെഡ്യൂൾ 1 ൽ വിവരിച്ചിട്ടുള്ളവ) എന്നീ ചില സാഹചര്യങ്ങളിൽ.

ചോദ്യം 4 ൽ വിവരിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകങ്ങൾ തൃപ്തിയായി പാലിച്ചിട്ടില്ലെങ്കിൽ കൂടി അവയെ ചരക്കു സേവന നികുതി നിയമത്തിന്റെ കീഴിൽ സപ്ലൈ ആയ കണക്കാക്കാവുന്നതാണ്.

ചോ.6. ചരക്കിന്റെ ഇറക്കുമതി സെക്ഷൻ 3 ൽ സ്പഷ്ടമായി ഒഴിവാക്കിയിരിക്കുകയാണ്. എന്തുകൊണ്ട്?

ഉ. എന്തുകൊണ്ടെന്നാൽ ചരക്കുകളുടെ ഇറക്കുമതി കസ്റ്റംസ് നിയമം 1962 പ്രകാരം പ്രത്യേകം കൈകാര്യം ചെയ്യുന്നുണ്ട്. 1975 ലെ കസ്റ്റംസ് തിരിഫ് നിയമപ്രകാരം അടിസ്ഥാന കസ്റ്റംസ് നികുതി പുറമേ IGST അഡീഷണൽ കസ്റ്റംസ്

ഡ്യൂട്ടിയായി ചുമത്തപ്പെടും.

ചോ.7. സെൽഫ് സപ്ലൈ (Self supply) ചരക്കു സേവന നിയമത്തിന്റെ കീഴിൽ നികുതി വിധേയമാണോ?

ഉ. സ്റ്റോക്ക് കൈമാറ്റങ്ങൾ, ബ്രാഞ്ച് കൈമാറ്റങ്ങൾ, കൺസൈൻമെന്റ്, സെയിൽസ് തുടങ്ങിയ അന്തർസംസ്ഥാന സെൽഫ് സപ്ലൈസ് പ്രതിഫലം നൽകാതെയുള്ള ഇടപാടുകളാണെങ്കിൽ പോലും അവ IGST- ൻ കീഴിൽ നികുതി വിധേയമായിരിക്കും. ഓരോ സപ്ലൈയറും GST നിയമ പ്രകാരം നികുതി വിധേയ സാധന സേവനങ്ങളുടെ സപ്ലൈ നടത്തുന്ന സംസ്ഥാനത്ത് അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്ത് രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥനാണ്. (മോഡൽ GST നിയമം വകുപ്പ് 22പ്രകാരം) എന്നാലും സംസ്ഥാനത്തിനകത്തുള്ള സെൽഫ് സപ്ലൈ ബിസിനസ്സ് വെർട്ടിക്കലായി രജിസ്ട്രേഷൻ നടത്താത്തതുകൊണ്ട്, നികുതി പരിധിയിൽ വരുന്നതല്ല.

ചോ.8. ഒരു ഇടപാട് ചരക്കുകളുടെ സപ്ലൈ ആയി കണക്കാക്കപ്പെടുവാൻ അതിന്റെ ടൈറ്റിലോ (Title) കൈവശാവകാശമോ (Possession) അല്ലെങ്കിൽ ഇവ രണ്ടുമോ കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ടോ?

ഉ. ഒരു ഇടപാട് സപ്ലൈ ആയി കണക്കാക്കുവാൻ അതിന്റെ ടൈറ്റിലും കൈവശാവകാശവും കൈമാറ്റം ചെയ്യേണ്ടതാണ്. ടൈറ്റിൽ കൈമാറ്റം ചെയ്യപ്പെടാത്ത ഇടപാടുകൾ ഷെഡ്യൂൾ 11 (1) (b) പ്രകാരം ഒരു സേവന സപ്ലൈയായി കണക്കാക്കുന്നതാണ്. ചില സന്ദർഭങ്ങളിൽ കൈവശാവകാശം ഉടനെ കൈമാറ്റം ചെയ്യുന്നതായിരിക്കും. എന്നാൽ ടൈറ്റിൽ ഭാവിയിൽ മാത്രമായിരിക്കും കൈമാറ്റം ചെയ്യുന്നത്. ഉദാഹരണത്തിന് കരാറിന്റെ അടിസ്ഥാനത്തിൽ ഉള്ള വില്പന അല്ലെങ്കിൽ ഹയർപർച്ചേസ് ക്രമീകരണം. ഇത്തരം ഇടപാടുകളും ചരക്കു സപ്ലൈ ആയി കണക്കാക്കപ്പെടും.

ചോ.9. ബിസിനസ്സ് ചെയ്യുമ്പോൾ അല്ലെങ്കിൽ ബിസിനസ്സിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ഉള്ള 'സപ്ലൈ' എന്നതു വഴി നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്.?

ഉ. സാമ്പത്തിക ലാഭത്തിനുവേണ്ടിയോ അല്ലാതെയോ നടത്തുന്ന വ്യാപാരം, വാണിജ്യം, നിർമ്മാണം, ഉദ്യോഗം, തൊഴിൽ തുടങ്ങിയവയാണ് 'ബിസിനസ്സ്' എന്ന വകുപ്പ് 2

(17) പ്രകാരം പ്രവർത്തനങ്ങൾക്ക് അനുബന്ധമായോ യാദൃശ്ചികമായോ ഉണ്ടാകുന്ന മറ്റു പ്രവർത്തനങ്ങളും ബിസിനസ്സിൽ ഉൾപ്പെടുന്നു. കേന്ദ്ര ഗവൺമെന്റോ, സംസ്ഥാന ഗവൺമെന്റോ തദ്ദേശഭരണ സ്ഥാപനങ്ങളോ പൊതുജനങ്ങളുടെ അധികാരത്തിൽ നിന്നു കൊണ്ട് ചെയ്യുന്ന ഏതൊരു പ്രവർത്തനവും ബിസിനസ്സിൽ ഉൾപ്പെടുത്താം. മുകളിൽ പറയുന്നതുപോലെ ഏതൊരു പ്രവർത്തനവും നടപ്പിലാക്കുന്നത് ബിസിനസ്സിന്റെ അഭിവൃദ്ധിക്കും ഉന്നമനത്തിനു വേണ്ടി നിർവ്വചിക്കപ്പെടുകയാണെങ്കിൽ അത് GST നിയമ പ്രകാരം സപ്ലൈ ആയി കണക്കാക്കാം.

ചോ.10. ഒരു വ്യക്തി സ്വകാര്യ ഉപയോഗത്തിനായി ഒരു കാർ വാങ്ങിയിട്ട് ഒരു വർഷത്തിനു ശേഷം ആ കാർ ഒരു കാർ വ്യാപാരിക്കു വിൽക്കുന്നു. ഈ ഇടപാട് CGST / SGST നിയമ നിബന്ധനകൾ പ്രകാരം സപ്ലൈ ആയിരിക്കുമോ? കാരണങ്ങൾ വ്യക്തമാക്കുക?

ഉ. അല്ല. എന്തെന്നാൽ ഈ സപ്ലൈ നടത്തിയത് ആ വ്യക്തി ബിസിനസ്സ് ചെയ്യുമ്പോഴോ അല്ലെങ്കിൽ ബിസിനസ്സ് അഭിവൃദ്ധിക്ക് ശ്രമിക്കുമ്പോഴോ അല്ല. കൂടാതെ ആ കാർ വാങ്ങിയത് ബിസിനസ്സ് ഇതര ഉപയോഗത്തിനായിരുന്നതിനാൽ ആ സമയത്ത് അതിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല.

ചോ.11. ഒരു എയർ - കണ്ടീഷണർ ഡീലർ തന്റെ കൈയ്യിലുള്ള വ്യാപാരത്തിനുള്ള സ്റ്റോക്കിൽ നിന്ന് ഒരു എയർ കണ്ടീഷണർ വ്യക്തിഗത ഉപയോഗത്തിനായി തന്റെ വസതിയിലേയ്ക്ക് സ്ഥിരമായി മാറ്റുന്നു. ഈ ഇടപാട് ഒരു സപ്ലൈ ആകുമോ?

ഉ. അതെ. ഷെഡ്യൂൾ 1 പ്രകാരം ITC ലഭിച്ച ബിസിനസ്സ് ആസ്തികൾ സ്ഥിരമായി കൈമാറ്റമോ വിൽപ്പനയോ നടത്തുകയാണെങ്കിൽ അവയുടെ പ്രതിഫലം കിട്ടിയില്ല എങ്കിലും GST യുടെ കീഴിൽ അതിനെ 'സപ്ലൈ' ആയി കണക്കാക്കും.

ചോ.12. ഒരു ക്ലബ്ബ് അല്ലെങ്കിൽ അസോസിയേഷൻ അതിന്റെ അംഗങ്ങൾക്ക് നൽകുന്ന സേവനം അല്ലെങ്കിൽ സാധനങ്ങൾ ഒരു സപ്ലൈ ആയി കണക്കാക്കുമോ?

ഉ. കണക്കാക്കും. ഒരു ക്ലബ്ബ്, അസോസിയേഷൻ, സൊസൈറ്റി

മുതലായവ അംഗങ്ങൾക്കു നൽകുന്ന സൗകര്യങ്ങൾ സപ്ലൈ ആയി കണക്കാക്കപ്പെടും. ഇത് CGST / SGST നിയമം 2 (17)-ാം വകുപ്പിൽ ബിസിനസ്സിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചോ.13. GST നിയമ പ്രകാരം പലതരത്തിലുള്ള സപ്ലൈകൾ ഏതൊക്കെയാണ്?

ഉ. i. നികുതി വിധേയമായതും ഒഴിവാക്കപ്പെട്ടതുമായ സപ്ലൈകൾ.

ii. സംസ്ഥാനാന്തരമായതും സംസ്ഥാനത്തിനകത്തും നടക്കുന് സപ്ലൈകൾ.

iii. കോമ്പോസിറ്റും മിക്സഡും ആയ സപ്ലൈകൾ

iv. സീറോ നിരക്കിലുള്ള സപ്ലൈകൾ

ചോ.14. സംസ്ഥാനാന്തര (Inter state) സപ്ലൈ, സംസ്ഥാനത്തിനകത്തെ (Intra state) സപ്ലൈ എന്നിവ കൊണ്ട് എന്താണർത്ഥമാക്കുന്നത്?

ഉ. IGST നിയമത്തിലെ വകുപ്പ് 7 (1), 7 (2) ലും 8 (1), 8 (2) ലും യഥാക്രമം സംസ്ഥാനാന്തര സപ്ലൈകളെയും സംസ്ഥാനത്തിനകത്തെ സപ്ലൈകളെക്കുറിച്ച് നിർവ്വചിച്ചിട്ടാണ്. ഒരു വിതരണക്കാരന്റെ സംസ്ഥാനവും സപ്ലൈ ലഭിക്കുന്ന സ്ഥലവും ഒരേ സംസ്ഥാനത്തിലായാൽ അത് സംസ്ഥാനത്തിനത്തെ സപ്ലൈയും രണ്ടും വെവ്വേറെ സംസ്ഥാനങ്ങളിലായാൽ അത് അന്തർ സംസ്ഥാന സപ്ലൈയുമാണ്.

ചോ.15. സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യുന്നത് സാധനങ്ങളുടെ സപൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

ഉ. സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യുന്നത് സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കപ്പെടും. കാരണം ഈ സപ്ലൈയിൽ അതിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നില്ല. ഇത്തരം ഇടപാടുകൾ CGST / SGST നിയമം ഷെഡ്യൂൾ 11 ൽ പ്രത്യേകമായി സേവനങ്ങളുടെ സപ്ലൈ ആണെന്ന് കാണിച്ചിട്ടുണ്ട്.

ചോ.16. വർക്സ് കോൺട്രാക്ട്, കേറ്ററിംഗ് എന്നീ സേവനങ്ങൾ സാധനങ്ങളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

ഉ. മോഡൽ GST നിയമത്തിലെ ഷെഡ്യൂൾ II ലെ സീരിയൽ

നമ്പർ 6 (a) യും (b) യും പറഞ്ഞിരിക്കുന്ന പ്രകാരം വർക്സ് കോൺട്രാക്റ്റ്, കാറ്ററിംഗ് എന്നീ സേവനങ്ങൾ സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കപ്പെടും.

ചോ.17. സോഫ്റ്റ്‌വെയറുകളുടെ സപ്ലൈ സാധനങ്ങളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ GST നിയമത്തിൽ കണക്കാക്കുക?

ഉ. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സോഫ്റ്റ്‌വെയറുകളുടെ വികസനം, രൂപകല്പന, പ്രോഗ്രാമിംഗ്, നവീകരണം, വളർച്ച, നടപ്പിലാക്കൽ തുടങ്ങിയവയെ മോഡൽ GST നിയമം ഷെഡ്യൂൾ II ലെ സീരിയൽ നമ്പർ 5 (2) (d) പ്രകാരം സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കപ്പെടും.

ചോ.18. ഹയർ പർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ, സാധനങ്ങളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

ഉ. ഹയർ പർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ സാധനങ്ങളുടെ സപ്ലൈയായാണ് കണക്കാക്കുക. എന്തെന്നാൽ ഒരു ഭാവി ദിവസത്തിലാണെങ്കിലും ഹയർപർച്ചേസിൽ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്.

ചോ.19. എന്താണ് CGST / SGST നിയമ പ്രകാരം കോമ്പോസിറ്റ് സപ്ലൈ എന്നുപറയുന്നത്?

ഉ. ഒരു ബിസിനസ്സിന്റെ സാധാരണ പ്രവർത്തനങ്ങൾക്കിടയിൽ ഒരു നികുതി വിധേയ വിതരണക്കാരൻ രണ്ടോ അതിലധികമോ സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ അവ ഒരുമിച്ചോ വാങ്ങുന്നയാൾക്ക് സപ്ലൈ ചെയ്യുകയും അവയിലൊന്ന് പ്രിൻസിപ്പൽ സപ്ലൈ ആവുകയും ചെയ്യുന്നതിനെ കോമ്പോസിറ്റ് സപ്ലൈ എന്നു പറയുന്നു.

ഉദാഹരണം: സാധനങ്ങൾ പായ്ക്ക് ചെയ്ത് ഇൻഷുറൻസ് ഉൾപ്പടെ മറ്റൊരു സ്ഥലത്ത് എത്തിക്കുന്ന ബിസിനസ്സിൽ സാധനങ്ങളുടെ സപ്ലൈ, പാക്കിംഗ് സാധനങ്ങൾ, ഗതാഗതം, ഇൻഷുറൻസ് എല്ലാം കോമ്പോസിറ്റ് സപ്ലൈയും സാധനങ്ങളുടെ സപ്ലൈ ഒരു പ്രിൻസിപ്പൽ സപ്ലൈയും ആകുന്നു.

ചോ.20. GST നിയമ പ്രകാരം കോമ്പോസിറ്റ് സപ്ലൈയ്ക്ക് എങ്ങനെയാണ് നികുതി ബാധ്യത കണക്കാക്കുന്നത്?

ഉ. കോമ്പോസിറ്റ് സപ്ലൈയിൽ രണ്ടോ അതിലധികമോ സപ്ലൈ

കൾ ഉണ്ടാവുകയും അതിലൊന്ന് പ്രിൻസിപ്പൽ സപ്ലൈയുമായതിനാൽ നിയമ പ്രകാരം ഇതിനെ പ്രിൻസിപ്പൽ സപ്ലൈയുടെ വിതരണം ആയി കണക്കാക്കപ്പെടുന്നു.

ചോ.21. എന്താണ് മിക്സഡ് സപ്ലൈ?

ഉ. കോമ്പോസിറ്റ് സപ്ലൈ അല്ലാതെ രണ്ടോ അതിലധികം സാധനങ്ങളോ/ സേവനങ്ങളോ അല്ലെങ്കിൽ അവ ഒരുമിച്ചോ (പ്രത്യേകം പ്രത്യേകം വിൽക്കാൻ സാധിക്കുന്നവ) ഒരു നികുതി വിധേയൻ ഒറ്റ വിലയ്ക്ക് സപ്ലൈ ചെയ്യുന്നെങ്കിൽ അതിനെ മിക്സഡ് സപ്ലൈ എന്നു പറയുന്നു. ഉദാ: ഏതെങ്കിലും പാക്കേജ് അനുസരിച്ച് പായ്ക്ക് ചെയ്ത ആഹാരം, സ്വീറ്റ്സ്, ചോക്ലേറ്റ്, കേക്ക്, ഡ്രൈ ഫ്രൂട്ട്സ്, ഫ്രൂട്ട്ജ്യൂസ് എന്നിവ ഒരുമിച്ച് ഒറ്റവിലയ്ക്ക് സപ്ലൈ ചെയ്താൽ അതാണ് മിക്സഡ് സപ്ലൈ. ഈ സാധനങ്ങൾ പ്രത്യേകം പ്രത്യേകം വിൽക്കാനും സാധിക്കും. അഥവാ അത് പ്രത്യേകം സപ്ലൈ ചെയ്താൽ അത് മിക്സഡ് സപ്ലൈ ആവില്ല.

ചോ.22. GST നിയമ പ്രകാരം മിക്സഡ് സപ്ലൈയ്ക്ക് എങ്ങനെയാണ് നികുതി ബാധ്യത കണക്കാക്കുന്നത്?

ഉ. രണ്ടോ അതിലധികമോ സപ്ലൈകൾ അടങ്ങുന്നതാണ് മിക്സഡ് സപ്ലൈ. അതിനെ പ്രത്യേക സപ്ലൈ ആയി കണക്കാക്കുകയും കൂടിയ നിരക്കിലുള്ള സപ്ലൈയുടെ നികുതി ഈടാക്കാനും സാധിക്കും.

ചോ.23. സാധനങ്ങളുടെ സപ്ലൈ അല്ലെങ്കിൽ സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കാത്ത പ്രവർത്തനങ്ങൾ ഉണ്ടോ?

ഉ. അതെ. മോഡൽ GST നിയമത്തിലെ ഷെഡ്യൂൾ III അത്തരം പ്രവർത്തനങ്ങളെ വിവരിക്കുന്നു. അവ

i). ഒരു തൊഴിലാളി തന്റെ തൊഴിലിന്റെ ഭാഗമായി മുതലാളിക്ക് (തൊഴിൽ ദാതാവ്) നൽകുന്ന സേവനങ്ങൾ.

ii). ഏതെങ്കിലും നിയമപ്രകാരം കോടതിയോ ട്രൈബ്യൂണലോ നൽകുന്ന സേവനങ്ങൾ.

iii). പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന നിയമസഭാ അംഗങ്ങൾ, തദ്ദേശ ഭരണ സമിതിയിലെ അംഗങ്ങൾ, ഭരണഘടനാ പ്രവർത്തകർ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ.

iv). ശവ സംസ്കാരം, ശവദാഹം, ശ്മശാനം, മോർച്ചറി തുടങ്ങിയവയുമായിയ ബന്ധപ്പെട്ട സേവനങ്ങൾ

v). ഭൂമിയുടെ വില്പ്പന

vi). ചൂതാട്ടം, ലോട്ടറി, വാതുവയ്പ്പ് എന്നിവയല്ലാത്ത വ്യവഹാരപ്പെടാവുന്ന അവകാശങ്ങൾ

തുടങ്ങിയവയെല്ലാം സാധനങ്ങളുടെ അല്ലെങ്കിൽ സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കാത്ത പ്രവർത്തനങ്ങളാണ്.

ചോ.24. എന്താണ് GST നിയമപ്രകാരം സീറോ റേറ്റഡ് സപ്ലൈ കൊണ്ട് അർത്ഥമാക്കുന്നത്?

ഉ. സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ അവ ഒരുമിച്ചോ കയറ്റുമതി ചെയ്യുക ഒരു SEZ യൂണിറ്റിനോ (Special Economic Zone) SEZ ഡെവലപ്പറിനോ സപ്ലൈ ചെയ്യുന്ന സാധന സേവനങ്ങൾ എന്നിവയെ ആണ് സീറോറേറ്റഡ് സപ്ലൈ എന്നു പറയുന്നത്.

ചോ.25. പ്രതിഫലമില്ലാതെ ഇറക്കുമതി ചെയ്യുന്ന സേവനങ്ങൾ GST നിയമ പ്രകാരം നികുതി വിധേയമാണോ?

ഉ. ഒരു പൊതു തത്വം സെക്ഷൻ 3 പ്രകാരം പ്രതിഫലമില്ലാതെ സേവനങ്ങൾ ഇറക്കുമതി ചെയ്യുന്നത് സപ്ലൈ ആയി GST നിയമപ്രകാരം കണക്കാക്കുന്നില്ല. എന്നിരുന്നാലും ഒരു നികുതി വിധേയ വ്യക്തി തന്റെ ബന്ധുവിൽ നിന്നോ ഇന്ത്യയ്ക്കു പുറത്തുള്ള തന്റെ സ്ഥാപനങ്ങളിൽ നിന്നോ ബിസിനസ്സിന്റെ പ്രവർത്തനങ്ങൾക്കോ അഭിവൃദ്ധിക്കോ വേണ്ടി സേവനങ്ങൾ പ്രതിഫലമില്ലാതെ ഇറക്കുമതി ചെയ്താൽ അതിനെ ഷെഡ്യൂൾ 1 സീരിയൽ നമ്പർ 4 പ്രകാരം സപ്ലൈ ആയി കണക്കാക്കാവുന്നതാണ്.

# സപ്ലൈ ലഭിച്ച സമയം
# (Time of supply)

# സപ്ലൈ ലഭിച്ച സമയം (Time of supply)

ചോ.1. എന്താണ് സപ്ലൈ ലഭിച്ച സമയം അഥവാ 'Time of supply'?

ഉ. എപ്പോഴാണ് ചരക്കു സേവന നികുതി ബാധ്യത ചുമത്തേണ്ടത് എന്ന് നിശ്ചയിക്കുന്ന പോയിന്റാണ് സപ്ലൈ സമയം. എപ്പോഴാണ് ഒരു സപ്ലൈ നടന്നത് എന്നും ഇതിൽ സൂചിപ്പിക്കുന്നു. CGST / SGST നിയമം സാധനങ്ങൾക്കും സേവനങ്ങൾക്കും പ്രത്യേകം പ്രത്യേകം സപ്ലൈ സമയം നിർദ്ദേശിക്കുന്നു.

ചോ.2. ചരക്കിന്റെയും സേവനത്തിന്റെയും കാര്യത്തിൽ ചരക്കു സേവന നികുതി ചുമത്താൻ ബാധ്യത ഉണ്ടാകുന്നത് എപ്പോഴാണ്?

ഉ. CGST / SGST നിയമത്തിന്റെ 12 ഉം 13 ഉം വകുപ്പിൽ ചരക്കിന്റെ സപ്ലൈ സമയം പ്രസ്താവിച്ചിട്ടുണ്ട്. ചുവടെ പറഞ്ഞിട്ടുള്ളതിൽ ആദ്യം സംഭവിക്കുന്നത്, ഏതോ അത് ആയിരിക്കും, സപ്ലൈ ഉണ്ടാകുന്ന സമയം.

i). ആ സപ്ലൈയുമായി ബന്ധപ്പെട്ട ഇൻവോയ്സ് പുറപ്പെടുവിക്കുന്ന ദിവസം അല്ലെങ്കിൽ സെക്ഷൻ 28 പ്രകാരം സപ്ലൈയുമായി ബന്ധപ്പെട്ട് ഇൻവോയ്സ് പുറപ്പെടുവിക്കേണ്ട അവസാന ദിവസം അല്ലെങ്കിൽ

ii). ഏതു ദിവസം ആണോ സപ്ലൈയർക്ക് പ്രസ്തുത സപ്ലൈയുടെ പെയ്മെന്റ് ലഭിച്ചത് ആ ദിവസം.

ചോ.3. ചരക്കിന്റെയും സേവനത്തിന്റെയും കാര്യത്തിൽ വൗച്ചർ

ആണ് സപ്ലൈ ചെയ്തതെങ്കിൽ ഏതാണ് സപ്ലൈ സമയം?

ഉ. ചരക്ക് സേവനങ്ങളുടെ കാര്യത്തിൽ വൗച്ചർ ആണ് നൽകിയതെങ്കിൽ സപ്ലൈ സമയം എന്നാൽ -

i). വൗച്ചർ പുറപ്പെടുവിച്ച തീയതി

ii). മറ്റു സന്ദർഭങ്ങളിൽ വൗച്ചറിന്റെ തിരിച്ചടവ് നടന്ന തീയതി.

ചോ.4. CGST / SGST നിയമത്തിന്റെ വകുപ്പ് 12 ന്റെ 2, 3, 4 എന്നീ ഉപവകുപ്പുകൾ അല്ലെങ്കിൽ വകുപ്പ് 13 എന്നിവ പ്രകാരം സപ്ലൈ - സമയം നിശ്ചയിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആയത് എങ്ങനെയാണ് കണക്കാക്കേണ്ടത്?

ഉ. നിയമത്തിന്റെ 12 (5) 13 (5) എന്നീ വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അവശിഷ്ട കുറിപ്പ് പ്രകാരം സമയാസമയം റിട്ടേണുകൾ സമർപ്പിക്കേണ്ട ദിവസം ആയിരിക്കും സപ്ലൈ - സമയം. മറ്റു സന്ദർഭങ്ങളിൽ ഏതു ദിവസമാണോ CGST / SGST / IGST അടച്ചത്, ആ ദിവസം ആണ് സപ്ലൈ സമയം.

ചോ.5. എന്താണ് 'പേയ്മെന്റ് ലഭിച്ച തീയതി' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്?

ഉ. സപ്ലൈയറുടെ അക്കൗണ്ട് ബുക്കുകളിൽ പേയ്മെന്റ് രേഖപ്പെടുത്തിയിരിക്കുന്ന തീയതി അല്ലെങ്കിൽ പെയ്മെന്റ് എന്നാണോ അയാളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായത്, ആ തീയതി ആണ് 'പെയ്മെന്റ്ലഭിച്ച തീയതി' എന്നർത്ഥമാക്കുന്നത്.

ചോ.6. ഭാഗികമായി മുൻകൂർ പെയ്മെന്റ് നടത്തുകയോ അല്ലെങ്കിൽ ഭാഗിക പെയ്മെന്റിന് ഇൻവോയ്സ് പുറപ്പെടുവിക്കുന്ന അവസരത്തിൽ സപ്ലൈ സമയത്തിൽ മുഴുവൻ സപ്ലൈയും അടങ്ങുമോ?

ഉ. ഇല്ല. ഇൻവോയ്സിൽ പറഞ്ഞിരിക്കുന്ന തുക അല്ലെങ്കിൽ ഭാഗികമായി നടത്തിയ പെയ്മെന്റ് എത്രയാണോ അത് വരെ മാത്രമേ സപ്ലൈ നടന്നതായി കണക്കാക്കുകയുള്ളൂ.

ചോ.7. നികുതി റിവേഴ്സ് ചാർജിൽ അടയ്ക്കേണ്ടപ്പോൾ എന്തായിരിക്കും ഒരു ചരക്കിന്റെ സപ്ലൈ സമയം?

ഉ. i). ചരക്ക് ലഭിച്ച ദിവസം

ii). എന്നാണോ പണം നൽകിയത് ആ ദിവസം

iii). സപ്ലൈയർ ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി മുതൽ 30 ദിവസം കഴിഞ്ഞു വരുന്ന തൊട്ടടുത്ത തീയതി

ഏതാണോ ആദ്യം.

ചോ.8. നികുതി റിവേഴ്സ് ചാർജിൽ അടയ്ക്കേണ്ടപ്പോൾ എന്തായിരിക്കും ഒരു സേവനത്തിന്റെ സപ്ലൈ സമയം.?

ഉ. ഇത്തരം സന്ദർഭങ്ങളിൽ താഴെപ്പറയുന്നവയിൽ ഏറ്റവും ആദ്യം വരുന്ന ദിവസം ഏതാണോ അതായിരിക്കും സപ്ലൈ സമയം

i). എന്നാണോ പണം നൽകിയത്, ആ ദിവസം

ii). സപ്ലൈയർ ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി മുതൽ 60 ദിവസം കഴിഞ്ഞു വരുന്ന തൊട്ടടുത്ത തീയതി.

ചോ.9. പലിശ, പിഴ, കാലതാമസം വരുത്തി നൽകിയ പണം തുടങ്ങിയവ കാരണം മൂല്യം വർദ്ധിച്ചാൽ ഇവിടെ പ്രയോഗിക്കാവുന്ന സപ്ലൈ സമയം എന്താണ്?

ഉ. പലിശ, പിഴ, കാലതാമസം വരുത്തി നൽകിയ പണം തുടങ്ങിയവ കാരണം മൂല്യം വർദ്ധിച്ചാൽ എന്താണോ സപ്ലൈയർക്ക് അധിക പ്രതിഫലം ലഭിക്കുന്നത് ആ തീയതി (ദിവസം) ആണ് സപ്ലൈ സമയം.

ചോ.10. നികുതി നിരക്കിൽ മാറ്റം ഉണ്ടാകുന്നതിന് മുൻപോ ശേഷമോ ആണ് സപ്ലൈ പൂർത്തിയായത് എങ്കിൽ സപ്ലൈ സമയത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാകുമോ?

ഉ. അതെ. ഇത്തരം സന്ദർഭങ്ങളിൽ നിയമത്തിന്റെ 14-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പ്രയോഗിക്കാവുന്നതാണ്.

ചോ.11. നികുതി നിരക്കിൽ മാറ്റമുണ്ടാകുന്നതിന് മുൻപായി സപ്ലൈ പൂർത്തിയായാൽ എന്താണ് സപ്ലൈ സമയം?

ഉ. ഈ സമയങ്ങളിൽ സപ്ലൈ സമയം എന്നാൽ

i). സപ്ലൈ നടന്നതിന്റെ ഇൻവോയ്സ് പുറപ്പെടുവിക്കുകയും അതിന്റെ പെയ്മെന്റ് ലഭിക്കുകയും ചെയ്യുന്നത് നികുതി നിരക്കിൽ മാറ്റം വന്നതിനു ശേഷം ആണെങ്കിൽ പണം ലഭിച്ച തീയതി അല്ലെങ്കിൽ ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതായിരിക്കും സപ്ലൈ സമയം.

ii. സപ്ലൈ നടന്നതിന്റെ ഇൻവോയ്സ് പുറപ്പെടുവിക്കുന്നത് നികുതി നിരക്കിൽ മാറ്റം വരുന്നതിനു മുൻപും എന്നാൽ പെയ്മെന്റ് ലഭിക്കുന്നത് നികുതി നിരക്കിൽ മാറ്റം വന്നതിനു ശേഷവും ആണെങ്കിൽ ഇൻവോയ്സ് പുറപ്പെടു

വിച്ച തീയതി ആണ് സപ്ലൈ സമയം

ചോ.12. നികുതി നിരക്കിൽ മാറ്റം ഉണ്ടായതിനു ശേഷം ആണ് സപ്ലൈ പൂർത്തിയാകുന്നത് എങ്കിൽ എന്താണ് സപ്ലൈ സമയം?

ഉ. ഇത്തരം സന്ദർഭങ്ങളിൽ സപ്ലൈ സമയം എന്നാൽ -

i). സപ്ലൈ നടന്നതിന്റെ പണം ലഭിച്ചത് നികുതി നിരക്കിൽ മാറ്റം ഉണ്ടായതിന് ശേഷവും എന്നാൽ ഇൻവോയ്സ് പുറപ്പെടുവിച്ചത് നികുതി നിരക്കിൽ മാറ്റം വന്നതിന് മുൻപും ആണെങ്കിൽ, പണം ലഭിച്ച തീയതി ആണ് സപ്ലൈ സമയം.

ii). ഇൻവോയ്സ് പുറപ്പെടുവിച്ചതും പണം ലഭിച്ചതും നികുതി നിരക്ക് മാറുന്നതിന് മുൻപാണ് എങ്കിൽ പണം ലഭിച്ച തീയതി അല്ലെങ്കിൽ ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി ഇവയിൽ ആദ്യം വരുന്ന ദിവസം ഏതാണോ അതായിരിക്കും സപ്ലൈ സമയം.

iii). ഇൻവോയ്സ് ഇഷ്യൂ ചെയ്തത് നികുതി നിരക്ക് മാറിയതിന് ശേഷവും എന്നാൽ പണം ലഭിച്ചത് നികുതി നിരക്ക് മാറുന്നതിന് മുൻപും ആണെങ്കിൽ, ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി ആണ് സപ്ലൈ സമയം.

ചോ.13. 01/06/2017 മുതൽ നികുതി നിരക്ക് 18% ത്തിൽ നിന്ന് 20% ആക്കി ഉയർത്തി എന്ന് വിചാരിക്കുക. നിരക്ക് മാറ്റത്തിന് മുൻപ് അതായത് ഏപ്രിൽ 2017 ൽ സേവനം നൽകുകയും ഇൻവോയ്സ് പുറപ്പെടുവിക്കുകയും നിരക്കു മാറ്റത്തിനു ശേഷം അതായത് ജൂൺ 2017 ൽ പെയ്മെന്റ് ലഭിക്കുകയും ചെയ്തെങ്കിൽ ഏത് നിരക്കായിരിക്കും ബാധകമാവുക?

ഉ. ഇവിടെ സേവനം 01/06/2017 ന് മുൻപ് നൽകിയിരിക്കുന്നതിനാൽ പഴയ നിരക്ക് ആയ 18% ആയിരിക്കും ബാധകം.

ചോ.14. 01/06/2017 മുതൽ നികുതി നിരക്ക് 18% ത്തിൽ നിന്ന് 20% ആക്കി ഉയർത്തി എന്ന് വിചാരിക്കുക. നിരക്ക് മാറ്റത്തിന് ശേഷം അതായത് ജൂൺ 2017 ൽ സാധനം നൽകുകയും ഇൻവോയ്സ് പുറപ്പെടുവിക്കുകയും എന്നാൽ മുഴുവൻ പെയ്മെന്റും മുൻകൂറായി അതായത് ഏപ്രിൽ 2017 ൽ ലഭിക്കുകയും ചെയതെങ്കിൽ ഏതു നിരക്കായിരിക്കും ബാധകമാവുക?

ഉ. ഇവിടെ ചരക്ക് സപ്ലൈ ചെയ്തതും ഇൻവോയ്സ് പുറപ്പെ

ടുവിച്ചതും 01/06/2017 ന് ശേഷം ആകയാൽ പുതിയ നിരക്കായ 20% ആണ് ബാധകം.

ചോ.15. ചരക്കുകളുടെ വിതരണത്തിൽ ഏത് കാലയളവിനകത്താണ് ഇൻവോയ്സ് പുറപ്പെടുവിക്കേണ്ടത്?

ഉ. CGST / SGST നിയമം 28 ാം വകുപ്പ് പ്രകാരം ചരക്കുകളുടെ വിശദാംശം, അളവ്, തൂക്കം, വില, നികുതി തുക മറ്റു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ നികുതി ഇൻവോയ്സ് താഴെപ്പറയുന്നവയുടെ സമയത്തോ അല്ലെങ്കിൽ അതിനു മുൻപോ പുറപ്പെടുവിക്കണം.

i). വാങ്ങിയ വ്യക്തിക്ക് എത്തിക്കാനായി ചരക്കുകൾ നീക്കം ചെയ്യുക, അല്ലെങ്കിൽ

ii). വാങ്ങിയ വ്യക്തിക്ക് ലഭിക്കാനായി ചരക്കുകൾ ഏൽപ്പിച്ചു കൊടുക്കുക.

ചോ.16. സേവനങ്ങളുടെ സപ്ലൈയ്ക്ക് ഇൻവോയ്സ് പുറപ്പെടുവിക്കേണ്ട കാലാവധി എന്താണ്?

ഉ. CGST / SGST നിയമത്തിന്റെ 28 ാം വകുപ്പ് പ്രകാരം സപ്ലൈയുടെ വിശദാംശം, ചരക്കിന്റെ വില, അടയ്ക്കേണ്ട നികുതി, മറ്റു വിവരങ്ങൾ അടങ്ങിയ ടാക്സ് ഇൻവോയ്സ് ഒരു രജിസ്ട്രേർഡ് നികുതി വിധേയ വ്യക്തി സേവനം നൽകുന്നതിന് മുൻപോ ശേഷമോ പറഞ്ഞിരിക്കുന്ന കാലാവധിക്കകം പുറപ്പെടുവിക്കണം.

ചോ.17. സാധനങ്ങളുടെ തുടർച്ചയായിട്ടുള്ള സപ്ലൈ അവസരങ്ങളിൽ ഏതു കാലാവധിക്കകത്താണ് ഇൻവോയ്സ് പുറപ്പെടുവിക്കേണ്ടത്?

ഉ. ചരക്കിന്റെ തുടർച്ചയായ വിതരണം ഉൾപ്പെടുമ്പോൾ സപ്ലൈ സംബന്ധിച്ച ഘട്ടംഘട്ടമായി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കുന്ന സമയത്തോ അതിനു മുൻപോ അല്ലെങ്കിൽ ഓരോ ഘട്ടവും നടത്തുന്ന പെയ്മെന്റിന്റെ സമയത്തോ അതിനു മുൻപോ ടാക്സ് ഇൻവോയ്സ് നൽകാവുന്നതാണ്.

ചോ.18. സേവനങ്ങളുടെ തുടർച്ചയായിട്ടുള്ള സപ്ലൈ ഉൾപ്പെടുന്ന സന്ദർഭങ്ങളിൽ ഏതു കാലാവധിക്കകത്താണ് ഇൻവോയ്സ് പുറപ്പെടുവിക്കേണ്ടത്?

ഉ. സേവനങ്ങളുടെ തുടർച്ചയായിട്ടുള്ള സപ്ലൈ ഉൾപ്പെടുന്ന സന്ദർഭങ്ങളിൽ :

i). സേവനം ലഭ്യമാക്കുന്നതിനുള്ള കരാറിൽ ഒരു നിശ്ചിത ദിവസം പ്രസ്താവിച്ചിട്ടുള്ള പക്ഷം ആ ദിവസത്തിന് മുമ്പോ അതിനു ശേഷമോ ചട്ടങ്ങളിൽ പറയുന്ന സമയ പരിധിക്ക് വിധേയമായി പെയ്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഇൻവോയ്സ് നൽകാവുന്നതാണ്.

ii). നിശ്ചിത ദിവസം പ്രസ്താവിച്ചിട്ടില്ലാത്ത പക്ഷം ചട്ടങ്ങളിൽ പറയുന്ന സമയ പരിധിക്ക് വിധേയമായി പെയ്മെന്റ് ലഭിക്കുന്നതിന് മുമ്പോ ലഭിച്ചതിനു ശേഷമോ ഇൻവോയ്സ് നൽകാവുന്നതാണ്.

iii. പെയ്മെന്റ് നൽകുന്നത് സേവനം പൂർണ്ണമായി ലഭ്യമാക്കി കഴിയുമ്പോൾ മാത്രമാണെങ്കിൽ ചട്ടങ്ങളിൽ പറയുന്ന സമയ പരിധിക്ക് വിധേയമായി സേവനം പൂർണ്ണമായി ലഭ്യമാക്കുന്നതിന് മുമ്പോ അതിനു ശേഷമോ ഇൻവോയ്സ് പുറപ്പെടുവിക്കാവുന്നതാണ്.

ചോ.19. വിൽപ്പനാംഗീകാരത്തിനായി സാധനങ്ങൾ അയയ്ക്കുകയോ എടുക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ ഇൻവോയ്സ് പുറപ്പെടുവിക്കേണ്ട സമയപരിധി എന്താണ്.?

ഉ. വിൽപ്പന അംഗീകാരത്തിനായി ചരക്ക് എടുക്കുകയോ അയയ്ക്കുകയോ ചെയ്യുന്ന അവസരത്തിൽ സപ്ലൈ ചെയ്യുന്ന സമയം അല്ലെങ്കിൽ അംഗീകാര തീയതി മുതലുള്ള 6 മാസം ഇവയിൽ ഏതാണോ ആദ്യം വരുന്ന ദിവസം അതായിരിക്കും ഇൻവോയ്സ് പുറപ്പെടുവിക്കേണ്ടത്.

# ചരക്കുസേവന നികുതിയിൽ മൂല്യ നിർണ്ണയം

# ചരക്കുസേവന നികുതിയിൽ മൂല്യനിർണ്ണയം

ചോ.1. നികുതി ബാധക സപ്ലൈയുടെ എന്ത് മൂല്യം ആണ് ചരക്കുസേവന നികതി ചുമത്തപ്പെടുവാൻ എടുക്കേണ്ടത്?

ഉ. നികുതി ബാധക ചരക്കുകളുടെയും സേവനത്തിന്റെയും സപ്ലൈയുടെ മൂല്യം എന്നാൽ സാധാരണയായി ഇടപാടുകൾ തമ്മിൽ ബന്ധം ഇല്ലാതിരിക്കുകയും വില മാത്രം ആധാരമാകുകയും ചെയ്യുന്ന ഇടപാടിൽ യഥാർത്ഥത്തിൽ നൽകിയ അഥവാ നൽകാനുള്ള 'ഇടപാട് മൂല്യം' (Transaction value)ആണ് CGST/ SGST നിയമം 15 ാം വകുപ്പ് പ്രകാരം ഇടപാട് മൂല്യത്തിന്റെ പരിധിയിൽ വിവിധ ഉൾക്കൊള്ളലുകളും ഒഴിവാക്കലും പ്രതിപാദിച്ചിരിക്കുന്നു.

ഉദാ: തിരിച്ചു നൽകേണ്ട നിക്ഷേപം, സപ്ലൈയുടെ സമയത്തോ മുൻപോ നൽകുന്ന കിഴിവുകൾ എന്നിവ ഇടപാട് മൂല്യത്തിൽ ഉൾപ്പെടുന്നില്ല.

ചോ.2. എന്താണ് ഇടപാട് മൂല്യം (Transaction value)?

ഉ. സപ്ലൈയറും സ്വീകർത്താവും തമ്മിൽ ബന്ധം ഇല്ലാതിരിക്കുകയും വില മാത്രം ഏകമാനദണ്ഡം ആകുകയും ചെയ്യുമ്പോൾ ചരക്കുകളുടെയും സേവനത്തിന്റെയും സപ്ലൈയിൽ യഥാർത്ഥത്തിൽ നൽകിയ അഥവാ നൽകേണ്ട പണമാണ് ഇടപാട് മൂല്യം(Transaction value). ഇതിൽ സപ്ലൈയർ വഹിക്കേണ്ട ഏതെങ്കിലും തുക സ്വീകർത്താവ് വഹിക്കുകയാണെങ്കിൽ അതും ഉൾപ്പെടും.

ചോ.3. ചരക്ക് സേവനങ്ങൾക്കും CGST, SGST,IGST എന്നിവയ്ക്കും

പ്രത്യേകം പ്രത്യേകം മൂല്യനിർണ്ണയ നിയമങ്ങൾ ഉണ്ടോ?

ഉ. ഇല്ല. വകുപ്പ് 15 എല്ലാ നികുതികൾക്കും പൊതുവായതാണ്. കൂടാതെ ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യനിർണ്ണയത്തിനും പൊതുവായതാണ്.

ചോ.4. സപ്ലൈയുടെ മൂല്യം നിർണ്ണയിക്കുവാൻ ഉടമ്പടി വില മതിയായതല്ലേ?

ഉ. ഉടമ്പടി വില കൂടുതൽ കൃത്യമായി ഇടപാട് വിലയിൽ പരാമർശിച്ചിരിക്കുന്നു. ഈ വിലയാണ് നികുതി കണക്കാക്കുന്നതിന്റെ അടിസ്ഥാനം. പക്ഷെ ചിലപ്പോൾ ഇടപാടുകാർ തമ്മിലുള്ള ബന്ധം പോലെയുള്ള ചില കാര്യങ്ങൾ കൊണ്ടോ ചില ഇടപാടുകൾ മൂലം സപ്ലൈയായി കണക്കാക്കപ്പെടേണ്ടതാണെങ്കിലോ ഇവയ്ക്ക് വില നൽകേണ്ടതില്ലെങ്കിലോ, GST മൂല്യനിർണ്ണയ നിയമം വിലയിടൽ ചട്ടപ്രകാരം വില കണക്കാക്കാവുന്നതാണ്.

5. എല്ലാ കേസുകളിലും GST മൂല്യനിർണ്ണയ നിയമം പരിഗണിക്കേണ്ടതുണ്ടോ?

ഉ. ഇല്ല. വകുപ്പ 15 ഉപവകുപ്പ് (1) പ്രകാരം മൂല്യനിർണ്ണയം നടത്താൻ സാധിക്കാത്ത കേസുകളിൽ മാത്രമാണ് GST മൂല്യനിർണ്ണയ നിയമം പരിഗണിക്കേണ്ടത്.

6. വകുപ്പ് 15 (1) പ്രകാരം പ്രഖ്യാപിക്കുന്ന ഇടപാടു മൂല്യത്തെ അംഗീകരിക്കാമോ?

ഉ. അംഗീകരിക്കാം. വകുപ്പ് 15 (2) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷം അത് അംഗീകരിക്കാം. കൂടാതെ, സപ്ലൈയറും സ്വീകർത്താവും ബന്ധുക്കളാണെങ്കിലും ആ ബന്ധം വിതരണത്തിന്റെ വിലയെ ബാധിച്ചിട്ടില്ലെങ്കിൽ ഇടപാടു മൂല്യത്തെ അംഗീകരിക്കാവുന്നതാണ്.

ചോ.7. സപ്ലൈയ്ക്ക് ശേഷം നൽകുന്ന കിഴിവുകളോ പ്രചോദനങ്ങളോ (Incentives) ഇടപാടു മൂല്യത്തിൽ ചേർക്കേണ്ടതുണ്ടോ?

ഉ. ഉണ്ട്. സപ്ലൈയ്ക്കു ശേഷം നൽകുന്ന കിഴിവുകൾ കരാർ പ്രകാരം സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് സപ്ലൈയുടെ സമയത്തോ സപ്ലൈയുടെ മുൻപോ അറിയിക്കുകയും അത് കൃത്യമായി പ്രസക്തമായ ഇൻവോയ്സുമായി ബന്ധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സ്വീകർത്താവിന് ലഭിച്ച കിഴിവ്

ഇൻപുട്ട് ടാക്സ് ക്രെഡിറ്റായും ആ കിഴിവ് മോഡൽ GST നിയമം വകുപ്പ് 15 പ്രകാരം അനുവദനീയ ഇളവായി ലഭിക്കും.

ചോ.8. സപ്ലൈയറുടെ മുമ്പോ സപ്ലൈയറുടെ സമയത്തോ നൽകുന്ന കിഴിവുകൾ ഇടപാട് ചേർക്കേണ്ടതുണ്ടോ?

ഉ. ഇല്ല. അത് അനുവദിച്ചിരിക്കുന്ന സ്വാഭാവികമായ വില്പന രീതി പ്രകാരം ആകുകയും അത് ഇൻവോയ്സിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടും ഉണ്ടെങ്കിൽ ആവശ്യമില്ല.

ചോ.9. എപ്പോഴാണ് മൂല്യനിർണ്ണയ ചട്ടം ബാധകമാകുന്നത്?

ഉ. മൂല്യനിർണ്ണയചട്ടം ബാധകമാകുന്നത്.

i). പ്രതിഫലം പൂർണ്ണമായോ ഭാഗീകമായോ പണമായി മാത്രമല്ലെങ്കിൽ.

ii). ഇടപാടുകാർ ബന്ധുക്കൾ ആകുമ്പോൾ, അല്ലെങ്കിൽ സപ്ലൈ നടത്തുന്നത് ഒരു നിർദ്ദിഷ്ട വിഭാഗം വിതരണക്കാർ ആകുമ്പോൾ.

iii). പ്രഖ്യാപിച്ച ഇടപാട് മൂല്യം വിശ്വസനീയമല്ല എന്ന് ബോധ്യപ്പെടുമ്പോൾ.

ചോ.10. ഏതൊക്കെയാണ് ഇടപാട് വിലയിൽ കൂട്ടേണ്ടതായി വകുപ്പ് 15 (2) പ്രകാരം പ്രതിപാദിച്ചിരിക്കുന്ന തുകകൾ?

ഉ. വകുപ്പ് 15 (2) പ്രകാരം ഇടപാട് വിലയിൽ കൂട്ടേണ്ടതായി പ്രതിപാദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നവ ആണ്.

a. CGST, SGST,IGST അല്ലാതെ മറ്റേതെങ്കിലും നിയമ പ്രകാരം ചുമത്തുന്ന നികുതികളും സ്വീകർത്താവിന്റെ മേൽ സപ്ലൈയർ പ്രത്യേകമായി ചുമത്തുന്ന ചരക്കുസേവന നികുതിയും (ആദായ നഷ്ടത്തിന് പരിഹാരമായി സംസ്ഥാനങ്ങൾക്കു നൽകുന്ന പ്രതിഫലം.)

b. സപ്ലൈയർ നൽകുവാൻ ബാധ്യസ്ഥനായിട്ടുള്ളതും പക്ഷേ സ്വീകർത്താവ് നൽകിയതുമായ തുക എന്നാൽ അത് സാധന സേവനങ്ങൾക്കുവേണ്ടി യഥാർത്ഥത്തിൽ അടച്ചതോ അല്ലെങ്കിൽ അടയ്ക്കേണ്ടതായിട്ടുള്ളതായ തുകയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും.

c. സാധന സേവനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് സാധന സേവനങ്ങൾ ഡെലിവറി നടത്തുമ്പോൾ ഉണ്ടാകുന്ന തുക ഉൾപ്പെടുന്ന ഇൻഡന്റൽ ചിലവുകൾക്കു വേണ്ടി സപ്ലൈയർ സ്വീകർത്താവിൽ നിന്ന് ഈടാക്കു

ന്നതുമായ തുക. (കമ്മീഷൻ, പാക്കിംഗ് എന്നിവയും സന്ദർഭികമായ ചിലവിൽ ഉൾപ്പെടും.)

d. ഏതെങ്കിലും സപ്ലൈയ്ക്ക് പ്രതിഫലം താമസിച്ച് ലഭിക്കുന്നതുമായി ബന്ധപ്പെട്ട പലിശ, ലേയറ്റ് ഫീസ്, പിഴ തുടങ്ങിയവ.

e. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സീഡികൾ അല്ലാതെ വിലയുമായി നേരിട്ട് ബന്ധമുള്ള സബ്സീഡികൾ.

# നികുതിയടയ്ക്കൽ
# Payment of Tax

# നികുതിയടയ്ക്കൽ
# Payment of Tax

ചോ. 1 – ജി.എസ്.ടി.യിൽ എന്തൊക്കെ പണമൊടുക്കലുകളാണ് ചെയ്യേണ്ടത്?

ഉ. സംസ്ഥാനത്തിനുള്ളിലെ ഇടപാടുകളായ ഓരോ ചരക്ക്-സേവന സപ്ലൈക്കും സെൻട്രൽ ജി.എസ്.ടി. (കേന്ദ്രഗവണ്മെന്റ് അക്കൗണ്ടിൽ പോകുന്ന സി.ജി. എസ്.ടി.) യും സ്റ്റേറ്റ് ജി.എസ്.ടി. (ബന്ധപ്പെട്ട സംസ്ഥാന ഗവണ്മെന്റിന്റെ അക്കൗണ്ടിൽ പോകുന്ന എസ്.ജി.എസ്.ടി.) യും അടയ്ക്കണം. സംസ്ഥാനാന്തര ചരക്കുസേവന സപ്ലൈകൾക്ക് ഓരോന്നിനും അടയ്ക്കേണ്ടത് ഇന്റഗ്രേറ്റഡ് ജി.എസ്.ടി. (ഐ.ജി.എസ്.ടി) ആണ്. ഐ.ജി.എസ്.ടി.-ക്ക് സി.ജി.എസ്.ടി. യുടേയും എസ്.ജി.എസ്.ടി. യുടേയും ഘടകങ്ങളുണ്ട്. ഇത് കൂടാതെ ചില വിഭാഗങ്ങളിൽപ്പെട്ട രജിസ്റ്റർ ചെയ്ത നികുതിദായകർ ഉറവിടത്തിൽ പിടിയ്ക്കുന്ന നികുതിയും (ടി.ഡി.എസ്), ഉറവിടത്തിൽ പിരിയ്ക്കുന്ന നികുതിയും (ടി.സി.എസ്) ഗവണ്മെന്റ് അക്കൗണ്ടിൽ അടയ്ക്കേണ്ടതുണ്ട്. ഇതു കൂടാതെ ബാധകമായ സന്ദർഭങ്ങളിൽ പലിശ, പിഴ, ഫീസ്, മറ്റിനങ്ങൾ എന്നിവയും അടയ്ക്കേണ്ടതാണ്.

ചോ.2. ചരക്ക് സേവനനികുതി അടയ്ക്കാൻ ആർക്കാണ് ബാദ്ധ്യതയുള്ളത്?

ഉ. പൊതുവേ ചരക്കുകളോ സേവനങ്ങളോ വിതരണം (സപ്ലൈ) ചെയ്യുന്നയാൾക്കാണ് ജി.എസ്.ടി. അടയ്ക്കാൻ ബാദ്ധ്യതയുള്ളത്. എന്നാൽ ഇറക്കുമതി, നോട്ടിഫൈ ചെയ്യപ്പെട്ടവ എന്നിങ്ങനെ ചില വിഭാഗങ്ങളിൽ റിവേഴ്സ്

ചാർജ്ജ് രീതിയിൽ ചരക്ക്-സേവന സ്വീകർത്താവാണ് നികുതി അടയ്ക്കേണ്ടത്. പക്ഷേ, ചില സന്ദർഭങ്ങളിൽ നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യത പൂർണ്ണമായി അല്ലെങ്കിൽ പോലും ഒരു മൂന്നാം കക്ഷിയിൽ നിക്ഷിപ്തമായി വരുന്ന സന്ദർഭങ്ങൾ ഉണ്ട്.

(i) സർക്കാർ വകുപ്പുകൾ തങ്ങൾക്ക് കിട്ടിയ ചരക്ക്-സേവനങ്ങൾക്കുള്ള പേയ്മെന്റിൽ നിന്ന്, അത് 2.5 ലക്ഷത്തിന് മുകളിലുള്ള കരാർ ആണെങ്കിൽ, സ്രോതസ്സിൽ ഒരു ശതമാനം നികുതി പിടിച്ച് ഒടുക്കേണ്ടതാണ്. (Tax deducted at source-TDS) Sec.51(1).

(ii) വകുപ്പ് 9(5) ൽ പെടാത്ത സേവനങ്ങൾക്ക് ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ അവരിലൂടെ ചെയ്യുന്ന വിതരണങ്ങൾക്ക് ചരക്ക്-സേവനങ്ങളുടെ റിട്ടേൺസ് കഴിച്ചുള്ള രൊക്കത്തുകയുടെ ഒരു ശതമാനം (Tax collected at source-TCS)ആയി ഓപ്പറേറ്റർ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

ചോ.3. നികുതിബാദ്ധ്യതയുള്ളയാൾ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത്?

ഉ. വകുപ്പ് 12 ൽ പറയുന്നപ്രകാരം ചരക്ക് സപ്ലൈ ചെയ്യുന്ന സമയത്തും, വകുപ്പ് 13 പ്രകാരം സേവനങ്ങൾ കൊടുക്കുന്ന സമയത്തുമാണ് നികുതിബാദ്ധ്യത വരിക. പൊതുവേ പറഞ്ഞാൽ പണം ലഭിക്കുക, ഇൻവോയ്സ് നൽകുക, സപ്ലൈ പൂർത്തിയാവുക ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അപ്പോഴാണ് നികുതി അടയ്ക്കേണ്ടത്.വിവിധ സന്ദർഭങ്ങളും നികുതി പോയിന്റുകളും മേൽപ്പറഞ്ഞ വകുപ്പുകളിൽ പ്രതിപാദിക്കുന്നു.

ചോ. ചരക്കുസേവന നികുതി അടയ്ക്കുന്ന പ്രക്രിയയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?

ഉ. ജി.എസ്.ടി. യുടെ കാലത്ത് വിഭാവനം ചെയ്തിരിക്കുന്ന നികുതി അടയ്ക്കൽ പ്രക്രിയയുടെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

ജി.എസ്.ടി.എൻ. കോമൺ പോർട്ടലിൽ നിന്നും പുറപ്പെടുവിക്കുന്ന ഇലക്ട്രോണിക് ചെല്ലാൻ എല്ലാത്തരം പണമടയ്ക്കലിനും ഉപയോഗിക്കുന്നു. Manual ചെല്ലാൻ ഉപയോഗിക്കുന്നില്ല.

(i) നികുതിദായകനെ സഹായിക്കാനായി, പ്രശ്നങ്ങളില്ലാത്ത, ഏതു സമയത്തും എവിടെയും എല്ലാത്തരം പണമടയ്ക്കലിനും സൗകര്യം.

(ii) ഓൺലൈൻ ആയി പണമടക്കാനുള്ള സൗകര്യം.

(iii) ഇലക്ട്രോണിക് ഫോർമാറ്റിലേക്കുള്ള യുക്തിസഹമായ നികുതിടയ്ക്കൽ വിവരങ്ങൾ.

(iv) ഗവണ്മെന്റ് അക്കൗണ്ടിലേക്ക് പെട്ടെന്നുള്ള പണമടയ്ക്കൽ.

(v) പേപ്പർരഹിത ഇടപാടുകൾ.

(vi) വേഗത്തിലുള്ള അക്കൗണ്ടിംഗും റിപ്പോർട്ടിംഗും.

(vii) എല്ലാ പണം സ്വീകരിക്കലിനും ഇലക്ട്രോണിക് ആയ പൊരുത്തപ്പെടുത്തൽ.

(viii) ബാങ്കുകൾക്ക് ലളിതമായ നടപടിക്രമങ്ങൾ.

(ix) ഡിജിറ്റൽ ചെല്ലാനുകളുടെ സംരക്ഷിക്കലും സൂക്ഷിക്കലും.

ചോ 5. എങ്ങനെയാണ് പണം അടയ്ക്കുന്നത്?

ഉ. താഴെപ്പറയുന്ന രീതികളിൽ പണം അടയ്ക്കാം.

1) ഇലക്ട്രോണിക് ആയി കോമൺ പോർട്ടലിലുള്ള ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് നികുതി അടയ്ക്കാം. പലിശ, പിഴ, ഫീസ് എന്നിവ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് അടയ്ക്കാനാവില്ല. ഇൻപുട്ടിന്മേൽ അടയ്ക്കുന്ന നികുതികൾക്ക് ക്രെഡിറ്റ് എടുക്കാനും (ഇൻപുട്ട് ടാക്സ് ക്രഡിറ്റ്) അത് ഔട്ട്പുട്ട് ടാക്സ് അടയ്ക്കാൻ ഉപയോഗിക്കാനും നികുതിദായകന് അവകാശമുണ്ട്. എന്നാൽ സി.ജി.എസ്.ടി. യുടെ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എസ്.ജി.എസ്.ടി. അടയ്ക്കാനോ മറിച്ചോ ഉപയോഗിക്കാൻ പാടുള്ളതല്ല. ഐ.ജി.എസ്.ടി. യുടെ ക്രഡിറ്റ് ക്രമത്തിൽ ഐ.ജി.എസ്.ടി., സി.ജി.എസ്.ടി, എസ്.ജി.എസ്.ടി. എന്നിവ അടയ്ക്കാൻ ഉപയോഗിക്കാം.

2) കോമൺപോർട്ടലിൽ സൂക്ഷിക്കുന്ന ക്യാഷ് ലെഡ്ജറിൽ കുറവുചെയ്ത് ക്യാഷിൽ നികുതി അടയ്ക്കാം. ഇ-പേയ്മെന്റ് (ഇന്റർനെറ്റ് ബാങ്കിംഗ്, ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്) ആർ.ടി.ജി.എസ്./എൻ.ഇ.എഫ്.ടി ( റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ്/ നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ, ജി.എസ്.ടി. സ്വീകരിക്കാൻ അധികാരമുള്ള ബാങ്കുകളുടെ കൗണ്ടറിൽ പണമടയ്ക്കൽ തുടങ്ങിയ രീതിയിൽ ക്യാഷ് ലെഡ്ജറിൽ പണം നിക്ഷേപിക്കാവുന്നതാണ്.

ചോ 6. സപ്ലയർ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത്?

ഉ. സാധാരണ നികുതിദായകൻ എല്ലാ മാസത്തേയും നികുതി അടുത്തമാസം ഇരുപതാം തീയതിക്കകം അടയ്ക്കേണ്ടതാണ്. പണമായി അടയ്ക്കുന്നത് ആദ്യം കാഷ് ലെഡ്ജറിൽ നിക്ഷേപിക്കേണ്ടതാണ്. മാസറിട്ടേണുകളിൽ ബന്ധപ്പെട്ട ഡെബിറ്റ് എൻട്രി കാണിച്ചു പണമടയ്ക്കേണ്ടതാണ്. മുമ്പ് പറഞ്ഞതുപോലെ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്തും നികുതി അടയ്ക്കാം. മാർച്ച് മാസത്തിനുവേണ്ടിയുള്ള നികുതി അടയ്ക്കൽ ഏപ്രിൽ 20 ന് മുമ്പായി അടയ്ക്കേണ്ടതാണ്. കോമ്പോസിഷൻ രീതിയിൽ നികുതി അടയ്ക്കുന്നവർ പാദവാർഷികമായി നികുതി അടയ്ക്കണം.

ചോ. 7. - നികുതിയടക്കാനുള്ള സമയം നീട്ടാനോ മാസതവണകൾ ആയി അടയ്ക്കാനോ സാദ്ധ്യമാണോ?

ഉ. ഇല്ല. സ്വയം നിർണ്ണയിക്കുന്ന നികുതി ബാദ്ധ്യതയെ സംബന്ധിച്ച് ഇത് സാദ്ധ്യമല്ല. മറ്റു കാര്യങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമയം നീട്ടിക്കൊടുക്കാനും തവണകൾ ആയി അടയ്ക്കാൻ അനുവദിക്കാനും കഴിയും. (വകുപ്പ് 80).

ചോ.8. നികുതിബാദ്ധ്യതയുള്ള ആൾ നികുതി അടയ്ക്കാതെ റിട്ടേൺ ഫയൽ ചെയ്താൽ എന്ത് സംഭവിക്കും?

ഉ. അങ്ങനെയുള്ള റിട്ടേൺ സാധുതയുള്ളതായി കണക്കാക്കുകയില്ല. വകുപ്പ് 39(1) പ്രകാരം സ്വയംനിർണ്ണയ റിട്ടേൺപ്രകാരം നികുതി മുഴുവനും അടച്ചിട്ടുണ്ടെങ്കിൽ അത്തരം റിട്ടേണുകൾക്കാണ് സാധുവായ റിട്ടേൺ എന്ന് വകുപ്പ് 2(117) പ്രതിപാദിച്ചിട്ടുള്ളത്. സാധുതയുള്ള റിട്ടേൺ മാത്രമേ സപ്ലൈയുടെ സ്വീകർത്താവിന് ഇൻപുട്ട് ടാക്സിന് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. മറ്റു രീതിയിൽ പറഞ്ഞാൽ സപ്ലയർ സ്വയം നിർണ്ണയിച്ച മുഴുവൻ നികുതിയും അടയ്ക്കുകയും റിട്ടേൺ ഫയൽ ചെയ്യുകയും സ്വീകർത്താവ് അയാളുടെ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്താലേ ചരക്കുസേവനങ്ങൽ സ്വീകരിക്കുന്ന ആളിന് ഇൻപുട്ട് ക്രഡിറ്റ് ഉറപ്പാവുകയുള്ളൂ. നികുതിവിധേയനായ ഒരു വ്യക്തി, സാധുതയുള്ള റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ, ക്രഡിറ്റ് ഉപയോഗിക്കാൻ അയാൾ സ്വയം

നിർണ്ണയിച്ച നികുതി അടയ്ക്കുന്നതുവരെയും അനുവദിക്കുകയില്ല.

ചോ. 9. ഏതു തീയതി ആണ് നികുതി ഡെപ്പോസിറ്റ് ചെയ്തതായി കണക്കാക്കുന്നത് ?

ചെക്ക് പ്രസന്റ് ചെയ്യുന്ന തീയതിയോ, അല്ലെങ്കിൽ പേയ്മെന്റിന്റെ തീയതിയോ അല്ലെങ്കിൽ ഗവണ്മെന്റ് അക്കൗണ്ടിൽ ക്രഡിറ്റ് വരുന്ന തീയതിയോ?

ഉ. ഗവണ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്ന തീയതി.

ചോ. 10. ഇ-ലെഡ്ജർ എന്നാൽ എന്ത്?

ഉ. രജിസ്റ്റർ ചെയ്ത ഓരോ നികുതിദായകന്റെയും നികുതി പണത്തിന്റെയും ക്രെഡിറ്റിന്റെയും സ്റ്റേറ്റ്മെന്റുകളാണ് ഇലക്ട്രോണിക് ലെഡ്ജർ അല്ലെങ്കിൽ ഇ-ലെഡ്ജർ. ഇത് കൂടാതെ ഓരോ നികുതിദായകനും ഒരു ഇലക്ട്രോണിക് നികുതി ബാദ്ധ്യത ലെഡ്ജറും ഉണ്ട്. ഒരിക്കൽ ഒരു നികുതിദായകൻ കോമൺ പോർട്ടലിൽ (ജി.എസ്.ടി.എൻ) രജിസ്റ്റർ ചെയ്താൽ രണ്ട് ഇ ലെഡ്ജറുകളും (ക്യാഷിന്റേയും ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റേയും) ഒരു ഇലക്ട്രോണിക് നികുതിബാദ്ധ്യത ലെഡ്ജറും അയാളുടെ ഡാഷ്ബോർഡിൽ സ്വയം എല്ലാ സമയവും തെളിഞ്ഞുവരും.

ചോ. 11. നികുതിബാദ്ധ്യത ലെഡ്ജർ എന്താണ്?

ഉ. ഒരു നികുതിദായകന്റെ ഓരോ മാസത്തേയും ഉള്ള മൊത്തം നികുതി ബാദ്ധ്യത പ്രതിഫലിപ്പിക്കുന്നത് നികുതി ബാദ്ധ്യത ലെഡ്ജറിലാണ്.

ചോ.12. ക്യാഷ് ലെഡ്ജർ എന്താണ്?

ഉ. നികുതിദായകന്റെ പേരിൽ നിക്ഷേപിക്കപ്പെടുന്ന എല്ലാ തുകയും സ്രോതസ്സിൽ പിടിച്ചതും പിരിച്ചതും ആയ നികുതി (ടി.ഡി.എസ്./ ടി.സി.എസ്.) പ്രതിഫലിപ്പിക്കുന്ന അക്കൗണ്ടാണ് ക്യാഷ് ലെഡ്ജർ. തത്സമയവിവരങ്ങൾ ഇതിൽ ലഭ്യമാണ്. ജി.എസ്.ടി. പ്രകാരമുള്ള ഏത് പണമടയ്ക്കലിനും ഇത് ഉപയോഗിക്കാം.

ചോ.13 ഐ.ടി.സി. ലെഡ്ജർ എന്നാൽ എന്താണ്?

ഉ. ഓരോ മാസത്തേയും റിട്ടേണിൽ സ്വയം നിർണ്ണയിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഐ.ടി.സി. ലഡ്ജറിൽ മാത്രമേ ഉപയോഗിക്കാവൂ. പലിശ, പിഴ, ഫീസ് എന്നിവ അടയ്ക്കാൻ ഉപയോഗിക്കാൻ പാടില്ല.

ചോ.14. ജി.എസ്.ടി. എൻ-ഉം അധികാരപ്പെടുത്തിയ ബാങ്കുകളും തമ്മിലുള്ള ബന്ധം എന്താണ്?

ഉ. ജി.എസ്.ടി.എൻ. നെറ്റ് വർക്കും ബാങ്കിന്റെ കോർ ബാങ്കിങ് സൊല്യൂഷനും തമ്മിൽ തത്സമയ ബന്ധപ്പെടൽ ഉണ്ട്. ഒരു ഇലക്ട്രോണിക് സ്ട്രിംഗ് വഴി സി.പി.ഐ.എൻ. സ്വയം ബാങ്കുമായി പണം സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാങ്ക് ചെല്ലാൻ തിരിച്ചറിയൽ നമ്പർ (CIN) കോമൺ പോർട്ടലിൽ സ്വയം അയച്ച് പണമടച്ച കാര്യം ഉറപ്പാക്കുന്നു. ബാങ്ക് കാഷ്യറുടേയോ ടെല്ലറുടേയോ നികുതിദായകന്റേയോ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമില്ല.

ചോ. 15. ഒരു നികുതിദായകന് പല പ്രാവശ്യമായി ചെലാൻ ജനറേറ്റ് ചെയ്യാമോ?

ഉ. ഒരു നികുതിദായകന് ഭാഗികമായി ചെലാൻ പൂരിപ്പിക്കുകയും പിന്നീട് പൂർത്തിയാക്കാനായി തൽക്കാലത്തേയ്ക്ക് സേവ് ചെയ്യുകയും ചെയ്യാം. സേവ് ചെയ്ത ചെലാൻ പൂർത്തിയാക്കുന്നതിനു മുമ്പായി എഡിറ്റ് ചെയ്യാവുന്നതാണ്. ചെലാൻ പൂർത്തിയാക്കിയ ശേഷം ജനറേറ്റ് ചെയ്ത് നികുതിടയ്ക്കാൻ ഉപയോഗിക്കാം. പണമടച്ചയാളിന് അയാളുടെ രേഖയായി ഇത് പ്രിന്റ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്.

ചോ. 16. ഓൺലൈനിൽ ജെനറേറ്റ് ചെയ്ത ചെലാൻ തിരുത്താമോ?

ഉ. പാടില്ല. ചെലാൻ ജനറേറ്റ് ചെയ്യുന്നതിനായി ജി.എസ്.ടി. എൻ. പോർട്ടലിൽ ലോഗിൻ ചെയ്തശേഷം പണമടക്കലിന്റെ വിവരങ്ങൾ നികുതിദായകനോ, അധികാരപ്പെടുത്തിയ ആളോ അതിൽ ചേർക്കണം. ഇടയ്ക്കുവച്ച് പിന്നീട് പൂർത്തീകരിക്കാനായി ചെലാൻ സേവ് ചെയ്യാം. എന്നാൽ ഒരിക്കൽ പൂർത്തിയാക്കുകയും സി.പി.ഐ.എൻ ജെനറേറ്റ് ചെയ്യുകയും ചെയ്തശേഷം നികുതിദായകന് വീണ്ടും മാറ്റങ്ങൾ വരുത്താൻ സാദ്ധ്യമല്ല.

ചോ.17. ചെലാന് എന്തെങ്കിലും സാധുതാകാലം ഉണ്ടോ?

ഉ. ഉണ്ട്. ഒരു ചെലാൻ അത് ജനറേറ്റ് ചെയ്ത് 15 ദിവസത്തേയ്ക്ക് സാധുവായിരിക്കും. അതിനുശേഷം അത് സിസ്റ്റത്തിൽ നിന്നും നീക്കം ചെയ്യും. നികുതിദായകന് വീണ്ടും അയാളുടെ സൗകര്യപ്രകാരം ചെലാൻ ജനറേറ്റ് ചെയ്യാവുന്നതാണ്.

ചോ.18. CPINഎന്നാൽ എന്താണ്?

ഉ. കോമൺ പോർട്ടൽ ഐഡന്റിഫിക്കേഷൻ നമ്പർ എന്നതാണ് CPIN. ചെലാൻ ജനറേറ്റ് ചെയ്യുന്ന സമയത്ത് നൽകുന്ന നമ്പർ ആണ് അത്. ചെലാൻ തിരിച്ചറിയാനായി കൊടുക്കുന്ന 14 അക്കമുള്ള ഒരു പ്രത്യേക നമ്പർ ആണത്. മുമ്പ് പറഞ്ഞതു പോലെ 15 ദിവസത്തേയ്ക്ക് അതിന് സാധുതയുണ്ടായിരിക്കും.

ചോ. 19 CIN എന്നാൽ എന്ത്? അതിന്റെ സാംഗത്യം എന്താണ്?

ഉ. CIN എന്നത് ചെലാൻ ഐഡന്റിഫിക്കേഷൻ നമ്പർ ആണ്. 17 അക്കമുള്ളതും 14 അക്ക CPIW നമ്പറും 3 അക്കമുള്ള ബാങ്ക് കോഡും ചേരുന്നതാണ് അത്. പണം യഥാർത്ഥത്തിൽ കിട്ടുകയും അത് ബന്ധപ്പെട്ട ഗവണ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുമ്പോൾ അധികാരപ്പെടുത്തിയ ബാങ്ക്/ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന നമ്പർ ആണ് ഇത്. പണം കിട്ടിയെന്നും അത് ബന്ധപ്പെട്ട ഗവണ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തെന്നും ഇത് സൂചിപ്പിക്കുന്നു. അധികാരപ്പെടുത്തിയ ബാങ്ക് നികുതിദായകനെയും ജി.എസ്.ടി.എൻ-നെയും CIN അറിയിക്കുന്നു.

ചോ.20 മുൻമാസങ്ങളിലും ബാദ്ധ്യതയുള്ള ഒരു നികുതിദായകൻ ഏതു ക്രമത്തിലാണ് നികുതി അടയ്ക്കേണ്ടത്?

ഉ. 49(8) വകുപ്പ് പ്രകാരം ഓരോ റിട്ടേൺ കാലയളവിന് മുമ്പുള്ള ബാദ്ധ്യത നിലനിൽക്കുന്ന നികുതിദായകന്റെ കാര്യത്തിൽ, പണം അടയ്ക്കുന്നതിന് ഒരു പ്രത്യേക ക്രമം നിഷ്കർഷിച്ചിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പണമടയ്ക്കേണ്ടതിന്റെ ക്രമം ഇപ്രകാരമാണ്. ആദ്യം മുൻകാലത്തെ സ്വയം നിർണ്ണയിച്ച നികുതിയും മറ്റു തുകകളും, അതിനുശേഷം അപ്പോഴത്തെ റിട്ടേൺ കാലയളവിലെ സ്വയം നിർണ്ണയിച്ച നികുതിയും മറ്റുതുകകളും, അതിനുശേഷം വകുപ്പ് 73, 74 പ്രകാരം ഡിമാന്റ് ചെയ്ത തുകയും. ഈ ക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്.

ചോ.21 മുൻചോദ്യത്തിൽ പ്രതിപാദിച്ച 'മറ്റു തുകകൾ' എന്തെല്ലാമായിരിക്കും?

ഉ. നിയമപ്രകാരമോ, ചട്ടപ്രകാരമോ അടയ്ക്കേണ്ട പലിശ, പിഴ, ഫീസ്, അല്ലെങ്കിൽ മറ്റെന്തെങ്കിലും തുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.

ചോ. 22. E-FPB എന്നാൽ എന്താണ്?

ഉ. ഇലക്ട്രോണിക് ഫോക്കൽ പോയിന്റ് ബ്രാഞ്ച് എന്നതാണ് E-FPB. ഇവ ജി.എസ്.ടി. സ്വീകരിക്കാൻ അധികാരപ്പെടുത്തിയ ബാങ്കുകളുടെ ബ്രാഞ്ചുകളാണ്. അധികാരപ്പെടുത്തിയ ബാങ്കുകൾ അഖിലേന്ത്യാ ഇടപാടുകൾക്ക് ഒരു ബ്രാഞ്ചിനെ മാത്രമാണ് E-FPB ആയി ചുമതലപ്പെടുത്തുന്നത്. E-FPB -കൾ എല്ലാ ഗവണ്മെന്റുകളുടേയും പേരിൽ ഓരോ മേജർ ഹെഡ്ഡിലും ഓരോ അക്കൗണ്ടുകൾ തുറക്കണം. മൊത്തം 38 അക്കൗണ്ടുകൾ (ഒരെണ്ണം വീതം സി.ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവയ്ക്കും ഓരോ സ്റ്റേറ്റ്/ കേന്ദ്രഭരണ പ്രദേശ ഗവണ്മെന്റിന് ഒന്ന് വീതം എസ്.ജി.എസ്.ടി.ക്കും) തുറക്കേണ്ടതുണ്ട്. ഋജഎആക്കു ജി.എസ്.ടി. ഇനത്തിൽ കിട്ടുന്ന എല്ലാ തുകയും അവർ സൂക്ഷിക്കുന്ന ബന്ധപ്പെട്ട ഗവണ്മെന്റിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണം. NEFT/RTGS ഇടപാടുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തന്നെ E-FPB ആയി പ്രവർത്തിക്കും.

ചോ. 23 TDS എന്നാലെന്താണ്?

ഉ. സ്രോതസ്സിൽ പിടിക്കുന്ന നികുതിയാണ് ടി.ഡി.എസ്. വകുപ്പ് 51 പ്രകാരം ഗവണ്മെന്റോ, ഗവണ്മെന്റ് സ്ഥാപനങ്ങളോ വിജ്ഞാപനപ്പെടുത്തിയ മറ്റു സ്ഥാപനങ്ങളോ കരാർപ്രകാരം സപ്ലയർക്ക് 2.5 ലക്ഷം രൂപയിൽ അധികം നൽകുമ്പോഴാണ് ഇത് ബാധകമാകുന്നത്. പണം നൽകുമ്പോൾ അത്തരം ഗവണ്മെന്റും സ്ഥാപനങ്ങളും അതിൽനിന്നും ഒരു ശതമാനം പിടിച്ച് ബന്ധപ്പെട്ട ജി.എസ്.ടി. അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

ചോ.24 സപ്ലയർ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ടി.ഡി.എസ്. എങ്ങനെയാണ് കണക്കിൽപ്പെടുത്തുന്നത്?

ഉ. ബന്ധപ്പെട്ട സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ സ്രോതസ്സിൽ പിടിച്ച നികുതിയുടെ (ടി.ഡി.എസ്) വിവരം ഉണ്ടാകും. അയാൾക്ക് ഈ തുക അയാളുടെ നികുതിബാദ്ധ്യത, പലിശ, ഫീസ് തുടങ്ങിയവ അടയ്ക്കാൻ ഉപോയഗിക്കാം.

ചോ. 25. സ്രോതസ്സിൽ നികുതിപിടിച്ച ആൾ അത് എങ്ങിനെയാണ് കണക്കിൽപ്പെടുത്തുന്നത്?

ഉ. താഴെപ്പറയുന്ന രീതികളിൽ സ്രോതസ്സിൽ നികുതിപിടിച്ച ആൾക്ക് ടി.ഡി.എസ്. കണക്കിൽ എടുക്കാവുന്നതാണ്.

1. വകുപ്പ് 24 പ്രകാരം, സ്രോതസ്സിൽ നികുതി പിടിക്കുന്നയാൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. ഓരോ മാസവും സ്രോതസ്സിൽ പിടിച്ചതും ജി.എസ്.ടി.ആർ. -7 ൽ കാണിച്ചതുമായ നികുതി, തൊട്ടടുത്ത മാസം പത്താംതീയതിയോടുകൂടി അടയ്ക്കണം.

3. ടി.ഡി.എസ്. ആയി ഡെപ്പോസിറ്റ് ചെയ്ത തുക സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും.

4. ആർക്കുവേണ്ടിയാണോ സ്രോതസ്സിൽ നികുതിപിടിച്ചത് അവർക്ക് 5 ദിവസത്തിനുള്ളിൽ ടി.ഡി.എസ്. സർട്ടിഫിക്കറ്റ് കൊടുക്കണം. ഇതിനു വീഴ്ച വരുത്തിയാൽ ദിവസം 500 രൂപ വീതം പരമാവധി 5000 രൂപ നികുതി പിടിച്ചയാൾ പിഴയടയ്ക്കണം.

ചോ.26. സ്രോതസ്സിൽ നികുതി പിരിക്കുക (ടി.സി.എസ്) എന്നാലെന്താണ്?

ഉ. വകുപ്പ് 52 പ്രകാരം ടി.സി.എസ് ഇ-കൊമേഴ്സ് ഓപ്പറേറ്റർക്ക് മാത്രം ബാധകമാണ്. ഓരോ ഇ-കൊമേഴ്സ് ഓപ്പറേറ്ററും സപ്ലയർക്ക് പണം നൽകുമ്പോൾ അതിൽ നിന്നും പിടിച്ചുവയ്ക്കേണ്ട ഒരു നിശ്ചിത ശതമാനം തുകയാണത്. ഓപ്പറേറ്റർ കസ്റ്റമറിൽ നിന്ന് സപ്ലയർക്ക് വേണ്ടി തുക സ്വീകരിക്കുന്ന സാഹചര്യത്തിലാണ് ടി.സി.എസ്. ബാധകം. നികുതിവിധേയമായ സപ്ലൈയുടെ മേൽ അപ്രകാരം ലഭിക്കുന്ന മൊത്തംതുകയുടെ (NET) ഒരു ശതമാനത്തിൽ കൂടാതെയുള്ള നിരക്കായിരിക്കും ടി.സി.എസ്. അങ്ങനെ പിടിച്ചുവയ്ക്കുന്ന തുക, ഇ-കോമേഴ്സ് ഓപ്പറേറ്റർ ബന്ധപ്പെട്ട ജി.എസ്.ടി. ഓഅക്കൗണ്ടിലേക്ക് തൊട്ടടുത്ത മാസം പത്താം തീയതിയോടെ അടയ്ക്കണം. ടി.സി.എസ്. ആയി ഡെപ്പോസിറ്റ് ചെയ്യുന്ന തുക സപ്ലയറുടെ ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും. അതിന് സപ്ലയർക്ക് ക്രഡിറ്റും ലഭിക്കും.

ചോ. 27 നികുതിബാധകമായ സപ്ലൈസിന്റെ മൊത്തത്തുക (Net Taxable Supplies) എന്നാലെന്താണ്?

ഉ. വകുപ്പ് 9(5) ൽ നോട്ടിഫൈ ചെയ്ത സേവനങ്ങളൊഴികെ, ഒരു രജിസ്ട്രേഡ് വ്യാപാരി ഇ-കോമേഴ്സ് പോർട്ടൽ വഴി നടത്തുന്ന നികുതിബാധകമായ ചരക്കുസേവന സപ്ലൈയുടെ ഒരു മാസത്തെ മൊത്തം മൂല്യത്തിൽ നിന്നും സപ്ലയർക്ക് തിരിച്ചുനൽകിയ സപ്ലൈകളുടെ മൊത്തം മൂല്യം കുറച്ചിട്ടുള്ള തുകയെയാണ് നികുതിബാധകമായ സപ്ലൈസിന്റെ മൊത്തത്തുക (Net Taxable Supplies) എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ചോ. 28 ക്രെഡിറ്റ് കാർഡ് വഴി ജി.എസ്.ടി. അടയ്ക്കാൻ കാർഡ് ജി.എസ്.ടി.എൻ. പോർട്ടലിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?

ഉ. ഉണ്ട്. നികുതിദായകൻ അയാളുടെ ഏതു ക്രഡിറ്റ് കാർഡിൽ നിന്നാണോ നികുതി അടയ്ക്കാൻ ഉദ്ദേശിക്കുന്നത് അത് ജി.എസ്.ടി.എൻ കോമൺ പോർട്ടലിൽ മുൻകൂറായി രജിസ്റ്റർ ചെയ്യണം. ക്രഡിറ്റ് കാർഡ് സേവനദാതാവിൽ നിന്നും ബാങ്കുകൾ അത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സംവിധാനവും ശ്രമിക്കുന്നതാണ്. ബിസിനസ്സ് ചെയ്യുന്നത് എളുപ്പത്തിലാക്കാനായി ക്രെഡിറ്റ് കാർഡ് മുഖേന പരിധിയില്ലാതെ നികുതി അടയ്ക്കാവുന്നതാണ്.

# ഇ- കോമേഴ്സ്
# E - Commerce

# ഇ- കോമേഴ്സ്
# E - Commerce

ചോ.1. ഇലക്ട്രോണിക് കോമേഴ്സ് (ഇ-കോമേഴ്സ്) എന്നാൽ എന്താണ്?

ഉ. ഇലക്ട്രോണിക് നെറ്റ് വർക്കിലൂടെയോ ഡിജിറ്റൽ സംവിധാനം വഴിയോ ഡിജിറ്റൽ ഉല്പ്പന്നങ്ങൾ ഉൾപ്പെടെ സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ അവ ഒരുമിച്ചോ സപ്ലൈ ചെയ്യുന്നതിനെയാണ് ഇ-കോമേഴ്സ് എന്നു നിർവ്വചിച്ചിട്ടുണ്ട്.

ചോ.2. ആരാണ് ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർ?

ഉ. ഇ-കോമേഴ്സിനു വേണ്ടി ഇലക്ട്രോണിക് പ്ലാറ്റ്ഫോമോ ഡിജിറ്റൽ അല്ലെങ്കിൽ ഇല്ക്ട്രോണിക് സൗകര്യങ്ങളോ സ്വന്തമാക്കുകയോ പ്രവർത്തിപ്പിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയെയും ഇ-കോമേഴ്സ് ഓപ്പറേറ്റർ എന്നു നിർവ്വചിക്കപ്പെട്ടിരിക്കുന്നു.

ചോ.3. ഇ-കോമേഴ്സ് ഓപ്പറേറ്റർ രജിസ്ട്രേഷൻ എടുക്കണമെന്നത് നിയമ പ്രകാരമുള്ള ആവശ്യകതയാണോ?

ഉ. അതെ, നികുതിയൊഴിവ് ഇളവ് പരിധി ഓപ്പറേറ്റർക്ക് ലഭ്യമല്ല എന്നും ഓപ്പറേറ്റർമാർ അവർ നടത്തിയ വിതരണ മൂല്യം എന്തു തന്നെയായിരുന്നാലും രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യസ്ഥരാണ് എന്നത് വ്യക്തമാണ്.

ചോ.4. ഇ-കോമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന ചരക്ക്/സേവനങ്ങൾ ഒരു വിതരണക്കാരന് മൊത്തം ടേണോവർ

അടിസ്ഥാനത്തിലുള്ള ഇളവ് പരിധി ഇളവിന് അവകാശമുണ്ടോ?

ഉ. ഇല്ല. മൊത്തം വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള നികുതിയൊഴിവ് പരിധി ഇത്തരം വിതരണക്കാർക്ക് ലഭ്യമല്ല. അവർ നടത്തിയ സപ്ലൈയറുടെ മൂല്യം കണക്കാക്കാതെ രജിസ്റ്റർ ചെയ്യാനുള്ള ബാധ്യതയുമുണ്ടാകും. ഇ-കോമേഴ്സ് ഓപ്പറേറ്റർ സപ്ലൈ ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി അതിന്റെ സ്ത്രോതസ് (TCS) ഉറവിടത്തിൽ വച്ചുതന്നെ പരിക്കുകയാണെങ്കിൽ മാത്രമാണ് ഇത് ബാധകമാകുന്നത്.

ചോ.5. യഥാർത്ഥ സപ്ലൈയറിനു പകരം ഒരു കോമേഴ്സ് ഓപ്പറേറ്റർ നടത്തുന്ന ചരക്ക് സേവനങ്ങളുടെ സപ്ലൈയ്ക്ക് നികുതി അടയ്ക്കേണ്ട ബാധ്യത ഉണ്ടോ?

ഉ. അതെ. പക്ഷേ വിജ്ഞാപനം ചെയ്ത ചില സേവനങ്ങൾ, നടത്തുമ്പോൾ മാത്രം. ഇത്തരം സന്ദർഭങ്ങളിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർ വഴി സപ്ലൈ ചെയ്ത അത്തരം സേവനങ്ങൾക്ക് അയാൾ തന്നെ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർ നടത്തുന്ന ഇത്തരം സേവനങ്ങളുടെ സപ്ലൈയ്ക്ക് അയാൾ തന്നെ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ് എന്നതിന് നിയമത്തിലെ വ്യവസ്ഥകൾ പ്രയോഗിക്കാം.

ചോ.6. നികുതി അടയ്ക്കാൻ ബാദ്ധ്യതയുള്ള വിജ്ഞാപനം ചെയ്ത സേവനങ്ങൾക്ക് നികുതിയൊഴിവ് പരിധി ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർക്ക് ലഭ്യമാണോ?

ഉ. നികുതി അടയ്ക്കാൻ ബാധ്യതയുള്ള വിജ്ഞാപനം ചെയ്ത സേവനങ്ങൾ സപ്ലൈ ചെയ്യുന്ന ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർക്ക് നികുതിയൊഴിവു പരിധി ലഭ്യമല്ല.

ചോ.7. സ്രോതസ്സിലെ നികുതി പിരിവ് (TCS) എന്നാൽ എന്ത്?

ഉ. ഇ-കോമേഴ്സ് ഓപ്പറേറ്റർ താൻ നടത്തിയ നികുതി വിധേയ സപ്ലൈകളുടെ അറ്റ മൂല്യത്തിന്റെ 1% ത്തിൽ കൂടാതെയുള്ള നിരക്കിൽ കണക്കാക്കുന്ന തുക പിരിച്ചെടുക്കേണ്ടതാണ്. ഇവിടെ ഇത്തരം ഓപ്പറേറ്റർ നടത്തിയ സപ്ലൈകളുടെ പ്രതിഫലവും പിരിച്ചെടുക്കേണ്ടതും അയാൾ തന്നെയാണ്. ഇങ്ങനെ പിരിച്ച തുകയാണ് (1%ത്തിൽ കൂടാതെ) സ്ത്രോതസ്സിലെ നികുതി പിരിവ് (TCS) എന്നു പറയുന്നത്.

ചോ.8. ഇ-കോമേഴ്സ് കമ്പനികളുടെ ഉപഭോക്താക്കൾ വാങ്ങിയ സാധനം തിരികെ നൽകുന്നത് പതിവാണ്. എങ്ങനെയാണ് ഇത്തരം റിട്ടേൺസ് അഡ്ജസ്റ്റ് ചെയ്യുന്നത്?

ഉ. ഒരു ഇ-കോമേഴ്സ് കമ്പനി നടത്തുന്ന നികുതി വിധേയ സപ്ലൈക്ളുടെ അറ്റമൂല്യത്തിൽ നിന്നു മാത്രമാണ് നികുതി പിരിച്ചെടുക്കേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നികുതി വിധേയ സപ്ലൈകളുടെ മൊത്തം മൂല്യത്തിൽ നിന്നും തിരികെ ലഭിച്ച സപ്ലൈകളുടെ മൂല്യം കുറച്ചതാണ് അറ്റമൂല്യം.

ചോ.9. എന്താണ് നികുതി വിധേയ സപ്ലൈകളുടെ അറ്റമൂല്യം കൊണ്ടർത്ഥമാക്കുന്നത്?

ഉ. നികുതി വിധേയ സപ്ലൈകളുടെ അറ്റമൂല്യം എന്നാൽ, എല്ലാ രജിസ്ട്രേഡ് വ്യക്തികളും ഓപ്പറേറ്റർമാർ വഴി ആ മാസം നടത്തിയ നികുതി വിധേയ ചരക്ക്/ സേവനങ്ങളുടെ സപ്ലൈകളുടെ മൊത്തം മൂല്യത്തിൽ നിന്ന് ആ മാസം തിരികെ കിട്ടിയ നികുതി വിധേയ സപ്ലൈകളുടെ മൊത്തം മൂല്യം കുറച്ചതിനു ശേഷമുള്ള തുകയാണ്. ഇതിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർ മുഴുവൻ നികുതിയും അടയ്ക്കേണ്ട വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ ഉൾപ്പെടാൻ പാടില്ല.

ചോ.10. ഓരോ ഇ-കോമേഴ്സ് ഓപ്പറേറ്റർമാരും യഥാർത്ഥ സപ്ലൈയറിനു പകരമായി നികുതി പരിക്കേണ്ട ആവശ്യം ഉണ്ടോ?

ഉ. അതെ ഓരോ ഇ-കോമേഴ്സ് ഓപ്പറേറ്റർമാരും നടത്തിയ സപ്ലൈകളുടെ പ്രതിഫലം അവർ പിരിച്ചെടുക്കുന്നതിനാൽ നികുതി പിരിച്ചെടുക്കേണ്ടതും അവരുടെ ആവശ്യകതയാണ്.

ചോ.11. ഇ-കോമേഴ്സ് ഓപ്പറേറ്റർ ഇത്തരം പിരിവ് നടത്തേണ്ട സമയം എപ്പോഴാണ്?

ഉ. സപ്ലൈ നടന്ന മാസത്തിൽ തന്നെയാണ് ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർ പിരിവ് നടത്തേണ്ടതും.

ചോ.12. എന്ത് സമയപരിധിക്കകത്താണ് പിരിച്ചെടുത്ത സ്രോതസ്സിലെ നികുതി (TCS) ഒരു ഇ-കോമേഴ്സ് ഓപ്പറേറ്റർ ഗവൺമെന്റ് അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടത്?

ഉ. ഏതുമാസത്തിലാണോ തുക പിരിച്ചെടുത്തത് ആ മാസം തീർന്ന് 10 ദിവസത്തിനകം ഒരു ഓപ്പറേറ്റർ താൻ പിരിച്ചെ

ടുത്ത തുക അനുയോജ്യമായ ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ചോ.13. എങ്ങനെയാണ് യഥാർത്ഥ വിതരണക്കാർ ഈ ടി. സി. എസ് അവകാശപ്പെടും.?

ഉ. അക്കൗണ്ടിൽ അടച്ച അത്തരം ടി. സി. എസ്, രജിസ്റ്റർ ചെയ്ത യഥാർത്ഥ സപ്ലൈയറുടെ (ആരുടെ അക്കൗണ്ടിൽ ആണോ കളക്ഷൻ നടത്തിയത്) ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും. അത് യഥാർത്ഥ സപ്ലൈയർ നടത്തിയ വിതരണത്തിനുള്ള നികുതി അടയ്ക്കുന്ന സമയത്ത് ഉപയോഗിക്കാം.

ചോ.14. ഇ-കോമേഴ്സ് ഓപ്പറേറ്റർ എന്തെങ്കിലും സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതായിട്ടുണ്ടോ? ആ സ്റ്റേറ്റ്മെന്റിൽ എന്തെല്ലാം വിശദാംശങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.?

ഉ. ഉണ്ട്. ഓരോ ഓപ്പറേറ്ററും ഒരു കലണ്ടർ മാസത്തിൽ തങ്ങൾ വഴി നടത്തിയ പുറത്തോട്ടുള്ള ചരക്കുകളുടെ / സേവനങ്ങളുടെ വിതരണങ്ങൾക്ക് സ്ത്രോതസ്സ് നികുതിയായി ശേഖരിച്ച് എല്ലാ തുകകളുടെയും സ്റ്റേറ്റ്മെന്റ് ഇല്കട്രോണിക്കായി ആ മാസം തീർന്ന് 10 ദിവസത്തിനകം സമർപ്പിക്കേണ്ടതായിട്ടുണ്ട്. നികുതി പിരിച്ചെടുത്ത സാമ്പത്തിക വർഷത്തിനു ശേഷം വരുന്ന ഡിസംബർ 31 ന് ഓപ്പറേറ്റർ ഒരു വാർഷിക സ്റ്റേറ്റ്മെന്റും സമർപ്പിക്കേണ്ടതായിട്ടുണ്ട്.

ചോ.15. ഇ-കോമേഴ്സ് വ്യവസ്ഥകളിൽ മാച്ചിങ് എന്ന സങ്കൽപ്പം എന്താണ്?

ഉ. ഓരോ ഓപ്പറേറ്ററും ഒരു കലണ്ടർ മാസത്തിൽ ഉള്ള വിതരണത്തിന്റെയും ശേഖരിച്ച തുകയുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട സപ്ലൈയർ നൽകുന്ന അതേ മാസത്തിലോ ഏതെങ്കിലും മുൻമാസത്തിലോ ഫയൽ ചെയ്ത്, സാധുവായ ഒരു റിട്ടേണിൽ, സദൃശ്യമായ പുറത്തോട്ടുള്ള വിശദാംശങ്ങളുമായി പൊരുത്തപ്പെടുത്തുന്നു. ഓപ്പറേറ്റർ തന്റെ സ്റ്റേറ്റ്മെന്റിൽ പ്രഖ്യാപിച്ചതും നികുതി ശേഖരിച്ച പുറത്തോട്ടുള്ള വിതരണത്തിന്റേതായ വിശദാംശങ്ങൾ എവിടെയാണോ സപ്ലൈയർ പ്രഖ്യാപിച്ച സദൃശ്യമായ വിശദാംശങ്ങളുമായി പൊരുത്തപ്പെടാത്തത്, ആ പൊരുത്തക്കേട് രണ്ടുപേരെയും അറിയിച്ചിരിക്കണം.

ചോ.16. വിശദാംശങ്ങൾ പൊരുത്തപ്പെടാതെ നിലനിന്നാൽ എന്തു

സംഭവിക്കും?

ഉ. പൊരുത്തക്കേട് അറിയിച്ച ഏതൊരു പെയ്മെന്റും ആയി ബന്ധപ്പെട്ട വിതരണ മൂല്യം പൊരുത്തക്കേട് അറിയിച്ച കലണ്ടർ മാസത്തിന്റെ തൊട്ടടുത്ത മാസത്തിലുള്ള ഔട്ട്പുട്ട് ബാധ്യതയോട് അത് ചേർക്കപ്പെടും. ആരുടെ ഔട്ട്പുട്ട് ബാധ്യതയോടാണോ ഏതെങ്കിലും തുക ചേർക്കപ്പെട്ടത്, ബന്ധപ്പെട്ട വിതരണക്കാരൻ അത്തരത്തിലുള്ള സപ്ലൈയ്ക്ക് നികുതി അടയ്ക്കാനും, അങ്ങനെ ചേർത്ത തുകയിൻമേൽ നികുതി ശരിക്കും അടയ്ക്കേണ്ട തീയതി മുതൽ യഥാർത്ഥ പേയ്മെന്റ് തീയതി വരെ നിശ്ചിത നിരക്കിൽ പലിശ അടയ്ക്കാനും ബാധ്യസ്ഥനാകും.

ചോ.17. നികുതി ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും അധിക അധികാരം ഉണ്ടോ?

ഉ. ഡെപ്യൂട്ടി കമ്മീഷണറുടെ റാങ്കിൽ കുറയാതെ ഏതൊരു അധികാരിക്കും ആവശ്യമായ വിവരങ്ങൾ സമർപ്പിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നോട്ടീസ് പുറപ്പെടുവിക്കാം. നോട്ടീസിൽ പറഞ്ഞിരിക്കുന്ന സേവന തീയതി മുതൽ 15 പ്രവർത്തി ദിനങ്ങൾക്കകം വിശദാംശങ്ങൾ നൽകിയിരിക്കണം.

# ജോബ് വർക്ക് (Job Work)

# ജോബ് വർക്ക് (Job Work)

ചോ.1. ജോബ് വർക്ക് എന്നാൽ എന്താണ്?

ഉ. ഒരു വ്യക്തി, മറ്റൊരു രജിസ്റ്റേർഡ് നികുതിദായകന്റെ ചരക്കുകളിൽ ഏതെങ്കിലും പ്രക്രിയയോ ട്രീറ്റ്മെന്റോ എടുത്തു നടത്തുകയാണെങ്കിൽ അതിനെ 'ജോബ് വർക്ക്' എന്നു പറയുന്നു. മറ്റൊരു വ്യക്തിയുടെ ചരക്കുകളിൽ പ്രക്രിയയോ ട്രീറ്റ്മെന്റോ നടത്തുന്ന വ്യക്തിയെ 'ജോബ് വർക്കർ' എന്നും ആരുടെ അടുക്കലാണോ ചരക്കുള്ളത് ആ വ്യക്തിയെ 'പ്രിൻസിപ്പൽ' എന്നും പറയുന്നു.

ജോബ് വർക്കിനെ ഉല്പാദനത്തിനുള്ള ഒരു പ്രക്രിയ ആയി മാത്രം നിർവ്വചിച്ച് മാർച്ച് 23, 1986 ലെ വിജ്ഞാപന നമ്പർ 214 186 - CE ൽ ഉള്ളതിനെക്കാൾ വിശാലമായ രീതിയിലാണ് ഈ നിർവ്വചനം തന്നെ, നിർദ്ദിഷ്ട ചരക്കു സേവന നികുതി വ്യവസ്ഥയിൽ, ജോബ് വർക്കുമായി ബന്ധപ്പെട്ട നികുതി പിരിക്കലിന്റെ അടിസ്ഥാന രീതിയിൽ വന്ന മാറ്റം പ്രതിഫലിപ്പിക്കുന്നു.

ചോ.2. ഒരു നികുതി വിധേയ വ്യക്തി ഒരു ജോബ് വർക്കിന് അയച്ച ചരക്കുകൾ സപ്ലൈ ആയി കണക്കാക്കുകയും ചരക്കു സേവന നികുതിക്ക് വിധേയമാക്കുകയും ചെയ്യുമോ? എന്തുകൊണ്ട്?

ഉ. വിൽപ്പന, കൈമാറ്റം തുടങ്ങിയ സപ്ലൈകൾ പോലെ ഇതിനെയും സപ്ലൈ ആയി കണക്കാക്കാം. എന്നിരുന്നാലും

ഒരു രജിസ്റ്റേർഡ് നികുതി വിധേയ വ്യക്തി (Principal) നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ച് നികുതി അടയ്ക്കാതെ ഇൻപുട്ടുകൾ / ക്യാപ്പിറ്റൽ ഗുഡ്സ് ജോബ് വർക്കിന് വേണ്ടി ഒരു ജോബ് വർക്കർക്ക് അയച്ചുകൊടുക്കാം. അവിടെ നിന്ന് മറ്റു ജോബ് വർക്കറിന് കൊടുക്കുകയും ജോബ് വർക്കറിനു ശേഷം ഇൻപുട്ടുകൾ/ ക്യാപ്പിറ്റൽ ഗുഡ്സ് തിരികെ കൊണ്ട് വരികയും ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ജോബ് വർക്കറിനായി അയച്ച ഇൻപുട്ടുകളും / ക്യാപ്പിറ്റൽ ഗുഡ്സ് ഒരു വർഷം / 3 വർഷത്തിനകം തിരികെ വന്നില്ലെങ്കിൽ പ്രസ്തുത ചരക്കുകൾ അവ ജോബ് വർക്കിനായി കൊണ്ടുപോയ ദിവസം മുതൽ സപ്ലൈ ആയി കണക്കാക്കുകയും ഇന്ത്യയിൽ നികുതി അടയ്ക്കുകയും വേണം. അല്ലെങ്കിൽ കയറ്റുമതി ആണെങ്കിൽ നികുതി അടയ്ക്കുകയോ അടയ്ക്കാത്തതോ ആകാം.

ചോ.3. ഒരു ജോബ് വർക്കർ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ?

ഉ. ഉണ്ട്. ഒരു ജോബ് വർക്കർ സേവന സപ്ലൈയർ ആയതിനാൽ അദ്ദേഹത്തിന് മൊത്തം വിറ്റുവരവിന്റെ നിർദ്ദിഷ്ട നികുതിയൊഴിവു പരിധി കഴിയുമ്പോൾ രജിസ്ട്രേഷൻ എടുക്കേണ്ടത് ആവശ്യമാണ്.

ചോ.4. ഒരു ജോബ് വർക്കറുടെ പക്കൽ നിന്ന് നേരിട്ടു പുറത്തേക്ക് സപ്ലൈ ചെയ്ത പ്രിൻസിപ്പലിന്റെ ചരക്കുകൾ ജോബ് വർക്കറുടെ മൊത്തം വിറ്റുവരവിൽ ഉൾപ്പെടുത്തുമോ?

ഉ. ഇല്ല. അത് പ്രിൻസിപ്പലിന്റെ മൊത്തം വിറ്റുവരവിൽ ഉൾപ്പെടുത്തും. എന്നിരുന്നാലും ജോബ് വർക്ക് ചെയ്യാനായി ജോബ് വർക്കർ ഉപയോഗിച്ച ചരക്കുകളുടെയോ സേവനങ്ങളുടെയോ മൂല്യം ജോബ് വർക്കർ സപ്ലൈ ചെയ്ത സേവനങ്ങളുടെ മൂല്യത്തിൽ ഉൾപ്പെടുത്തും.

ചോ.5. ഒരു പ്രിൻസിപ്പലിന് തന്റെ പരിസരത്ത് കൊണ്ട് വരാതെ ഇൻപുട്ടുകളും ക്യാപ്പിറ്റൽ ഗുഡ്സും നേരിട്ട് ജോബ് വർക്കറുടെ പരിസരത്ത് അയച്ചു കൊടുക്കാൻ സാധിക്കുമോ?

ഉ. അതെ. അങ്ങനെ ചെയ്യാൻ പ്രിൻസിപ്പൽ അനുവദിച്ചാൽ അത്തരം അവസരങ്ങളിൽ ഇൻപുട്ടുകൾക്കും ക്യാപ്പിറ്റൽ ഗുഡ്സിനും അടച്ച നികുതിയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) പ്രിൻസിപ്പ്ളിന് ഈടാക്കാം. എന്നാൽ ഇൻപുട്ടുകളും ക്യാപ്പിറ്റൽ ഗുഡ്സും യഥാക്രമം ഒരു വർഷ

ത്തിനും 3 വർഷത്തിനും അകം തിരികെ വാങ്ങിയിരിക്കണം. അല്ലെങ്കിൽ യഥാർത്ഥ ഇടപാടിനെ സപ്ലൈ ആയി കണക്കാക്കുകയും അതിനനുസരിച്ച് നികുതി അയ്ക്കാൻ പ്രിൻസിപ്പൽ ബാദ്ധ്യസ്ഥനുമാണ്.

ചോ.6. ഒരു പ്രിൻസിപ്പലിന് തന്റെ പക്കലേക്ക് തിരിച്ചു കൊണ്ടുവരാതെ നേരിട്ട് ജോബ് വർക്കറുടെ പരിസരത്തുനിന്നും ചരക്കുകളുടെ വിതരണം നടത്തുവാൻ സാധിക്കുമോ?

ഉ. അതെ. അത്തരം ജോബ് വർക്കറുടെ പരിസരങ്ങളെ പ്രിൻസിപ്പാൽ തന്റെ അധിക ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിച്ചിരിക്കണം. ജോബ് വർക്കർ ഒരു രജിസ്റ്റേർഡ് വ്യക്തിയാണെങ്കിലും ചരക്കുകൾ ജോബ് വർക്കറുടെ പരിസരത്ത് നിന്ന് നേരിട്ട് വിതരണം ചെയ്യാൻ സാധിക്കും. കമ്മീഷണർ വിജ്ഞാപനം ചെയ്തിട്ടുള്ള ചരക്കുകളും ജോബ് വർക്കറുടെ പരിസരത്ത് നിന്ന് നേരിട്ട് വിതരണം ചെയ്യാം.

ചോ.7. ജോബ് വർക്കറുടെ പരിസരം ഒരു അധിക ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിക്കാതെ ഏതു സാഹചര്യത്തിലാണ് ഒരു ജോബ് വർക്കറുടെ പക്കൽ നിന്നും പ്രിൻസിപ്പലിന് നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക?

ഉ. ഉള്ളതിനു പുറമെ, ഒരു അധിക ബിസിനസ്സ് സ്ഥലമായി പ്രസ്താവിക്കാതെ രണ്ട് സാഹചര്യങ്ങളിലാണ് പ്രിൻസിപ്പലിന് ഒരു ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥലത്തുനിന്നും നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക. ഒന്നുകിൽ ജോബ് വർക്കർ ഒരു രജിസ്റ്റേർഡ് നികുതിദായകൻ ആയിരിക്കണം. അല്ലെങ്കിൽ കമ്മീഷണർ നോട്ടിഫൈ ചെയ്യപ്പെട്ട ചരക്കുകളുടെ വിതരണത്തിൽ പ്രിൻസിപ്പൽ ഏർപ്പെട്ടിരിക്കണം.

ചോ.8. ഒരു ജോബ് വർക്കറുടെ അടുത്തേക്ക് അയച്ച ഇൻപുട്ട് / ക്യാപ്പിറ്റൽ ഗുഡ്സിന്റെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതിന് ഏതൊക്കെ വ്യവസ്ഥകളാണ് ബാധകമാകുക?

ഉ. പ്രിൻസിപ്പൽ, തന്റെ ബിസിനസ്സ് സ്ഥലത്തേക്ക് വാങ്ങിയതിന് ശേഷമാണോ അല്ലെങ്കിൽ തന്റെ ബിസിനസ്സ് സ്ഥലത്തേക്ക് കൊണ്ട് വരാതെ നേരിട്ട് ഇൻപുട്ടുകളും ക്യാപ്പിറ്റൽ ഗുഡ്സും ജോബ് വർക്കറിന് അയച്ചുകൊടുക്കുകയോ

ചെയ്തിട്ടുണ്ടെങ്കിൽ ജോബ് വർക്കറിന് അയച്ചുകൊടുത്ത ഇൻപുട്ട് / ക്യാപ്പിറ്റൽ ഗുഡ്സിന് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുക്കാൻ അവകാശമുണ്ട്. എന്നിരുന്നാലും, അയച്ചു കൊടുത്ത ഇൻപുട്ട് ക്യാപ്പിറ്റൽ ഗുഡ്സ് ജോബ് വർക്കറിനു ശേഷം ഒരു വർഷം / 3 വർഷത്തിനകം തിരികെ വാങ്ങുകയോ ജോബ് വർക്കറുടെ പരിസരത്തുനിന്ന് വിതരണം ചെയ്യുകയോ ചെയ്യണം.

ചോ.9. ഇൻപുട്ട് / ക്യാപ്പിറ്റൽ ഗുഡ്സ് നിർദ്ദേശിക്കപ്പെട്ട സമയത്തിനകം തിരികെ വാങ്ങാതിരിക്കുകയോ അല്ലെങ്കിൽ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥലത്തു നിന്നും വിതരണം ചെയ്യാതിരിക്കുകയോ ചെയ്താൽ എന്ത് സംഭവിക്കും.?

ഉ. നിർദ്ദേശിക്കപ്പെട്ട സമയത്തിനകം ഇൻപുട്ട്/ ക്യാപ്പിറ്റൽ ഗുഡ്സ് തിരികെ വാങ്ങാതിരിക്കുകയോ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥലത്തു നിന്നും വിതരണം ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രിൻസിപ്പൽ ജോബ് വർക്കറിന് ഇൻപുട്ട് / ക്യാപ്പിറ്റൽ ഗുഡ്സ് അയച്ച ദിവസം തന്നെ പ്രിൻസിപ്പൽ ജോബ് വർക്കറിന് ഇൻപുട്ട് / ക്യാപ്പിറ്റൽ ഗുഡ്സിന്റെ സപ്ലൈ നടത്തിയതായി കണക്കാക്കും. (അല്ലെങ്കിൽ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥലത്തേക്ക് നേരിട്ട് ഇൻപുട്ട്/ ക്യാപ്പിറ്റൽ ഗുഡ്സ് അയച്ചപ്പോൾ ജോബ് വർക്കർ അത് സ്വീകരിച്ച ദിവസം). അങ്ങനെ പ്രിൻസിപ്പൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാകുന്നു.

ചോ.10. ജിഗ്സ്, ഫിക്സ്ച്ചേർസ് പോലുള്ള ക്യാപ്പിറ്റൽ ഗുഡ്സ് അവയുടെ ഉപയോഗത്തിനു ശേഷം ഉപയോഗശൂന്യമായി മാറുകയും സ്ക്രാപ് (ആക്രി)യായി അതിനെ വിൽക്കുകയും ചെയ്യുന്നു. ഇത്തരം സാധനങ്ങളുള്ള ജോബ് വർക്ക് എങ്ങനെ കണക്കാക്കുന്നു?

ഉ. ക്യാപ്പിറ്റൽ ഗുഡ്സ് 3 വർഷത്തിനകം തിരികെ കൊണ്ടുവരണം എന്ന വ്യവസ്ഥ ജിഗ്സ്, ടൂൾസ്, ഫിക്സ്ച്ചേർസ് മുതലായ സാധനങ്ങൾക്ക് ബാധകമല്ല.

ചോ.11. ജോബ് വർക്കിനിടയിൽ ഉണ്ടാകുന്ന വെയ്സ്റ്റിനെയും സ്ക്രാപ്പിനെയും എങ്ങനെ കണക്കാക്കപ്പെടും.?

ഉ. ജോബ് വർക്കർ രജിസ്റ്റേർഡ് നികുതിദായകൻ ആണെങ്കിൽ നികുതി അടച്ചു കൊണ്ട് ജോബ് വർക്കിനിടയിൽ ഉണ്ടായ

വെയ്സ്റ്റിനെയും സ്ക്രാപ്പിനെയും ജോബ് വർക്കർ തന്നെ അയാളുടെ ബിസിനസ്സ് സ്ഥലത്തുനിന്ന് നേരിട്ട് വിതരണം ചെയ്യാം. രജിസ്റ്റേർഡ് വ്യക്തിയല്ല ജോബ് വർക്കർ എങ്കിൽ പ്രിൻസിപ്പൽ ആയിരിക്കും നികുതി അടച്ച് അവയെ വിതരണം ചെയ്യുന്നത്.

ചോ.12. ജോബ് വർക്കിനു വേണ്ടി ഇടനില ചരക്കുകളും അയയ്ക്കേണ്ടതുണ്ടോ?

ഉ. അതെ. ജോബ് വർക്കിന്റെ ആവശ്യത്തിന് വേണ്ടി ഇൻപുട്ട് എന്ന പദത്തിൽ ഇടനില ചരക്കുകളും ഉൾപ്പെടുകയും അവയെ ജോബ് വർക്കർ അല്ലെങ്കിൽ പ്രിൻസിപ്പൽ ഇൻപുട്ടുകളുടെ പ്രക്രിയയ്ക്കോ ട്രീറ്റ്മെന്റിനോ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

ചോ.13. ജോബ് വർക്കിനെ സംബന്ധിച്ച ശരിയായ കണക്കുകൾ സൂക്ഷിക്കേണ്ടത് ആരുടെ ഉത്തരവാദിത്തം ആണ്?

ഉ. ഇൻപുട്ടുകളുടെയും ക്യാപ്പിറ്റൽ ഗുഡ്സ്മായി ബന്ധപ്പെട്ട ജോബ് വർക്കറിന്റെ ശരിയായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് മുഴുവനായും പ്രിൻസിപ്പലിന്റെ ഉത്തരവാദിത്തം ആണ്.

ചോ.14. ജോബ് വർക്കിന്റെ വ്യവസ്ഥകൾ എല്ലാ വിഭാഗത്തിലെയും ചരക്കുകൾക്ക് ബാധകമാണോ?

ഉ. ഇല്ല. രജിസ്റ്റേർഡ് നികുതിദായകൻ നികുതി വിധേയ ചരക്കുകൾ അടയ്ക്കുമ്പോൾ മാത്രമാണ് ജോബ് വർക്കിന്റെ വ്യവസ്ഥകൾ ബാധകമാകുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒഴിവാക്കപ്പെട്ടതോ, നികുതി ചുമത്താത്ത ചരക്കുകളോ, അല്ലെങ്കിൽ അയയ്ക്കുന്ന വ്യക്തി ഒരു രജിസ്റ്റേർഡ് നികുതിദായകൻ അല്ല എങ്കിൽ ഇത്തരം വ്യവസ്ഥകൾ ബാധകമല്ല.

ചോ.15. ഒരു പ്രിൻസിപ്പൽ ജോബ് വർക്കിന്റെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതുണ്ടോ?

ഉ. ഇല്ല. പ്രത്യേക നടപടി ക്രമങ്ങൾ പാലിക്കാതെ തന്നെ ചരക്കുസേവന നകുതി അടച്ചതിനു ശേഷം ഒരു പ്രിൻസിപ്പലിന് ഇൻപുട്ടുകളോ ക്യാപ്പിറ്റൽ ഗുഡ്സുകളോ അയയ്ക്കാവുന്നതാണ്. ഇത്തരം അവസരത്തിൽ ജോബ് വർക്കർ GST അടച്ച് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും ജോബ് വർക്ക് പൂർത്തിയായ ചരക്കുകൾ തിരികെ സപ്ലൈ ചെയ്യാ

വുന്നതും ആണ്.

ചോ.16. ജോബ് വർക്കറും പ്രിൻസിപ്പലും ഒരേ സംസ്ഥാനം അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്ത് താമസിക്കേണ്ടതുണ്ടോ?

ഉ. വേണ്ട IGST നിയമം UTGST നിയമം പ്രകാരം ജോബ് വർക്കുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നടപ്പിലാക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ജോബ് വർക്കറും പ്രിൻസിപ്പളും ഒരേ സംസ്ഥാനത്തോ ഒരേ കേന്ദ്രഭരണ പ്രദേശത്തോ അല്ലെങ്കിൽ വ്യത്യസ്ഥ സംസ്ഥാനങ്ങളിലോ വ്യത്യസ്ഥ കേന്ദ്ര ഭരണ പ്രദേശത്തോ താമസിക്കാവുന്നതാണ്.

# ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

# ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

ചോ.1. എന്താണ് ഇൻപുട്ട് ടാക്സ്?

ഉ. രു രജിസ്റ്റേർഡ് നികുതിദായക വ്യക്തി കൈമാറുന്ന ചരക്കുകളുടെയോ സേവനങ്ങളുടെയും മേൽ ഈടാക്കുന്ന കേന്ദ്ര നികുതി (CGST) സംസ്ഥാന നികുതി (SGST) ഇന്റഗ്രേറ്റഡ് നികുതി (IGST) അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശ നികുതി (UTSGT) എന്നിവയാണ് ഇൻപുട്ട് ടാക്സ്, റിവേഴ്സ് ചാർജ് അടിസ്ഥാനമാക്കി അടച്ച നികുതി, ചരക്കുകൾ ഇറക്കുമതി ചെയ്യുമ്പോൾ ഈടാക്കുന്ന ഇന്റഗ്രേറ്റഡ് ചരക്കു സേവന നികുതിയും ഇതിൽ ഉൾപ്പെടുന്നു.

ചോ.2. റിവേഴ്സ് ചാർജ് അടിസ്ഥാനമാക്കി അടച്ച GST നികുതി ഇൻപുട്ട് ടാക്സ് ആയി കണക്കാക്കാമോ?

ഉ. അതെ. ഇൻപുട്ട് ടാക്സിന്റെ നിർവ്വചനത്തിൽ റിവേഴ്സ് ചാർജ് പ്രകാരം അടച്ച നികുതിയും ഉൾപ്പെടുന്നു.

ചോ.3. ഇൻപുട്ട് ചരക്കുകൾ, ഇൻപുട്ട് സേവനങ്ങൾ, ക്യാപ്പിറ്റൽ ഗുഡ്സ് എന്നിവയിന്മേൽ അടച്ച നികുതി (CGST/ SGST/ IGST) യും ഇൻപുട്ട് ടാക്സിൽ ഉൾപ്പെടുമോ?

ഉ. അതെ. ഇൻപുട്ട് ചരക്കുകൾ, ഇൻപുട്ട് സേവനങ്ങൾ, ക്യാപ്പിറ്റൽ ഗുഡ്സ് എന്നിവയും കൊടുത്ത നികുതി ഇൻപുട്ട് ടാക്സിൽ ഉൾപ്പെടും. ക്യാപ്പിറ്റൽ ഗുഡ്സിനുമേൽ അടച്ച നികുതിയുടെ ക്രെഡിറ്റ് ഒറ്റത്തവണയായി ലഭിക്കാൻ അനുവാദമുണ്ട്.

ചോ.4. ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ ഈടാക്കിയ

എല്ലാ ഇൻപുട്ട് ടാക്സും ക്രെഡിറ്റ് ചെയ്യാൻ GST പ്രകാരം അനുവദനീയമാണോ?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായകന് ബിസിനസ്സിന്റെ ആവശ്യങ്ങൾക്കോ പ്രവർത്തനങ്ങൾക്കോ അഭിവൃദ്ധിക്കോ വേണ്ടി സപ്ലൈ ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ ഈടാക്കിയ ഇൻപുട്ട് ടാക്സ് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായി ക്രെഡിറ്റ് ചെയ്യാൻ അവകാശം ഉണ്ട്.

ചോ.5. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിലേക്കായി പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാം.?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായക വ്യക്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കാൻ പാലിക്കേണ്ട നാലു നിബന്ധനകളാണ് താഴെ പറയുന്നത്.

i). നികുതി അടയ്ക്കുന്നതിന്റെ ഡെബിറ്റ് നോട്ട്, അല്ലെങ്കിൽ ടാക്സ് ഇൻവോയ്സ് അല്ലെങ്കിൽ മറ്റേതെങ്കിലും രേഖയോ അയാളുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

ii). അയാൾ ചരക്കുകളോ സേവനങ്ങളോ സ്വീകരിച്ചിരിക്കണം.

iii). സപ്ലൈയിൽ മേൽ ഈടാക്കിയ നികുതി സപ്ലൈയർ കൃത്യമായും സർക്കാരിലേയ്ക്ക് അടച്ചിരിക്കണം.

iv). വകുപ്പ് 39 പ്രകാരം അയാൾ റിട്ടേൺ സമർപ്പിച്ചിരിക്കണം.

ചോ.6. ഇൻവോയിസിൽ കാണിച്ചിരിക്കുന്ന വസ്തുക്കൾ ഒന്നിച്ചോ തവണകളായോ ലഭിക്കുകയാണെങ്കിൽ, നികുതിദാതാവിന് എങ്ങനെയാണ് അതിൻമേലുള്ള ഇൻപുട്ട് ടാക്സിന് അർഹത ഉണ്ടാകുന്നത്?

ഉ. രജിസ്റ്റേർഡ് നികുതി ദാതാവിന് ചരക്കുകൾ മുഴുവനും ലഭിച്ച ശേഷം (അവസാനത്തെ ലോടിനും ഇൻസ്റ്റാൾമെന്റിനും ശേഷം) ക്രെഡിറ്റ് എടുക്കാവുന്നതാണ്.

ചോ.7. ലഭിച്ച സപ്ലൈയ്ക്ക് നികുതി ഉൾപ്പെടെയുള്ള പ്രതിഫലം സപ്ലൈയറിന് കൊടുത്തില്ല എങ്കിൽ ആ വ്യക്തിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ സാധിക്കുമോ?

ഉ. അതെ. സ്വീകർത്താവിന് ITC എടുക്കാൻ സാധിക്കും. പക്ഷേ അയാൾ ഇൻവോയിസ് പുറപ്പെടുവിച്ച തീയതി മുതൽ 180

ദിവസത്തിനകം നികുതി ഉൾപ്പെടെയുള്ള പ്രതിഫലം അടച്ചിരിക്കണം. റിവേഴ്സ് ചാർജ് അടിസ്ഥാനമാക്കിയാണ് നികുതി അടച്ചതെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല.

ചോ.8. ഒരു രജിസ്റ്റേർഡ് നികുതിദായകൻ ITC എടുക്കുകയും ഇൻവോയ്സ് പുറപ്പെടുവിച്ച് 180 ദിവസത്തിനകം നികുതി ഉൾപ്പെടെയുള്ള പ്രതിഫലം അടച്ചില്ല എങ്കിൽ എന്ത് സംഭവിക്കും.?

ഉ. ITC യുടെ തുക ആ വ്യക്തിയുടെ ഔട്ട്പുട്ട് നികുതി ബാദ്ധ്യതയോടൊപ്പം കൂടുന്നു. അയാൾ അടയ്ക്കുന്ന പ്രതിഫലത്തിനും നികുതിയ്ക്കുമേൽ വീണ്ടും ITC എടുക്കാൻ സാധിക്കും.

ചോ.9. നികുതിദാതാവിനല്ലാതെ മറ്റൊരാളിന് എത്തിച്ചു കൊടുക്കാവുന്ന വസ്തുക്കളിൻമേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആർക്കാണ് ലഭിക്കുന്നത്. (bill to ..., ship to ...)?

ഉ. അത്തരം ചരക്കുകൾ നികുതിദാതാവിന്റെ നിർദ്ദേശപ്രകാരം മറ്റൊരാൾക്ക് എത്തിച്ച് കൊടുത്തതാണെങ്കിൽ അത് നികുതിദാതാവ് സ്വീകരിച്ചതായി കണക്കാക്കാവുന്നതാണ്. അതുകൊണ്ട് ചരക്കുകൾ മറ്റൊരാൾക്ക് നൽകുവാൻ ആവശ്യപ്പെട്ടയാൾക്ക് ITC എടുക്കാവുന്നതാണ്.

ചോ.10. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള സമയപരിധിയും കാരണങ്ങളും എന്താണ്?

ഉ. സാമ്പത്തിക വർഷത്തിനെ തുടന്നു വരുന്ന സെപ്തംബർ മാസത്തിനു ശേഷം സമർപ്പിച്ച റിട്ടേൺ ആണെങ്കിൽ ഒരു നികുതി വിധേയ വ്യക്തിക്ക് താൻ സപ്ലൈ ചെയ്ത ചരക്കുകളുടെയോ സേവനങ്ങളുടെയോ ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ടിൻമേലുള്ള ITC എടുക്കാൻ സാധിക്കില്ല. ഇൻവോയിസിൽ തീയതി വരുന്ന സാമ്പത്തിക വർഷത്തെ തുടർന്നു വരുന്ന റിട്ടേൺ സമർപ്പിക്കുന്നതിനു മുമ്പോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ ദിവസം വരെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്.

ഇത്തരത്തിലുള്ള നിയന്ത്രണത്തിനുള്ള കാരണം, സാമ്പത്തിക വർഷത്തിനെ തുടർന്നു വരുന്ന സെപ്തംബർ മാസത്തിനു ശേഷം സമർപ്പിച്ച റിട്ടേണുകളിൽ മാറ്റം വരുത്താൻ അനുവദനീയമല്ലാത്തതിനാലാണ്. സെപ്തംബർ മാസത്തിന് മുൻപേ വാർഷിക റിട്ടേൺ ഫയൽ ചെയ്താൽ

അതിനുശേഷം ഒരു മാറ്റവും വരുത്താൻ സാധിക്കില്ല.

ചോ.11. ക്യാപ്പിറ്റൽ ഗുഡ്സിന്റെ വിലയിലുള്ള നികുതിയിന്മേൽ ആദായനികുതി (Income Tax Act 1961) നിയമത്തിന്റെ പരിധിയിൽ വരുന്ന തേയ്മാനത്തിന്റെ (Depreciation) ആനുകൂല്യം നേടിയ ഒരു രജിസ്റ്റേർഡ് നികുതിദാതാവിന് അതിൻമേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമാണോ?

ഉ. അപ്രകാരമുള്ള നികുതിയിൻമേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ല.

ചോ.12. നികുതി വിധേയ ചരക്കുകളുടെയും സാധനങ്ങളുടെയും സപ്ലൈയ്ക്കു വേണ്ടി ഒരോ ഇൻപുട്ടിനും വേണ്ടി അടച്ച നികുതി ക്രെഡിറ്റ് ചെയ്യാൻ GST ടെ കീഴിൽ അനുവദനീയമാണോ?

ഉ. അതെ. നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ചെറിയ ലിസ്റ്റിലുള്ള വസ്തുക്കളൊഴികെയുള്ള എല്ലാ വസ്തുക്കൾക്കും ക്രെഡിറ്റ് അനുവദനീയമാണ്. ഈ ലിസ്റ്റിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത് വ്യക്തിപരമായ ഉപഭോഗത്തിനുപയോഗിക്കുന്ന വസ്തുക്കൾ, ചലിക്കാനാകാത്ത ആസ്തികളുടെ രൂപീകരണത്തിനുപയോഗിക്കുന്ന ഇൻപുട്ടുകൾ (പ്ലാന്റും മെഷീനറിയുമൊഴികെ) ടെലി കമ്മ്യൂണിക്കേഷൻ ടവേഴ്സ്, ഫാക്ടറി പരിസരത്തിന് പുറത്ത് കിടക്കുന്ന പൈപ്പ് ലൈൻ എന്നിവയാണ്. നികുതി വെട്ടിപ്പു കണ്ടെത്തിയതിനെ തുടർന്ന് അടയ്ക്കേണ്ട നികുതിക്കും ക്രെഡിറ്റ് കിട്ടുകയില്ല.

ചോ.13. ഒരു നികുതി വിധേയ വ്യക്തി വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ബിസിനസ്സ് നടത്തുന്നു. അയാൾ തന്റെ എക്സിക്യൂട്ടീവ് ഡയറക്ടേഴ്സിനു വേണ്ടി ഒരു മോട്ടോർ വെഹിക്കിൾ വാങ്ങുന്നു. അങ്ങനെ വാങ്ങിയ മോട്ടോർ വെഹിക്കിളിനു വേണ്ടി അടച്ച GST യുടെമേൽ ITC ലഭിക്കുമോ?

ഉ. ഇല്ല. മോട്ടോർ വാഹനങ്ങളുടെ പരിശീലനം നൽകുന്നതോ, ചരക്കുകളുടെ യാത്രക്കാരുടെയും ഗതാഗതമായ ബന്ധപ്പെട്ട ബിസിനസ്സ് നടത്തുന്നതോ ആയ നികുതി വിധേയ വ്യക്തിക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ മേലുള്ള ITC ലഭിക്കുകയുള്ളൂ.

ചോ.14. ചില സമയങ്ങളിൽ പല കാരണങ്ങളാൽ ചരക്കുകൾ നശി

ക്കുകയോ നഷ്ടപ്പെടുകയോ ആവാം. അത്തരം ചരക്കുകളുടെമേൽ  ഒരു വ്യക്തിക്ക് ITC എടുക്കാൻ സാധിക്കുമോ?

ഉ. ഇല്ല. ചരക്കുകൾ നഷ്ടപ്പെട്ടാലോ, മോഷണം, നശിക്കുക, എഴുതി തള്ളുകയോ ചെയ്താൽ ആ വ്യക്തിക്ക് ITC എടുക്കാൻ സാധിക്കില്ല. ഇതു കൂടാതെ സൗജന്യ സാമ്പിളായോ ഗിഫ്റ്റായോ നൽകുന്ന ചരക്കുകളുടെ മേലുള്ള ITC യും അനുവദനീയമല്ല.

ചോ.15. ബിസിനസ്സാവശ്യത്തിനുവേണ്ടിയുള്ള  കെട്ടിടത്തിന്റെ നിർമ്മാണാവശ്യത്തിനുപയോഗിക്കുന്ന  ചരക്കുകളുടെയും സേവനങ്ങളുടെയും മേലുള്ള ITC ഒരു രജിസ്റ്റേർഡ് നികുതിദായകന് ലഭിക്കുമോ?

ഉ. ഇല്ല. പ്ലാന്റും മെഷീനറിയും ഒഴികെയുള്ള എല്ലാ സ്ഥാവര സ്വത്ത് (Immovable property) ക്കളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ITC ഒരു വ്യക്തിക്ക് അനുവദനീയമല്ല.

ചോ.16. ഒരു പുതിയ രജിസ്റ്റേർഡ് വ്യക്തിക്ക് ലഭിക്കുന്ന ITC എന്തൊക്കെയാണ്.?

ഉ. പുതിയതായി രജിസ്ട്രേഷൻ എടുക്കുന്ന ഒരാളിന് അയാൾ രജിസ്ട്രേഷൻ എടുക്കുന്നതിന്റെ തൊട്ടുമുമ്പുള്ള ദിവസം അയാളുടെ കൈവശമുള്ള ഇൻപുട്ടിന്മേലും നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം കഴിഞ്ഞതുമായ ചരക്കിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിന്റെയും ക്രെഡിറ്റ് എടുക്കാവുന്നതാണ്. ഒരാൾ താൻ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥനാണെന്നറിഞ്ഞതിന്റെ 30 ദിവസത്തിനകം രജിസ്ട്രേഷന് അപേക്ഷിക്കുകയും ചെയ്താൽ അയാൾ നികുതിയടയ്ക്കാൻ ബാധ്യസ്ഥനാണ് എന്നറിഞ്ഞ ദിവസത്തിന് തൊട്ടുമുമ്പുള്ള ദിവസം അയാളുടെ കൈവശമുള്ള ഇൻപുട്ടിന്മേലും നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം കഴിഞ്ഞതുമായ ചരക്കിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിന്റെയും നികുതി ക്രെഡിറ്റ് എടുക്കാവുന്നതാണ്.

ചോ.17. 2017 ഓഗസ്റ്റ് ഒന്നാം തീയതി അടയ്ക്കാൻ ബാധ്യസ്ഥനാവുകയും ആഗസ്റ്റ് 15 -ാം തീയതി രജിസ്ട്രേഷൻ ലഭിക്കുകയും ചെയ്ത ഒരാൾ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കേണ്ടത് ഏതു ദിവസത്തെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിലാണ്.?

i. 01/08/2017
ii. 31/08/2017
iii. 15/08/2017
iv. കഴിഞ്ഞ കാലത്തേയ്ക്ക് വേണ്ടി ക്രെഡിറ്റ് എടുക്കാൻ സാധ്യമല്ല.

ഉ. 31/07/2017

ചോ.18. സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്ന ആളുടെ കൈവശമുള്ള ഇൻപുട്ടിനുമേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അർഹത എന്താണ്?

ഉ. സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്ന ഒരാളിന് അയാൾ രജിസ്ട്രേഷൻ എടുക്കുന്നതിന് തൊട്ടുമുമ്പുള്ള ദിവസം അയാളുടെ കൈവശമുള്ള ഇൻപുട്ടിന്മേലും, നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം കഴിഞ്ഞതുമായ ചരക്കിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിന്റെയും ക്രെഡിറ്റ് എടുക്കാവുന്നതാണ്.

ചോ.19. ഒരു നികുതിദായകന്റെ സ്ഥാപകഘടനയിൽ (കോൺസ്റ്റിറ്റ്യൂഷൻ) മാറ്റം വരുമ്പോൾ അയാളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ അർഹത എന്തായിരിക്കും.?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായകന് തന്റെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ബാക്കിയുള്ള ഉപയോഗിക്കാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യാൻ അനുവദനീയമാണ്. ബാധ്യത കൈമാറ്റം ചെയ്യുന്നതിന് പ്രത്യേക വ്യവസ്ഥ നൽകിയിട്ടുണ്ട്.

ചോ.20. നികുതി വിധേയമായതും നികുതി വിധേയമല്ലാത്തതുമായ സപ്ലൈകൾക്ക് വേണ്ടി ഉപയോഗിച്ച ചരക്കുകളോ സേവനങ്ങളോ സ്വീകരിച്ച ഒരു നികുതിദായകന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമോ ആ രജിസ്റ്റേർഡ് നികുതിദായകന്?

ഉ. ഒരു രജിസ്റ്റേർഡ് നികുതി വിധേയ വ്യക്തിക്ക് നികുതി വിധേയ സപ്ലൈകൾക്കുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും മാത്രം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും. അർഹതയുള്ള ക്രെഡിറ്റ് കണക്കാക്കേണ്ട രീതി ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്.

ചോ.21. നികുതി വിധേയ സപ്ലൈകൾക്കുമാത്രം പ്രയോജനപ്പെടത്തിയ ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയാണെങ്കിൽ, ഒഴിവാക്കപ്പെട്ട സപ്ലൈകൾ

കയറ്റുമതി ചെയ്യുമ്പോൾ ഇത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ നഷ്ടത്തിലേയ്ക്ക് നയിക്കില്ലേ?

ഉ. അനുവദനീയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആവശ്യത്തിനായി സീറോ നിരക്കിലുള്ള സപ്ലൈകളെ നികുതി വിധേയ സപ്ലൈകൾക്കകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒഴിവാക്കപ്പെട്ട സപ്ലൈകൾ ഉൾക്കൊള്ളിച്ചിട്ടുള്ള IGST നിയമത്തിൽ സീറോ നിരക്കിലുള്ള സപ്ലൈകളുടെ വ്യാപ്തിയെക്കുറിച്ച് നിർദ്ദേശിച്ചിട്ടുണ്ട്.

ചോ.22. ക്രെഡിറ്റ് ലഭിക്കുന്നതിന്റെ ആവശ്യത്തിലേക്കായി താഴെപ്പറയുന്നതിൽ ഏതാണ് നികുതി വിധേയ സപ്ലൈകൾ കണക്കാക്കുന്നതിന് ഉൾക്കൊള്ളിച്ചിട്ടുള്ളത്?

i). സീറോ നിരക്കിലുള്ള സപ്ലൈകൾ

ii). ഒഴിവാക്കപ്പെട്ട സപ്ലൈകൾ

iii). രണ്ടും

ഉ. സീറോ നിരക്കിലുള്ള സപ്ലൈകൾ

ചോ.23. ഒരു രജിസ്റ്റേർഡ് നികുതി ദായകൻ തനിക്കു ലഭിച്ച ചരക്കുകളും സേവനങ്ങളും ഭാഗീകമായി വ്യാപാരാവശ്യത്തിനും ഭാഗീകമായി വ്യാപരേതരാവശ്യത്തിനും ഉപയോഗിക്കുകയാണെങ്കിൽ അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുമോ?

ഉ. ഒരു രജിസ്ട്രേഡ് നികുതിദായകന് വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മാത്രം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ സാധിക്കുകയുള്ളു. അർഹതയുള്ള ക്രെഡിറ്റ് കണക്കാക്കേണ്ട രീതി ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്.

ചോ.24. കോമ്പൗണ്ടിംഗ് രീതിയിൽ നികുതി അടച്ചു കൊണ്ടിരിക്കുന്ന ഒരു ഡീലർ, അയാൾ കോമ്പൗണ്ടിംഗ് പരിധി കടന്ന് ഒരു സാധാരണ നികുതിദായകനാകുന്നു. അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമോ? എങ്കിൽ എന്നുമുതൽ?

ഉ. നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാകുന്ന തീയതിയുടെ തൊട്ടുമുൻ ദിവസം കൈവശമുള്ള സ്റ്റോക്കിൻമേൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും, നിർമ്മാണം പൂർത്തിയാക്കിയതോ നിർമ്മാണത്തിൽ ഇരിക്കുന്നതോ ആയ ഉൽപ്പന്നങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും ക്യാപ്പിറ്റൽ ഗുഡ്സ്കളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും (നിർദ്ദേ

ശിക്കപ്പെട്ട പോയിന്റ് വരെ കുറയ്ക്കാവുന്നതാണ്.) ക്രെഡിറ്റ് എടുക്കാവുന്നതാണ്. അർഹതയുള്ള ക്രെഡിറ്റ് കണക്കാക്കേണ്ട രീതി ചട്ടങ്ങളിൽ നൽകിയിട്ടുണ്ട്.

ചോ.25. ബാങ്കിംഗ് കമ്പനികൾക്ക് പ്രത്യേക വ്യവസ്ഥകൾ ഉണ്ടോ?

ഉ. പ്രത്യേക സേവനങ്ങളുടെ സപ്ലൈയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ബാങ്കിംഗ് കമ്പനിക്ക് അല്ലെങ്കിൽ നോൺ - ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി ഉൾപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് ഒന്നുകിൽ ആനുപാതികമായ ക്രെഡിറ്റോ അല്ലെങ്കിൽ അർഹതപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ 50% ലഭിക്കുന്നതാണ്.

ചോ.26. Mr. A എന്ന ഒരു രജിസ്റ്റേർഡ് നികുതിദാതാവ് 2017 ജൂലൈ 30 വരെ കോമ്പോസിഷൻ നിരക്കിൽ നികുതി നൽകുകയും 2017 ജൂലൈ 31 മുതൽ സാധാരണ നിരക്കിലുള്ള നികുതി കൊടുക്കാൻ ബാധ്യസ്ഥനാവുകയും ചെയ്താൽ അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

ഉ. 2017 ജൂലൈ 30 ാം തീയതി അയാളുടെ കൈവശമുള്ള ഇൻപുട്ടിലും നിർമ്മാണം പൂർത്തി ആയതും പൂർത്തി ആകാത്തതുമായ ഉല്പന്നങ്ങളിൽ ഉൾപ്പെട്ട ഇൻപുട്ടുകളുടെയും ക്യാപ്പിറ്റൽ ഗുഡ്സിന്റെയും (നിർദ്ദേശിക്കപ്പെട്ട കുറഞ്ഞ ശതമാന പോയിന്റിൽ) ഇൻപുട്ടിന്റെ മേലുള്ള നികുതി Mr. A യ്ക്ക് ക്രെഡിറ്റായി ലഭിക്കാൻ അർഹതയുണ്ട്.

ചോ.27. Mr. B എന്നയാൾ രജിസ്ട്രേഷനു വേണ്ടി 5/06/17 ന് സ്വമേധയാ അപേക്ഷിക്കുകയും 22/06/17 ന് രജിസ്ട്രേഷൻ ലഭിക്കുകയും ചെയ്തതാൽ അയാൾ ഏതു രീതിയിലുള്ള സ്റ്റോക്കിലുള്ള ഇൻപുട്ടിന്റെ ക്രെഡിറ്റിനാണ് അർഹനാകുന്നത്?

ഉ. 21/06/2017 ൽ അയാളുടെ കൈവശമുള്ള ഇൻപുട്ടിന്റെയും നിർമ്മാണം പൂർത്തിയായതും ആകാത്തതുമായ ഉല്പന്നങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിന്റെയും നികുതി ക്രെഡിറ്റിന് അർഹതയുണ്ട്. Mr. B യ്ക്ക് ക്യാപ്പിന്റെയും ഗുഡ്സിന്റെ ഇൻപുട്ട് ടാക്സ് എടുക്കാൻ സാധിക്കില്ല.

ചോ.28. ഒരു രജിസ്റ്റേർഡ് നികുതിദായകൻ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്താലോ അല്ലെങ്കിൽ അയാൾ സപ്ലൈ ചെയ്ത ചരക്കുകളും സേവനങ്ങളും മുഴുവനായി നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടാലോ അയാൾക്ക് ലഭിച്ച ഇൻപുട്ട്

ടാക്സ് ക്രെഡിറ്റിനെന്തു സംഭവിക്കും.?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായകൻ, നകുതി ഒഴിവാക്കപ്പെട്ട തീയതിക്കോ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത തീയതിക്കോ തൊട്ടുമുൻപുള്ള ദിവസത്തിൽ കൈവശമുണ്ടായിരുന്ന സ്റ്റോക്കിൻ മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് തുല്യമായ തുക അടയ്ക്കണം. ക്യാപ്പിറ്റൽ ഗുഡ്സിന്റെ കാര്യത്തിൽ നിശ്ചിത ശതമാനം കുറച്ചതിനു ശേഷമാണ് അടയ്ക്കേണ്ട തുക കണക്കാക്കേണ്ടത്. ക്രെഡിറ്റ് ലെഡ്ജറിൽ മതിയായ ബാലൻസ് ഉണ്ടെങ്കിൽ ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജറിൽ ഡെബിറ്റ് ചെയ്തോ അല്ലെങ്കിൽ ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിൽ ഡെബിറ്റ് ചെയ്തോ പെയ്മെന്റ് നടത്താവുന്നതാണ്. ക്രെഡിറ്റ് ലഡ്ജറിൽ എന്തെങ്കിലും ബാലൻസ് ഉണ്ടെങ്കിൽ അതു നഷ്ടമായേക്കും.

ചോ.29. ITC ലഭിക്കുന്നതിന് ഏതെങ്കിലും കാലാവധി നിബന്ധനയുണ്ടോ?

ഉ. പുതിയ രജിസ്ട്രേഷൻ കോമ്പോസിഷൻ സ്കീമിൽ നിന്ന് സാധാരണ സ്കീമിലേയ്ക്കുള്ള മാറ്റം, നികുതി വിധേയ സപ്ലൈകൾ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുക തുടങ്ങിയ അവസരങ്ങളിൽ അതുമായി ബന്ധപ്പെട്ട വ്യക്തിക്ക് അത്തരം സപ്ലൈ നടന്നതിന്റെ ടാക്സ് ഇൻവോയ്സ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷ കാലാവധിക്കു ശേഷം ITC ലഭിക്കില്ല.

ചോ.30. സ്വീകർത്താവ് സമർപ്പിച്ച ഇൻവേർസ് സപ്ലൈകളുടെ വിശദാംശങ്ങളും സപ്ലൈയർ തന്റെ സാധുതയുള്ള റിട്ടേണിൽ സമർപ്പിച്ചിരിക്കുന്ന ഔട്ട്വേർഡ് സപ്ലൈകളുടെ വിശദാംശങ്ങളും ഒന്നുപോലെ ആയില്ലെങ്കിൽ എന്തു സംഭവിക്കും?

ഉ. വ്യത്യാസം (പൊരുത്തക്കേട്) കാണുന്ന അവസരത്തിൽ രണ്ടു പാർട്ടികളെയും അറിയിച്ചിരിക്കണം. വ്യത്യാസം പരിഹരിച്ചില്ലാ എങ്കിൽ വ്യത്യാസം (പൊരുത്തക്കേട്) അറിയിച്ച മാസത്തിൽ തൊട്ടുമുൻപുള്ള മാസത്തിൽ സ്വീകർത്താവിന്റെ റിട്ടേണിലെ ഔട്ട്പുട്ട് ബാധ്യതയുമായി ഈ തുക കൂട്ടിയിരിക്കണം.

ചോ.31. ഒരുപോലെ ആയതിനുശേഷം മാത്രമാണോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്നത്.?

ഉ. ഇല്ല. താല്ക്കാലികമായി രണ്ടുമാസത്തേയ്ക്ക് കൂടി ഇൻപുട്ട്

ടാക്സ് ക്രെഡിറ്റ് അനുവദിക്കും. സിസ്റ്റം പ്രകാരം സപ്ലൈ വിവരങ്ങൾ മാച്ചാകുകയും കുറവുകൾ ബന്ധപ്പെട്ട സപ്ലൈയറിനെയും സ്വീകർത്താവിനെയും അറിയിക്കുകയും ചെയ്യുന്നു. വ്യത്യാസം (പൊരുത്തക്കേട്) തുടരുകയാണെങ്കിൽ എടുത്ത ഇൻകംടാക്സ് ക്രെഡിറ്റ് തനിയെ റിവേഴ്സ് ആകും.

ചോ.32. എല്ലാത്തരം ബാധ്യതകളുടെയും അടവിനുവേണ്ടി ഉപയോഗിക്കാൻ താല്ക്കാലികമായി അനുവദിച്ച ITC കൊണ്ട് സാധിക്കുമോ?

ഉ. ഇല്ല. റിട്ടേണിലെ സെൽഫ് - അസ്സസ്ഡ് ഔട്ട്പുട്ട് നികുതി അടയ്ക്കാൻ മാത്രമേ താല്ക്കാലികമായി അനുവദിച്ച ITC ഉപയോഗിക്കാവൂ.

ചോ.33. ഒരു നികുതിദാതാവ് സപ്ലൈ ചെയ്ത ക്യാപ്പിറ്റൽ ഗുഡ്സിന്റെ മേൽ ഉള്ള ടാക്സിന്റെ ക്രെഡിറ്റ് എടുത്താൽ അതിന്റെ പരിണിത ഫലം എന്തായിരിക്കും.?

ഉ. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത ക്യാപ്പിറ്റൽ ഗുഡ്സോ പ്ലാന്റും മെഷീണറിയോ സപ്ലൈ ചെയ്യുകയാണെങ്കിൽ നികുതിദാതാവ് ക്യാപ്പിറ്റൽ ഗുഡ്സ് അല്ലെങ്കിൽ പ്ലാന്റും മെഷീണറിയുടെ മേൽ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൽ നിന്നും ഒരു നിശ്ചിത ശതമാനം കുറച്ച ശേഷമുള്ള തുകയ്ക്ക് തുല്യമായതോ അല്ലെങ്കിൽ ആ ക്യാപ്പിറ്റൽ ഗുഡ്സിന്റെ ട്രാൻസാക്ഷൻ മൂല്യത്തിൻമേലുള്ള നികുതിയോ ഏതാണ് കൂടുതൽ അതു തിരിച്ചടയ്ക്കേണ്ടതാണ്.

ചോ.34. ഒരു രജിസ്റ്റേർഡ് നികുതിദായകൻ ITC എടുത്ത ക്യാപ്പിറ്റൽ ഗുഡ്സ് സപ്ലൈ ചെയ്താൽ ഉണ്ടാകുന്ന കുഴപ്പം എന്താണ്?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായകൻ നിശ്ചിത ശതമാനം കുറച്ചതിനു ശേഷമുള്ള ITC യ്ക്കു തുല്യമായ തുക അല്ലെങ്കിൽ ഇടപാടു മൂല്യത്തിൻമേലുള്ള നികുതി ഇവയിൽ ഏതാണോ വലുത് അടയ്ക്കേണ്ടതാണ്. റീഫ്രാക്ടറി ബ്രിക്സ്, മോൾഡ്, ജിഗ്സും, ഫിക്സ്ച്ചേർസും സ്ക്രാപ്പ് ആയി സപ്ലൈ ചെയ്യുകയാണെങ്കിൽ നികുതിദായകന് ഇടപാട് മൂല്യത്തിന്റെ നികുതി അടയ്ക്കാൻ സാധിക്കും.

# ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം ജി. എസ്. ടി യിൽ

# ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം ജി. എസ്. ടി യിൽ

ചോ.1. എന്താണ് ഇൻപുട്ട് സേവനം വിതരണം ചെയ്യുന്നയാൾ (ISD) എന്നാൽ എന്താണ്?

ഉ. ഇൻവോയ്സ്സുകൾ സ്വീകരിക്കുകയും, ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, തങ്ങളുടെ അതെ പാൻ (PAN) നമ്പറുള്ള മറ്റ്ചരക്ക് സേവന ദാതാക്കൾക്ക് വിതരണം ചെയ്യാൻ വേണ്ടി ഇൻവോയ്സോ കേന്ദ്രനികുതി (CGST), സംസ്ഥാന നികുതി (SGST)/കേന്ദ്രഭരണ പ്രദേശ നികുതി (UTGST) അല്ലെങ്കിൽ ഇന്റഗ്രേറ്റഡ് നികുതി (IGST) എന്നിവ അടച്ച തിന്റെ ക്രെഡിറ്റ് വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള നിശ്ചിത രേഖ പുറപ്പെടുവിക്കുകയോ ചെയ്യുന്ന ചരക്കു സേവന ദാതാക്കളുടെ ഓഫീസിനെയാണ് ഇൻപുട്ട് സേവന വിതരണക്കാരൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

ചോ.2. ഇൻപുട്ട് സർവ്വീസ് വിതരണക്കാരനായി രജിസ്റ്റർ ചെയ്താൽ എന്തൊക്കെ ആവശ്യമുണ്ട്?

ഉ. ഒരു ISD പ്രത്യേക രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും വേറൊരു രജിസ്ട്രേഷൻ എടുക്കേണ്ടത് ആവശ്യമാണ്. നികുതി രഹിത വരുമാന പരിധി ഇവർക്ക് (ISD) ബാധകമല്ല. സേവന നികുതി നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള ISD പുതിയ GST സമ്പ്രദായത്തിലേയ്ക്ക് മാറ്റപ്പെടുന്നതല്ല. നിലവിലുള്ള എല്ലാ ഇൻപുട്ട് സർവ്വീസ് വിതരണക്കാരും, അത് തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പുതിയ നിയമപ്രകാരമുള്ള പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

ചോ.3. ഒരു ISD യ്ക്ക് ക്രെഡിറ്റ് വിതരണം ചെയ്യാൻ വേണ്ടിയുള്ള രേഖകൾ എന്തൊക്കെയാണ്.?

ഉ. ആ പ്രത്യേക ആവശ്യത്തിനു വേണ്ടി പ്രത്യേകമായി രൂപകല്പന ചെയ്ത രേഖയിലൂടെയാണ് ക്രെഡിറ്റ് വിതരണം നടത്തേണ്ടത്. ഈ രേഖയിൽ വിതരണം ചെയ്യേണ്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക അടങ്ങിയിരിക്കും.

ചോ.4. എല്ലാ സപ്ലൈയറുകൾക്കും ഒരു ISD യ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിതരണം ചെയ്യാൻ സാധിക്കുമോ?

ഉ. ഇല്ല. ബിസിനസ്സിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇൻപുട്ട് സേവനങ്ങൾ ഉപയോഗിച്ച രജിസ്റ്റേർഡ് നികുതിദായകർക്കു മാത്രമാണ് ഇൻപുട്ട് സേവനങ്ങളുടെ ഇൻപുട്ട് നികുതി ക്രെഡിറ്റ് വിതരണം ചെയ്യേണ്ടത്.

ചോ.5. ഒരു സപ്ലൈയർക്ക് ബിസിനസ്സിന്റെ സാധാരണ പ്രവർത്തനങ്ങൾക്കോ അഭിവൃദ്ധിക്കുവേണ്ടി ഉപയോഗിച്ച ഇൻപുട്ട് സേവനങ്ങളുടെ അളവിന്റെ ഒന്നിനോടൊന്നു ചേർന്ന ബന്ധം പല പ്രാവശ്യം നടപ്പിലാക്കാൻ സാധ്യമല്ല. ഇത്തരം സന്ദർഭങ്ങളിൽ ISD എങ്ങനെയാണ് ITC വിതരണം നടത്തേണ്ടത്.?

ഉ. ഇത്തരം സന്ദർഭങ്ങളിൽ, വിതരണം ഒരു സൂത്രവാക്യം അടിസ്ഥാനമാക്കിയാണ് - ആദ്യമായി, ഇൻപുട്ട് സേവനങ്ങൾ വിതരണം ചെയ്യപ്പെട്ട ഇൻപുട്ടു നികുതി ക്രെഡിറ്റിന്റെ സ്വീകർത്താക്കൾക്ക് മാത്രമാണ് വിതരണം നടത്തേണ്ടത്. രണ്ടാമതായി, ഓപ്പറേഷണൽ യൂണിറ്റുകൾക്കിടയിലാണ് വിതരണം നടത്തപ്പെടേണ്ടതാണ്. മൂന്നാമതായി ഇൻപുട്ട് സേവനങ്ങൾ വിതരണം ചെയ്യപ്പെട്ട എല്ലാ സ്വീകർത്താക്കളുടെയും എണ്ണം സംസ്ഥാനം / കേന്ദ്രഭരണ പ്രദേശത്തെ സ്വീകർത്താവിന്റെ ആ കാലയളവിന്റെ വിറ്റുവരവ് എന്നതിന്റെയും നിരക്കിനനുസരിച്ചാണ് വിതരണം നടത്തേണ്ടത്. അവസാനമായി, വിതരണത്തിന് ലഭ്യമായ ക്രെഡിറ്റിനെക്കാളും കൂടുതൽ ആകരുത് വിതരണം ചെയ്ത ക്രെഡിറ്റ്.

ചോ.6. ISD കവറിനു വേണ്ടി ഉപയോഗിച്ച വിറ്റുവരവ് എന്താണ്?

ഉ. ISD ആവശ്യത്തിനുവേണ്ടിയുള്ള വിറ്റുവരവിൽ ഭരണഘടനാ 7ാം ഷെഡ്യൂളിലെ 84 ാം എൻട്രിയിലൂടെ ലിസ്റ്റ് 1 ഉം എന്റ്റി 51 ഉം എന്റ്റി 54 ലെ ലിസ്റ്റ് 11 പ്രകാരമുള്ള ഏതെങ്കിലും ഡ്യൂട്ടി അല്ലെങ്കിൽ നികുതി ചുമത്തിയത് ഉൾപ്പെടാൻ പാടില്ല.

ചോ.7. ഇൻപുട്ട് സർവ്വീസ് വിതരണം (IST) ചെയ്യുന്ന ആൾ റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടോ?

ഉ. അതെ. ISD ഓരോ മാസത്തെയും റിട്ടേൺ അടുത്ത മാസം 13-ാം തീയതിക്കകം ഫയൽ ചെയ്യേണ്ടതാണ്.

ചോ.8. ഒരു കമ്പനിക്ക് ഒന്നിലധികം ISD രജിസ്ട്രേഷൻ എടുക്കാമോ?

ഉ. എടുക്കാം. മാർക്കറ്റിംഗ് വിഭാഗം, സുരക്ഷാ വിഭാഗം തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങൾ ഉള്ളപ്പോൾ ഓരോന്നിനും പ്രത്യേകം ISD രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

ചോ.9. ISD അധികമായി വിതരണം ചെയ്യപ്പെട്ട തെറ്റായി വിതരണം ചെയ്യപ്പെട്ട ക്രെഡിറ്റ് തുടങ്ങിയവ തിരിച്ചു പിടിക്കാൻ വേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉ. വിതരണം ചെയ്ത ക്രെഡിറ്റ് അധികമായോ തെറ്റായോ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വകുപ്പ് 73,74 എന്നിവ അനുസരിച്ച് ക്രെഡിറ്റ് സ്വീകരിച്ച വ്യക്തിയിൽ നിന്ന് പലിശ ഉൾപ്പെടെ തിരിച്ചു പിടിക്കാവുന്നതാണ്.

ചോ.10. ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, CGST,CGST ക്രെഡിറ്റുകൾ വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്വീകർത്താക്കൾക്ക് വിതരണം ചെയ്യാമോ?

ഉ. അതെ. CGST ക്രെഡിറ്റ് IGST എന്ന നിലയിലും IGST ക്രെഡിറ്റ് CGST എന്ന നിലയിലും വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്വീകർത്താക്കൾക്ക് ഒരു ISD യ്ക്ക് വിതരണം ചെയ്യാവുന്നതാണ്.

ചോ.11. ഒരു ഇൻപുട്ട് സേവന വിതരണക്കാരന്, SGST, UTGST ക്രെഡിറ്റുകൾ വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന സ്വീകർത്താക്കൾക്ക് IGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

ഉ. അതെ, ഒരു ഇൻപുട്ട് സേവന വിതരണക്കാരന് SGST, UTGST ക്രെഡിറ്റുകൾ IGST ക്രെഡിറ്റായി വിതരണം ചെയ്യാൻ സാധിക്കും.

ചോ.12. ഒരു ഇൻപുട്ട് സേവന വിതരണക്കാരൻ CGST, IGST ക്രെഡിറ്റുകൾ CGST ക്രെഡിറ്റായി വിതരണം ചെയ്യാൻ സാധിക്കുമോ?

ഉ. അതെ ഒരേ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന സ്വീകർത്താക്കൾക്ക് CGST / IGST ക്രെഡിറ്റുകൾ CGST യായി വിതരണം

ചെയ്യാൻ ഒരു ISD യ്ക്ക് സാധിക്കും.

ചോ.13. SGST/ UTGST, IGST ക്രെഡിറ്റുകൾ SGST/ UTGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

ഉ. അതെ ഒരു ഇൻപുട്ട് സേവന വിതരണക്കാരന് SGST/ UTGST, IGST ക്രെഡിറ്റുകൾ SGST/ UTGST ക്രെഡിറ്റായി അതേ സംസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന സ്വീകർത്താക്കൾക്ക് വിതരണം ചെയ്യാവുന്നതാണ്.

ചോ.14. പൊതുവായി ഉപയോഗിച്ച സേവനങ്ങളുമായി ബന്ധപ്പെട്ട ക്രെഡിറ്റ്, എല്ലാ സ്വീകർത്താക്കൾക്കുമായി എങ്ങനെ വിതരണം ചെയ്യും.

ഉ. പൊതുവായി ഉപയോഗിച്ച സേവനങ്ങളുടെ ക്രെഡിറ്റ് എല്ലാ സ്വീകർത്താക്കൾക്കുമായി ഒരു മുൻകൂർ നിശ്ചയിച്ച ആനുപാതിക നിരക്കിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യേണ്ടത്. അതായത് ഓരോ സ്വീകർത്താവിന്റെയും വിറ്റുവരവും ക്രെഡിറ്റ് വിതരണം ചെയ്യപ്പെടുന്ന എല്ലാ സ്വീകർത്താക്കളുടെയും മൊത്തം വിറ്റുവരവും തമ്മിലുള്ള അനുപാതം എത്രയാണോ അതനുസരിച്ച് ക്രെഡിറ്റ് വിതരണം ചെയ്യാവുന്നതാണ്.

ചോ.15. ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് CGST/ GST/ ക്രെഡിറ്റുകൾ ---------- എന്ന നിലയിൽ അന്യ സംസ്ഥാനത്തേക്ക് വിതരണം ചെയ്യാവുന്നതാണ്.

i. IGST
ii. CGST
iii. SGST

ഉ. i. IGST

ചോ.16. ഒരു ഇൻപുട്ട് സേവന വിതരണക്കാരന് CGST ക്രെഡിറ്റ് സംസ്ഥാനത്തിനകത്ത് ------------ എന്ന നിലയിൽ വിതരണം ചെയ്യാവുന്നതാണ്.

i. IGST
ii. CGST
iii. SGST
iv. മേൽപ്പറഞ്ഞതിൽ ഏതുമാകാം.

ഉ. ii. CGST

ചോ.17. ഒന്നിലധികം സപ്ലൈയർമാർ ഉപയോഗിക്കുന്ന ഇൻപുട്ട് സേവനങ്ങളുടെമേൽ അടച്ച നികുതിയുടെ ക്രെഡിറ്റ്-----

-----

i. അത്തരം സേവനം ഉപയോഗിച്ച സപ്ലൈയർമാർക്ക് ആ സംസ്ഥാനത്തെ വിറ്റുവരവിന്റെ ആനുപാതികമായി വിതരണം ചെയ്യണം.

ii. എല്ലാ സപ്ലൈയർമാർക്കും തുല്യമായി വിതരണം ചെയ്യണം.

iii. ഒരു സപ്ലൈയർക്ക് മാത്രമായി വിതരണം ചെയ്യുക.

iv. വിതരണം ചെയ്യാൻ പാടില്ല.

ഉ. i). അത്തരം സേവനം ഉപയോഗിച്ച സപ്ലൈയർമാർക്ക് ആ സംസ്ഥാനത്തെ വിറ്റുവരവിന്റെ ആനുപാതികമായി വിതരണം ചെയ്യണം.

ചോ.18. അർഹിക്കുന്നതിലധികം ക്രെഡിറ്റ് വിതരണം ചെയ്താൽ ഇൻപുട്ട് സേവന വിതരണക്കാരനിൽ നിന്ന് തിരിച്ചു പിടിക്കാൻ ഡിപ്പാർട്ട്മെന്റിന് കഴിയുമോ?

ഉ. ഇല്ല. അധികമായി വിതരണം ചെയ്ത ക്രെഡിറ്റ് പലിശയോടുകൂടി സ്വീകർത്താവിൽ നിന്നുമാത്രമേ തിരിച്ചു പിടിക്കാൻ സാധിക്കൂ. അല്ലാതെ ഇൻപുട്ട് സേവന വിതരണക്കാരനിൽ നിന്നല്ല, ക്രെഡിറ്റ് തിരിച്ചുപിടിക്കാൻ വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

ചോ.19. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്രെഡിറ്റ് വിതരണം ചെയ്താലുള്ള അനന്തരഫലങ്ങൾ എന്താണ്.?

ഉ. നിയമത്തിനു വിരുദ്ധമായി വിതരണം ചെയ്ത ക്രെഡിറ്റ് അത് സ്വീകരിച്ച ആളിൽ നിന്ന് പലിശ സഹിതം തിരച്ചുപിടക്കാവുന്നതാണ്.

# റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും

# റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും

ചോ.1. റിട്ടേണുകളുടെ പ്രയോജനം എന്താണ്?

ഉ. i. നികുതി വ്യവസ്ഥയിലേയ്ക്കുള്ള വിവരവിനിമയ മാർഗ്ഗം.

ii. നികുതി വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്ന് നോക്കാനുള്ള (Taxcompliance) പരിശോധന പദ്ധതി.

iii. നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതിദായകന്റെ നികുതി ബാദ്ധ്യത തിട്ടപ്പെടുത്തൽ, നിർദ്ദിഷ്ട കാലയളവിലെ നികുതി ബാധ്യത പ്രസ്താവിക്കുക.

iv. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടതായ വിവരങ്ങൾ നല്കുക.

v. നികുതി വെട്ടിപ്പിനെതിരെയുള്ളതും (Antievasion) കണക്കു പരിശോധനയുമായും (Andif) ബന്ധപ്പെട്ട നികുതി വ്യവസ്ഥാ പദ്ധതികളുടെ നിർവ്വഹണം.

ചോ.2. ചരക്കുസേവന നികുതി വ്യവസ്ഥയിൽ ആരൊക്കെ റിട്ടേണുകൾ സമർപ്പിക്കണം.?

ഉ. ചരക്കുസേവന നികുതി നിയമപ്രകാരം എല്ലാ രജിസ്റ്റേർട് നികുതിദായകരും ഒരു ഫോമിൽ അല്ലെങ്കിൽ വേറൊന്നിൽ റിട്ടേണുകൾ സമർപ്പിച്ചിരിക്കണം. സാധാരണ സപ്ലൈയർ ആണെങ്കിൽ ഓരോ മാസവും കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത സപ്ലൈയർ ആണെങ്കിൽ ക്വാർട്ടർലി അടിസ്ഥാനമാക്കിയും രജിസ്റ്റേർഡ് നികുതിദായകന്റെ റിട്ടേൺസ് സമർപ്പിച്ചിരിക്കണം. ഒരു ഇൻപുട്ട് സേവന വിതരണക്കാരൻ (ISD) ഓരോ മാസവും വിതരണം നടത്തുന്ന ക്രെഡിറ്റിന്റെ

വിശദാംശങ്ങൾ കാണിക്കുന്ന റിട്ടേൺസ് ആമാസം തന്നെ സമർപ്പിക്കണം. TDS (ഉറവിടത്തിൽ നികുതി കുറയ്ക്കുക) നടത്തുന്ന വ്യക്തികളും TCS (ഉറവിടത്തിൽ വച്ചു തന്നെ നികുതി പിരിക്കുക) നടത്തുന്ന വ്യക്തികളും കുറച്ച് / പിരിച്ച തുകയെ കുറിച്ചുള്ള വിവരങ്ങളും നിർദ്ദിഷ്ട മറ്റു വിവരങ്ങളും കാണിക്കുന്ന റിട്ടേൺസ് മാസം തോറും സമർപ്പിച്ചിരിക്കണം. ഒരു നിവാസേതര (Non- resident) നികുതിദായക വ്യക്തിയും പ്രവർത്തനങ്ങൾ നടത്തിയ കാലത്തെ റിട്ടേൺസ് സമർപ്പിച്ചിരിക്കണം.

ചോ.3. പുറത്തേക്കുള്ള സപ്ലൈ (Outward supply) സംബന്ധിച്ച് എന്തെക്കെ വിവരങ്ങളാണ് റിട്ടേണിൽ സമർപ്പിക്കേണ്ടത്?

ഉ. രജിസ്ട്രേഷനുള്ള ഒരു സാധാരണ നികുതിദായകൻ GSTR-1 ൽ ഒരു മാസത്തിൽ നടത്തിയ വിവിധതരം സപ്ലൈകളുമായി ബന്ധപ്പെട്ട വിവരങ്ങൾ അതായത്, രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുള്ള സപ്ലൈ, രജിസ്റ്റർ ചെയ്യാത്തവർക്കുള്ള (instomer) സപ്ലൈ, ക്രെഡിറ്റ്/ ഡെബിറ്റ് നോട്ടുകൾ, ശൂന്യ നികുതിയിലുള്ളതും ഒഴിവാക്കപ്പെട്ടതും ചരക്കുസേവന നികുതിയിൽപ്പെടാത്തതുമായ സപ്ലൈകൾ, കയറ്റുമതി, വരുംകാല സപ്ലൈയുമായി ബന്ധപ്പെട്ടു ലഭിച്ച മുൻകൂർ തുക, തുടങ്ങിയ വിവരങ്ങൾ സർപ്പിക്കേണ്ടതാണ്.

ചോ.4. GST R-1 നൊപ്പം ഇൻവോയ്സുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സമർപ്പിക്കേണ്ടതുണ്ടോ?

ഉ. ഇൻവോയ്സുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സമർപ്പിക്കേണ്ടതില്ല. ഇൻവോയ്സിലുള്ള നിർദ്ദേശിക്കപ്പെട്ട പ്രത്യേക വിവരങ്ങൾ മാത്രമേ അപ്ലോഡ് ചെയ്യേണ്ടതുള്ളൂ.

ചോ.5. എല്ലാ ഇൻവോയ്സുകളും അപ്ലോഡ് ചെയ്യേണ്ടതുണ്ടോ?

ഉ. ഇല്ല. അത് പുറത്തേക്കുള്ള സപ്ലൈ വ്യാപാരികൾ തമ്മിലുള്ളതോ (Business 2 Business (B2B)) അല്ലെങ്കിൽ വ്യാപാരിയും ഉപഭോക്താക്കളുമായുള്ളതോ (Business to Customer, B2C) ഒരേ സംസ്ഥാനത്തിനുള്ളിലുള്ളതോ അന്തർ സംസ്ഥാനമാണോ എന്നൊക്കെയുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

വ്യാപാരികൾ തമ്മിലുള്ളവ അത് ഒരേ സംസ്ഥാനത്തിലുള്ളതോ/ സംസ്ഥാനങ്ങൾ തമ്മിലുള്ളതോ ആയ, ഇടപാടുകളിൽ (B2B) എല്ലാ തരത്തിലുള്ള ഇൻവോയ്സുകളും അപ്ലോഡ് ചെയ്യേണ്ടതാണ്. എന്തുകൊണ്ട്? എന്തുകൊ

ണ്ടെന്നാൽ സ്വീകർത്താക്കൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതുകൊണ്ട് ഇൻവോയ്സുകൾ ഒത്തുനോക്കേണ്ടതായി വരുന്നു.

വ്യാപാരികൾ ഉപഭോക്താവിന് (B2C) കൊടുക്കുന്നവയിൽ സ്വീകർത്താവ് ക്രെഡിറ്റ് എടുക്കാത്തതുകൊണ്ട് പൊതുവേ അത്തരം ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യേണ്ടതില്ല. എങ്കിലും, ലക്ഷ്യാധിഷ്ഠിത നികുതി (Destination Based tax) തത്വങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള സംസ്ഥാനങ്ങൾ തമ്മിലുള്ള B2C സപ്ലൈയിൽ രണ്ടരലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രണ്ടരലക്ഷത്തിൽ താഴെ മൂല്യമുള്ള സംസ്ഥാനേതര ഇൻവോയ്സുകളിലും ഒരേ സംസ്ഥാനത്തിലുള്ള ഇൻവോയ്സുകളിലും സംസ്ഥാന തലത്തിൽ വേർതിരിച്ചുള്ള സംഗ്രഹം പര്യാപ്തമാണ്.

ചോ.6. ഇൻവോയ്സിലെ ഓരോ ഇനത്തിന്റെയും വിവരണം അപ്‌ലോഡ്ചെയ്യേണ്ടതുണ്ടോ?

ഉ. ഇല്ല. വിവരണം സമർപ്പിക്കേണ്ടതില്ല. ചരക്കുകളുടെ വിതരണവുമായി ബന്ധപ്പെട്ട HSN കോഡുകളും സേവനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ് കോഡുകളും അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്. സമർപ്പിക്കുന്നയാൾ അപ്‌ലോഡ് ചെയ്യേണ്ട അക്കങ്ങളുടെ എണ്ണം (HSN) അയാളുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവിനെ ആശ്രയിച്ചിരിക്കുന്നു.

ചോ.7. ഓരോ ഇടപാടിന്റെയും മൂല്യം കാണിക്കേണ്ടതുണ്ടോ? പ്രതിഫലമില്ലെങ്കിലോ?

ഉ. വേണം. മൂല്യം മാത്രമല്ല, നികുതിയോഗ്യ മൂല്യവും കാണിക്കേണ്ടതുണ്ട്. ചില അവസരങ്ങളിൽ രണ്ടും വ്യത്യസ്തമാകാം.

പ്രതിഫലമില്ലാത്ത സാഹചര്യത്തിൽ, ഷെഡ്യൂൾ ഒന്നിന്റെ അടിസ്ഥാനത്തിലുള്ള സപ്ലൈ ആണെങ്കിലും നികുതിയോഗ്യമായ മൂല്യം (Taxable value) നിർദ്ദിഷ്ട പ്രകാരം കണക്കാക്കി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ചോ.8. സപ്ലൈയർ വിട്ടുപോയ വിവരങ്ങൾ സ്വീകർത്താവിന് അയാളുടെ GSSTR-2 ൽ കാണിക്കാമോ?

ഉ. കാണിക്കാം. സപ്ലൈയർ വിട്ടുപോയ വിവരങ്ങൾ

സ്വീകർത്താവിന് ചേർക്കാം. അങ്ങനെയുള്ള ഇൻവോയ്സുകളിൽ താല്ക്കാലികമായി ക്രെഡിറ്റും നല്കും. എന്നാൽ അത് ഒത്തുനോട്ടത്തിന് വിധേയമായിരിക്കും. ഒത്തു നോക്കുമ്പോൾ ആ ഇൻവോയ്സ് സപ്ലൈയർ അപ്ലോഡ് ചെയ്തില്ലാ എങ്കിൽ രണ്ടുപേരെയും വിവരം അറിയിക്കും. പൊരുത്തക്കേട് പരിഹരിക്കപ്പെട്ടാൽ താല്ക്കാലിക ക്രെഡിറ്റ് സ്ഥിരപ്പെടുത്തും. പൊരുത്തക്കേട് തുടർന്നാൽ, താല്ക്കാലിമായി നൽകിയ ക്രെഡിറ്റ് കുഴപ്പം അറിയിച്ച മാസത്തിനു ശേഷം വരുന്ന സ്വീകർത്താവ് സമർപ്പിക്കുന്ന അടുത്ത മാസത്തെ ബാധ്യതയോടൊപ്പം കൂട്ടിയിരിക്കും.

ചോ.9. നികുതിദായകൻ എന്തെങ്കിലും വിവരങ്ങൾ GSTR-2 ൽ ചേർക്കേണ്ടതുണ്ടോ? അതോ GSTR-2 ൽ നിന്നും അതിലേയ്ക്ക് വിവരങ്ങൾ തനിയെ ചേക്കേറിക്കൊള്ളുമോ? (Auto populate)?

ഉ. വലിയൊരു ഭാഗം വിവരങ്ങൾ GSTSR-2 ൽ ചേക്കേറിക്കൊള്ളുമെങ്കിലും ഇറക്കുമതി, രജിസ്റ്റർ ചെയ്യാത്തതോ കോമ്പോസിഷൻ രീതി സ്വീകരിച്ചതോ ആയ ദാതാവ്/ ഒഴിവാക്കപ്പെട്ട നികുതി/ ചരക്കു സേവന നികുതിയിര / നികുതി രഹിത സപ്ലൈയർ തുടങ്ങിയവയുടെ വിശദാംശങ്ങൾ സ്വീകർത്താവിനേ പൂരിപ്പിക്കാനാവൂ.

ചോ.10. ഇൻവോയ്സുകൾ പൊരുത്തപ്പെട്ടില്ലെങ്കിൽ എന്താണ്? ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) കൊടുക്കുമോ നിഷേധിക്കുമോ? നിഷേധിക്കുമെങ്കിൽ സപ്ലൈയർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുക?

ഉ. GSTR-2 ലുള്ള ഇൻവോയ്സുകൾ സപ്ലൈയറുടെ GSTR-1 മായി പൊരുത്തപ്പെട്ടിട്ടില്ലെങ്കിൽ ആ പൊരുത്തക്കേട് സപ്ലൈയറെ അറിയിച്ചിരിക്കണം. രണ്ടുകൂട്ടരെയും വിവരമറിയിച്ചിട്ടും പൊരുത്തക്കേട് പരിഗണിക്കാതെ തുടർന്നുകൊണ്ട് പോകുന്നു. പൊരുത്തക്കേട് രണ്ടു കാരണങ്ങൾ കൊണ്ടാകാം. ഒന്ന്, സ്വീകർത്താവിന്റെ ഭാഗത്തു നിന്നുണ്ടായ അബദ്ധമാകാം, ഇത്തരം കേസുകളിൽ തുടർനടപടി ആവശ്യമാകുന്നില്ല. രണ്ടാമത്തെ കാരണം, സപ്ലൈയർ ഇൻവോയ്സ് നൽകിയിരിക്കാം. എന്നാൽ അയാൾ അത് അപ്ലോഡ് ചെയ്യുകയോ നികുതി അടയ്ക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടാകാം. അത്തരം കേസുകളിൽ സ്വീകർത്താവ് എടുത്ത ഇൻപുട്ട്

ടാക്സ് ക്രെഡിറ്റ് അയാളുടെ ഔട്ട്പുട്ട് നികുതി ബാധ്യത യോടൊപ്പം കൂടുകയും ചെയ്യുന്നു. ചരുക്കി പറഞ്ഞാൽ സപ്ലെയർ സപ്ലെ നടത്തുകയും അതിൽ നികുതി അട യ്ക്കാതിരിക്കുകയും ചെയ്താൽ, എല്ലാ പൊരുത്തക്കേടു കളും തുടർനടപടികളിലേയ്ക്കു നയിക്കും.

ചോ.11. സപ്ലെയർ അബദ്ധം തിരിച്ചറിഞ്ഞു വിവരങ്ങൾ രേഖപ്പെ ടുത്തിയാൽ തിരിച്ചുപിടിച്ച (Reverse) ITC യുടെ നിയമപര മായ അവസ്ഥ എന്തായിരിക്കും?

ഉ. അടുത്ത സാമ്പത്തിക വർഷത്തിലെ സെപ്റ്റംബറിനു മുൻപായി ഏതു സമയത്തും അപ്ലോഡ് ചെയ്യാൻ വിട്ടു പോയ ഇൻവോയ്സ് അപ്ലോഡ് ചെയ്യാൻ വിട്ടുപോയ ഇൻവോയ്സ് അപ്ലോഡ് ചെയ്യാവുന്നതും, അവയുടെ മേലുള്ള നികുതിയും പലിശയും അയാൾ ഇൻവോയ്സ് അപ്ലോഡ് ചെയ്യുന്ന മാസത്തെ GSTRS- 3 ൽ അടയ്ക്കാ വുന്നതുമാണ്. സപ്ലെയർ പൊരുത്തക്കേട് പരിഹരിച്ചത് എത്ര തുകയ്ക്കാണോ അത്രയും തുക സ്വീകർത്താവിന്റെ ഔട്ട്പുട്ട് ടാക്സിൽ നിന്ന് കുറയ്ക്കാനുള്ള അർഹത നേടാം. സ്വീകർത്താവ് തിരിച്ചടച്ചപ്പോൾ ഉണ്ടായ പലിശ സ്വീകർത്താ വിന്റെ ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിന്റെ അനുയോജ്യ മായ ഹെഡിൽ ക്രെഡിറ്റ് ചെയ്തു തിരികെ നൽകുന്നു.

ചോ.12. GSTR-2 ന്റെ പ്രത്യേക സവിശേഷത എന്താണ്?

ഉ. സ്വീകർത്താവിനു നൽകിയ ചരക്കിന്റെ / സേവനങ്ങളുടെ വിശദാംശങ്ങൾ, സപ്ലെയർ GSTR-1 ൽ നൽകിയ വിവര ങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകർത്താവിന്റെ GSTR-2 വിലേക്ക് തനിയെ ചേക്കേറിക്കൊള്ളുമെന്നതാണ് അതിന്റെ പ്രത്യേക സവിശേഷത.

ചോ.13. കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും GSTR- 1 ഉം സമർപ്പിക്കേണ്ട ആവശ്യം ഉണ്ടോ?

ഉ. ഇല്ല. കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകർ കൊടുക്കുന്നതിന്റെയോ വാങ്ങുന്നതിന്റെയോ റിട്ടേണുകൾ സമർപ്പിക്കേണ്ട ആവശ്യം ഇല്ല. അവർ GSTR-4 ലുള്ള ത്രൈമാസിക റിട്ടേണുകൾ ഓരോ ത്രൈമാസത്തിനും ശേഷം വരുന്ന മാസത്തിന്റെ 18 ാം തീയതി സമർപ്പിക്കേണ്ട തുണ്ട്. അവർ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് (ITC) അർഹര ല്ലാത്തതുകൊണ്ട് GSTR-2 നോ, കോമ്പോസിഷൻ ലെവി

പ്രകാരം അടച്ച നികുതിയുടെ ക്രെഡിറ്റിന് അർഹരല്ലാത്തതുകൊണ്ട് GSTR-1 നോ പ്രസക്തിയില്ല. അവരുടെ റിട്ടേണിൽ തങ്ങൾ പുറത്തേക്ക് സപ്ലൈ ചെയതതിന്റെ സംക്ഷിപ്ത വിവരണവും നികുതിയടച്ചതിന്റെ വിശദാംശവും നൽകേണ്ടതുണ്ട്. അവർ വാങ്ങിയ വസ്തുക്കളുടെ വിശദാംശങ്ങളും അവരുടെ ത്രൈമാസിക റിട്ടേണിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇവയിൽ പലതും തനിയെ വന്നു ചേർന്നു കൊള്ളും.

ചോ.14. ഇൻപുട്ട് സർവ്വീസ് വിതരണക്കാർ (ISD) കൊടുക്കലിനും വാങ്ങലിനും പ്രത്യേക പ്രസ്താവനകൾ തങ്ങളുടെ റിട്ടേണുകളോടൊപ്പം സമർപ്പിക്കേണ്ടതുണ്ടോ?

ഉ. ഇല്ല. അവർ സേവനദാതാക്കളിൽ നിന്നും സ്വീകരിച്ച ക്രെഡിറ്റിന്റെയും, സ്വീകർത്താവായ യൂണിറ്റുകൾക്ക് വിതരണം ചെയ്ത ക്രെഡിറ്റിന്റെയും വിശദാംശങ്ങൾ അടങ്ങിയ റിട്ടേൺ GSTR-16 എന്ന ഫോമിൽ സമർപ്പിച്ചാൽ മതിയാകും. അവരുടെ റിട്ടേണിൽ ഇത്തരം വിവരങ്ങൾ ഉള്ളതുകൊണ്ട് കൊടുക്കലിനും വാങ്ങലിനുമായി പ്രത്യേക പ്രസ്താവനകൾ സമർപ്പിക്കേണ്ടതില്ല.

ചോ.15. ഒരു നികുതിദായകന് അയാൾക്കുവേണ്ടി ഉറവിടത്തിൽ പിടിക്കപ്പെട്ട നികുതിയുടെ ക്രെഡിറ്റ് എങ്ങനെ ലഭിക്കും? പിടിച്ചവരിൽ നിന്നുമുള്ള സാക്ഷ്യപത്രം ഇതിലേയ്ക്കായി സമർപ്പിക്കേണ്ടതുണ്ടോ?

ഉ. ചരക്കുസേവന നികുതിയിൽ ഉറവിടത്തിൽ നികുതി പിരിക്കുന്നവർ ആരിൽ നിന്നൊക്കെയാണ് നികുതി പിരിച്ചതെന്നുള്ളതിന്റെ വ്യക്തിഗത വിവരങ്ങൾ പിരിച്ച മാസത്തിനു ശേഷമുള്ള മാസം 10 ാം തീയതിക്കു മുമ്പേ GSTR-7 എന്ന ഫോമിൽ റിട്ടേൺ സമർപ്പിക്കുന്നുണ്ട്. അയാൾ ഇങ്ങനെ സമർപ്പിക്കുന്ന വിവരങ്ങൾ സ്വമേധയാ പിരിച്ചെടുക്കപ്പെട്ടവരുടെ GSTSR-2 ൽ വന്നുചേർന്നു കൊള്ളും. അയാൾക്കുവേണ്ടി ഉറവിടത്തിൽ പിടിച്ച നികുതിയുടെ ക്രെഡിറ്റ് ലഭിക്കുന്നതിന് നികുതിദായകൻ അയാളുടെ GSTR-2 ൽ ഈ വിവരങ്ങൾ സ്ഥിരീകരിക്കേണ്ടതുണ്ട്. ക്രെഡിറ്റ് ലഭിക്കുന്നതിന് അയാൾ ഒരു തരത്തിലും ഉള്ള (Physical / electronic) സാക്ഷ്യപത്രം ഹാജരാക്കേണ്ടതില്ല. പൊതു പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന സാക്ഷ്യപത്രം

നികുതിദായകന് പ്രമാണമായി സൂക്ഷിക്കുന്നതിനു വേണ്ടി യുള്ളതാണ്.

ചോ.16. ഏതൊക്കെ തരത്തിലുള്ള നികുതിദായകരാണ് വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടത്?

ഉ. GSTR-1 മുതൽ GSTR-3 വരെയുള്ള ഫോമുകളിൽ റിട്ടേൺ സമർപ്പിക്കുന്ന എല്ലാ നികുതിദായകരിൽ, ഇൻപുട്ട് സേവന വിതരണക്കാർ (ISD), കാഷ്യൽ/ നോൺ റസിഡന്റ് നികുതിദായകർ, കോമ്പോസിഷൻ സ്കീം പ്രകാരമുള്ള നികുതിദായകർ, TDS/ TCS പിരിച്ചെടുക്കുന്നവർ മുതലായവരൊഴികെയുള്ള എല്ലാവരും വാർഷിക റിട്ടേൺ സമർപ്പിച്ചിരിക്കണം. താല്ക്കാലിക നികുതിദായകരും, നിവാസേതര നികുതിദായകരും, ഇൻപുട്ട് സർവ്വീസ് വിതരണക്കാരും (ISD) ഉറവിടത്തിൽ നികുതി പിടിക്കാൻ / കുറയ്ക്കാൻ ചുമതലപ്പെട്ടവരും വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതില്ല.

ചോ.17. വാർഷിക റിട്ടേണും അന്തിമ റിട്ടേണും ഒന്നു തന്നെയാണോ?

ഉ. ഇല്ല. ഒരു സാധാരണ നികുതിദായകൻ എന്ന നിലയിൽ എല്ലാ രജിസ്റ്റേർഡ് നികുതിദായകരും വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ റദ്ദാക്കാൻ അപേക്ഷിച്ചിട്ടുള്ള നികുതിദായകർ മാത്രമാണ് അന്തിമ റിട്ടേൺ സമർപ്പിക്കേണ്ടത്. ഇത് റദ്ദാക്കുന്ന തീയതിക്കോ റദ്ദാക്കുന്ന ഉത്തരവിന്റെ തീയതിക്കോ മൂന്നുമാസത്തിനകം അന്തിമ റിട്ടേൺ സമർപ്പിക്കേണ്ടതാണ്.

ചോ.18. റിട്ടേൺ സമർപ്പിച്ചു കഴിഞ്ഞാൽ അതിലെന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ അതെങ്ങനെയാണ് പുതുക്കേണ്ടത്?

ഉ. ചരക്കുസേവന നികുതിയിൽ ഓരോ ഇടപാടിന്റെയും വിശദാംശങ്ങളിൽ നിന്ന് റിട്ടേൺ ഉണ്ടാക്കുന്നതുകൊണ്ട് അത് പുതുക്കേണ്ട ആവശ്യമില്ല. ഒരു കൂട്ടം ഇൻവോയ്സുകളോ ഡെബിറ്റ്/ ക്രെഡിറ്റ് നോട്ടുകളിലോ മാറ്റേണ്ടതുണ്ടെങ്കിൽ ഒരു റിട്ടേൺ പുതുക്കേണ്ടതായി വരും. സമർപ്പിച്ച് കഴിഞ്ഞ റിട്ടേൺ പുതുക്കുന്നതിനു പകരം വ്യതിയാനങ്ങൾ വരുത്തേണ്ട ഇടപാടുകളിൽ (ഇൻവോയിസുകൾ, സെബിറ്റ് / ക്രെഡിറ്റ് നോട്ടുകൾ) മാറ്റം വരുത്താൻ കഴിയും. ഇത്തരം വ്യതിയാനങ്ങൾ GSTR-1 അല്ലെങ്കിൽ GSTR-2 ൽ (നേരത്തെ

നൽകിയിട്ടുള്ള വിവരങ്ങളിൽ വ്യത്യാസം വരുത്താനായി നൽകിയിട്ടുള്ള പട്ടികകളിൽ) വരുത്താവുന്നതാണ്.

ചോ.19. നികുതിദായകർക്ക് എങ്ങനെയാണ് അവരുടെ റിട്ടേൺ സമർപ്പിക്കാൻ സാധിക്കും?

ഉ. നികുതിദായകർക്ക് റിട്ടേണുകളും പ്രസ്താവനകളും സമർപ്പിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ആദ്യമായി, അവർക്ക് കോമൺ പോർട്ടൽ, ഇലക്ട്രോണിക് (Online) മാർഗ്ഗത്തിലൂടെ നേരിട്ട് റിട്ടേണുകളും പ്രസ്താവനകളും സമർപ്പിക്കാം. എന്നിരുന്നാലും ഈ മാർഗ്ഗം കൂടുതൽ ഇൻവോയ്സ് ഉള്ള നികുതിദായകർക്ക് ക്ലേശകരവും സമയം എടുക്കുന്നതുമായിരിക്കും. അത്തരം നികുതിദായകർക്ക് സ്വയം വന്നുചേരുന്ന വിശദാംശങ്ങൾ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ശേഷം ബാക്കി വിശദാംശങ്ങൾ ഉൾപ്പെടുത്തി പൊതു പോർട്ടലിൽ അപ്ലോഡ് ചെയ്യാവുന്ന ഓഫ്‌ലൈൻ സംവിധാനം ലഭ്യമാക്കുന്നതാണ്. പൊതു പോർട്ടലുമായി സമന്വയിപ്പിക്കുന്ന GST സുവിധാ പ്രൊവൈഡേഴസിന്റെ (DSP) ഒരു സമൂഹം GSTN വികസിപ്പിച്ചിട്ടുണ്ട്.

ചോ.20. ഒരു നികുതിദായകൻ ചരക്കുസേവന നികുതി നിയമത്തിന് അനുസൃതമായി പ്രശ്നരഹിതമായി പോകാൻ എന്തെല്ലാമാണ് ഉറപ്പുവരുത്തേണ്ടത്.?

ഉ. പുറത്തേയ്ക്കുള്ള സപ്ലൈകളുടെ വിശദാംശങ്ങൾ GSTR-1 ഫോറത്തിൽ പിന്നത്തെ മാസം പത്താം തീയതിയോടെ അപ്ലോഡ് ചെയ്യുകയെന്നുള്ളത് ചരക്ക് സേവന നികുതിയിൽ പരമപ്രധാന സംഗതികളിൽ ഒന്നാണ്. ഇത് എത്രത്തോളം ഉറപ്പിക്കാമെന്നുള്ളത് ഒരു നികുതിദാതാവ് വ്യാപാരികൾക്ക് (B2B) നൽകുന്ന ഇൻവോയ്സുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. ഈ എണ്ണം കുറവാണെങ്കിൽ നികുതിദായകന് ഒറ്റയടിയ്ക്ക് തന്നെ വിവരങ്ങൾ അപ്ലോഡ് ചെയ്യാൻ പറ്റും. എന്നാൽ ഇൻവോയ്സുകളുടെ എണ്ണം വലുതാണെങ്കിൽ ഇൻവോയ്സ് (ഡെബിറ്റ് / ക്രെഡിറ്റ് നോട്ടുകൾ) കൃത്യമായ ഇടവേളകളിൽ അപ്ലോഡ് ചെയ്യണം. GSTN, ഇൻവോയ്സുകളുടെ തൽ സമയത്തുള്ള അപ്ലോഡിംഗിന് അനുവദിക്കുന്നുണ്ട്. പ്രസ്താവനകൾ സമർപ്പിക്കുന്നതുവരെ നികുതിദായകന് അപ്ലോഡ് ചെയ്ത ഇൻവോയ്സുകളിൽ മാറ്റം വരുത്താൻ സാധിക്കും. അതു

കൊണ്ട് കൃത്യമായി ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നത് നികുതിദായകന് എപ്പോഴും ഗുണകരമാണ്. അവസാന നിമിഷത്തെ നിരക്ക് അപ്‌ലോഡിംഗ് ദുഷ്കരമാക്കുകയും ശ്രമം വിഫലമാകാനും തെറ്റുകൾ വരുവാനുള്ള സാധ്യത കൂടുകയും ചെയ്യും.

രണ്ടാമത്തെ കാര്യം, സപ്ലൈയർമാർ നൽകിയ ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യുന്നുവെന്ന് നികുതി ദായകൻ ഉറപ്പുവരുത്തണം. ഇൻപുട്ട് ക്രെഡിറ്റ്, തടസ്സവും താമസവുമില്ലാതെ കിട്ടും എന്ന് ഉറപ്പിക്കാൻ ഇത് സഹായിക്കും. സ്വീകർത്താക്കൾക്ക് സപ്ലൈയർമാരെ അവരുടെ ഇൻവോയ്സുകൾ അവസാന നിമിഷം ആകാതെ സമയാസമയം അപ്‌ലോഡ് ചെയ്യാൻ പ്രേരിപ്പിക്കാൻ കഴിയും. തങ്ങൾക്കുള്ള ഇൻവോയ്സുകൾ ദാതാക്കൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സ്വീകർത്താക്കൾക്ക് GSTN ൽ സാധിക്കും. ഒരു നികുതിദായകന്റെ നികുതി വിധേയത്വം ഉൾപ്പെടെയുള്ള പ്രവർത്തന രീതികൾ പ്രത്യേകിച്ചും സമയത്തിന് സപ്ലൈ ഇൻവോയ്സ് അപ്‌ലോഡു ചെയ്യുന്നതിന് മുൻപ് ആ സപ്ലൈയറുടെ ഇൻവോയ്സിന്റെ സ്വയം പരിവർത്തനവും (Auto reversal) ഉൾപ്പെടെയുള്ള വിവരങ്ങൾ GSTN ൽ ലഭ്യമാണ്. GST യുടെ പൊതു പോർട്ടലിൽ ഇന്ത്യ ഒട്ടാകെ ഉള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് നികുതിദായകർക്ക് സഹായകമാണ്. ഇൻവോയ്സുകൾ ക്രമമായി അപ്‌ലോഡ് ചെയ്യുന്നത് എത്രയും എളുപ്പമാക്കുവാനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതിനുതക്ക പരിസ്ഥിതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നികുതിദായകർ ഈ പരിസ്ഥിതിയെ എളുപ്പമുള്ളതും സുഗമവുമായ നികുതി വിധേയത്വത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്.

ചോ.21. ഒരു നികുതിദായകൻ സ്വന്തമായിത്തന്നെ റിട്ടേണുകൾ സമർപ്പിക്കണമെന്നത് നിർബന്ധിതമാണോ?

ഉ. ഇല്ല. കേന്ദ്ര / സംസ്ഥാന നികുതി വകുപ്പുകൾ അംഗീകരിച്ചിട്ടുള്ള ഒരു ടാക്സ് റിട്ടേൺ പ്രിപ്പയറർ (TRP) മുഖേനയും ഒരു രജിസ്റ്റർഡ് നികുതിദായകന് റിട്ടേണുകൾ സമർപ്പിക്കാം.

ചോ.22. റിട്ടേണുകൾ നിർദ്ദേശിച്ചിട്ടുള്ള ദിവസത്തിനകം സമർപ്പിച്ചില്ലെങ്കിൽ എന്താണ് പരിണിത ഫലങ്ങൾ?

ഉ. ഒരു നികുതിദായകൻ നിശ്ചിത ദിവസത്തിനു ശേഷം റിട്ടേണുകൾ സമർപ്പിക്കുകയാണെങ്കിൽ ഓരോ ദിവസത്തെയും കാലതാമസത്തിന് 100 രൂപ വീതം, പരമാവധി 5000 രൂപ, പിഴയടയ്ക്കേണ്ടി വരും. വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട ദിവസം സമർപ്പിച്ചില്ലാ എങ്കിൽ ഓരോ ദിവസത്തിനും 100 രൂപ വീതം പരമാവധി സംസ്ഥാനത്തെ വിറ്റുവരവിന്റെ 0.25%, വീഴ്ച തുടരുന്നുവെങ്കിൽ പിഴയായി അടയ്ക്കേണ്ടിവരും.

ചോ.23. ഒരു ഡോക്യുമെന്റ് പ്രകാരം ഒന്നിൽ കൂടുതൽ തവണ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്താൽ എന്തു സംഭവിക്കും.?

ഉ. ഒരു രേഖയിൻമേൽ ഒന്നിൽ കൂടുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതായി (Duplication of claim) സിസ്റ്റം കണ്ടുപിടിച്ചാൽ അങ്ങനെ എടുത്ത ക്രെഡിറ്റിന്റെ തുക സ്വീകർത്താവിന്റെ ഔട്ട്പുട്ട് ടാക്സ് ബാധ്യതയോടൊപ്പം കൂട്ടണം. (വകുപ്പ് 42 (6))

ചോ.24. GSTR-1 ഉം GSTR-2 ഉം തമ്മിലുള്ള പൊരുത്തക്കേട് കാരണം സിസ്റ്റം കണ്ടുപിടിച്ച ക്രെഡിറ്റ് തുക ഔട്ട്പുട്ട് ടാക്സ് ആയി തിരിച്ചു പിടിച്ചത് വീണ്ടെടുക്കാൻ സാധിക്കുമോ?

ഉ. അതെ. മാസത്തിലെ അല്ലെങ്കിൽ ത്രൈമാസത്തിലെ സപ്ലൈയറുടെ സാധുതയുള്ള റിട്ടേണിലെ തെറ്റു കണ്ടുപിടിച്ച് ആ പൊരുത്തക്കേട് ഇൻവോയ്സുകളുടെയോ ഡെബിറ്റ് നോട്ടുകളുടെയോ വിവരങ്ങൾ നൽകി തിരുത്തിയതിനുശേഷം തുടർന്നു വരുന്ന നികുതി കാലയളവിലെ ഔട്ട്പുട്ട് നികുതി ബാധ്യതയിൽ നിന്ന് കുറച്ച് കൊണ്ട് തിരിച്ചു പിടിച്ച ക്രെഡിറ്റ് തുക വീണ്ടെടുക്കാവുന്നതാണ്. (വകുപ്പ് 42 (7)). സപ്ലൈയർ പുറപ്പെടുവിച്ച ക്രെഡിറ്റ് നോട്ടുകളുടെ കാര്യത്തിലും വകുപ്പ് 43 ൽ തന്നിരിക്കുന്ന ഇതേ വ്യവസ്ഥകൾ പാലിക്കാവുന്നതാണ്.

# നികുതി നിർണ്ണയവും കണക്കു പരി ശോധനയും
# (Assessment & Audit)

# നികുതി നിർണ്ണയവും കണക്കു പരിശോധനയും (Assessment & Audit)

ചോ.1. ഈ നിയമപ്രകാരം നൽകേണ്ട നികുതി നിർണ്ണയം നടത്താൻ ഉത്തരവാദപ്പെട്ടവർ ആരാണ്?

ഉ. നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ വ്യക്തിയും, ഓരോ കാലത്തേയ്ക്കും നൽകേണ്ട നികുതിയെക്കുറിച്ച് സ്വയം നിർണ്ണയം നടത്തേണ്ടതും അത്തരം നിർണ്ണയത്തിനു ശേഷം വകുപ്പ് 39 പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ടതുമാകുന്നു.

ചോ.2. എപ്പോഴാണ് ഒരു നികുതിവിധേയ വ്യക്തിക്ക് താല്ക്കാലിക വ്യവസ്ഥയിൽ നികുതി നൽകാൻ കഴിയുന്നത്?

ഉ. ഓരോ നികുതി വിധേയ വ്യക്തിയും സ്വയം നിർണ്ണയം നടത്തി നികുതി അടയ്ക്കേണ്ടതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ നികുതി നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷ നികുതി വിധേയ വ്യക്തി നൽകേണ്ടതും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അനുമതി നൽകേണ്ടതുമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു നികുതി ഉദ്യോഗസ്ഥനും സ്വയമേവ താല്ക്കാലിക അടിസ്ഥാനത്തിൽ നികുതി നൽകാൻ ഉത്തരവിടാൻ കഴിയുന്നതല്ല. ഇത് CGST/SGST നിയമം വകുപ്പ് 60 പ്രകാരമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ഒരു ഉത്തരവിലൂടെ ലഭിച്ചതിനുശേഷം മാത്രമാണ് ഇത്തരത്തിൽ നികുതി അടയ്ക്കാൻ പാടുള്ളൂ. ഇതിലേയ്ക്കായി നികുതി വിധേയ വ്യക്തി അതിനുള്ള കാരണം കാണിച്ച് രേഖാമൂലം അപേക്ഷിക്കേണ്ടതാണ്. അത്ത

രത്തിലുള്ള അപേക്ഷ താഴെപറയുന്നവ തിട്ടപ്പെടുത്താൻ കഴിയാത്ത സന്ദർഭങ്ങളിൽ മാത്രമാണ്.

i. അയാൾ വിതരണം ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ മൂല്യമോ, അല്ലെങ്കിൽ

ii. അയാൾ വിതരണം ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ ബാധകമായ നികുതി നിരക്ക് നിർണ്ണയിക്കാൻ.

അത്തരം സന്ദർഭങ്ങളിൽ നികുതി വിധേയ വ്യക്തി, നിർദ്ദിഷ്ട ഫോറത്തിലുള്ള ബോണ്ട് അധികാരി ആവശ്യപ്പെടുന്നതനുസരിച്ചുള്ള ജാമ്യത്തോടൊപ്പം നൽകേണ്ടതാണ്.

ചോ.3. അന്തിമമായ നിർണ്ണയം നടത്തുന്നതിനുള്ള ഏറ്റവും പുതിയ സമയപരിധി എന്താണ്?

ഉ. താല്ക്കാലിക നിർണ്ണയ ഉത്തരവ് നൽകിയ തീയതി മുതൽ ആറ് മാസത്തിനകം ബന്ധപ്പെട്ട അധികാരി അന്തിമ മൂല്യനിർണ്ണയത്തിനുള്ള ഉത്തരവിറക്കേണ്ടതാണ്. എന്നാൽ ശരിയായ കാരണങ്ങൾ ഉള്ള പക്ഷം അവരേഖപ്പെടുത്തി ഈ ആറ് മാസക്കാലാവധി നീട്ടാൻ സാധിക്കും. അത് -

a. ജോയിന്റ് / അഡീഷണൽ കമ്മീഷണർക്ക് വീണ്ടും ആറ് മാസത്തിൽ കവിയാതെ ഉള്ള കാലത്തേക്കും

b. കമ്മീഷണർക്ക് ഉചിതമെന്ന് തോന്നുന്ന അധിക കാലത്തേക്കും (പരമാവധി 4 വർഷത്തേയ്ക്ക്) നീട്ടി നൽകാവുന്നതാണ്.

അങ്ങനെ താല്ക്കാലിക നിർണ്ണയം പരമാവധി അഞ്ചു വർഷം വരെ താല്ക്കാലികമായിരിക്കും.

ചോ.4. താല്ക്കാലിക നിർണ്ണയത്തെക്കാൾ അന്തിമ നിർണ്ണയത്തിൽ നികുതി ബാധ്യത കൂടുകയാണെങ്കിൽ നികുതി വിധേയ വ്യക്തി പലിശ നൽകാൻ ബാധ്യസ്ഥനാണോ?

ഉ. അതെ. അയാൾ നികുതി അടയ്ക്കേണ്ടിയിരുന്ന ദിവസം മുതൽ യഥാർത്ഥത്തിൽ നികുതി അടച്ച ദിവസം വരെയുള്ള കാലാവധിക്കു പലിശ നൽകേണ്ടതാണ്.

ചോ.5. CGST നിയമം 61 ാം വകുപ്പ് പ്രകാരം സമർപ്പിച്ച റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുമ്പോൾ റിട്ടേണുകളിൽ കണ്ടെത്തിയ അപാകതകൾക്ക് ഉചിതമായ വിശദീകരണം ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട അധികാരി എന്ത് നടപടിയാണ് കൈക്കൊള്ളേണ്ടത്?

ഉ. ബന്ധപ്പെട്ട അധികാരി ബോധ്യപ്പെടുത്തിയ അപാകതകൾ നികുതി വിധേയ വ്യക്തി 30 ദിവസത്തിനകമോ അതല്ലെങ്കിൽ അനുവദിച്ചു നൽകിയ കാലാവധിക്കകമോ തൃപ്തികരമായ വിശദീകരണം നൽകാതിരിക്കുകയോ ഉചിതമായ നടപടി എടുക്കാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട അധികാരിക്ക് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

i). നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം കണക്കു പരിശോധന നടത്തുക

ii). കമ്മീഷണർ (ഈ പ്രത്യേക ആവശ്യത്തിനു വേണ്ടി) ചുമതലപ്പെടുത്തിയ ചാർട്ടേഡ് അക്കൗണ്ടന്റ് അഥവാ കോസ്റ്റ് അക്കൗണ്ടന്റ് നെ കൊണ്ട് 66 ാം വകുപ്പ് പ്രകാരം പ്രത്യേക കണക്ക് പരിശോധനയ്ക്ക് (Special audit) നിർദ്ദേശിക്കാവുന്നതാണ്. അല്ലെങ്കിൽ

iii). നിയമത്തിലെ 67 ാം വകുപ്പ് പ്രകാരം പരിശോധന, സെർച്ച്, കണ്ടുകെട്ടൽ നടപടികളും സ്വീകരിക്കുക. അല്ലെങ്കിൽ

iv). നിയമത്തിലെ 73/74 പ്രകാരമുള്ള നികുതിയും മറ്റു കടങ്ങളും നിർണ്ണയിക്കാനുള്ള നടപടികൾ ആരംഭിക്കുക.

ചോ.6. 39 ാം വകുപ്പ് പ്രകാരം (മാസം തോറും / ത്രൈമാസിക തോറും) അല്ലെങ്കിൽ 45 ാം വകുപ്പ് പ്രകാരവും (അന്തിമ റിട്ടേൺ) റിട്ടേൺ സമർപ്പിക്കേണ്ട നികുതി വിധേയ വ്യക്തി അതിന് വീഴ്ച വരുത്തിയാൽ എന്ത് നിയമ നടപടിയാണ് സ്വീകരിക്കേണ്ടത്?

ഉ. ചുമതലപ്പെട്ട അധികാരി, ആദ്യം വീഴ്ച വരുത്തുന്ന നികുതി വിധേയ വ്യക്തിക്ക് CGST/ SGST നിയമം 46 ാം വകുപ്പ് പ്രകാരം 15 ദിവസത്തിൽ കുറയാതെ കാലാവധി നൽകി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകേണ്ടതാണ്. എന്നിട്ടും അയാൾക്ക് നൽകിയ സമയത്തിനകം റിട്ടേൺ സമർപ്പിച്ചില്ല എങ്കിൽ ചുമതലപ്പെട്ട അധികാരിക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ബെസ്റ്റ് ജഡ്ജ്മെന്റ് (Best judgement) പ്രകാരം വീഴ്ച വരുത്തിയ ആളുടെ നികുതി ബാദ്ധ്യത നിർണ്ണയിക്കാവുന്നതാണ്. (വകുപ്പ് 62)

ചോ.7. വകുപ്പ് 62 പ്രകാരം പുറപ്പെടുവിച്ച ബെസ്റ്റ് ജഡ്ജ്മെന്റ് മൂല്യ

നിർണ്ണയ ഉത്തരവ് ഏതെല്ലാം സാഹചര്യങ്ങളിൽ പിൻവലിക്കാനാകും?

ഉ. വകുപ്പ് 62 പ്രകാരം ചുമതലപ്പെട്ട അധികാരി നൽകിയ ബെസ്റ്റ് ജഡ്ജ്മെന്റ് മൂല്യനിർണ്ണയ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നികുതി വിധേയ വ്യക്തി വീഴ്ച സംഭവിച്ച കാലഘട്ടത്തേക്കുള്ള സാധുതയുള്ള റിട്ടേൺ സമർപ്പിക്കുകയാണെങ്കിൽ (റിട്ടേൺ സമർപ്പിക്കുകയും സ്വയം നിർണ്ണയിച്ച നികുതി അടയ്ക്കുകയും ചെയ്യുക) ഈ ഉത്തരവ് സ്വമേധയാ പിൻവലിച്ചതായി കണക്കാക്കും.

ചോ.8. വകുപ്പ് 62 ഉം (ബെസ്റ്റ് ജഡ്ജ്മെന്റ്) വകുപ്പ് 63 ഉം (നോൺ -ഫൈലേർസ്) അനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാലാവധി എത്രയാണ്?

ഉ. വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തേയ്ക്കാണ് വകുപ്പ് 62 പ്രകാരമോ വകുപ്പ് 63 പ്രകാരമോ ഉള്ള മൂല്യനിർണ്ണയ ഉത്തരവ് പാസാക്കേണ്ടത്.

ചോ.9. നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരാൾ രജിസ്ട്രേഷൻ എടുക്കാൻ വീഴ്ച വരുത്തിയാൽ അയാൾക്കെതിരെ എന്തു നിയമ നടപടിയാണുള്ളത്?

ഉ. CGST/ SGST നിയമം 63 -ാം വകുപ്പ് പ്രകാരം അക്കാലയളവിലേക്കുള്ള നികുതി ബാദ്ധ്യത ബന്ധപ്പെട്ട അധികാരി ബെസ്റ്റ് ജഡ്ജ്മെന്റ് മൂല്യനിർണ്ണയ പ്രകാരം നിർണ്ണയം നടത്തി ഉത്തരവിറക്കേണ്ടതാണ്. എന്നാൽ അത്തരം ഉത്തരവ് നികുതിയടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സാമ്പത്തിക വർഷത്തിന്റെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്.

ചോ.10. ഏതെല്ലാം സാഹചര്യങ്ങളിലാണ് നികുതി നിർണ്ണയ അധികാരിക്ക് സമ്മറി മൂല്യനിർണ്ണയം നടത്താൻ തുടങ്ങാവുന്നത്.?

ഉ. CGST/ SGST മാതൃകാ നിയമത്തിലെ 64 ാം വകുപ്പ് പ്രകാരം വരുമാന താല്പര്യം സംരക്ഷിക്കുവാൻ എപ്പോഴൊക്കെയാണ് സമ്മറി മൂല്യനിർണ്ണയം തുടങ്ങാവുന്നത്.

i). നികുതി വിധേയ വ്യക്തിക്കു നിയമപ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യതയുള്ളതായി ബന്ധപ്പെട്ട അധികാരിക്കു ബോധ്യപ്പെടുകയും

ii). മൂല്യനിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കാൻ വൈകിയാൽ

അത് റവന്യൂ താല്പ്പര്യം സംരക്ഷിക്കുന്നതിന് പ്രതികൂല മായി ബാധിക്കുമെന്ന് തോന്നിയാൽ

അത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് അഡീഷണൽ/ ജോയിന്റ് കമ്മീഷണറുടെ അനുമതി തേടിയിരിക്കേണ്ടതാണ്.

ചോ.11. സമ്മറി മൂല്യനിർണ്ണയത്തിനെതിരായി, അപ്പീൽ പരിഹാര മില്ലാതെ, മറ്റേതെങ്കിലും പരിഹാരമാർഗ്ഗം നികുതിദായകന് ലഭ്യമാണോ?

ഉ. സമ്മറി മൂല്യനിർണ്ണയ ഉത്തരവിനു വിധേയനായ ഒരു നികുതി വിധേയനായ വ്യക്തി ആ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബന്ധപ്പെട്ട അഡീഷണൽ/ ജോയിന്റ് കമ്മീ ഷണർക്ക് ഉത്തരവ് പിൻവലിക്കാൻ അപേക്ഷ നൽകാവു ന്നതാണ്. ആ അധികാരിക്ക് പ്രസ്തുത ഉത്തരവ് തെറ്റാ ണെന്ന് കണ്ടുപിടിക്കുന്ന പക്ഷം അത് പിൻവലിക്കാനും CGST/ SGST നിയമം 75-ാം വകുപ്പ് പ്രകാരം നികുതി പുനർനിർണ്ണയം നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാനും സാധിക്കുന്നതാണ്. കൂടാതെ സമ്മറി മൂല്യനിർണ്ണയ ഉത്തരവ് തെറ്റാണെന്നു കാണുന്ന പക്ഷം അഡീഷണൽ / ജോയിന്റ് കമ്മീഷണർക്ക് സ്വമേധയാ ഇപ്ര കാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. (CGST/ SGST നിയമം വകുപ്പ് 64)

ചോ.12. ഒരു നികുതിവിധേയനായ വ്യക്തിക്കെതിരെ സമ്മറി മൂല്യ നിർണ്ണയ ഉത്തരവ് നിർബന്ധമായും പുറപ്പെടുവിക്കേണ്ട തുണ്ടോ?

ഉ. ഇല്ല. ഗതാഗതത്തിൽ പെട്ടിരിക്കുന്ന ചരക്കുകളുടെയോ, വെയർ ഹൗസുകളിൽ സൂക്ഷിച്ചിരിക്കുന്ന ചരക്കുകളുടെയോ നികുതി വിധേയനായ വ്യക്തിയെ (ഉടമയെ) തിരിച്ചറിയാൻ കഴിയാതെ വരുമ്പോൾ ആ ചരക്കുകളുടെ കൈവശക്കാരനെ നികുതി വിധേയ വ്യക്തിയായി കണക്കാക്കി നികുതി നിർണ്ണയം നടത്തേണ്ടതാണ്. (CGST/ SGST നിയമം 64-ാം വകുപ്പ് പ്രകാരം)

ചോ.13. നികുതിദായകരുടെ കണക്കുകൾ ആർക്കാണ് പരിശോധി ക്കാൻ കഴിയുന്നത്?

ഉ. താഴെപ്പറയുന്ന രീതിയിൽ മൂന്നുതരത്തിലുള്ള കണക്കു പരി ശോധനകളാണ് GST നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്

i). ചാർട്ടേർസ് അക്കൗണ്ടന്റോ കോസ്റ്റ് അക്കൗണ്ടന്റോ നടത്തുന്ന കണക്കു പരിശോധന:

എല്ലാ രജിസ്റ്റേർഡ് നികുതി ദായകനും അയാളുടെ വാർഷിക വിറ്റുവരവ് നിർദ്ദിഷ്ട പരിധി കഴിഞ്ഞാൽ ചാർട്ടേർസ് അക്കൗണ്ടിന്റിനെ കൊണ്ടോ കോസ്റ്റ് അക്കൗണ്ടിന്റിനെ കൊണ്ടോ കണക്കുകൾ പരിശോധിക്കേണ്ടതാണ്.(CGST/ SGST നിയമം 35 (5) ാം വകുപ്പ് പ്രകാരം)

ii). ഡിപ്പാർട്ട്മെന്റ് നടത്തുന്ന കണക്കുപരിശോധന:

കമ്മീഷണറോ, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവിൻമേൽ CGST/ SGST/ UTGST അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതൊരു രജിസ്റ്റേർഡ് നികുതിദായകന്റെയും കണക്കു പരിശോധിക്കാവുന്നതാണ്. കണക്കുപരിശോധനയുടെ തവണകളും രീതികളും പിന്നാലെ നിർദ്ദേശിക്കാവുന്നതാണ്.

iii). പ്രത്യേക കണക്കു പരിശോധന :

സൂക്ഷ്മ പരിശോധന, അന്വേഷണം അല്ലെങ്കിൽ മറ്റു നടപടികളുടെ സമയത്ത് സമർപ്പിച്ചിരിക്കുന്ന മൂല്യം ശരിയല്ല എങ്കിലോ ലഭിച്ച ക്രെഡിറ്റ് സാധാരണ പരിധിക്കകം അല്ലെങ്കിലോ ഡിപ്പാർട്ട്മെന്റാണ് പ്രത്യേക കണക്ക് പരിശോധനയ്ക്കായി ചാർട്ടേർസ് അക്കൗണ്ടിന്റിനെയോ കോസ് അക്കൗണ്ടിന്റിനെയോ നിയമിക്കാവുന്നതാണ്.(CGST/ SGST നിയമം 66 -ാം വകുപ്പ്)

ചോ.14. കണക്കുകൾ പരിശോധിക്കുന്നതിന് മുമ്പായി മുൻകൂർ അറിയിപ്പ് നൽകേണ്ടതുണ്ടോ?

ഉ. ഉണ്ട് കണക്കു പരിശോധന നടത്തുന്നതിന് 15 പ്രവൃത്തി ദിവസങ്ങൾക്കു മുമ്പെങ്കിലും നികുതി വിധേയ വ്യക്തിക്ക് മുൻകൂർ അറിയിപ്പ് നൽകേണ്ടതാണ്.

ചോ.15. കണക്കു പിരിശോധന പൂർത്തിയാക്കാനുള്ള കാലാവധി എത്ര?

ഉ. കണക്കു പരിശോധന തുടങ്ങി 3 മാസത്തിനകം കണക്കു പരിശോധന പൂർത്തിയാക്കേണ്ടതാണ്. കമ്മീഷണർക്ക് കണക്ക് പരിശോധന പൂർത്തിയാക്കേണ്ട കാലാവധി അധികമായി 6 മാസത്തേക്കുകൂടി നീട്ടാവുന്നതാണ്.

ചോ.16. ണക്കുകളുടെ പരിശോധന ആരംഭിക്കുക എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

ഉ. ‘പരിശോധന ആരംഭിക്കുക’ എന്ന പദത്തിന് വലിയ പ്രാധാന്യമാണ്, കാരണം പരിശോധന ആരംഭിക്കുന്ന ദിവസം മുതൽ പ്രത്യേക സമയ പരിധിക്കകം പൂർത്തിയാക്കേണ്ടതുണ്ട്. താഴെ പറയുന്നവയിൽ രണ്ടാമതായി സംഭവിക്കുന്നത് ഏതാണോ അതായിരിക്കും പരിശോധന ആരംഭിക്കുന്ന എന്നർത്ഥം.

i). പരിശോധനാ അധികാരികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ബന്ധപ്പെട്ട രേഖകൾക ലഭ്യമാക്കുന്ന ദിവസം, അല്ലെങ്കിൽ

ii). നികുതിദാതാവിന്റെ വ്യാപാര സ്ഥലത്ത് പരിശോധന തുടങ്ങി വയ്ക്കുക.

ചോ.17. കണക്ക് പരിശോധനയ്ക്കായി നോട്ടീസ് ലഭിച്ചാൽ നികുതി വിധേയ വ്യക്തി താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം.

a.) ലഭ്യമായതോ അധികാരികൾ ആവശ്യപ്പെട്ടതോ ആയ കണക്ക്, രേഖകൾ ഇവയുടെ പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തു കൊടുക്കുക.

b.) പരിശോധന നടത്തുന്നതിനുവേണ്ടി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുക

c.) സമയത്ത് പരിശോധന പൂർത്തീകരിക്കുവാൻ വേണ്ട എല്ലാ സഹായങ്ങളും നൽകുക.

ചോ.18. കണക്ക് പരിശോധന പൂർത്തിയായാൽ ചുമതലപ്പെട്ട ഓഫീസറുടെ നടപടി എന്തായിരിക്കും.?

ഉ. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കണക്കു പരിശോധന പൂർത്തിയായി 30 ദിവസത്തിനകം തന്റെ കണ്ടെത്തലുകളും അതിന്റെ കാരണങ്ങളും അതുമായി ബന്ധപ്പെട്ട് നികുതി വിധേയ വ്യക്തിയുടെ അവകാശങ്ങളും ബാദ്ധ്യതകളും അറിയിക്കണം.

ചോ.19. എന്ത് സാഹചര്യത്തിലാണ് പ്രത്യേക കണക്കു പരിശോധന (Special andit) നടത്തുന്നത്.?

ഉ. സൂക്ഷ്മ പരിശോധന അന്വേഷണം ഇവ നടത്തുന്നതിനിടയിൽ, സങ്കീർണ്ണമായ കേസുകളോ വൻ നികുതി ബാധ്യത വരുന്ന സാഹചര്യങ്ങളോ കണ്ടെത്തുകയാണെങ്കിൽ അത്തരം പരിമിത സാഹചര്യങ്ങളിൽ മാത്രമാണ് പ്രത്യേക കണക്കു പരിശോധന നടത്തേണ്ടത്. CGST/ SGST നിയമം 66 -ാം വകുപ്പ് ആണ് ഇത് അനുശാസിക്കുന്നത്.

ചോ.20. പ്രത്യേക കണക്കു പരിശോധിക്കുന്നതിനുള്ള (Special audit) നോട്ടീസ് നൽകുന്നതാരാണ്.?

ഉ. കമ്മീഷണറുടെ മുൻകൂർ അംഗീകാരത്തോടെ, അസിസ്റ്റന്റ് കമ്മീഷണർ അഥവാ ഡെപ്യൂട്ടി കമ്മീഷണർ ആണ് ഇത്തരം നോട്ടീസ് നൽകേണ്ടത്.

ചോ.21. ആരാണ് പ്രത്യേക കണക്കു പരിശോധന നടത്തുന്നത്?

ഉ. ഇതിനായി കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്ന ചാർട്ടേർസ് അക്കൗണ്ടന്റ് അഥവാ കോസ്റ്റ് അക്കൗണ്ടന്റ് ആണ് പ്രത്യേക കണക്കു പരിശോധന നടത്തുന്നത്

ചോ.22. കണക്കു പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയ പരിധി എന്താണ്?

ഉ. 90 ദിവസത്തിനകം അല്ലെങ്കിൽ അതുകഴിഞ്ഞ് നീട്ടിക്കിട്ടാവുന്ന അടുത്ത 90 ദിവസത്തിനകം കണക്ക് പരിശോധനകൻ തന്റെ റിപ്പോർട്ട് സമർപ്പിക്കണം.

ചോ.23. പ്രത്യേക കണക്ക് പരിശോധനാ ചെലവ് ആരാണ് വഹിക്കുന്നത്?

ഉ. പരിശോധകന് കൊടുക്കേണ്ട പ്രതിഫലം ഉൾപ്പെടെ പരിശോധനയുടെ ചെലവുകൾ കണക്കാക്കുകയും വഹിക്കുകയും ചെയ്യേണ്ടത് കമ്മീഷണറാണ്.

ചോ.24. പ്രത്യേക കണക്കു പരിശോധയ്ക്കുശേഷം നികുതി അധികാരികൾ എന്ത് നടപടിയാണെടുക്കാനാവുന്നത്?

ഉ. പ്രത്യേക കണക്കു പരിശോധയുടെ നിരീക്ഷണങ്ങളും കണ്ടെത്തലുകളുമനുസരിച്ച് CGST/ SGST നിയമം 73-ാം വകുപ്പ് പ്രകാരം നടപടികളെടുക്കാവുന്നതാണ്

# Refunds
# റീഫണ്ടുകൾ

# Refunds
# റീഫണ്ടുകൾ

ചോ.1. എന്താണ് റീഫണ്ട്?

ഉ. CGST/ SGST നിയമം 54 -ാം വകുപ്പിൽ റീഫണ്ടിനെ കുറിച്ച് പ്രതിപാദിക്കുന്നു. റീഫണ്ടിൽ ഉൾപ്പെടുന്നത് -

a). റിട്ടേണിൽ പറഞ്ഞിരിക്കുന്ന ഇലക്ട്രോണിക് ക്യാഷ് ലഡ്ജറിലെ ബാക്കി തുക എന്തെങ്കിലും

b). താഴെ പറയുന്നവയുമായി ബന്ധപ്പെട്ട് പ്രയോജനപ്പെടുത്താത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്-

i. നികുതിയടയ്ക്കാതെ നടത്തിയ ശൂന്യനിരക്കിലുള്ള സപ്ലൈയർ

ii. ഇൻപുട്ടുകളുടെ നികുതി നിരക്ക് ഔട്ട്പുട്ടുകളുടെ നികുതി നിരക്കിനെക്കാൾ കൂടുതലാകുമ്പോൾ സഞ്ചയിക്കപ്പെട്ട ക്രെഡിറ്റ്

c). ഐക്യരാഷ്ട്ര സഭയുടെ പ്രത്യേക ഏജൻസി അടച്ച നികുതി അല്ലെങ്കിൽ മൾട്ടി ലാറ്ററൽ സാമ്പത്തിക സ്ഥാപനം അടച്ച നികുതി അല്ലെങ്കിൽ ഐക്യരാഷ്ട്ര സഭ (Previleges & Immunities) നിയമം 1947 ൽ വിജ്ഞാപനം ചെയ്ത സംഘടനകൾ അടച്ച നികുതി അല്ലെങ്കിൽ ഇൻവാർഡ് സപ്ലൈയിൻമേൽ കോൺസുലേറ്റ് അല്ലെങ്കിൽ വിദേശ രാജ്യങ്ങളുടെ എംബസി അടച്ച നികുതി.

ചോ.2. ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, റീഫണ്ട് ആയി അനുവദിക്കുമോ?

ഉ. വകുപ്പ് 54 ഉപവകുപ്പ് (3)ൽ കൊടുത്തിട്ടുള്ള വ്യവസ്ഥ

കൾക്കനുസൃതമായി ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി താഴെ പറയുന്ന അവസരങ്ങളിൽ അനുവദിക്കാം.

i. നികുതി അടയ്ക്കാതെ നടത്തിയ ശൂന്യ നിരക്കിലുള്ള സപ്ലൈകൾ

ii. ഇൻപുട്ട് നികുതി നിരക്ക് ഔട്ട്പുട്ട് നികുതി നിരക്കിനെക്കാൾ കൂടിയിരിക്കുയാൽ സഞ്ചയിക്കപ്പെട്ട (accumulated) ക്രെഡിറ്റ്

എന്നിരുന്നാലും കയറ്റുമതി തീരുവ അടച്ച് ഇന്ത്യയ്ക്കു പുറത്ത് കയറ്റുമതി ചെയ്ത ചരക്കുകളുടെ ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അനുവദിക്കില്ല. അതുപോലെ ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈയർ കേന്ദ്രനികുതിയിൽ നിന്ന് പിൻവാങ്ങുകയോ അല്ലെങ്കിൽ അത്തരം സപ്ലൈയിൻമേൽ അടച്ച ഇന്റഗ്രേറ്റഡ് നികുതി റീഫണ്ടു ചെയ്യാൻ ആവശ്യപ്പെടുന്ന സാഹചര്യങ്ങളിലും ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ടു ചെയ്യാൻ അനുവദിക്കില്ല.

ചോ.3. കയറ്റുമതി തീരുവയ്ക്കു വിധേയമായ ചരക്ക് ഇന്ത്യയ്ക്കു പുറത്തേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുകയാണെങ്കിൽ ഉപയോഗിക്കാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി നൽകാമോ?

ഉ. ഇല്ല. CGST/ SGST നിയമം 54 -ാം വകുപ്പ് 3-ാം വകുപ്പ് പ്രകാരം കയറ്റുമതി തീരുവയ്ക്കു വിധേയമായ ചരക്ക് ഇന്ത്യയ്ക്ക് പുറത്തേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുകയാണെങ്കിൽ ഉപയോഗിക്കാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്യാൻ അനുവദിക്കില്ല.

ചോ.4. സാമ്പത്തിക വർഷത്തിന്റെ (GST നിലവിൽ വന്നതിനു ശേഷം) അവസാനം ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്യുമോ?

ഉ. GST നിയമ പ്രകാരം സാമ്പത്തിക വർഷാവസാനമുള്ള ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ടായി നൽകാൻ വ്യവസ്ഥകളില്ല. ഇത് അടുത്ത കാലയളവിലേയ്ക്ക് എടുത്തു ഉപയോഗിക്കാവുന്നതാണ് (Carryforward).

ചോ.5. ഒരു നികുതിദായകൻ സംസ്ഥാനത്തിനുള്ളിലെയോ/ സംസ്ഥാനങ്ങൾ തമ്മിലുള്ളതോ ആയ സപ്ലൈ ആണെന്ന്

തെറ്റിദ്ധരിച്ച് IGST/CGST/ SGST അടയ്ക്കുകയും പിന്നീട് അതിന്റെ തരം വിശദീകരിക്കുകയും ചെയ്തു എന്ന് കരുതുക. തെറ്റായി അടച്ച IGST,CGSTക്കോ SGSTക്കോ തിരിച്ചോ വകവെക്കാമോ?

ഉ. CGST/ SGST നിയമം 77 -ാം വകുപ്പ് പ്രകാരം ബാധകമായ നികുതി അടയ്ക്കുകയും തെറ്റായി അടച്ച IGST/CGST/ SGST റീഫണ്ട് ആയി ചോദിക്കുകയും വേണം. അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കില്ല.

ചോ.6. എംബസ്സികളോ, ഐക്യസംഘടനയോ നടത്തുന്ന വാങ്ങലുകൾക്ക് നികുതി ചുമത്തേണ്ടതുണ്ടോ? അല്ലെങ്കിൽ ഒഴിവാക്കപ്പെട്ടതാണോ?

ഉ. എംബസ്സികൾക്കും ഐക്യരാഷ്ട്ര സംഘടനയ്ക്കും നടത്തുന്ന സപ്ലൈകൾക്ക് നികുതി ചുമത്തേണ്ടതാണ്, എന്നാൽ പിന്നീട് CGST/ SGST നിയമം 54 (2)-ാം വകുപ്പ് പ്രകാരം റീഫണ്ട് ചോദിക്കാവുന്നതാണ്. സപ്ലൈ സ്വീകരിച്ച മാസത്തെ അവസാന ദിവസം മുതലുള്ള 6 മാസം പൂർത്തിയാക്കുന്നതിനു മുൻപ് CGST/ SGST റീഫണ്ട് ചട്ടങ്ങൾ പ്രകാരം നിർദ്ദിഷ്ട രീതിയിൽ ക്ലെയിമിനായി ഫയൽ ചെയ്യാവുന്നതാണ്.

(ഐക്യരാഷ്ട്ര സംഘടന, കോൺസുലേറ്റുകൾ, എംബസ്സികൾ എന്നിവ CGST/ SGST നിയമം 26 (1)-ാം വകുപ്പ് പ്രകാരം ഒരു UID നമ്പർ എടുക്കേണ്ടതും അവരുടെ വാങ്ങലുകൾ സപ്ലൈയറുടെ പുറത്തേയ്ക്കുള്ള സപ്ലൈകളുടെ റിട്ടേണിൽ കാണുന്ന UID നമ്പറിന് നേരെ പ്രതിഫലിക്കേണ്ടതുമാകുന്നു.)

ചോ.7. റീഫണ്ട് ചോദിക്കുന്നതിനുള്ള കാലപരിധി എന്ത്?

ഉ. CGST/ SGST നിയമം 54-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വിവരണ പ്രകാരം പ്രസ്തുത വ്യക്തി പ്രസക്തമായ തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ റീഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ചോ.8. അന്യായപോഷണ തത്വം (Principle of unjust enrichment) റീഫണ്ടിനു ബാധകമാണോ?

ഉ. താഴെപ്പറയുന്ന സാഹചര്യങ്ങളൊഴികെ എല്ലാ കേസുകളിലും അന്യായ പോഷണ തത്വം ബാധകമാക്കേണ്ടതാണ്.

1). ശൂന്യ നിരക്കിലുള്ള ചരക്കുസേവനങ്ങളുടെ വിതരണ

ത്തിൻമേൽ അടച്ച നികുതി അല്ലെങ്കിൽ അത്തര സപ്ലൈ കളുടെ തയ്യാറെടുപ്പിനായി ഉപയോഗിച്ച ഇൻപുട്ടുകൾ അല്ലെങ്കിൽ ഇൻപുട്ട് സേവനങ്ങളുടേ മേൽ അടച്ച നികുതി.

2). താഴെപ്പറയുന്നവയുടെ ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

a. നികുതി അടയ്ക്കാതെ നടത്തിയ ശൂന്യ നിരക്കിലുള്ള സപ്ലൈകൾ-

b. ഇൻപുട്ട് നികുതി നിരക്ക് ഔട്ട്പുട്ട് നികുതി നിരക്കിനെക്കാൾ കൂടിയിരിക്കുകയാൽ സഞ്ചയിക്കപ്പെട്ട ക്രെഡിറ്റ്.

3). പൂർണ്ണമായോ, ഭാഗീകമായോ സപ്ലൈ നടക്കാത്തതും അതിൻമേൽ ഇൻവോയ്സ് പുറപ്പെടുവിക്കാത്തതിനും എന്നാൽ നികുതി അടച്ചതുമായ സപ്ലൈയുടെ റീഫണ്ട്.

4). CGST/ SGST നിയമം 77 -ാം വകുപ്പനുസരിച്ചു തെറ്റായി പിരിക്കുകയും കേന്ദ്ര / സംസ്ഥാന സർക്കാരുകൾക്ക് അടയ്ക്കുകയും ചെയ്ത നികുതിയുടെ പലിശയുടെ റീഫണ്ട്.

5). നികുതി വിധേയനല്ലാത്ത മറ്റൊരു വ്യക്തി അടച്ച നികുതിയോ പലിശയുടെയോ റീഫണ്ട്.

6). സർക്കാർ വിജ്ഞാപനം ചെയ്യാൻ സാദ്ധ്യതയുള്ള നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മറ്റു വിഭാഗത്തിലെ വ്യക്തികൾ.

ചോ.9. നികുതി ഉപഭോക്താവിലേക്കു കൈമാറ്റം ചെയ്യപ്പെടുകയാണെങ്കിൽ റീഫണ്ട് അനുവദിക്കാമോ?

ഉ. അതെ CGST/ SGST നിയമം വകുപ്പ് 57 പ്രകാരം അങ്ങനെ തീർപ്പാക്കപ്പെട്ട തുക കൺസ്യൂമർ വെൽഫയർ ഫണ്ടിലേക്കു ക്രെഡിറ്റ് ചെയ്യും.

ചോ.10. റീഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും കാലപരിധിയുണ്ടോ?

ഉ. ഉണ്ട്. റീഫണ്ടിനായുള്ള അപേക്ഷ സ്വീകരിച്ച ദിവസം മുതൽ 60 ദിവസത്തിനകം എല്ലാതരത്തിലും റീഫണ്ട് അനുവദിച്ചിരിക്കണം. CGST/ SGST നിയമം 56 -ാം വകുപ്പ് അനുസരിച്ച് 60 ദിവസത്തിനകം റീഫണ്ട് അനുവദിച്ചില്ലായെങ്കിൽ വിജ്ഞാപനം ചെയ്യപ്പെട്ട നിരക്കു അനുസരിച്ച് പലിശ

നല്കാൻ ബാദ്ധ്യസ്ഥരാണ്. എന്തിരുന്നാലും CGST/ SGST നിയമം 54 (6) ാം വകുപ്പ് പ്രകാരം ചില വിഭാഗങ്ങളിലെ രജിസ്റ്റേർഡ് നികുതിദായകർ നടത്തിയ ശൂന്യ നിരക്കിലുള്ള സപ്ലൈകളുടെ 90 % വരെയുള്ള തുക താല്ക്കാലികമായി റീഫണ്ടു ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്. ഈ താല്ക്കാലിക റീഫണ്ട്, അറിയിപ്പുകിട്ടി 7 ദിവസത്തിനകം നൽകേണ്ടതാണ്.

ചോ.11. റീഫണ്ട് തടഞ്ഞുവക്കാൻ ഡിപ്പാർട്ടുമെന്റിന് സാധിക്കുമോ?

ഉ. അതെ, താഴെ പറയുന്ന സാഹചര്യങ്ങളിൽ ഡിപ്പാർട്ടുമെന്റിന് റീഫണ്ടു തടഞ്ഞുവെയ്ക്കാവുന്നതാണ്.

1). രജിസ്റ്റർ ചെയ്ത വ്യാപാരി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ, അവ സമർപ്പിക്കുന്നതുവരെ-

2). രജിസ്റ്റർ ചെയ്ത നികുതിദായകൻ എന്തെങ്കിലും നികുതിയോ പലിശയോ അല്ലെങ്കിൽ പിഴയോ അടയ്ക്കുവാനുള്ളത് എന്തെങ്കിലും അപ്പീൽ അധികാരിയോ ട്രബ്യൂണൽ കോടതിയോ സ്റ്റേ ചെയ്തിട്ടില്ലെങ്കിൽ അപ്രകാരമുള്ള നികുതി, പലിശ അല്ലെങ്കിൽ പിഴ അടയ്ക്കുന്നതുവരെ-

CGST/ SGST നിയമം 54 (10)(D) വകുപ്പ് പ്രകാരം റീഫണ്ടു ചെയ്യാവുന്ന തുകയിൽ നിന്നും അടച്ചിട്ടില്ലാത്ത നികുതി തുക ഉചിതമായ ഉദ്യോഗസ്ഥനു വസൂലാക്കാവുന്നതാണ്.

3). റീഫണ്ടു ഉത്തരവിൻമേൽ അപ്പീൽ സമർപ്പിച്ചിരിക്കുന്ന കേസിൽ റീഫണ്ട് അനുവദിക്കുന്നതു കൊണ്ട് കമ്മീഷണർക്ക്/ ബോർഡിന് നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും എന്ന അഭിപ്രായമുണ്ടെങ്കിൽ റീഫണ്ട് തടഞ്ഞുവെയ്ക്കാം. (CGST/ SGST നിയമം 54 (11)-ാം വകുപ്പ്)

ചോ.12. CGST/ SGST നിയമം 54 (11)-ാം വകുപ്പ് പ്രകാരം തടഞ്ഞുവെച്ചിരിക്കുന്ന റീഫണ്ട് തുകയിൻമേൽ നികുതിദായകന് പലിശ നൽകേണ്ടതുണ്ടോ?

ഉ. അപ്പീൽ അല്ലെങ്കിൽ മറ്റു നടപടി ക്രമങ്ങൾ കാരണമാണ് റീഫണ്ട് തടഞ്ഞു വെച്ചിരിക്കുന്നതെങ്കിൽ, നികുതി വിധേയനു ലഭിക്കേണ്ട റീഫണ്ട് തുകയ്ക്കു വിജ്ഞാപനം ചെയ്ത നിരക്കു പ്രകാരം പലി ശ നിൽകേണ്ടതുണ്ട്. (CGST/ SGST നിയമം 54 (12) വകുപ്പ്)

ചോ.13. റീഫണ്ടിന് കുറഞ്ഞ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഉ. ആയിരം രൂപയിൽ കുറവുള്ള തുകയ്ക്ക് റീഫണ്ട് അനുവദിക്കുന്നതല്ല. (CGST/ SGST നിയമം 54 (14) വകുപ്പ്)

ചോ.14. മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് എങ്ങനെ നൽകും.?

ഉ. മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് ആ നിയമങ്ങൾ പ്രകാരം തന്നെ പണമായി നൽകുന്നതാണ്. എന്നാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി നൽകുന്നതല്ല.

ചോ.15. രേഖകൾ ഹാജരാക്കുന്നതിന് മുൻപ് റീഫണ്ട് നൽകാമോ?

ഉ. ചരക്കുകളുടെയോ സേവനങ്ങളുടെയോ ശൂന്യനിരക്കിലുള്ള സപ്ലൈകൾ നടത്തുന്ന രജിസ്റ്റേർഡ് നികുതിദായകന് കൊടുക്കേണ്ട റീഫണ്ടിന്റെ 90% തുക രേഖകൾ പരിശോധിക്കുന്നതിന് മുമ്പ് CGST/ SGST നിയമം 54 (6) -ാം വകുപ്പിൽ നിർദേശിച്ചിരിക്കുന്ന നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നൽകാവുന്നതാണ്.

ചോ.16. കയറ്റുമതിക്കുള്ള റീഫണ്ട് അനുവദിക്കുന്നതിന് പണം ലഭിക്കുന്നതിന് ബാങ്ക് രേഖ (Bank realisation certificate- BRC) ഹാജരാക്കേണ്ടതുണ്ടോ?

ഉ. ചരക്കുകളുടെ കയറ്റുമതിയിൻമേലുള്ള റീഫണ്ടിനാണെങ്കിൽ, റീഫണ്ട് ചട്ടങ്ങൾ, റീഫണ്ട് ക്ലൈമിന് ആവശ്യപ്പെടുമ്പോൾ ബാങ്കു രേഖ (BRC) ഒരു അവശ്യ രേഖയായി നിർദ്ദേശിക്കുന്നില്ല. എന്നാൽ സേവനങ്ങളുടെ കയറ്റുമതിയുടെ കാര്യത്തിൽ റീഫണ്ടിനായി അപേക്ഷിക്കുമ്പോൾ BRC യുടെ വിശദാംശങ്ങളും നൽകിയിരിക്കണം.

ചോ.17. കയറ്റുമതിയുടെയും SEZ യൂണിറ്റുകൾക്കു നൽകുന്ന വിതരണങ്ങളുടെയും മേലും അന്യായ പോക്ഷണ തത്വം ബാധകമാണോ?

ഉ. ശൂന്യനിരക്കിലുള്ള സപ്ലൈകൾക്ക് (കയറ്റുമതിയും) SEZ യൂണിറ്റുകൾക്ക് നൽകുന്ന സപ്ലൈ എന്നിവയിൽ ഈ തത്വം ബാധകമല്ല.

ചോ.18. “അന്യായ പോക്ഷണ തത്വം” ബാധകമല്ലെന്ന് ഒരാൾ എങ്ങനെയാണ് തെളിയിക്കുന്നത്?

ഉ. റീഫണ്ടു തുക 2 ലക്ഷത്തിൽ താഴെയാണെങ്കിൽ അപേക്ഷകൻ തന്റെ റീഫണ്ടും അപേക്ഷയോടൊപ്പം, അതുമായി ബന്ധപ്പെട്ട അടച്ച നികുതിയും അല്ലെങ്കിൽ മറ്റ് ഏതെങ്കിലും

തുകയും മറ്റൊരാളിലേക്കും കൈമാറിയിട്ടില്ല എന്നുള്ളതിന്റെ രേഖയും തെളിവുകളും സമർപ്പിക്കേണ്ടതാണ്. എങ്കിലേ അയാൾ റീഫണ്ടിന് അർഹനാകൂ. എന്നാൽ റീഫണ്ട് തുക 2 ലക്ഷത്തിൽ അധികമാണെങ്കിൽ അതുമായി ബന്ധപ്പെട്ട് അടച്ച നികുതി മറ്റൊരാളിലേക്കും കൈമാറിയിട്ടില്ല എന്നുള്ളതിന്റെ ചാർട്ടേർഡ് അക്കൗണ്ടിന്റ് നൽകിയ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

ചോ.19. നിലവിൽ വാറ്റ് - CST നിയമപ്രകാരം കച്ചവട കയറ്റുമതിക്കാരന് (മെർച്ചന്റ് എക്സ്പോർട്ടർ) ഒരു പ്രസ്താവന നൽകിക്കൊണ്ട് നികുതി അടക്കാതെ ചരക്കുകൾ വാങ്ങാം. ഈ സംവിധാനം GST യിൽ ഉണ്ടാകുമോ?

ഉ. അങ്ങനെ ഒരു സംവിധാനം GST യിൽ ഉണ്ടാവില്ല. അവർ നികുതി അടച്ച് സാധനങ്ങൾ വാങ്ങേണ്ടതും CGST/ SGST നിയമം 54 (3) വകുപ്പു പ്രകാരം ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ടായി അവകാശപ്പെടേണ്ടതുമാണ്.

ചോ.20. നിലവിൽ കേന്ദ്ര എക്സൈസ് നിയമത്തിൽ കയറ്റുമതിക്കാർക്ക് തീരുവ അടച്ച് ഇൻപുട്ട് വാങ്ങുന്നതിനും അതിൻമേൽ ഇൻപുട്ട് ടാക്സ് എടുക്കുന്നതിനും ചരക്കുകൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചു തീരുവ അടച്ച കയറ്റുമതി ചെയ്ത ശേഷം കയറ്റുമതി ചെയ്തവയുടെ തീരുവ റീഫണ്ട് ചെയ്യുവാനും സാധിക്കും. ഈ സംവിധാനം GST യിലും തുടരുമോ?

ഉ. അതെ, IGST നിയമം 16-ാം വകുപ്പ് പ്രകാരം ഒരു രജിസ്റ്റേർഡ് നികുതിദായകന് ഒന്നുകിൽ ഒരു ബോണ്ടിൻമേലോ അതോ ഏറ്റെടുക്കൽ കത്തിൻമേലോ (letter of undertaking) IGST അടക്കാതെ ചരക്കുകളോ സേവനങ്ങളോ കയറ്റുമതി ചെയ്യുകയും അതിനുമേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ റീഫണ്ടിനായി അവകാശപ്പെടുകയോ അല്ലെങ്കിൽ, IGST അടച്ചുകൊണ്ട് ചരക്കുകളുടെയോ, സേവനങ്ങളുടെയോ കയറ്റുമതി ചെയ്യുകയും അടച്ച IGST യുടെ റീഫണ്ടിനായി അവകാശപ്പെടുകയോ ചെയ്യാവുന്നതാണ്.

ചോ.21. റീഫണ്ട് ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അറിയിപ്പ് നൽകുന്നതിനുള്ള കാലാവധി എന്താണ്.?

ഉ. CGST/ SGST നിയമം വകുപ്പ് 49 ഉപവകുപ്പ് 6 പ്രകാരം ഇല

ക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് റീഫണ്ട് ലഭിക്കുന്നതിനുള്ള അപേക്ഷ ആ നികുതി കാലയളവിൽ നൽകുന്ന റിട്ടേണിനോടൊപ്പം നൽകുകയും അതിനുശേഷം ആ വിവരം അറിയിക്കേണ്ടതുമാണ്. എന്നാൽ മറ്റു കേസുകളിൽ റീഫണ്ട് നൽകുന്നതിന്റെ വിവരം അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം എല്ലാതരത്തിലും പൂർത്തിയാക്കി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

ചോ.22. താല്ക്കാലിക റീഫണ്ട് നൽകേണ്ട സമയപരിധി എന്താണ്?

ഉ. CGST/ SGST നിയമം 54 -ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം ശൂന്യനിരക്കിലുള്ള സപ്ലൈകളുടെ റീഫണ്ട് തുകയുടെ 90% വരെ റീഫണ്ടിനുള്ള അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം പൂർത്തിയാക്കി താല്ക്കാലിക റീഫണ്ട് അനുവദിച്ച വിവരം അറിയിക്കേണ്ടതാണ്.

ചോ.23. റീഫണ്ട് ക്ലെയ്മിനു വേണ്ടിയുള്ള അപേക്ഷയ്ക്ക് പ്രത്യേക ഫോർമാറ്റ് ഉണ്ടോ?

ഉ. റീഫണ്ടിനുള്ള ഓരോ ക്ലെയിമും GST RFD -1 എന്ന ഫാറത്തിലാണ് സമർപ്പിക്കേണ്ടത്. എന്നാൽ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ ബാലൻസിന്റെ റീഫണ്ടിനുവേണ്ടി GSTR-3, GSTR-4 അല്ലെങ്കിൽ GSTR-7 ൽ സമർപ്പിക്കുന്ന മാസം തോറും / ത്രൈമാസം തോറും സമർപ്പിക്കുന്ന (പ്രസ്തുത കാലത്തെ) റിട്ടേണിലൂടെ ആവശ്യപ്പെടാവുന്നതാണ്.

ചോ.24. റീഫണ്ട് ക്ലെയിം അനുവദിക്കുന്നതിന് പ്രത്യേക ഫോർമാറ്റ് ഉണ്ടോ?

ഉ. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, GST RFD-06 എന്ന ഫാറത്തിലൂടെ ഒരു ഉത്തരവായി റീഫണ്ട് ക്ലെയിം അനുവദിക്കാവുന്നതാണ്. GST RFD-05 എന്ന ഫോറത്തിലൂടെ പെയ്മെന്റ് അഡ്വൈസ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതിനുശേഷം റീഫണ്ട് തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു.

ചോ.25. റീഫണ്ട് ക്ലെയിമിൽ എന്തെങ്കിൽ കുറവുകൾ ഉണ്ടായാൽ എന്തു സംഭവിക്കും.?

ഉ. റീഫണ്ടു ക്ലെമിയിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ, 15 ദിവസത്തിനകം സൂചിപ്പിച്ചിരിക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കുറവുകൾ സൂചിപ്പിച്ച GST,RFD 06 എന്ന ഫോറം

കോമൺ പോർട്ടൽ വഴി പുറപ്പെടുവിക്കുകയും കുറവുക ളെല്ലാം പരിഹരിച്ചതിനുശേഷം റീഫണ്ട് ആപ്ലിക്കേഷൻ സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യണം.

ചോ.26. കാരണങ്ങളൊന്നും കാണിക്കാതെ റീഫണ്ട് ക്ലെയിം നിര സിക്കുവാൻ സാധിക്കുമോ?

ഉ. ഇല്ല. റീഫണ്ട് ക്ലെയിം അനുവദിക്കാൻ സാധിക്കില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മനസ്സിലായാൽ Form GST RFD-08 ൽ അപേക്ഷകന് ഒരു നോട്ടീസ് പുറപ്പെടുവിക്കുകയും അതിന്റെ മറുപടി 15 ദിവസത്തിനകം GST RFD 09 എന്ന ഫാറത്തിൽ സമർപ്പിക്കണമെന്നത് ആവശ്യപ്പെടുകയും അപേക്ഷകന്റെ മറുപടി പരിഗണിച്ചതിനു ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് റീഫണ്ട് ക്ലെയിം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന്റെ ഉത്തരവ് GST RFD-06 എന്ന ഫാറത്തിൽ മാത്രം പുറപ്പെടുവിക്കേണ്ടതുമാണ്.

# നികുതി ആവശ്യപ്പെടലും
# വീണ്ടെടുക്കലും

# നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും

ചോ.1. അടക്കാത്തതോ കുറവായോ അടച്ചതുമായ നികുതികൾ അഥവാ തെറ്റായി അഥവാ തെറ്റായി തിരികെ നൽകിയ നികുതികൾ അഥവാ തെറ്റായി എടുത്തതോ ഉപയോഗിച്ചതോ ആയ ഇൻപുട്ട് ടാക്സ്, ക്രെഡിറ്റ് എന്നിവ തിരികെ പിടിക്കുന്നതിനുള്ള വകുപ്പുകൾ ഏതാണ്?

ഉ. തട്ടിപ്പ്, പൂഴ്ത്തിവപ്പ്, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ 73-ാം വകുപ്പ് പ്രകാരം കൈകാര്യം ചെയ്യുന്നു. എന്നാൽ തട്ടിപ്പ്, പൂഴ്ത്തിവപ്പ്, തെറ്റായ വിവരം നൽകൽ ഉൾപ്പെട്ട കേസുകളെ വകുപ്പ് 74-ഉം കൈകാര്യം ചെയ്യുന്നു.

ചോ.2. നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട വ്യക്തിക്കു തന്റെ നികുതിയും പലിശയും വകുപ്പ് 73 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിക്കുന്നതിനു മുമ്പ് അടയ്ക്കുവാൻ സാധിക്കുമോ?

ഉ. തീർച്ചയായും. ഇത്തരം സന്ദർഭങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് നൽകാൻ സാധിക്കില്ല.

ചോ.3. വകുപ്പ് 73 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച വ്യക്തി നോട്ടീസ് ലഭിച്ചതിനു ശേഷം പലിശ ഉൾപ്പെടെയുള്ള തുക അടച്ചാൽ പ്രസ്തുത നോട്ടീസിൽ വിധി പ്രഖ്യാപിക്കേണ്ടതുണ്ടോ?

ഉ. വകുപ്പ് 73 (8) പ്രകാരം നോട്ടീസ് ലഭിച്ച വ്യക്തി, നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ പലിശ സഹിതം നികുതി അട

യ്ക്കുകയാണെങ്കിൽ യാതൊരു വിധ പിഴയും ഉണ്ടാകുന്ന തല്ല. കൂടാതെ നോട്ടീസിൽ പറഞ്ഞതു പ്രകാരമുള്ള നടപടികൾ അവസാനിച്ചതായി കണക്കാക്കുകയും ചെയ്യും.

ചോ.4. കാരണം കാണിക്കൽ നോട്ടീസ് നൽകുവാനുള്ള പ്രസക്ത തീയതി എന്താണ്?

ഉ. (1). 73 -ാം വകുപ്പിലെ കേസുകളിൽ (തട്ടിപ്പ്, പൂഴ്ത്തിവപ്പ്, തെറ്റായ വിവരം നൽകൽ എന്നീ കേസുകളൊഴികെ) നിയമപ്രകാരമുള്ള വാർഷിക റിട്ടേണുകൾ സമർപ്പിച്ചിട്ടുള്ള സന്ദർഭത്തിൽ റിട്ടേൺ സമർപ്പിച്ച തീയതിയാണ് പ്രസക്തി തീയതി. വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ മൂന്ന് വർഷത്തിനകം കാരണം കാണിക്കൽ നോട്ടീസിന്റെ വിധി തീർപ്പാക്കേണ്ട കാലാവധിക്കു മൂന്നു മാസമെങ്കിലും മുൻകൂറായി കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കേണ്ടതാണ്. വകുപ്പ് 73 (2&10).

(2). 74 -ാം വകുപ്പിലെ കേസുകളിൽ തട്ടിപ്പ്, പൂഴ്ത്തിവയ്പ്പ്, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടുന്ന കേസുകളിൽ നിയമപ്രകാരം വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി മുതലാണ് പ്രസക്ത തീയതി കണക്കാക്കുന്നത്. വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തിനകം കാരണം കാണിക്കൽ നോട്ടീസിന്റെ വിധി തീർപ്പാക്കേണ്ടതാണ്. വിധി തീർപ്പാക്കേണ്ട കാലയളവിന് ആറു മാസം മുമ്പെങ്കിലും കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കേണ്ടതാണ്. (വകുപ്പ് 74 (2&10))

ചോ.5. കേസുകളിൽ വിധി പറയുന്നതിനുള്ള സമയപരിധിയുണ്ടോ?

ഉ. (1). 73 -ാം വകുപ്പ് പ്രകാരമുള്ള കേസുകളിൽ (തട്ടിപ്പ്, പൂഴ്ത്തിവയ്പ്പ്, തെറ്റായ വിവരം നൽകൽ എന്നിവ ഒഴികെയുള്ള കേസുകളിൽ) വിധി പറയുന്നതിനുള്ള സമയ പരിധി വാർഷിക റിട്ടേൺ സമർപ്പിച്ച തീയതി മുതൽ 3 വർഷത്തിനുള്ളിൽ ആണ്. (വകുപ്പ് 73 (10)).

(2). 74 -ാം വകുപ്പ് പ്രകാരമുള്ള കേസുകളിൽ (തട്ടിപ്പ്, പൂഴ്ത്തിവയ്പ്പ്, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടുന്ന കേസുകളിൽ) വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ ദിവസം മുതൽ 5 വർഷത്തിനുള്ളിൽ വിധി പ്രസ്താവിച്ചിരിക്കണം. വകുപ്പ് 74 (10).

ചോ.6. തട്ടിപ്പ്, പൂഴ്ത്തിവയ്പ്പ്, തെറ്റായ വിവരം നൽകൽ എന്നിവ

യിൻമേൽ നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട വ്യക്തിക്ക് നോട്ടീസ് ലഭിക്കുന്നതിന് മുൻപ് ആവശ്യപ്പെട്ട തുക പലിശയോടൊപ്പം അടച്ചാൽ കേസിൽ നിന്നും ഒഴിവാക്കപ്പെടുമോ?

ഉ. അതെ. നോട്ടീസ് ലഭിക്കുന്നതിന് മുൻപ്, നിയമപ്രകാരം നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട വ്യക്തിക്ക് സ്വയം കണക്കാക്കിയതോ, ചുമത്തപ്പെടുത്തിയ ഉദ്യോഗസ്ഥൻ കണക്കാക്കിയതോ ആയ നികുതിയും പലിശയും 15% പിഴയും ഉൾപ്പെടെ അടയ്ക്കാവുന്നതാണ്. അപ്രകാരം അടക്കുന്ന നികുതിക്ക് നോട്ടീസ് നൽകേണ്ടതില്ല. വകുപ്പ് 74 (6).

ചോ.7. വകുപ്പ് 74 പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുകയും, നോട്ടീസ് ലഭിച്ച വ്യക്തി അതിനുശേഷം തുക അടച്ചാൽ, പ്രസ്തുത നോട്ടീസിൻമേൽ വിധി പ്രസ്താവിക്കേണ്ടതുണ്ടോ?

ഉ. വകുപ്പ് 74 ഉപവകുപ്പ് 1 പ്രകാരം നികുതി അടക്കേണ്ട വ്യക്തിക്കു നോട്ടീസ് അയക്കുകയും നോട്ടീസ് ലഭിച്ച വ്യക്തി നോട്ടീസ് കിട്ടി 30 ദിവസത്തിനുള്ളിൽ നികുതിയും പലിശയും നികുതിയുടെ 25% തുല്യമായ തുക പിഴയും അടച്ചാൽ നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും.

ചോ.8. 74 ാം വകുപ്പ് പ്രകാരമുള്ള നോട്ടീസിൻമേലുള്ള വിധി പ്രകാരം നികുതിയും പിഴയും അടക്കാൻ ബാദ്ധ്യതപ്പെട്ട വ്യക്തിക്കു കുറഞ്ഞനിരക്കിലുള്ള പിഴ അടക്കുവാൻ അവസരമുണ്ടോ?

ഉ. വകുപ്പ് 74 (11) പ്രകാരമുള്ള വിധി ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നികുതിയും പലിശയും, നികുതിയുടെ 50% പിഴ സഹിതം അടച്ചാൽ ആ നികുതിയുടെ മേലുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും.

ചോ.9. വകുപ്പ് 73,74 പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുകയും എന്നാൽ പറഞ്ഞ സമയത്തിനകം വിധി പ്രസ്താവിച്ച് ഉത്തരവ് ഇറക്കിയിട്ടില്ലായെങ്കിൽ എന്ത് സംഭവിക്കും.?

ഉ. ഇത്തരം വകുപ്പുകൾ പ്രകാരം നിർദ്ദിഷ്ട കാലയളവിനകം വിധി പറയാത്ത പക്ഷം പ്രസ്തുത നോട്ടീസ് തുടർനടപടികളില്ലാതെ അവസാനിച്ചതായി കണക്കാക്കപ്പെടുന്നതായിരിക്കും. (വകുപ്പ് 75(10))

ചോ.10. ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്നും നികുതിയായി പിടിക്കുന്ന തുക സർക്കാരിന് അടക്കാതിരുന്നാൽ എന്താണ് സംഭവിക്കുക?

ഉ. ഓരോ വ്യക്തിയും തന്റെ സപ്ലൈ നികുതി ബാധകമല്ലെങ്കിൽ പോലും നികുതി ജനത്തിൽ ഏതെങ്കിലും തുക വേറൊരാളിൽ നിന്നും പിരിച്ചിട്ടുണ്ടെങ്കിൽ ആ തുക കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് അടയ്ക്കേണ്ടതാണ്. പിടിച്ച തുക അടച്ചില്ലെങ്കിൽ, ആ തുകയും അതിനു തുല്യമായ തുക പിഴയായും തിരിച്ചു പിടിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കാം. (വകുപ്പ് 76 (1 & 2))

ചോ.11. വകുപ്പ് 76 (1) ന് വിരുദ്ധമായി ഒരു വ്യക്തി നികുതിയായി പിരിച്ച തുക അടക്കാതിരുന്നാൽ തുടർനടപടികൾ എന്തൊക്കെയാണ്.?

ഉ. കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷം സ്വാഭാവിക നീതി എന്ന തത്വം അനുസരിച്ച് നോട്ടീസ് പുറപ്പെടുവിച്ച് ഒരു വർഷത്തിനകം വിധി പ്രസ്താവിച്ച് ഉത്തരവ് ഇറക്കേണ്ടതാണ്. (വകുപ്പ് 76 (2-6))

ചോ.12. നികുതി പിരിച്ചതിനുശേഷം സർക്കാരിലേക്ക് അടക്കാത്ത കേസുകളിൽ വകുപ്പ് 76 പ്രകാരം നോട്ടീസ് നൽകുന്നതിന് സമയപരിധി ഉണ്ടോ?

ഉ. ഇല്ല. ഇപ്രകാരമുള്ള കേസുകളിൽ സമയപരിധിയില്ലാതെ, നോട്ടീസ് നൽകാവുന്നതാണ്.

ചോ.13. അധികാരപ്പെട്ട ഉദ്യോഗസ്ഥന് നികുതി വസൂലാക്കാൻ നിയമപ്രകാരമുള്ള രീതികൾ എന്തൊക്കെയാണ്?

ഉ.
a. നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട ആൾക്ക് പണം കൊടുക്കുവാനുള്ള തുകയിൽ നിന്നും കിട്ടാനുള്ള തുക കിഴിച്ച് നൽകാവുന്നതാണ്.
b. അത്തരം വ്യക്തികളുടെ കൈവശമുള്ള ചരക്കുകൾ വില്ക്കുകയോ തടഞ്ഞു വെയ്ക്കുകയോ ചെയ്തു കൊണ്ട് വസൂലാക്കാവുന്നതാണ്.
c. നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട ആൾക്ക് ഇപ്പോൾ പണം നൽകുവാനോ ഭാവിയിൽ പണം നൽകുവാനോ ഉള്ള വ്യക്തകൾക്ക് അല്ലെങ്കിൽ നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട ആളുടെ പണം ഇപ്പോൾ, കൈവശം വച്ചി

രിക്കുന്ന അല്ലെങ്കിൽ, ഭാവിയിൽ കൈവശം വരാൻ സാധ്യതയുള്ള വ്യക്തികളിൽ നിന്നും വസൂലാക്കി കേന്ദ്ര സംസ്ഥാന സർക്കാരിന് ക്രെഡിറ്റ് ചെയ്ത് അയക്കാവുന്നതാണ്.

d. അത്തരം വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ചലിക്കുന്നതോ ചലിക്കാത്തതോ ആയ വസ്തുവകകൾ, നികുതി അടച്ചു തീരുന്നതുവരെ കണ്ടുകെട്ടാവുന്നതാണ്. അടക്കുവാനുള്ള തുക 30 ദിവസത്തിനുള്ളിൽ അടക്കാതിരുന്നാൽ പ്രസ്തുത വസ്തുവകകൾ വിൽക്കുവാനും വിറ്റുവരവു തുകയിൽ നിന്ന് അടക്കുവാനുള്ള തുകയും വിൽപ്പനക്കുള്ള ചെലവും വസൂലാക്കാവുന്നതാണ്.

e. നികുതി നൽകാൻ ബാദ്ധ്യതപ്പെട്ട ആൾക്ക് സ്വന്തമായി ഭൂമി ഉള്ളതോ അയാൾ താമസിക്കുന്നതോ ആയ പ്രദേശത്തെ ജില്ലാ കളക്ടർക്ക് കുടിശ്ശിക തുക കാണിച്ച് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അതിന് മേൽ ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്.

f. മജിസ്ട്രേറ്റിന് അപേക്ഷ നൽകുന്നതിലൂടെ വസൂലാക്കേണ്ട തുകയും പിഴയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കും.

g. GST നിയമം അല്ലെങ്കിൽ ഏതെങ്കിലും ചട്ടങ്ങൾ അതോ നിബന്ധനകൾ മുഖേന ബോണ്ട് അല്ലെങ്കിൽ മറ്റേതെങ്കിലും ഇൻസ്ട്രുമെന്റ് നിർബന്ധിപ്പിച്ചു തയ്യാറാക്കുക.

h. CGST യിലെ കുടിശ്ശിക SGST കുടിശ്ശികയായും SGST കുടിശ്ശിക CGST കുടിശ്ശികയായും വസൂലാക്കാവുന്നതാണ്.

ചോ.14. അടയ്ക്കുവാനുള്ള നികുതി ഗഡുക്കളായി അടയ്ക്കുവാൻ അനുവദിക്കുമോ?

ഉ. അത്തരത്തിലുള്ള ഏതെങ്കിലും അപേക്ഷ സ്വീകരിച്ചാൽ, സ്വയം നിർണ്ണയിച്ച നികുതി ഒഴികെ, മറ്റെല്ലാം 24 ൽ കവിയാത്ത മാസ ഗഡുക്കളായി അടയ്ക്കുവാൻ കമ്മീഷണർ അല്ലെങ്കിൽ ചീഫ് കമ്മീഷണർക്ക്, നിർദ്ദേശിക്കപ്പെട്ട നിയന്ത്രണങ്ങൾക്കും വ്യവ്യസ്ഥകൾക്കും വിധേയമായി അനുവദിക്കാവുന്നതാണ്. ഇങ്ങനെ അടയ്ക്കുന്ന ഗഡുക്കൾക്ക്

വകുപ്പ് 50 ൽ പറയുന്ന പ്രകാരം പലിശ അടക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഒരു ഗഡു അടയ്ക്കുവാൻ മുടക്കം വരുത്തിയാൽ, ബാക്കി നൽകേണ്ടതുക മുഴുവനും മറ്റൊരു നോട്ടീസ് നൽകാതെ വസൂലാക്കാവുന്നതാണ്.

ചോ.15. അപ്പീലിലോ പുനർ നിർണ്ണയത്തിലോ, നികുതി ബാദ്ധ്യത ഉയർത്തപ്പെട്ടാൽ, വസൂലാക്കാൻ എന്തു നടപടി സ്വീകരിക്കും.?

ഉ. പുനർ നിർണ്ണയിച്ചപ്പോൾ ഉള്ള അധിക ബാദ്ധ്യതയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകേണ്ടത് ആവശ്യമാണ്. നേരത്തെ നിർണ്ണയിച്ച ബാദ്ധ്യത നിലനിൽക്കുകയും പ്രസ്തുത ബാദ്ധ്യത തിരിച്ചു പിടിക്കാനുള്ള നടപടികൾ തുടരുകയും ചെയ്യാം.

ചോ.16. നികുതിവിധേയ വ്യക്തി തന്റെ നികുതി ബാദ്ധ്യത നില നിൽക്കുമ്പോൾ തന്നെ ബിസിനസ്സ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ നികുതി ബാദ്ധ്യതയ്ക്ക് എന്തു സംഭവിക്കും.?

ഉ. നികുതി അടക്കാൻ ബാദ്ധ്യതപ്പെട്ട ഒരു വ്യക്തി തന്റെ ബാദ്ധ്യതക്ക് നിലനിൽക്കുമ്പോൾ തന്നെ മാറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ കൈമാറ്റം ചെയ്ത വ്യക്തിയും, ലഭിച്ച വ്യക്തിയും കൈമാറ്റം ചെയ്യുന്ന നികുതിക്ക് പലിശയും പിഴയും സഹിതം പ്രത്യേകമായോ ഒരുമിച്ചോ അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതുസംബന്ധിച്ച നികുതി നിർണ്ണയം കൈമാറ്റത്തിന് മുമ്പാണോ, നടത്തിയതെന്നത് പ്രസക്തമല്ല.

ചോ.17. ഒരു കമ്പനി (നികുതി വിധേയ വ്യക്തി) അടച്ചുപൂട്ടിയാൽ നിലവിലുള്ള നികുതി ബാദ്ധ്യതക്ക് എന്തുസംഭവിക്കും.?

ഉ. ഒരു കമ്പനി അടച്ച് കെട്ടുന്ന സമയത്ത്, ആസ്തികൾ വാങ്ങാൻ നിയമിക്കപ്പെട്ട സ്വീകർത്താവ് (ലിക്വിഡേറ്റർ) തന്റെ നിയമനത്തിനെക്കുറിച്ചുള്ള അറിയിപ്പ് മുപ്പത് ദിവസത്തിനകം കമ്മീഷണറെ അറിയിക്കേണ്ടതാണ്. അറിയിപ്പ് ലഭിച്ചയുടൻ കമ്മീഷണർ നികുതി ബാദ്ധ്യത വസൂലാക്കാനുള്ള തുക 3 മാസത്തിനകം ലിക്വിഡേറ്ററെ അറിയിക്കേണ്ടതാണ്.

ചോ.18. കമ്പനി അടച്ചുപൂട്ടിയാൽ കമ്പനിയുടെ ഡയറക്ടർമാരുടെ (നികുതി വിധേയ വ്യക്തി) ബാധ്യത എന്താണ്?

ഉ. ഒരു പ്രൈവറ്റ് കമ്പനിയാണ് അടച്ചുപൂട്ടുന്നതെങ്കിൽ, അടച്ചുപൂട്ടുന്നതിന് മുൻപോ, അതിനുശേഷമോ കണക്കാ

ക്കുന്ന നികുതി ബാധ്യത മറ്റു ബാധ്യതകൾക്ക് പ്രസ്തുത ബാധ്യതകൾ നിലവിലിരുന്ന കാലയളവിലെ ഡയറക്ടർമാർ ഒന്നിച്ചോ പ്രത്യേകമായോ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഡയറക്ടർ തന്റെ അവഗണന കൊണ്ടോ കടമ നിർവ്വഹിക്കാതിരിക്കൽ കൊണ്ടോ അല്ല പ്രസ്തുത ബാധ്യത എന്ന് കമ്മീഷണർക്ക് ബോധ്യപ്പെട്ടാൽ പ്രസ്തുത ഡയറക്ടർ ബാധ്യതയിൽ നിന്നും ഒഴിവാകുന്നതാണ്.

ചോ.19. പങ്കാളിത്ത ബിസിനസ്സിൽ (നികുതി വിധേയ വ്യക്തി) ഉള്ള പങ്കാളികൾക്ക് നികുതി ബാധ്യതയിൽ ഉള്ള ബാധ്യത എങ്ങനെയാണ്.?

ഉ. എല്ലാ പങ്കാളികളും ഒന്നിച്ചോ പ്രത്യേകമായോ നികുതി ബാധ്യതയ്ക്ക് പലിശയും പിഴയും ഉൾപ്പെടെ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഒരു പങ്കാളി വിരമിക്കുന്നുണ്ടെങ്കിൽ പ്രസ്തുതവിവരം എഴുതി തയ്യാറാക്കിയ നോട്ടീസ് മുഖേന കമ്മീഷണറെ അറിയിക്കേണ്ടതാണ്. അങ്ങനെ അറിയിച്ചാൽ വിരമിക്കുന്ന തീയതിവരെയുള്ള ബാധ്യത മാത്രമേ വിരമിക്കുന്ന പങ്കാളിക്കുള്ളൂ. എന്നാൽ വിരമിച്ച് ഒരു മാസത്തിനകം അറിയിക്കാത്ത പക്ഷം വിരമിക്കുന്ന പങ്കാളിയുടെ ബാധ്യത കമ്മീഷണറെ അറിയിക്കുന്നതുവരെ തുടരുന്നതാണ്.

ചോ.20. ഒരു മൈനറായ വ്യക്തിയുടെ / കഴിവില്ലാത്ത വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജന്റ് അല്ലെങ്കിൽ രക്ഷകർത്താവ് അല്ലെങ്കിൽ നികുതി ബാധ്യത എങ്ങനെയാണ്?

ഉ. ഒരു മൈനറായ വ്യക്തിയുടെ / കഴിവില്ലാത്ത വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജന്റ് അല്ലെങ്കിൽ രക്ഷകർത്താവ് അല്ലെങ്കിൽ ട്രിസ്റ്റി മുഖേന നടത്തപ്പെടുകയാണെങ്കിൽ നികുതി ബാധ്യത പലിശയും പിഴയും സഹിതം പ്രസ്തുത ഏജന്റ് /രക്ഷകർത്താവ് / ട്രസ്റ്റിയുടെ കയ്യിൽ നിന്നും ഈടാക്കുന്നതാണ്.

ചോ.21. ഒരു നികുതി വിധേയ വ്യക്തിയുടെ എസ്റ്റേറ്റ് കോടതി നിയോഗിച്ചവരുടെ നിയന്ത്രണത്തിൽ ആണെങ്കിൽ എന്തു സംഭവിക്കും.?

ഉ. നികുതി, പലിശ അല്ലെങ്കിൽ പിഴ കൊടുക്കേണ്ടതായ ബിസിനസ്സിന്റെ നികുതി വിധേയ വ്യക്തിയുടെ എസ്റ്റേറ്റ് കോടതി നിയോഗിച്ച ട്രസ്റ്റിന്റെ / അഡ്മിനിസ്ട്രേറ്റർ / റിസീവർ ഭരണത്തിൽ ആണെങ്കിൽ നികുതി പലിശയും പിഴയും ഉൾപ്പെടെ നികുതി വിധേയ വ്യക്തിയിൽ നിന്നും കിട്ടേണ്ട

# ചരക്കുസേവന നികുതി നിയമത്തിലെ 16 അപ്പീൽ, അവലോകനം, പുനരവലോകനം.

# ചരക്കുസേവന നികുതി നിയമത്തിലെ 16 അപ്പീൽ, അവലോകനം, പുനരവലോകനം.

ചോ.1. ഏതെങ്കിലും ഒരു വ്യക്തിക്കു തനിക്ക് എതിരെയുള്ള ഒരു ഉത്തരവിനോ, തീർപ്പിനോ അപ്പീൽ നൽകുവാൻ അവകാശമുണ്ടോ?

ഉ. ഉണ്ട്. GST നിയമം 107 -ാം വകുപ്പ് പ്രകാരം ഒരു വ്യക്തിക്ക് തനിക്കെതിരെയുള്ള ഒരു ഉത്തരവിനോ തീർപ്പിനോ അപ്പീൽ നൽകുവാൻ അവകാശമുണ്ട്. പക്ഷെ വിധി നിർണ്ണയിക്കുവാൻ അധികാരമുള്ളവർ പുറപ്പെടുവിച്ച ഒരു ഉത്തരവോ, തീർപ്പോ ആയിരിക്കണം ഇത്.

എന്നാൽ 121 -ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന ചില ഉത്തരവുകൾക്കും തീർപ്പുകൾക്കും ഇത് ബാധകമല്ല.

ചോ.2. അപ്പലേറ്റ് അതോറിറ്റിക്കു മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി എന്താണ്?

ഉ. ഉത്തരവ് അല്ലെങ്കിൽ തീരുമാനം കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസം വരെ പരാതിക്കാരനുവേണ്ടി സമയ പരിധി നിജപ്പെടുത്തിയിരിക്കുന്നു. ഈ കാലാവധിക്കകം എല്ലാ നടപടികളും പൂർത്തിയാക്കുകയും അപ്പലേറ്റ് അതോറിറ്റിക്ക് (AA) മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കണം.

ചോ.3. അപ്പീൽ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തിയാൽ മാപ്പുകൊടുക്കാൻ അപ്പലേറ്റ് അതോറിറ്റിക്ക് അധികാരമുണ്ടോ?

ഉ. അതെ, മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അപ്പലേറ്റ് അതോറിറ്റിക്ക് ഒരു നിശ്ചിത (3/6) കാലാവധിയിൽ നിന്ന് ഒരു മാസത്തേയ്ക്ക് കൂടി നീട്ടി നൽകാവുന്നതാണ്.

(വകുപ്പ് 107 ഉപവകുപ്പ് 4)

ചോ.4. അപ്പീൽ അപേക്ഷയിൽ പ്രതിപാദിച്ചിട്ടില്ലാത്ത വാദമുഖങ്ങൾ പിന്നീട് ഉന്നയിക്കുന്നതിനുള്ള അനുവാദം നൽകാൻ AA യ്ക്ക് അധികാരമുണ്ടോ?

ഉ. അതെ, മനപ്പൂർവ്വമല്ലാത്ത, വീഴ്ചകൾ യുക്തിഹിതമെങ്കിൽ അഡീഷണൽ ഗ്രൗണ്ടുകളായി അനുവദിക്കുന്നതിനുള്ള അധികാരം AA യ്ക്ക് ഉണ്ട്.

ചോ.5. അപ്പലേറ്റു അതോറിറ്റിയുടെ (എ എ) ഉത്തരവുകൾ ആർക്കൊക്കെയാണ് നൽകേണ്ടത്.?

ഉ. ഹർജിക്കാരനും, ഉത്തരവിറക്കിയ അധികാരിക്കും, CGST / SGST /UTGST കമ്മീഷണർമാർക്കും, അപ്പീൽ ഉത്തരവുകളും പകർപ്പുകളും (എ എ) നൽകേണ്ടതാണ്.

ചോ.6. എ എ യ്ക്കു മുമ്പാകെ നൽകുന്ന ഓരോ അപ്പീലിനൊപ്പവും നൽകേണ്ടതായിട്ടുള്ള മുൻകൂർ നിക്ഷേപം (Pre- deposit) എത്രയാണ്.?

ഉ. ഹർജിക്കാരൻ സമ്മതിച്ച ഉത്തരവ് പ്രകാരമുള്ള നികുതി, പലിശ, ഫൈൻ, പിഴ എന്നിവയുടെ മുഴുവൻ തുകയും അപ്പീലും സമർപ്പിക്കാനിരിക്കുന്ന നികുതി തർക്കവുമായി ബന്ധപ്പെട്ട ബാക്കിതുകയുടെ 10% വും.

ചോ.7. കൂടുതൽ തുക മുൻകൂർ നിക്ഷേപമായി സ്വീകരിക്കുന്നതിനുള്ള ഉത്തരവിറക്കാൻ അപ്പലേറ്റ് അതോറിറ്റിയോട് അപേക്ഷിക്കുവാൻ ഡിപ്പാർട്ടുമെന്റിന് സാധിക്കുമോ?

ഉ. ഇല്ല.

ചോ.8. ബാക്കി തുക തിരികെ പിടിക്കുന്നതിനെ സംബന്ധിച്ചുള്ള മാർഗ്ഗങ്ങൾ എന്താണ്?

ഉ. വകുപ്പ് 107 (7) പ്രകാരം മുകളിൽ പറഞ്ഞ പ്രകാരമുള്ള മുൻകൂർ നിക്ഷേപം അടക്കുന്ന പക്ഷം, ബാക്കി തുക തിരികെ പിടിക്കുന്നത് സ്റ്റേ ചെയ്തതായി കണക്കാക്കുന്നു.

ചോ.9. പ്രഥമ അപ്പലേറ്റ് അധികാരിക്ക് ഒറിജിനൽ അധികാരിയുടെ ഉത്തരവുകളിൽ വിധിച്ചിട്ടുള്ള ഡ്യൂട്ടി, ഫൈൽ, പെനാൽട്ടി മുതലായവ കുറച്ച് നൽകുന്നതിനോ ഉള്ള അധികാരം ഉണ്ടോ?

ഉ. ഹർജിക്കാരന് കാരണം കാണിക്കുവാൻ നിയമപരമായ അവസരം നൽകിയ ശേഷം ആസ്തി കണ്ടുകെട്ടുന്നതിന് പകരമായി ഫീസോ, പിഴയോ, ഉയർത്തി നിശ്ചയിക്കുന്നതിനും

റീഫണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ കുറച്ചു നൽകുന്നതിനുള്ള അധികാരം എ എ യ്ക്ക് ഉണ്ട്. (വകുപ്പ് 98 (10) -ലെ ആദ്യ പ്രോ, വൈസോ!)

ഡ്യൂട്ടി ഉയർത്തി നിശ്ചയിക്കുന്നതിനും തെറ്റായ രീതി ഉപയോഗിച്ചുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തർക്കങ്ങളിൽ തീരുമാനം എടുക്കുന്നതിന് മുൻപ് അപ്പലേറ്റ് അധികാരി ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് ഹർജിക്കാരന് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും, വകുപ്പ് 73 -ലോ 74-ലോ പറഞ്ഞിരിക്കുന്ന പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതാണ് (വകുപ്പ് 107 (11) 2-ാമത്തെ പ്രോ വൈസോ).

ചോ.10. ഏതെങ്കിലും കാരണത്താൽ വിധിപറയുന്ന അധികാരിക്ക് കേസ് തിരികെ നൽകാനുള്ള അധികാരം എ എ യ്ക്ക് (A A) ഉണ്ടോ?

ഉ. ഇല്ല.. കിട്ടിയ അപ്പീലിൻമേൽ ആവശ്യമായ പരിശോധനകൾ നടത്തിയതിനു ശേഷം അത് നീതിയും ന്യായവുമാണെന്ന് ഉപ്പിച്ചു കഴിഞ്ഞാൽ A A യ്ക്ക് അതിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുകയോ തീരുമാനം എടക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ തീരുമാനം അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ച അധികാരിക്ക് ആ കേസ് തിരികെ റെഫറു ചെയ്യാൻ പാടില്ലയെന്ന് വകുപ്പ് 107 (11) പ്രത്യേകമായി പരാമർശിക്കുന്നു.

ചോ.11. കീഴുദ്യോഗസ്ഥരുടെ ഉത്തരവുകൾ തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ CGST / SGST അധികാരികൾക്ക് അവ പുനപരിശോധിക്കുവാൻ കഴിയുമോ?

ഉ. CGST/ SGST നിയമം വകുപ്പ് 2 ഉപവകുപ്പ് 99 പ്രകാരം പുനപരിശോധിക്കുവാനുള്ള അധികാരം ഈ നിയമപ്രകാരം നിയമിച്ചതോ ഏൽപ്പിച്ചതോ ആയ അധികാരികൾക്ക് ഉണ്ട്. ഇത്തരം അധികാരികൾക്ക് തങ്ങളുടെ കീഴുദ്യോഗസ്ഥർ പുറപ്പെടുവിച്ച ഉത്തരവുകൾ ആവശ്യപ്പെടാനും പരിശോധിക്കുവാനും നിയമത്തിലെ 108 -ാം വകുപ്പ് പ്രകാരം അധികാരം നൽകിയിട്ടുണ്ട്. ഉത്തരവുകൾ പരിശോധിച്ച ശേഷം അവ നിയമ വിധേയമല്ലെന്നും തെറ്റാണെന്നും ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ടവർക്ക് മറുപടി ബോധിപ്പിക്കുവാനുള്ള അവസരം നൽകി അവലോകനം ചെയ്ത ശേഷം നേരുത്തരവ് പുറ

പ്പെടുവിക്കാവുന്നതാണ്.

ചോ.12. CGST/ SGST അധികാരികൾക്ക് (Revisional authority) കീഴുദ്യോഗസ്ഥരുടെ ഉത്തരവുകൾ മരവിപ്പിക്കാൻ കഴിയുമോ?

ഉ. കഴിയും.

ചോ.13. മുകളിൽപ്പറഞ്ഞ റിവിഷണൽ അധികാരം നടപ്പാക്കുന്നതിൽ GST യുടെ കീഴിലുള്ള റിവിഷണൽ അധികാരിക്ക് എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടോ?

ഉ. ഉണ്ട്. റിവിഷണൽ അതോറിറ്റി താഴെപ്പറയുന്ന ഉത്തരവുകൾ പുനപരിശോധിക്കാൻ പാടില്ല.

a. വകുപ്പ് 107 അല്ലെങ്കിൽ വകുപ്പ് 112 അല്ലെങ്കിൽ വകുപ്പ് 117 അല്ലെങ്കിൽ വകുപ്പ് 118 പ്രകാരം അപ്പീൽ കൊടുത്തിട്ടുള്ള കേസുകളിൻമേലുള്ള ഉത്തരവ്.

b. പുനപരിശോധിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവ് പാസ്സാക്കി വകുപ്പ് 107 (2) പ്രകാരമുള്ള കാലയളവ് പൂർത്തിയാകാതിരിക്കുകയും അല്ലെങ്കിൽ ഉത്തരവ് പാസ്സാക്കി 3 വർഷം കഴിഞ്ഞ സന്ദർഭങ്ങളിലും.

c. ഈ വകുപ്പ് പ്രകാരം റിവിഷനുവേണ്ടി മുൻപ് പരിഗണിച്ച ഉത്തരവാണെങ്കിൽ-

ചോ.14. ഏതെല്ലാം അവസരങ്ങളിലാണ് ട്രിബ്യൂണലുകൾക്ക് അപ്പീലുകൾ തള്ളിക്കളയുന്നതിനുള്ള അധികാരം ഉള്ളത്?

ഉ. ഇത്തരം അപ്പീലുകളിൽ താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ -

a. നികുതി തുക, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ.

b. നികുതി വ്യത്യാസം ഇൻപുട്ട് ടാക്സ് വ്യത്യാസം അല്ലെങ്കിൽ

c. ഉത്തരവ് പ്രകാരം കണക്കാക്കിയ ഫൈൻ, ഫീസ്, പിഴ മുകളിൽ പറഞ്ഞതിൽ ഏതെങ്കിലും 50,000 രൂപയിൽ കുറവാണെങ്കിൽ അത്തരം അപ്പീലുകൾ തിരസ്കരിക്കുവാനുള്ള വിവേചനാധികാരം ട്രിബ്യൂണലുകൾക്കുണ്ട്. (GST നിയമം വകുപ്പ് 112 (2))

ചോ.15. ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി എന്താണ്?

ഉ. അപ്പീൽ നൽകുവാനുള്ള ഉത്തരവ് കൈപ്പറ്റിയ ദിവസം മുതൽ 3 മാസത്തിനകം ട്രിബ്യൂണൽ മുമ്പാകെ ഹർജിക്കാരൻ അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്. ഡിപ്പാർട്ടു

മെന്റ് അപ്പീലിൻമേലുള്ള എല്ലാ നടപടിയും പൂർത്തിയാക്കി പുനപരിശോധന നടപടികൾ അവസാനിപ്പിക്കേണ്ടതും പുന പരിശോധന ഉത്തരവ് ഇറക്കിയ ദിവസം മുതൽ 6 മാസ ത്തിനകമാണ്.

ചോ.16. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുവാൻ (3/6 മാസം) ട്രിബ്യൂണലിന് അധികാരമുണ്ടോ? എങ്കിൽ എത്ര സമയം.?

ഉ. ഉണ്ട്. മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും 3 മാസം കൂടി നീട്ടി നൽകാൻ ട്രിബ്യൂണലിന് അധികാരമു ണ്ട്.

ചോ.17. ട്രിബ്യൂണലിന് മുമ്പാകെ ക്രോസ് ഒബ്ജക്ഷൻ മെമ്മോ റാണ്ടം ഫയൽ ചെയ്യേണ്ട സമയപരിധി എന്താണ്?

ഉ. അപ്പീൽ കൈപ്പറ്റിയ ദിവസം മുതൽ 45 ദിവസം.

ചോ.18. മുൻകൂർ നിക്ഷേപം തിരികെ നൽകേണ്ടിവരുന്ന സന്ദർഭ ങ്ങളിൽ അതിന് പലിശ നൽകേണ്ടതുണ്ടോ?

ഉ. അതെ GST നിയമം 115 -ാം വകുപ്പനുസരിച്ച് 107 -ാം വകുപ്പ് ഉപവകുപ്പ് (6) അല്ലെങ്കിൽ 112 -ാം വകുപ്പ് ഉപവകുപ്പ് (8) പ്രകാരം ഹർജിക്കാരൻ നിക്ഷേപിച്ചിട്ടുള്ള മുൻകൂർ നിക്ഷേപം തിരികെ നൽകുവാൻ ഏതെങ്കിലും A A യോ ട്രിബ്യൂണലോ ഉത്തരവിട്ടാൽ 56 -ാം വകുപ്പ് പ്രകാരം നിശ്ച യിച്ചിട്ടുള്ള പലിശ നിരക്കിൽ പ്രീഡിപ്പോസിറ്റ് അടച്ച തീയതി മുതൽ റീഫണ്ട് കൊടുക്കേണ്ട കാലം വരെയുള്ള പലിശ കൊടുക്കേണ്ടതാണ്.

ചോ.19. ട്രിബ്യൂണൽ ഉത്തരവുകൾക്കെതിരെ എവിടെയാണ് അപ്പീൽ നൽകുക?

ഉ. ട്രിബ്യൂണലിന്റെ സംസ്ഥാന ബെഞ്ച് അല്ലെങ്കിൽ ഏര്യാ ബെഞ്ചുകൾ പാസ്സാക്കുന്ന ഉത്തരവിൻമേലുള്ള അപ്പീലുകൾ ഹൈക്കോടതി മുമ്പാകെയാണ് നൽകേണ്ടത്. അത്തരം അപ്പീലുകളിൽ സങ്കീർണ്ണമായ നിയമ പ്രശ്നം / ഉൾപ്പെട്ടി ട്ടുള്ളതായി ബോദ്ധ്യം വന്നാൽ അവ പരിഗണിക്കപ്പെടുന്ന താണ്. (വകുപ്പ് 101 (1)) ട്രിബ്യൂണലിന്റെ ദേശീയ ബെഞ്ചു കൾ പാസ്സാക്കുന്ന ഉത്തരവിൻമേലുള്ള അപ്പീൽ നൽകേ ണ്ടത് സുപ്രീംകോടതി മുമ്പാകെയാണ്. ഹൈക്കോടതിയി ലല്ല. വകുപ്പ് 109 (5) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരു കൾക്ക് വിതരണം ലഭിച്ച സ്ഥലത്തെ സംബന്ധിച്ച്

വ്യത്യസ്ഥ അഭിപ്രായം ഉണ്ടെങ്കിൽ ട്രിബ്യൂണലിന് തീരുമാനിക്കാം എവിടെ അപ്പീൽ നൽകണമെന്ന്.

ചോ.20. ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി എത്രയാണ്.?

ഉ. ഉത്തരവ് കൈപ്പറ്റിയ ദിവസം മുതൽ 180 ദിവസമാണ് ഹൈക്കോടതിയുടെ മുമ്പാകെ അപ്പീൽ നൽകുന്നതിനുള്ള സമയപരിധി. എന്നാൽ മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സമയപരിധി നീട്ടി നൽകാനുള്ള അധികാരം ഹൈക്കോടതിക്കുണ്ട്.

# അഡ്വാൻസ് റൂളിംഗ്

# അഡ്വാൻസ് റൂളിംഗ്

ചോ.1. അഡ്വാൻസ് റൂളിംഗ് എന്നാലെന്ത്?

ഉ. ചരക്കുസേവനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട ഒര പേക്ഷകൻ വകുപ്പ് 97(2) അല്ലെങ്കിൽ വകുപ്പ് 100 (1)- ൽ പറയുന്ന കാര്യങ്ങളിലും അവയുടെ അപ്പീൽ സംബന്ധിച്ചും, അദ്ദേഹത്തിന്റെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അധി കാരികൾ എഴുതിക്കൊടുക്കുന്ന തീരുമാനങ്ങളാണ് അഡ്വാൻസ് റൂളിംഗ് CGST/ SGST നിയമം 95 ഉം UTGST നിയമം വകുപ്പ് 12 ഉം പ്രകാരം.

ചോ.2. ഏതൊക്കെ കാര്യങ്ങളിലാണ് അഡ്വാൻസ് റൂളിംഗ് ആവ ശ്യപ്പെടാവുന്നത്?

ഉ. അഡ്വാൻസ് റൂളിംഗിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവ ശ്യപ്പെടാൻ പറ്റും.

a. ചരക്കുസേവന നികുതി നിയമപ്രകാരം ഉള്ള ചരക്കുക ളുടെയും സേവനങ്ങളുടെയും വർഗ്ഗീകരണം.

b. ചരക്കുസേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പ്രസക്തി.

c. ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട സമയം, മൂല്യം എന്നിവ കണക്കാക്കൽ.

d. അടച്ചതോ, അടച്ചതായി പരിഗണിക്കുന്നതോ ആയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ അർഹത.

e. ചരക്കുസേവസ നികുതി നിയമപ്രകാരം ഏതെങ്കിലും ചരക്കുകൾക്കോ, സേവനങ്ങൾക്കോ നികുതി അടയ്ക്കാ

നുള്ള ബാദ്ധ്യത നിർണ്ണയിക്കൽ.

f. ചരക്കുസേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകൻ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണോ എന്നത്.

g. ഒരപേക്ഷകൻ ചരക്ക് അഥവാ സേവനം സംബന്ധിച്ച എന്തെല്ലാം പ്രവർത്തികൾ ചെയ്താൽ അത് ചരക്കു/സേവനം കൈമാറ്റം ചെയ്യലിന്റെ പരിധിയിൽ വരും എന്നത്.

ചോ.3. അഡ്വാൻസ് റൂളിംഗ് എന്ന സംവിധാനത്തിന്റെ ഉദ്ദേശ്യം എന്താണ്?

ഉ. ഇത്തരം ഒരു അധികാരം സ്ഥാപനം ഉണ്ടാക്കുന്നതിനുള്ള വിശാലമായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

a. ഒരപേക്ഷകൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തിന് അദ്ദേഹത്തിന്റെ നികുതി ബാദ്ധ്യത മുൻകൂറായി നിശ്ചയപ്പെടുത്തിക്കൊടുക്കൽ

b. നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) ആകർഷിക്കാൻ

c. നിയമവ്യവഹാരം കുറക്കൽ

d. സുതാര്യവും ചിലവുകുറഞ്ഞതുമായ രീതിയിൽ വളരെ വേഗത്തിൽ കാര്യങ്ങൾക്ക് തീരുമാനം അറിയിക്കൽ.

ചോ.4. GST നിയമത്തിൻ കീഴിൽ അഡ്വാൻസ് റൂളിംഗ് അതോറിറ്റിയുടെ (AAR) ഘടന എങ്ങനെയായിരിക്കും?

ഉ. അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിൽ ഒരംഗം CGST ക്കും ഒരംഗം SGST /UTGST ക്കും ആയിരിക്കും. അവരെ യഥാക്രമം കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിക്കും.

ചോ.5. അഡ്വാൻസ് റൂളിംഗ് അന്വേഷിക്കുന്ന വ്യക്തിക്കു നിയമവിധേയമായി രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണോ?

ഉ. വേണ്ട. GST നിയമപ്രകാരം രജിസ്ട്രേഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും അഡ്വാൻസ് റൂളിംഗിന്റെ അപേക്ഷകനാകാൻ സാധിക്കും.

ചോ.6. അഡ്വാൻസ് റൂളിംഗ് നടത്തുവാൻ വേണ്ടിയുള്ള സമയം എപ്പോഴാണ്?

ഉ. ഒരപേക്ഷകന് വിതരണം ചെയ്യുന്നതിന് മുൻപ് വേണമെങ്കിലും അഡ്വാൻസ് റൂളിംഗിന് വേണ്ട അപേക്ഷ നൽകാവുന്നതാണ്. നടപടികളിൻമേൽ തീരുമാനമുണ്ടായതോ കാലതാമസം വരുത്താത്തതോ ആയ ചോദ്യങ്ങൾ മാത്രമെ ഉന്ന

യിക്കാവൂ എന്ന നിബന്ധന മാത്രമാണുള്ളത്.

ചോ.7. അഡ്വാൻസ് റൂളിംഗിന്റെ അധികാരികൾക്ക് എത്രസമയത്തി നുള്ളിൽ റൂളിംഗിന്റെ തീർപ്പ് കൽപ്പിക്കണം?

ഉ. CGST/ SGST നിയമം വകുപ്പ് 98 (6) പ്രകാരം അപേക്ഷ സ്വീകരിച്ച തീയതി മുതൽ 90 ദിവസത്തിനകം അധികാരി കൾ റൂളിംഗിന്റെ വിധി എഴുതി പ്രസ്താവിച്ചിരിക്കണം.

ചോ.8. അപ്പലേറ്റ് അതോറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) എന്താണ്? അതിന്റെ ഘടന എങ്ങനെയായിരിക്കും.?

ഉ. SGST നിയമം അല്ലെങ്കിൽ UTGST നിയമം അനുസരിച്ച് അപ്പ ലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) സ്ഥാപിക്കുകയും CGST നിയമ പ്രകാരം ഓരോ സംസ്ഥാ നത്തിന്റെയോ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിന്റെയോ അപ്പലേറ്റ് അതോറിറ്റിയായി AAAR- നെ കണക്കാക്കും. ഒര പേക്ഷകന്റെ അല്ലെങ്കിൽ നിയമവിധേയ ഉദ്യോഗസ്ഥൻ അഡ്വാൻസ് റൂളിംഗുമായി ബന്ധപ്പെട്ട അപ്പീൽ അപ്പലേറ്റ് അതോറിറ്റിക്ക് നൽകാവുന്നതാണ്.

ചോ.9. ചരക്കുസേവന നികുതി നിയമ പ്രകാരം എത്ര AAR ഉം AAAR - ഉം ഉണ്ടായിരിക്കും.?

ഉ. ഓരോ സംസ്ഥാനത്തും ഓരോ AAR- ഉം ഓരോ AAAR- ഉം ഉണ്ടായിരിക്കും.

ചോ.10. അഡ്വാൻസ് റൂളിംഗ് ആർക്കൊക്കെ ബാധകമാകും.?

ഉ. വകുപ്പ് 103 AAR അല്ലെങ്കിൽ AAAR പ്രഖ്യാപിക്കുന്ന അഡ്വാൻസ് റൂളിംഗ് അപേക്ഷകനും അപേക്ഷകന്റെ മേൽ അധികാര പരിധിയുള്ള നികുതി അധികാരിക്കും മാത്രമാണ് ബാധകം. സംസ്ഥാനത്തെ സമാനരീതിയിൽ നികുതി ചുമ ത്തപ്പെടാവുന്ന വ്യക്തികൾക്ക് അഡ്വാൻസ് റൂളിംഗ് ബാധ കമല്ല എന്നത് ഇവിടെ വ്യക്തമാണ്. അഡ്വാൻസ് റൂളിംഗിന് അപേക്ഷ നൽകിയ വ്യക്തിക്ക് മാത്രമാണ് ഇത് പരിമിത പ്പെടുത്തിയിട്ടുള്ളത്.

ചോ.11. സുപ്രീം കോടതി അല്ലെങ്കിൽ ഹൈക്കോടതി വിധി യിൻമേൽ അഡ്വാൻസ് റൂളിംഗ് എന്തെങ്കിലും പൂർവ്വ വിധി മൂല്യം ഉണ്ടോ?

ഉ. ഇല്ല. എന്തു കാര്യത്തിനാണോ അഡ്വാൻസ് റൂളിംഗ് ആവ ശ്യപ്പെട്ടത് അതിനെ പിന്തുണക്കുക മാത്രമേ ഉള്ളൂ. ഇതിന് പൂർവ്വ വിധി മൂല്യം ഉണ്ടാകില്ല. അപേക്ഷകനൊഴികെ മറ്റ്

എല്ലാ വ്യക്തികൾക്കും പ്രേരിപ്പിക്കാൻ കഴിയുന്ന മൂല്യം ഉണ്ടാകും.

ചോ.12. അഡ്വാൻസ് റൂളിംഗിന്റെ സാധുതാകാലാവധി എത്രയാണ്?

ഉ. റൂളിംഗ് ബാധകമായ ഒരു നിശ്ചിതകാലാവധി നിയമം നിഷ്കർഷിക്കുന്നില്ല. പകരം വകുപ്പ് 103 (2) പ്രകാരം ഒറി ജിനൽ അഡ്വാൻസ് റൂളിങ്ങിനെ പിന്തുണയ്ക്കുന്ന നിയമ മോ, വസ്തുതകളോ, സാഹചര്യങ്ങളോ, മാറുന്നതുവരെ അഡ്വാൻസ് റൂളിംഗ് ബാധകമായിരിക്കും.

ചോ.13. അഡ്വാൻസ് റൂളിംഗ് എപ്പോഴെങ്കിലും അസാധുവാക്കാമോ?

ഉ. വകുപ്പ് 104 (1) പ്രകാരം ഏതെങ്കിലും അപേക്ഷകൻ വ്യാജ മായോ ശരിയായ വസ്തുക്കൾ ഒളിപ്പിച്ചു വെച്ചോ, സത്യത്തെ തെറ്റായി അവതരിപ്പിച്ചത് കൊണ്ടോ ആണ് അഡ്വാൻസ് റൂളിംഗ് വാങ്ങിച്ചത് എന്ന് AAR നോ AAAR നോ ബോദ്ധ്യപ്പെട്ടാൽ ആ അഡ്വാൻസ് റൂളിംഗിന്റെ തുടക്കം മുതൽ തന്നെ അസാധുവാണെന്നു പ്രഖ്യാപിക്കാം. അത്തരം സാഹചര്യങ്ങളിൽ, CGST/ SGST നിയമത്തിലെ എല്ലാ വ്യവ സ്ഥകളും അഡ്വാൻസ് റൂളിംഗ് ഇല്ലായിരുന്നുവെങ്കിൽ എങ്ങനെ അപേക്ഷകന് ബാധകമാകുമോ അപ്രകാരം തന്നെ (ആയിരിക്കും അഡ്വാൻസ് റൂളിംഗ് അനുവദിച്ചതുമുതലുള്ള സമയം തൊട്ട് അഡ്വാൻസ് റൂളിംഗ് അസാധുവാക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന സമയം വരെയുള്ള കാലയളവ് ഒഴിവാക്കിക്കൊണ്ട്) അപേക്ഷകന് പറയാനുള്ളത് കേട്ടതി നുശേഷമെ അഡ്വാൻസ് റൂളിംഗ് അസാധുവാക്കുന്ന ഉത്ത രവ് ഇറക്കാൻ പാടുള്ളൂ.

ചോ.14. അഡ്വാൻസ് റൂളിംഗ് ലഭിക്കുവാനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്.?

ഉ. വകുപ്പ് 97 -ഉം അഡ്വാൻസ് റൂളിംഗും ലഭിക്കാനുള്ള നട പടി ക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. വകുപ്പ് 97 പ്രകാരം അഡ്വാൻസ് റൂളിംഗ് ലഭിക്കാൻ താല്പര്യമുള്ള അപേക്ഷ കൻ നിർദ്ദിഷ്ട ഫാറത്തിലും രീതിയിലും AAR ന് അപേക്ഷ സമർപ്പിക്കണം. അപേക്ഷിക്കാനുള്ള ഫാറത്തിന്റെ മാതൃ കയും വിശദമായ നടപടിക്രമങ്ങളും ചരക്കു സേവന നികുതി നിയമത്തിൽ പ്രതിപാദിക്കും. വകുപ്പ് 98 -പ്രകാരം അഡ്വാനൻസ് റൂളിംഗിന് വേണ്ടിയുള്ള അപേക്ഷ കൈകാര്യം ചെയ്യുന്ന നടപടിക്രമങ്ങൾ ആണ് നിർദ്ദേശിക്കു

ന്നത്. AAR അപേക്ഷയുടെ ഒരു പകർപ്പ് അപേക്ഷകന്റെ മേൽ അധികാര പരിധിയിലുള്ള അധികാരിക്ക് അയച്ചു കൊടുത്ത് ആവശ്യമായ രേഖകൾ വരുത്തേണ്ടതാണ്. അതിനു ശേഷം AAR അപേക്ഷയോടൊപ്പം രേഖകളും പരിശോധിച്ച് ആവശ്യമെങ്കിൽ അപേക്ഷകനെ ശ്രവിക്കേണ്ടതാണ്. പിന്നീട് അപേക്ഷ സ്വീകരിച്ചു കൊണ്ടോ നിരസിച്ചു കൊണ്ടോ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ചോ.15. അഡ്വാൻസ് റൂളിംഗിനുള്ള അപേക്ഷ നിർബന്ധമായും നിരസിക്കേണ്ട സാഹചര്യങ്ങൾ ഏതൊക്കെയാണ്.?

ഉ. തീരുമാനമെടുത്തതോ അനിശ്ചിതമായതോ ആയ നടപടി ക്രമത്തിൻമേലാണ് അപേക്ഷൻ ചോദ്യം ഉന്നയിച്ചതെങ്കിൽ ആ അപേക്ഷ നിരസിക്കാവുന്നതാണ്.

അപേക്ഷ നിരസിക്കുകയാണെങ്കിൽ അത് വ്യക്തമായ കാരണങ്ങൾ കാണിച്ച ഒരു സ്പീക്കിംഗ് ഉത്തരവോടു കൂടി ആയിരിക്കും.

ചോ.16. ഒരപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ അഡ്വാൻസ് റൂളിംഗ് അതോറിറ്റി എന്തു നടപടിക്രമമാണ് പാലിക്കേണ്ടത്?

ഉ. ഒരപേക്ഷ സ്വീകരിച്ചാൽ AAR അപേക്ഷ സ്വീകരിച്ച ദിവസം മുതൽ 90 ദിവസിത്തിനകം തീർപ്പ് പ്രസ്താവിക്കണം. തീർപ്പ് പ്രസ്താവിക്കുന്നതിനു മുൻപായി ലഭിച്ച അപേക്ഷയും അപേക്ഷകനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ കൂടുതലായി സമർപ്പിച്ച രേഖകളും പരിശോധിക്കണം. തീർപ്പ് പ്രസ്താവിക്കുന്നതിന് മുമ്പായി AAR അപേക്ഷകനെയോ അയാളുടെ പ്രതിനിധിയോ കൂടാതെ ബന്ധപ്പെട്ട CGST / SGST / UTGST ഉദ്യോഗസ്ഥനെയും ശ്രവിച്ചിരിക്കണം.

ചോ.17. AAR ലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ എന്തു സംഭവിക്കും.?

ഉ. AAR ലെ രണ്ടംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ അവർക്ക് വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ള പോയിന്റുകൾ AAAR- ന് റഫർ ചെയ്യണം. AAR റെഫർ ചെയ്ത പോയിന്റുകളിൻമേൽ AAAR ലെ അംഗങ്ങൾക്കും തീരുമാനമെടുക്കാൻ സാധിക്കുന്നില്ല എങ്കിൽ തർക്കം തുടരുന്ന ആ പോയിന്റിൻ മേൽ അഡ്വാൻസ് റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന് കണക്കാക്കപ്പെടും.

ചോ.18. AAR ന്റെ ഉത്തരവിനെതിരായി അപ്പീൽ നൽകുവാനുള്ള

വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉ. CGST/ SGST നിയമം വകുപ്പുകൾ 100 -ഉം 101 -ഉം UTGST നിയമം വകുപ്പ് 14 -ഉം AAAR ന് മുമ്പാകെ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നു. അപേക്ഷകന് AAR ന്റെ കണ്ടെത്തലുകളിൽ തർക്കമുണ്ടെങ്കിൽ, അയാൾക്ക് AAAR നു മുൻപ് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അതുപോലെ അധികാര പരിധിയിലുള്ള CGST/ SGST/UTGST ഉദ്യോഗസ്ഥൻ AAR ന്റെ കണ്ടെത്തലുകൾ അംഗീകരിക്കുന്നില്ലായെങ്കിൽ അദ്ദേഹത്തിനും AAAR ന്റെ മുൻപിൽ അപ്പീൽ നൽകാവുന്നതാണ്. നിർദേശിക്കപ്പെട്ട CGST/ SGST ഉദ്യോഗസ്ഥൻ എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരു അഡ്വാൻസ് റൂളിംഗ് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് CGST/ SGST അഡ്മിനിസ്ട്രേഷൻ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥനെ ആണ്. സാധാരണ സാഹചര്യങ്ങളിൽ ആ അപേക്ഷകന്റെ അധികാര പരിധി ഉള്ള ഉദ്യോഗസ്ഥനായിരിക്കും ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇത്തരത്തിലുള്ള കേസുകളിൽ അധികാരപരിധിയിലുള്ള CGST/ SGST ഓഫീസർ ആയിരിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ.

അഡ്വാൻസ് റൂളിംഗ് നടത്തി 30 ദിവസത്തിനുള്ളിൽ അപ്പീലുകൾ ഫയൽ ചെയ്തിരിക്കണം. അപ്പീലുകൾ നിർദ്ദേശിച്ചിരിക്കുന്ന ഫാറത്തിലുള്ളതും അത് നിർദ്ദേശിച്ചിരിക്കുന്നതുപോലെ വെരിഫൈ ചെയ്തിരിക്കുകയും വേണം. ഇത് മോഡൽ GST നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതാണ്. അപ്പലെറ്റ് അതോറിറ്റി, അപ്പീൽ ഫയൽ ചെയ്ത് 90 ദിവസത്തിനുള്ളിൽ പാർട്ടികളെ ശ്രവിച്ച ശേഷം ഉത്തരവ് പാസ്സാക്കേണ്ടതാണ്. AAAR അംഗങ്ങൾക്ക് അപ്പീൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ വിരുദ്ധ അഭിപ്രായം ഉണ്ടെങ്കിൽ ആ വിഷയത്തിൻമേൽ അഡ്വാൻസ് റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന് കണക്കാക്കപ്പെടും.

ചോ.19. AAAR ന്റെ റൂളിംഗിനുമേൽ ഹൈക്കോടതിയുടെയോ സുപ്രീം കോടതിയുടെയോ മുമ്പാകെ അപ്പീലിന് പോകാൻ സാധിക്കുമോ?

ഉ. AAAR ന്റെ റൂളിംഗിനെതിരായി അപ്പീലിന് പോകുന്നതിനെക്കുറിച്ച് CGST/ SGST നിയമം ഒന്നും നിർദ്ദേശിക്കുന്നില്ല. അതായത് അപേക്ഷകനോ, അപേക്ഷകനുമായി ബന്ധപ്പെട്ട

ഉദ്യോഗസ്ഥനോ അത് പിന്തുണയ്ക്കുകയല്ലാതെ അപ്പീലിന് പോകാൻ പാടില്ല. എന്നാലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയോ സുപ്രീം കോടതിയുടെയോ മുമ്പാകെ ഹാജരാക്കാനുള്ള കല്പനയായി ഇത് കിടക്കും.

ചോ.20. AAR നോ AAAR നോ റൂളിംഗിൽ വന്ന തെറ്റുകൾ തിരുത്തുവാൻ അധികാരമുണ്ടോ?

ഉ. അതെ. AAR നും AAAR നും ഉത്തരവ് പുറപ്പെടുവിച്ചിട്ട് 6 മാസത്തിനകം രേഖകളിൽ നിന്ന് വ്യക്തമാക്കുന്ന തെറ്റുകൾ തിരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം നൽകിയിരിക്കുന്നു. അങ്ങനെയുള്ള തെറ്റുകൾ അതോറിറ്റി തന്നെയോ, അല്ലെങ്കിൽ അധികാരപരിധിയിലുള്ള CGST/ SGST ഉദ്യോഗസ്ഥനോ കണ്ടെത്തിയതാകാം. ഇങ്ങനെ ചെയ്യുന്ന തിരുത്തലുകൾ നികുതി ബാദ്ധ്യത കൂട്ടുന്നതോ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കുറവ് വരുത്തുന്നതോ ആയാൽ, ഉത്തരവ് പാസ്സാക്കുന്നതിന് മുൻപ് അപേക്ഷകനെയോ, ഹർജിക്കാരനെയോ ശ്രവിക്കേണ്ടതാണ്.

# Inspection (പരിശോധനാ) Search (തിരയൽ) Seizure (പിടിച്ചെടുക്കൽ), അറസ്റ്റ് (ബന്തവസ്സിലാക്കുക) മുതലായവ

# Inspection (പരിശോധനാ) Search (തിരയൽ) Seizure (പിടിച്ചെടുക്കൽ), അറസ്റ്റ് (ബന്തവസ്സിലാക്കുക) മുതലായവ

ചോ.1. സേർച്ച് (തിരയൽ) എന്നാലെന്താണ് അർത്ഥം?

ഉ. സർക്കാരിൽ നിന്നോ/ സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ നിന്നോ മനഃപൂർവ്വം ഒളിച്ചു വെയ്ക്കപ്പെട്ടിട്ടുള്ള വസ്തു വകകളോ/ സാധന സാമഗ്രഹികളോ/ ആളുകളുടെയോ / അന്വേഷണാത്മകമായ മറ്റേതെങ്കിലും കാര്യങ്ങളോ കണ്ടെത്തി പിടിച്ചെടുക്കുന്നതിനു വേണ്ടി ഒരു സർക്കാർ സംവിധാനം ഉത്തമമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ രീതിയിൽ ഒരു സ്ഥലത്തോ, പ്രദേശത്തോ, വ്യക്തിയെയോ, മറ്റു വസ്തുക്കളിലോ നടത്തുന്ന പരിശോധനാ പ്രക്രിയയാണ് അംഗീകരിക്കപ്പെട്ട ഭാഷയിൽ "സേർച്ച്" എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തികളെയും വാഹനങ്ങളെയും കെട്ടിടങ്ങളിലും മറ്റു സ്ഥലങ്ങളിലും ഇത്തരം സെർച്ചുകൾ നടത്തുന്നതിന് നിയമാനുസൃതമായ മുൻകൂർ അനുവാദം നിർബന്ധമാണ്.

ചോ.2. പരിശോധന (Inspection) എന്നാലെന്താണ് അർത്ഥം?

ഉ. CGST/ SGST നിയമത്തിലെ ഒരു പുതിയ വ്യവസ്ഥയാണ് പരിശോധന (Inspection). ഒരു ബിസിനസ്സ് സ്ഥാപനത്തിലോ ചരക്ക് കൈമാറ്റം ചെയ്യപ്പെടുന്ന കച്ചവട, വാണിജ്യ സ്ഥാപനങ്ങളിലോ, ഗോഡൗണുകളിലോ, ഓപ്പറേറ്റർമാരുടെ ഓഫീസിലോ സെർച്ച് നടത്തുന്നതിന് പകരം കൂടുതൽ

മൃദുവും നിയമവിധേയമായ രീതിയിൽ കടന്നു ചെന്നു പരിശോധന നടത്തുവാൻ ഈ വ്യവസ്ഥ ഓഫീസർമാരെ പ്രാപ്തരാക്കുന്നു.

ചോ.3. ആർക്കാണ് ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ഉത്തരവ് നൽകാൻ കഴിയുന്നത്? ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇൻസ്പെക്ഷൻ നടത്താവുന്നത്?

ഉ. CGST/ SGST നിയമം 67 -ാം വകുപ്പ് പ്രകാരം ജോയന്റ് കമ്മീഷണർ റാങ്കിലോ അതിനു മുകളിലോ ഉള്ള CGST/ SGST ഉദ്യോഗസ്ഥർ എഴുതി നൽകിയ അനുമതി പത്രം ഉപയോഗിച്ചു മാത്രമേ ഇൻസ്പെക്ഷൻ നടത്താൻ കഴിയുകയുള്ളൂ.

താഴെ പറയുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു എന്ന് ഉത്തമ ബോധ്യം ഉള്ളപ്പോൾ മാത്രമേ ഇത്തരം അനുമതി പത്രം നൽകുവാൻ പാടുള്ളൂ.

i. സപ്ലൈ ഇടപാടുകൾ ഒളിച്ചു വെയ്ക്കുക.
ii. ചരക്കുകൾ കൈവശം സ്റ്റോക്കാക്കി ഒളിപ്പിച്ചു വെയ്ക്കുക.
iii. നികുതി വെട്ടിക്കുന്നതിനുവേണ്ടി CGST/ SGST വ്യവസ്ഥകൾ ലംഘനം ചെയ്യപ്പെടുക.
iv. അർഹതപ്പെട്ടതിൽ കൂടുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടുക.
v. ട്രാൻസ്പോർട്ടറോ ഗോഡൗൺ ഉടമസ്ഥരോ നികുതിവെട്ടിച്ചു കടത്തിയ ചരക്കുകൾ സൂക്ഷിച്ചു വെയ്ക്കുന്നതോ/ നികുതി വെട്ടിക്കുന്നതിനായി ചരക്കുകളോ/ രേഖകളോ ഒളിപ്പിച്ചുവയ്ക്കുക.

ചോ.4. ഈ വകുപ്പ് പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഏതെങ്കിലും ഒരാളുടെ ആസ്തികൾ/ വസ്തുവകകൾ ഇൻസ്പെക്ഷൻ നടത്തുവാൻ അധികാരപ്പെടുത്തുവാൻ സാധിക്കുമോ?

ഉ. ഇല്ല. താഴെപ്പറയുന്ന സ്ഥലങ്ങൾ പരിശോധന നടത്തുന്നതിനായി CGST/ SGST ഉദ്യോഗസ്ഥന് അധികാരപ്പെടുത്താവുന്നതാണ്.

a. നികുതി വിധേയ വ്യക്തിയുടെ ബിസിനസ്സ് സ്ഥലം
b. ചരക്കുകൾക ട്രാൻസ്പോർട്ട് നടത്തുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയുടെ (നികുതിവിധേയ വ്യക്തി ആണെങ്കിലും അല്ലെങ്കിലും ബിസിനസ്സ് സ്ഥലം)

ചോ.5. CGST നിയമ പ്രകാരം ആർക്കാണ് തിരയൽ (സെർച്ച്) പിടിച്ചടക്കൽ (സീഷർ ) മുതലായ കാര്യങ്ങളിൽ ഉത്തരവിടുവാനുള്ള അധികാരം ഉള്ളത്?

ഉ. ജോയന്റ് കമ്മീഷണർ റാങ്കിലോ, അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥർക്കുമാത്രമേ തിരയൽ നടത്തുവാനും അതിലൂടെ കണ്ടെടുത്ത ചരക്കുകൾ, പ്രമാണങ്ങൾ, പുസ്തകങ്ങൾ, സാധനങ്ങൾ എന്നിവ പിടിച്ചെടുക്കുന്നതിനും രേഖാമൂലം ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കണ്ടു കെട്ടപ്പെടാൻ സാദ്ധ്യതയുള്ള ചരക്കുകളോ, ബന്ധപ്പെട്ട പ്രമാണങ്ങളോ, പുസ്തകങ്ങളോ, സാധനങ്ങളോ, ഏതെങ്കിലും സ്ഥലത്ത് ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്നുള്ള ഉത്തമ വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ ജോയിന്റ് കമ്മീഷണർക്ക് അധികാര പത്രം നൽകുവാൻ സാധിക്കുകയുള്ളൂ.

ചോ.6. വിശ്വസനീയമായ കാരണങ്ങൾ എന്നാലെന്ത്?

ഉ. പൂർണ്ണമായി ഉറപ്പില്ലാ എങ്കിലും, അറിവിൽപ്പെട്ട കാരണങ്ങളാലും സാഹചര്യങ്ങളാലും, സന്ദർഭങ്ങളാലും നിയമപരമായി ആവശ്യമുള്ളതെന്ന് ഉത്തമ വിശ്വാസമുള്ളതുമായ അവസ്ഥയാണഇത്. "അങ്ങനെ വിശ്വസിക്കാൻ മതിയായ കാരണങ്ങൾ ഉള്ളതിനാലും മറിച്ച് വിശ്വസിക്കുവാൻ ഉള്ള കാരണങ്ങൾ ഇല്ലാത്തതിനാലും " എന്നാണ് IPC, 1860, 26–ാം വകുപ്പ് പ്രകാരം വിശ്വസനീയമായ കാരണങ്ങളാൽ എന്നതിനെ വിവക്ഷിച്ചിരിക്കുന്നത് ലഭ്യമായ വിവരണങ്ങളുടെയും രേഖകളുടെയും, അടിസ്ഥാനത്തിൽ, നിക്ഷിപ്തമായും, വസ്തുനിഷ്ഠമായും വിലയിരുത്തിയ ശേഷം കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ എടുത്ത ഉറച്ച തീരുമാനമാണ് റീസൺ റ്റുബി ലീവ് എന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

ചോ.7. വിശ്വസനീയമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധന/ അധികാരപത്രത്തിൽ രേഖപ്പെടുത്തേണ്ടത് നിർബന്ധമാണോ?

ഉ. മതിയായ കാരണങ്ങൾ ഓരോ അധികാര പത്രങ്ങളും നൽകുന്നതിന് മുമ്പ് രേഖപ്പെടുത്തേണ്ടതാണെങ്കിലും, അങ്ങനെ വിശ്വസിപ്പിക്കാൻ മതിയായ കാരണങ്ങൾ എല്ലാ അവസരങ്ങളിലും രേഖപ്പെടത്തേണ്ടതില്ല. എന്നിരുന്നാലും സെർച്ച് വാറണ്ട് നല്കും മുൻപ്, അല്ലെങ്കിൽ സെർച്ച് നട

ക്കുന്നതിന് മുൻപ് അതി ഖേതുവായ വിശ്വാസനീയമായ കാര്യകാരണങ്ങൾ രേഖപ്പെടുത്തുന്നത് നല്ലതായിരിക്കും.

ചോ.8. സെർച്ച് വാറണ്ട് എന്നാലെന്ത്? അതിന്റെ ഉള്ളടക്കങ്ങൾ എന്തൊക്കെയാണ്?

ഉ. സെർച്ച് നടത്തുന്നതിനുള്ള രേഖാമൂലമുള്ള അധികാരപത്ര മാണ് സെർച്ച് വാറണ്ട്. ജോയിന്റ് കമ്മീഷണർ റാങ്കിലോ, അതിനുമുകളിലോ ഉള്ള CGST/ SGST ഉദ്യോഗസ്ഥർക്ക് മാത്രമേ ഇത് പുറപ്പെടുവിക്കാൻ അധികാരമുള്ളൂ. സെർച്ച് വാറണ്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

1. നിമയ ലംഘന വിവരങ്ങൾ
2. സെർച്ച് ചെയ്യേണ്ട സ്ഥലവിവരണം.
3. സെർച്ച് നടത്തുന്നതിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും
4. അധികാരം നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും ഓഫീസ് മുദ്രയും.
5. അധികാരം നൽകിയ സ്ഥലവും തീയതിയും.
6. സെർച്ച് വാറണ്ടിന്റെ സീരിയൽ നമ്പർ
7. വാറണ്ട് സാധുത കാലാവധി അതായത് ഒരു ദിവസം, 2 ദിവസം എന്നിങ്ങനെ.

ചോ.9. CGST/ SGST നിയമ വ്യവസ്ഥകൾ പ്രകാരം ചരക്കുകൾ കണ്ടുകെട്ടാപ്പെടാൻ സാദ്ധ്യതയുള്ളത് എപ്പോഴാണ്.?

ഉ. CGST/ SGST നിയമം 103 -ാം വകുപ്പ് പ്രകാരം താഴെപ്പറ യുന്ന സാഹചര്യങ്ങളിൽ ചരക്കുകൾ കണ്ടുകെട്ടാൻ സാദ്ധ്യ തയുണ്ട്.

1. നികുതി വെട്ടിപ്പിലേക്കു നയിക്കുന്ന തരത്തിൽ മുക ളിൽപ്പറഞ്ഞിട്ടുള്ള ചട്ടത്തിനോ നിയമത്തിനോ വിരുദ്ധ മായ രീതിയിൽ ചരക്കുകളുടെ സപ്ലൈ അല്ലെങ്കിൽ സ്വീകരണം നടത്തുമ്പോൾ
2. ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ കണക്കിൽപ്പെടുത്താതെ ഇരുന്നാൽ
3. ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ രജിസ്ട്രേഷൻ എടുക്കാതെ സപ്ലൈ നടത്തി യാൽ
4. നികുതി വെട്ടിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി CGST/ SGST നിയമങ്ങളും അതിലെ ചട്ടങ്ങളും ലംഘിക്കുന്ന

ഘട്ടങ്ങളിൽ.

ചോ.10. നിയമ പ്രകാരമുള്ള സെർച്ചിനിടയിൽ ഒരു ഉദ്യോഗസ്ഥന് എന്തെല്ലാം അധികാരങ്ങളാണ് ഉള്ളത്.?

ഉ. സാധുവായ തിരച്ചിലിന്റെ ഫലമായി കണ്ടെടുത്ത ചരക്കുകളും (കണ്ടുകെട്ടപ്പെടേണ്ടവയായ) ഫല സൂചകങ്ങളായതും CGST/ SGST നിയമപ്രകാരം പ്രസക്തമായതുമായ പ്രമാണങ്ങൾ, പുസ്തകങ്ങൾ മുതലായവയും പിടിച്ചെടുക്കുവാനുള്ള അധികാരം ഉദ്യോഗസ്ഥനുണ്ട്. തിരച്ചിൽ നടത്തേണ്ടുന്ന സ്ഥലത്തേക്കുള്ള വാതിൽ തുറന്നു കൊടുക്കാത്തപക്ഷം അത് പൊളിച്ച് അകത്തുകടന്ന് തിരച്ചിൽ നടത്തുവാനുള്ള അധികാരം ഉദ്യോഗസ്ഥനുണ്ട്. അതുപോലെ തെളിവ് മുതലുകൾ ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്ന തോന്നുന്ന അലമാരകളും പെട്ടികളും ആവശ്യമാണെന്നു കണ്ടാൽ തുറന്നു പരിശോധിക്കുവാനും അധികാരമുണ്ട്. പ്രവേശനം നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിൽ, പ്രസ്തുത സ്ഥാപനം മുദ്ര വയ്ക്കാനുള്ള അധികാരവും ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

ചോ.11. സെർച്ച് നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്.?

ഉ. CGST/ SGST നിയമം 67 (10) വകുപ്പ് പ്രകാരം, നിയമപ്രകാരമുള്ള എല്ലാ തിരയലും, 1973 ലെ ക്രിമിനൽ നടപടിച്ചട്ടം അനുസരിച്ചുവേണം നടപ്പിലാക്കുവാൻ ക്രിമിനൽ നടപടി ചട്ടത്തിന്റെ 100 -ാം വകുപ്പ് തിരയലിനുള്ള നടപടി ക്രമങ്ങളെന്തൊക്കെയാണെന്ന് വിവരിച്ചിട്ടുണ്ട്.

ചോ.12. സെർച്ച് നടത്തുന്ന സമയത്ത് പാലിക്കേണ്ട അടിസ്ഥാന തത്വങ്ങൾ എന്തൊക്കെയാണ്?

ഉ. സെർച്ച് നടത്തുന്ന സമയത്ത് താഴെപ്പറയുന്ന തത്വങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

1. അധികാരപ്പെട്ട ഓഫീസർ നൽകിയ സെർച്ച് വാറണ്ട് ഇല്ലാതെ, സെർച്ച് നടത്തുവാൻ പാടില്ല.
2. വാസസ്ഥലങ്ങൾ, വീടുകൾ മുതലായവ സെർച്ച് ചെയ്യുമ്പോൾ തീർച്ചയായും ഒരു സ്ത്രീ ഉദ്യോഗസ്ഥ സെർച്ച് ടീമിൽ ഉണ്ടായിരിക്കേണ്ടതാണ്.
3. സെർച്ച് തുടങ്ങും മുൻപ് ഉദ്യോഗസ്ഥർ തങ്ങളുടെ തിരിച്ചറിയൽ കാർഡ് അവിടെയുള്ള ചുമതലപ്പെട്ട വ്യക്തിയെ

കാണിച്ച് തങ്ങൾ ആരാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

4. തെരച്ചിൽ തുടങ്ങും മുൻപ്, സെർച്ച് വാറണ്ട് ആ സ്ഥാലത്തെ ചുമതപ്പെട്ട വ്യക്തിയെ കാണിച്ച് അത് കണ്ടു ബോദ്ധ്യപ്പെട്ടതിന്റെ അടയാളമായി അദ്ദേഹത്തിന്റെ അടയാളമായി അദ്ദേഹത്തിന്റെ കൈയ്യൊപ്പ് തീയതി സഹിതം വാങ്ങിയിട്ടു വേണം വാറണ്ട് നടപ്പിലാക്കാൻ. അതുപോലെ സെർച്ച് വാറണ്ടിൽ കുറഞ്ഞ പക്ഷം രണ്ട് സാക്ഷികളുടെയെങ്കിലും കൈയ്യൊപ്പ് വാങ്ങിയിരിക്കണം.

5. കുറഞ്ഞ പക്ഷം തദ്ദേശവാസികളായ രണ്ട് സ്വാതന്ത്ര സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വേണം സെർച്ച് നടത്തുവാൻ അവരുടെ അഭാവത്തിൽ മറ്റുള്ളവരെയും ഇതിനായി വിളിക്കാവുന്നതാണ്. സെർച്ച് തുടങ്ങും മുൻപ് കാര്യകാരണങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തിയിരിക്കണം.

6. സെർച്ച് തുടങ്ങുന്നതിന് മുൻപും, സെർച്ച് അവസാനിച്ച ശേഷവും, ഉദ്ദ്യോഗസ്ഥരും സാക്ഷികളും അവരെ ദേഹപരിശോധന നടത്തുവാൻ ആ സ്ഥലത്തിന്റെ ചുമതലപ്പെട്ട വ്യക്തിയെ അനുവദിക്കേണ്ടതാണ്.

7. സെർച്ച് നടത്തിക്കഴിഞ്ഞാൽ അവിടെ നടന്ന സെർച്ച് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി എഴുതിയ ഒരു മഹസ്സർ അഥവാ പഞ്ചനാമ അപ്പോൾ തന്നെ തയ്യാറാക്കേണ്ടതാണ്. അവിടെ നിന്ന് കണ്ടെടുത്തതും പിടിച്ചെടുത്തതുമായ ചരക്കുകളുടെയും രേഖകളുടെയും ഒരു പട്ടിക തയ്യാറാക്കി മഹസ്സറിന്റെ അനുബന്ധമായി ചേർത്തിരിക്കണം. ഈ മഹസ്സറിലും, അനുബന്ധരേഖകളിലും ആ സ്ഥലത്തിന്റെ ചുമതലപ്പെട്ട വ്യക്തികളും സാക്ഷികളും സെർച്ച് നടത്തുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്ദ്യോഗസ്ഥനും കൈയ്യൊപ്പ് തീയതി സഹിതം രേഖപ്പെടുത്തണ്ടതാണ്.

8 സെർച്ച് നടപ്പിലാക്കി കഴിഞ്ഞാൽ, അതിന്റെ റിപ്പോർട്ടിനോടൊപ്പം സെർച്ച് വാറണ്ട് അത് പുറപ്പെടുവിച്ച ഉദ്ദ്യോഗസ്ഥന് തിരികെ ഏല്പ്പിക്കേണ്ടത് സെർച്ച് വാറണ്ടിന്റെ മറുവശത്ത് സെർച്ചിൽ പങ്കെടുത്ത ഉദ്ദ്യോഗസ്ഥരുടെ

പേരുവിവരം രേഖപ്പെടുത്തേണ്ടതുമാണ്.

9. സെർച്ച് വാറണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ അതു പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ അത് സൂക്ഷിക്കേണ്ടതാണ്. അതിൽ നൽകിയതും തിരികെ കിട്ടിയതുമായ സെർച്ച് വാറണ്ടിന്റെ വിവരങ്ങൾ എഴുതിയിരിക്കണം. തിരികെക്കിട്ടിയ ഉപയോഗിച്ച സെർച്ച് വാറണ്ടുകൾ രേഖയായി സൂക്ഷിക്കേണ്ടതാണ്.
10. മഹസ്സർ അഥവാ പഞ്ചനാമ-യുടേയും അനുബന്ധത്തിന്റെയും ഒരു പകർപ്പ് ആ സ്ഥലത്തിന്റെ ചുമതലപ്പെട്ട വ്യക്തിക്ക് കൊടുത്തിരിക്കേണ്ടതും അത് കിട്ടിബോധിച്ചു എന്ന് രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്.

ചോ.13. ഒരു CGST/ SGST ഓഫീസർക്ക് മറ്റേതെങ്കിലും സാഹചര്യത്തിൽ വ്യാപാരസ്ഥലങ്ങൾ സന്ദർശിക്കുവാൻ കഴിയുമോ?

ഉ. അതെ CGST/ SGST നിയമം 65 -ാം വകുപ്പ് പ്രകാരം ഇതു സാദ്ധ്യമാണ്. CGST/ SGST ആഡിറ്റ് പാർട്ടി, അല്ലെങ്കിൽ C& AG, CGST/ SGST നിയമപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ചാർട്ടേർജ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നിവർക്ക് സർക്കാർ വരുമാനം സംരക്ഷിക്കുവാനായി സെർച്ച് വാറണ്ട് ഇല്ലാതെ ആഡിറ്റ്, സൂക്ഷ്മ പരിശോധന, വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനുവേണ്ടി സന്ദർശിക്കാവുന്നതാണ്. എന്നാൽ ഇതിന് അഡീഷണൽ / ജോയന്റ് കമ്മീഷണറുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. നികുതി അടക്കേണ്ട വ്യക്തിയുടെ പ്രമാണങ്ങൾ കംപ്യൂട്ടറുകൾ തുടങ്ങിയവ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെടാത്ത പ്രധാന വ്യാപാര സ്ഥലങ്ങളിലും മറ്റു സ്ഥലങ്ങളിലും ആഡിറ്റ് വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനുവേണ്ടി ഈ അധികാരം നടപ്പിലാക്കാവുന്നതാണ്.

ചോ.14. എന്താണ് പിടിച്ചെടുക്കൽ അഥവാ Seizure എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

ഉ. മാതൃകാ ചരക്കു സേവന നിയമം ഇതിന് പ്രത്യേക നിർവ്വചനം നൽകിയിട്ടില്ല. നിയമപരമായി ആവശ്യമുള്ള ഒരു വസ്തു നിയമാനുസൃതമായ മാർഗ്ഗത്തിലൂടെ ഒരു ഉദ്യോഗസ്ഥൻ പിടിച്ചെടുക്കുന്ന പ്രക്രിയയാണ് (സീഷർ) Seizure അഥവാ പിടിച്ചെടുക്കുക എന്ന പദം അർത്ഥമാക്കുന്നതെന്ന് ലെക്സിക്കൽ ഡിഷ്നറി പറയുന്ന പൊതുവായി പറഞ്ഞാൽ

നിയമത്തിന്റെ ബലം പ്രയോഗിച്ച് ഉടമയുടെ ഇഷ്ടപ്രകാരമല്ലാതെ ഒരു വസ്തു കൈവശമാക്കുന്ന പ്രവൃത്തിയെ സീഷർ അഥവാ പിടിച്ചെടുക്കുക എന്നു പറയാവുന്നതാണ്.

ചോ.15. ചരക്കുകളും വാഹനങ്ങളും തടങ്കലിലാക്കാനുള്ള അധികാരം GST നിയമത്തിനുണ്ടോ?

ഉ. ഉണ്ട്, CGST/ SGST നിയമം 129 -ാം വകുപ്പ് പ്രകാരം നിയമവിരുദ്ധമായി ചരക്കുകൾ, അവ കടത്തുവാൻ ഉപയോഗിച്ച ട്രിക്കുപോലുള്ള വാഹനങ്ങൾ അടക്കം പിടിച്ചെടുക്കുവാനുള്ള അധികാരം ഒരു ഉദ്യോഗസ്ഥനുണ്ട്. CGST/ SGST നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കണക്കിൽ പെടുത്താതെ സംഭരിച്ചു വച്ചിരിക്കുന്ന ചരക്കുകളും ഇങ്ങനെ പിടിച്ചെടുക്കാവുന്നതും നിയമം അനുശാസിക്കുന്ന നികുതി അടക്കുന്ന പക്ഷം / നികുതിക്ക് തുല്യമായ തുകക്കുള്ള സെക്യൂരിറ്റി നൽകുന്ന പക്ഷം അവ വിട്ടുകൊടുക്കാവുന്നതുമാണ്.

ചോ.16. പിടിച്ചെടുക്കൽ (സീഷർ)ലും, തടങ്കലിലാക്കലും (ഡിറ്റെൻഷൻ) തമ്മിലുള്ള വ്യത്യാസം എന്ത്?

ഉ. നിയമാനുസൃതമായി നോട്ടീസ് നൽകി ഉടമക്കോ, കൈവശ അവകാശിക്കോ, തന്റെ വസ്തുവിലോ/ പ്രോപ്പർട്ടിയിലോ ഉള്ള അവകാശം ഒരു പ്രത്യേക കാലത്തേക്ക് തടയുന്നതിനെയാണ് ഡിറ്റൻഷൻ എന്നു പറയുന്നത്. നേരെമറിച്ച് സീഷർ എന്നാൽ ആ വസ്തുവിന്റെ ശരിക്കുള്ള കൈവശാവകാശം ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്തു എന്നാണ്. കണ്ടുകെട്ടേണ്ടതാണ് എന്ന സംശയിക്കുന്ന ചരക്കുകൾ ആണ് സാധാരണയായി ഡിറ്റെൻഷൻ ചെയ്യാറുള്ളത്. എന്നാൽ സീഷർ ചെയ്യുന്നത് അന്വേഷണത്തിനു ശേഷം കണ്ടുകെട്ടപ്പെടും എന്ന് ഉത്തമ വിശ്വസമുള്ള വസ്തുക്കളാണ്.

ചോ.17. സെർച്ച് അല്ലെങ്കിൽ സീഷറിന് ചരക്കുസേവന നിയമം നൽകിയിരിക്കുന്ന സുരക്ഷ ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണ്.?

ഉ. CGST/ SGST നിയമം 67 -ാം വകുപ്പ് പ്രകാരം സീഷർ അല്ലെങ്കിൽ സെർച്ചിന് ചില സുരക്ഷകൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

1. പിടികൂടിയ ചരക്കുകൾ അല്ലെങ്കിൽ, പ്രമാണങ്ങൾ പരിശോധന കാലാവധിവരെ മാത്രം സൂക്ഷിച്ചാൽ മതിയാകും.

2. ആരുടെ പ്രമാണങ്ങളാണോ പിടിച്ചെടുത്തത്, ആ ഉടമസ്ഥന് രേഖകളുടെ ഫോട്ടോ കോപ്പി എടുക്കാവുന്നതാണ്.
3. പിടിച്ചെടുത്ത ചരക്കുകൾക്ക് എതിരെ കാരണം കാണിക്കൽ നോട്ടീസ് 6 മാസത്തിനകം കൊടുത്തില്ല എങ്കിൽ അവ തിരികെ കൊടുക്കേണ്ടതാണ്. മതിയായ കാരണത്തോടുകൂടി ഈ കാലാവധി വീണ്ടും പരമാവധി 6 മാസം വരെ നീട്ടാവുന്നതാണ്.
4. പിടിച്ചെടുക്കുന്ന ചരക്കുകളുടെ ജനവിവരപട്ടിക പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതാണ്.
5. വേഗം നശിച്ചുപോകുന്നതും അപകട സാദ്ധ്യത നിറഞ്ഞതുമായ വസ്തുക്കളുടെ ലിസ്റ്റ് CGST നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്. അവ പിടിച്ചെടുത്താൽ ഉടൻ തന്നെ തീർപ്പാക്കേണ്ടതാണ്.
6. സെർച്ച്/ സീഷറിനെ സംബന്ധിക്കുന്ന 1973 ലെ ക്രിമിനൽ നടപടി ചട്ടങ്ങൾ ഇവിടെയും ബാധകമാണ്. എന്നാൽ ക്രിമിനൽ നടപടി ചട്ടത്തിലെ വകുപ്പ് 165 (5) പ്രകാരമുള്ള റിപ്പോർട്ട് അടുത്തുള്ള മജിസ്ട്രേറ്റിന് കൊടുക്കുന്നതിനു പകരം പ്രിൻസിപ്പൾ കമ്മീഷണർ / CGST കമ്മീഷണർ/ SGST കമ്മീഷണർ എന്നിവർക്കാണ് അയ്ക്കേണ്ടത്.

ചോ.18. നികുതി അടക്കേണ്ടുന്ന ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുന്ന സമയത്ത് നിർബന്ധമായും കൊണ്ട് നടക്കേണ്ട പ്രത്യേക രേഖകൾ വല്ലതുമുണ്ടോ?

ഉ. CGST/ SGST നിയമം 68 -ാം വകുപ്പ് പ്രകാരമുള്ള നികുതി അടക്കേണ്ടുന്ന ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ചുതലപ്പെട്ട വ്യക്തി ചരക്കുകളെക്കുറിച്ചുള്ള നിർദ്ദേശിക്കപ്പെട്ട രേഖകൾ കൈവശം വച്ചിരിക്കണം.

ചോ.19. അറസ്റ്റ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്.?

ഉ. CGST/ SGST നിയമം ഇതിന് പ്രത്യേക നിർവ്വചനം നൽകിയിട്ടില്ല. എന്നാൽ ജുഡീഷ്യൽ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇതിനെ നിയമപരമായ അധികാരം, ആജ്ഞ, ഉത്തരവ്, തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ കസ്റ്റഡിയിൽ എടുക്കുന്ന പ്രവൃത്തിയെ അറസ്റ്റ് എന്നുപറയുന്നു. മറ്റ് വാക്കുകളിൽ പറഞ്ഞാൽ നിയമം നൽകിയിട്ടുള്ള

അധികാരം ഉപയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച വാറണ്ടിലൂടെ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം തടയുന്ന പ്രവൃത്തിയാണിത്.

ചോ.20. CGST/ SGST നിയമ പ്രകാരം എപ്പോഴൊക്കെയാണ് ഒരാളെ അറസ്റ്റ് ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അധികാരം നൽകുന്നത്?

ഉ. CGST/ SGST നിയമം 132 (1) (a), (b), (c), (d) വകുപ്പ് അല്ലെങ്കിൽ 132 (2)-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ഒരാൾ ചെയ്തു എന്ന് CGST/ SGST കമ്മീഷണർക്ക് വിശ്വസിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ അയാളെ / അറസ്റ്റ് ചെയ്യുവാൻ ഒരു CGST/ SGST ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്. ഇതർത്ഥമാക്കുന്നതെന്തന്നാൽ അത്തരക്കാർ ഒന്നുകിൽ 2 കോടിയിലധികം നികുതി വെട്ടിപ്പ് നടത്തിയ ആളോ അല്ലെങ്കിൽ CGST നിയമപ്രകാരം ശിക്ഷിക്കപ്പെട്ട ആളോ ആയിരിക്കണം.

ചോ.21. CGST/ SGST നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് ഉറപ്പുവരുത്തിയിരിക്കുന്ന സംരക്ഷണങ്ങൾ എന്തൊക്കെയാണ്.?

ഉ. 69 -ാം വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തിക്ക് താഴെപ്പറയുന്ന സംരക്ഷണങ്ങളുണ്ട്.

1. അറിവോടുകൂടി ചെയ്യുന്ന കുറ്റകൃത്യത്തിനാണ് അറസ്റ്റ് ചെയ്യപ്പെടുന്നതെങ്കിൽ അറസ്റ്റിന്റെ കാരണം അയാളെ എഴുതി അറിയിക്കണം. 24 മണിക്കൂറിനുള്ളിൽ ഒരു മജിസ്ട്രേറ്റിന് മുമ്പാകെ അയാളെ ഹാജരാക്കിയിരിക്കണം.
2. ജാമ്യം ലഭിക്കാവുന്നതും അയാളുടെ അറിവോടുകൂടി അല്ലാത്തതുമായ കുറ്റകൃത്യത്തിനാണ് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ CGST/ SGST ഡെപ്യൂട്ടി / അസിസ്റ്റന്റ് കമ്മീഷണർ ജാമ്യത്തിൽ വിടണം. ഇക്കാര്യത്തിൽ ഒരു പോലീസ് സ്റ്റേഷൻ ഡ്യൂട്ടി ഓഫീസർക്ക് എന്ന പോലെ 1973 ലെ ക്രിമിനൽ നടപടി ചട്ടം 436 ബാധകമാണ്.
3. 1973 ലെ ക്രിമിനൽ നടപടി ചട്ട പ്രകാരം മാത്രമേ ഒരാളെ അറസ്റ്റ് ചെയ്യുവാൻ പാടുള്ളൂ.

ചോ.22. അറസ്റ്റ് ചെയ്യുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്.?

ഉ. അറസ്റ്റിനെ സംബന്ധിച്ചും അതിന്റെ നടപടികളെപ്പറ്റിയും

1973 ലെ ക്രിമിനൽ നടപടി ചട്ടത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ വ്യവസ്ഥകളും പാലിക്കണം. അതുകൊണ്ട് എല്ലാ CGST/ SGST ഉദ്യോഗസ്ഥരും ഇതിനെക്കുറിച്ച് ശരിക്കും അറിഞ്ഞിരിക്കണം.

1973 ലെ ക്രിമിനൽ നടപടി ചട്ടം 57 -ാം വകുപ്പ് പ്രകാരം വാറണ്ടില്ലാതെ അറസ്റ്റ് ചെയ്ത ഒരു വ്യക്തിയെ ന്യായമായും ആവശ്യമായ സമയത്തിലധികം, 24 മണിക്കൂറിന് മുകളിൽ കസ്റ്റഡിയിൽ വയ്ക്കുവാൻ പാടുള്ളതല്ല. (ഈ 24 മണിക്കൂർ എന്ന പരിധിയിൽ നിന്ന് പ്രതിയെ അറസ്റ്റ് ചെയ്ത സ്ഥലത്തുനിന്ന് മജിസ്ട്രേറ്റിന് മുമ്പാകെ കൊണ്ടുവരുന്നതിനുള്ള യാത്രാ സമയം ഒഴിവാക്കിയിട്ടുണ്ട്.) വാറണ്ടില്ലാതെ അറസ്റ്റ് ചെയത വ്യക്തിയെ CrP.C 56 - 10-ാം വകുപ്പ് പ്രകാരം കേസിൽ അധികാരമുള്ള മജിസ്ട്രേറ്റിന് മുമ്പാകെയാണ് ഹാജരാക്കേണ്ടത്.

അറസ്റ്റ് ചെയ്യുന്നതിന് മുൻപ് പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഡി.കെ. ബസു വി. എസ് പശ്ചിമബംഗാൾ എന്ന കേസിൽ (1997U SCC 146 ൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള) ബഹുമാനപ്പെട്ട സുപ്രീം കോടതി പ്രത്യേകമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവ ഇങ്ങനെയാണ്.

1.) അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തന്റെ പേരും ഉദ്യോഗപ്പേരും വ്യക്തമായി കാണത്തക്കവിധം നെയിം ടാഗോടുകൂടിയ യൂണിഫോം ധരിച്ചിരിക്കണം. ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ അവരുടെ പേര് വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം.

2.) അറസ്റ്റു ചെയ്യുന്ന ഉദ്യോഗസ്ഥൻ ആ സമയത്ത് ഒരു മെമ്മോ എഴുതി ഉണ്ടാക്കുകയും അതിൽ ഒരു സാക്ഷിയെങ്കിലും ഒപ്പിട്ടിരിക്കുകയും വേണം. ആ സാക്ഷി ഒന്നുകിൽ പ്രതിയുടെ ബന്ധുവോ ആ സ്ഥലത്തെ ബഹുമാന്യനായ വ്യക്തിയോ ആയിരിക്കണം.

3.) അറസ്റ്റ് മെമ്മോറിയൽ ഒപ്പിടുന്ന വ്യക്തി അറസ്റ്റുചെയ്യപ്പെട്ട ആളുടെ ബന്ധുവോ സുഹൃത്തോ അല്ല എങ്കിൽ അറസ്റ്റുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കഴിയുന്ന അത്രയും വേഗം പ്രതിയുടെ ബന്ധുവിനെയോ സുഹൃത്തിനെയോ അറിയിച്ചിരിക്കേണ്ടതാണ്. അറസ്റ്റ് ചെയ്യപ്പെട്ട സമയം, സ്ഥലം, കസ്റ്റഡിയിൽ വെച്ചിരിക്കുന്ന

സ്ഥലം മുതലായവ അയാളെ അറിയുന്ന ഒരുവ്യക്തിയെയോ, അയാളുടെ അഭ്യുദയകാംക്ഷിയെയോ ബന്ധുവിനെയോ സുഹൃത്തിനെയോ അറിയിക്കാൻ അറസ്റ്റുചെയ്യപ്പെട്ട ആളിന് അവകാശമുണ്ട്.

4.) അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുക്കൾ/ സുഹൃത്തുക്കൾ ജില്ലയ്ക്ക് വെളിയിലാണ് ഉള്ളതെങ്കിൽ അയാൾ അറസ്റ്റ്ചെയ്യപ്പെട്ട സമയം സ്ഥലം കസ്റ്റഡിയിൽ വച്ചിരിക്കുന്ന സ്ഥലം മുതലായവ ടെലിഗ്രാം മുഖേന, നിയമ സഹായ സമിതി വഴിയും അവർ താമസിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ വഴിയും 8 മുതൽ 12 മണിക്കൂറിനുള്ളിൽ അവരെ അറിയിച്ചിരിക്കേണ്ടതാണ്.

5.) തടങ്കലിൽ വച്ചിരിക്കുന്ന സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്ന ഒരു ഡയറിയിൽ അറസ്റ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും അതിൽ പ്രസ്തുത ബന്ധുവിന്റെ പൊതു വിവരങ്ങൾ, അയാളെ കസ്റ്റഡിയിൽ വച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ എന്നിവ എഴുതിയിരിക്കണം.

6.) അറസ്റ്റിന്റെ സമയത്ത് അയാൾ ആവശ്യപ്പെടുകയാണെങ്കിൽ അയാളുടെ ദേഹപരിശോധന നടത്തുകയും പ്രത്യേകമായി കാണപ്പെടുന്ന ചെറുതോ വലുതോ ആയ മുറിവുകൾ എന്തെങ്കിലും ശരീരത്തിൽ ഉണ്ടെങ്കിൽ അവ പരിശോധനാ മെമ്മോയിൽ കാണിക്കുകയും അതിൽ ഉദ്യോഗസ്ഥനും അറസ്റ്റ് ചെയ്യപ്പെടുന്ന ആളും ഒപ്പിടേണ്ടതാണ്. അയാൾക്ക് ഒരു കോപ്പി കൊടുക്കുകയും വേണം.

7.) അറസ്റ്റ് ചെയ്യപ്പെടുന്ന ആൾ കസ്റ്റഡിയിൽ ഉള്ള കാലത്തോളം എല്ലാ 48 മണിക്കൂറിലും ഇതിനായി സർക്കാർ നിയമിച്ചിട്ടുള്ള ഡോക്ടർ മുൻപാകെ ഹാജരാക്കി വൈദ്യപരിശോധന നടത്തേണ്ടതാണ്. എല്ലാ താലൂക്കുകളിലും ജില്ലകളിലും ബന്ധപ്പെട്ട ഹെൽത്ത് സർവ്വീസ് ഡയറക്ടർ ഇതിനായി ഡോക്ടർമാരുടെ ഒരു പാനൽ ഉണ്ടാക്കേണ്ടതാണ്.

8.) അറസ്റ്റ് മെമ്മോ ഉൾപ്പെടെ മുകളിൽ പറഞ്ഞ എല്ലാ രേഖകളുടെയും ഒരു കോപ്പി അവിടത്തെ മജിസ്ട്രേറ്റിന് അയച്ചുകൊടുക്കേണ്ടതാണ്.

9.) ചോദ്യം ചെയ്യുന്ന വേളയിൽ വക്കീലിനെ കാണുവാൻ അറസ്റ്റ് ചെയ്യപ്പെടുന്ന ആളെ അനുവദിക്കേണ്ടതാണ്. ചോദ്യം ചെയ്യുന്ന എല്ലാ സമയവും ഇത് വേണമെന്നില്ല.

10.) എല്ലാ ജില്ലയിലും സജ്ജമാക്കിയിട്ടുള്ള പോലീസ് കൺട്രോൾ റൂമിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ 12 മണിക്കൂറിനുള്ളിൽ അറിയിക്കേണ്ടതും എല്ലാവർക്കും കാണാവുന്ന രീതിയിൽ ആ വിവരങ്ങൾ ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

ചോ.23. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് (C.B.E.C) അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടണമെന്ന് പറഞ്ഞിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

ഉ. ഒരാളെ അറസ്റ്റ് ചെയ്യുന്നതിന് മുൻപായി ആ കേസിൽ അടങ്ങിയിട്ടുള്ള കാര്യകാരണം, നികുതിവെട്ടിപ്പിന്റെ മാർഗ്ഗം, കാലയളവ്, തെളിവുകളുടെ ഔന്നത്ത്യം, തെറ്റായ രീതിയിലെടുത്ത ക്രെഡിറ്റിന്റെ വ്യാപ്തി, തെളിവും നശിപ്പിക്കുവാനുള്ള സാധ്യതകൾ തുടങ്ങിയ വിവിധങ്ങളായ ഘടകങ്ങൾ വച്ചുകൊണ്ടുള്ള ഒരു കേസ് - ടു - കേസ് പഠനം നടത്തിയ ശേഷം മാത്രമേ ഒരാളെ അറസ്റ്റുചെയ്യുവാൻ പാടുള്ളൂ. മാത്രവുമല്ല, താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

i. നിയമലംഘനത്തിന്റെ മേലുള്ള ശരിയായ അന്വേഷണം ഉറപ്പുവരുത്തുക.

ii. പ്രതികൾ ഒളിവിൽ പോകാതിരിക്കുവാൻ വേണ്ടിയാകണം അറസ്റ്റ്.

iii. സാധനങ്ങൾ ഒളിപ്പിച്ചു വച്ചുകൊണ്ടുള്ള കള്ളക്കടത്ത് തടയുന്നതിനും / കസ്റ്റംസ് തീരുവ വെട്ടിക്കുറയ്ക്കുന്നത് തടയുന്നതിനും വേണ്ടിയാവണം അറസ്റ്റ്.

iv. നികുതി വെട്ടിപ്പിനാസൂത്രണം ചെയ്യുകയും നിർവ്വഹിക്കുകയും ചെയ്ത ബുദ്ധി കേന്ദ്രവും, ബിനാമിയും, പ്രോക്സി, ഡമ്മി മുതലായ ശരിയായ കുറ്റവാളികളെ കണ്ടെത്തുന്നതിന് വേണ്ടി.

v. നികുതിവെട്ടിപ്പിനുള്ള ആസൂത്രണം മനഃപൂർവ്വം ചെയ്യിക്കുന്നതാണ് എന്ന് ബോധ്യം വരുന്ന ഘട്ടങ്ങളിൽ

vi. തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ വേണ്ടി.

vii. സാക്ഷികളെ സ്വാധീനിക്കുന്ന, അധൈര്യപ്പെടുത്തുക മുതലായവ നടക്കുന്ന സമയത്ത്.

viii. ഒരു കോടിയിലധികം നികുതി / സേവന നികുതി വെട്ടിപ്പ് നടന്ന സാഹചര്യങ്ങളിൽ.

ചോ.24. കൊഗ്നിസബിൾ ഒഫൻസ്(Cognizable offence) എന്നാൽ എന്താണ്.?

ഉ. പൊതുവായി, ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറന്റില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥന് അറസ്റ്റ് ചെയ്യാവുന്നതും കോടതിയുടെ ഉത്തരവോടുകൂടിയോ അല്ലാതെയോ തന്നെ അന്വേഷണം തുടങ്ങാവുന്നതുമായി കുറ്റകൃത്യങ്ങളെയാണ് കൊഗ്നിസബിൾ ഒഫൻസ് എന്ന് വിളിക്കുന്നത്.

25. ഒരു നോൺ-കോഗ്നിസബിൾ ഒഫൻസ് എന്നാൽ എന്ത്?

ഉ. അത്ര ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറണ്ടില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥന് അറസ്റ്റു ചെയ്യാനും കോടതിയുടെ ഉത്തരവ് ഇല്ലാതെ അന്വേഷണം നടത്തുവാനും സാധ്യമല്ല. അത്തരം കുറ്റകൃത്യങ്ങളെ നോൺ-കോഗ്നിസബിൾ ഒഫൻസ് എന്ന് വിളിക്കുന്നത്.

ചോ.26. CGST നിയമ പ്രകാരം കൊഗ്നിസബിൾ ഒഫൻസ്, നോൺ കോഗ്നിസബിൾ ഒഫൻസ് എന്നാൽ എന്ത്?

ഉ. CGST നിയമം 132- ാം വകുപ്പ് പ്രകാരം നികുതി വിധേയ ചരക്കുകളുടെയോ സേവനങ്ങളുടെയോ മേലുള്ള നികുതി തുക വെട്ടിപ്പ് നടത്തുകയോ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി റീഫണ്ട് ആയി എടുക്കുകയോ തുടങ്ങിയ കുറ്റങ്ങൾ ആണ് കൊഗ്നിസബിൾ ഒഫൻസ്. ഇത് ജാമ്യം കിട്ടാത്തതുമാണ്. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട മറ്റ് കുറ്റകൃത്യങ്ങളെല്ലാം ജാമ്യം ലഭിക്കുന്ന നോൺ കോഗ്നിസബിൾ ഒഫൻസുകളാണ്.

ചോ.27. CGST നിയമപ്രകാരം എപ്പോഴൊക്കെയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമ്മൺസ് കൊടുക്കുവാൻ അധികാരമുള്ളത്?

ഉ. CGST/ SGST നിയമം 70 -ാം വകുപ്പ് പ്രകാരം ഒരു CGST/ SGST ഉദ്യോഗസ്ഥന് തന്റെ അന്വേഷണത്തിലിരിക്കുന്ന കേസുകളിൽ ആവശ്യമായ തെളിവുകൾ നൽകുന്നതിനും, രേഖകൾ ഹാജരാക്കുന്നതിനു വേണ്ടിയും മറ്റും തന്റെ

മുമ്പാകെ ഹാജരാക്കുന്നതിന് ഒരാൾക്ക് സമ്മൺസ് കൊടുക്കുവാൻ അധികാരം ഉണ്ട്. ചിലപ്പോൾ ഇത് ഒരു പ്രത്യേക പ്രമാണമോ മറ്റ് വസ്തുക്കളോ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടാകാം, ചിലപ്പോൾ അയാളുടെ നിയന്ത്രണത്തിലിരിക്കുന്ന ഒരു പ്രത്യേക വിവരണത്തിൽപ്പെട്ട എല്ലാ രേഖകളെയും അല്ലെങ്കിൽ വസ്തുക്കളെയും സംബന്ധിച്ചാകാം.

ചോ.28. സമ്മൺസ് ലഭിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?

ഉ. അന്വേഷണത്തിലിരിക്കുന്ന കേസുകളിൽ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന തെളിവുകളും രേഖകളും തന്റെ കൈവശമോ അധീനതയിലോര ഉള്ളതാണെങ്കിൽ അവ സ്വമേധയാലേ ഒരു അംഗീകൃത പ്രതിനിധി മുഖാന്തരമോ ഹാജരായി സത്യം ബോധിപ്പിച്ച് തെളിവ് നൽകുന്നതിനുള്ള ഉത്തരവാദിത്വം നിയമപരമായി സമ്മൺസ് ലഭിക്കുന്ന ഒരു വ്യക്തിക്കുണ്ട്.

ചോ.29. സമ്മൺസ് ലഭിക്കുന്ന വ്യക്തി ഹാജരായില്ലെങ്കിൽ ഉള്ള അനന്തരഫലങ്ങൾ എന്താണ്?

ഉ. സമ്മൺസ് നൽകി ഒരു വ്യക്തിയോട് ഹാജരാകുവാൻ ആവശ്യപ്പെടുന്ന പ്രക്രിയയെ നിയമപരമായി ഒരു കോടതി നടപടിയായി കണക്കാക്കപ്പെടാം. മതിയായ കാരണങ്ങൾ ഇല്ലാതെ ഒരാൾ അങ്ങനെ ഹാജരാകാതിരുന്നാൽ അവരെ ഇന്ത്യൻ പീനൽ കോഡ് (IPC) 174 -ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് വിധേയനാക്കാവുന്നതാണ്. അയാൾ സമ്മൺസ് കൈപ്പറ്റാതെ ഒളിച്ച് നടന്നാൽ ഇന്ത്യൻ പീനൽ കോഡിലെ 172 -ാം വകുപ്പ് പ്രകാരവും ആവശ്യപ്പെട്ട രേഖകൾ (ഇലക്ട്രോണിക് രേഖകൾ അടക്കമുള്ളവ) ഹാജരാക്കാതിരുന്നാൽ ഇന്ത്യൻ പീനൽ കോഡിലെ 175 -ാം വകുപ്പ് പ്രകാരവും ശിക്ഷാർഹനാണ്. അയാൾ തെറ്റായ തെളിവുകൾ നൽകിയാൽ ഇന്ത്യൻ പീനൽ കോഡ് 193 -ാം വകുപ്പ് പ്രകാരം ശിക്ഷാർഹനാണ്. CGST/ SGST നിയമം 122 (3) (d) പ്രകാരം സമ്മൺസ് അയച്ച CGST/ SGST ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകാത്ത വ്യക്തിക്ക് മുകളിൽ പറഞ്ഞവ കൂടാതെ, 25000/- രൂപ വരെ പിഴയും ചുമത്തപ്പെടുന്നതാണ്.

ചോ.30. സമ്മൺസ് പുറപ്പെടുവിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

ഉ. സമ്മൺസ് കൊടുക്കുവാനുള്ള അധികാരം ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കാൻ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് (CBEC) റവന്യൂ ഡിപ്പാർട്ട്മെന്റ്, ധനകാര്യമന്ത്രാലയം, സമായാസമയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

i. നികുതിദായകൻ സഹരിക്കാത്ത സന്ദർഭങ്ങളിൽ ഒരു അവസാന ആശ്രയമെന്ന നിലയിൽ മാത്രമേ ഇഷ്യൂ ചെയ്യാവൂ. ഉന്നത മാനേജ്മെന്റ് ഉദ്യോഗസ്ഥർക്ക് സമ്മൺസ് കൊടുക്കുന്നത് ഒഴിവാക്കണം.

ii. സമ്മൺസിൽ അത് ലഭിക്കുന്ന വ്യക്തിക്ക് അനാവശ്യമായ മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന കഠിനവും പരുഷവുമായ ഭാഷ പാടില്ല.

iii. അസിസ്റ്റന്റ് കമ്മീഷണർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനിൽ നിന്ന് സമ്മൺസ് അയക്കുന്നതിനുള്ള കാരണങ്ങൾ ബോധ്യപ്പെടുത്തി രേഖാമൂലമുള്ള മുൻകൂർ അനുമതി ലഭിച്ച ശേഷം മാത്രമേ സൂപ്രണ്ടുമാർ സമ്മൺസ് കൊടുക്കുവാൻ പാടുള്ളൂ.

vi. മുൻകൂർ എഴുതിയ അനുമതിയില്ലാതെ അങ്ങനെ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ ടെലിഫോൺ വിഴിയോ മറ്റോ വാക്കാലുള്ള അനുമതി വാങ്ങിയിരിക്കണം. ഇക്കാര്യം എത്രയും വേഗം സമ്മൺസ് അയക്കുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കണം.

v. സമ്മൺസ് ഇഷ്യൂ ചെയ്യുന്ന എല്ലാ കേസുകളിലും ഇഷ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥൻ അവ സംബന്ധിച്ച വിവരണം കേസ് ഫയലുകളിൽ രേഖപ്പെടുത്തുകയും റിപ്പോർട്ട് സമ്മർൺസ് അയക്കുവാന് അനുമതി നൽകിയ ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയും വേണം.

vi. CEO, CFO, വലിയ കമ്പനിയുടെ അല്ലെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ജനറൽ മാനേജർ, മുതിർന്ന മാനേജ്മെന്റ് ഉദ്യോഗസ്ഥൻമാർ മുതലായവർക്ക് അന്വേഷണ തുടക്കത്തിൽ തന്നെ സാധാരണയായി സമ്മൺസ് കൊടുക്കുവാൻ പാടില്ല. നികുതി നഷ്ടം വരുത്തിയതിലുള്ള അവരുടെ പങ്കാളിത്തം വെളി

വായി കഴിഞ്ഞാൽ അങ്ങനെ ചെയ്യാവുന്നതാണ്.

ചോ.31. സമ്മൺസ് പുറപ്പെടുവിക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

ഉ. സമ്മൺസ് കൊടുക്കുമ്പോൾ പാലിക്കേണ്ട മുൻ കരുതലുകൾ എന്തൊക്കെയാണെന്ന് താഴെപ്പറയുന്നു.

i. മതിയായ കാരണങ്ങൾ കൂടാതെ ഹാജരാകുവാൻ ഒരാൾക്ക് സമ്മൺസ് അയക്കരുത്. ഒരാളുടെ സാന്നിദ്ധ്യം അന്വേഷണത്തിലിരിക്കുന്ന കേസിൽ ആവശ്യമുള്ളപ്പോൾ മാത്രമേ അയാളെ വിളിച്ചുവരുത്താൻ പാടുള്ളൂ.

ii. തുടർച്ചയായി സമ്മൺസ് ഇഷ്യൂ ചെയ്യാതെ കുറ്റാരോപിതർ അല്ലെങ്കിൽ സാക്ഷികൾ ഇവരുടെ മൊഴി കഴിയുന്നത്ര കുറഞ്ഞ ഹാജരാകലിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

iii. സമ്മൺസിൽ ഹാജരാകുവാൻ പറഞ്ഞിരിക്കുന്ന സമയത്തിൽ കൃത്യത വേണം. പ്രത്യേക സാഹചര്യങ്ങളില്ലാതെ ഒരു വ്യക്തിയെയും മൊഴി രേഖപ്പെടുത്തുന്നതിനുവേണ്ടി മണിക്കൂറുകൾ കാത്തിരിക്കാൻ ഇടയാക്കരുത്

iv. സാധാരണ ഓഫീസ് സമയത്ത് തന്നെ മൊഴി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കേസിന്റെ വസ്തുതകളനുസരിച്ച് മൊഴി രേഖപ്പെടുത്തുന്ന സമയവും സ്ഥലവും മാറ്റാവുന്നതാണ്.

ചോ.32. CGST/ SGST ഓഫീസർ മാരെ അവരുടെ ഔദ്യോഗിക ജോലിക്കിടയിൽ സഹായിക്കാൻ ബാധ്യതപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോ?

ഉ. CGST/ SGST നിയമം 72 -ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ CGST/ SGST നിയമം നടപ്പിലാക്കാൻ CGST/ SGST ഉദ്യോഗസ്ഥരെ സഹായിക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ട. താഴെപ്പറയുന്നവരാണ് അവർ

i. പോലീസ്

ii. റെയിൽവേയ്സ്

iii. കസ്റ്റംസ്

iv. GST പിരിവുമായി ബന്ധപ്പെട്ട സംസ്ഥാന/ കേന്ദ്രഭരണ പ്രദേശ / കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ

v. ഭൂനികുതി പിരിവുമായി ബന്ധപ്പെട്ട സംസ്ഥാന / കേന്ദ്ര ഭരണ പ്രദേശ / കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ

vi. എല്ലാ വില്ലേജ് ഓഫീസർമാർ

vii. കേന്ദ്ര/ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതു വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരും.

# കുറ്റങ്ങളും പിഴകളും – പ്രോസിക്യൂഷനും ഒത്തു തീർപ്പാക്കലും

# Offences, Penalities prosecution and compounding

# കുറ്റങ്ങളും പിഴകളും - പ്രോസിക്യൂഷനും ഒത്തു തീർപ്പാക്കലും
# Offences, Penalities prosecution and compounding

ചോ.1. CGST/SGST നിയമത്തിന്റെ കീഴിൽ അനുശാസിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാം?

ഉ. CGST/SGST നിയമത്തിന്റെ 16-ാം അദ്ധ്യായത്തിലാണ് കുറ്റങ്ങളെയും പിഴയേയും പറ്റി പ്രതിപാദിക്കുന്നത്. നികുതി ബാധ്യതയുള്ള ആൾ അനർഹമായ കോമ്പൗണ്ടിംങ് വ്യവസ്ഥ നേടിയെടുത്തതിന് 10-ാം വകുപ്പ് പ്രകാരം നിശ്ചയിച്ച പിഴകൾക്ക് പുറമെ, പ്രസ്തുത നിയമത്തിന്റെ 122-ാം വകുപ്പ് പ്രകാരം 21 കുറ്റങ്ങളെ പറ്റി പറഞ്ഞിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്.

a). ഇൻവോയ്സ് ഇല്ലാതെയോ, തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ച് സപ്ലൈ നടത്തുക.

b). സപ്ലൈ നടത്താതെ ഇൻവോയ്സ് നൽകുക.

c). പിരിച്ചെടുത്ത നികുതി മൂന്നു മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക.

d). 3 മാസത്തിൽ കവിഞ്ഞ കാലയളവിന്റെ CGST/ SGST നിയമം ലംഘിച്ചുകൊണ്ട് പിരിച്ചെടുത്ത നികുതി അടയ്ക്കാതിരിക്കുക.

e). ഉറവിടത്തിൽ തന്നെ നികുതി തട്ടിക്കിഴിക്കേണ്ട വേളകളിൽ നികുതി കുറയ്ക്കാതിരിക്കുകയോ അല്ലെങ്കിൽ

കുറച്ചു മാത്രം തട്ടിക്കിഴിക്കുകയോ അല്ലെങ്കിൽ ഉറവിട ത്തിൽ തട്ടിക്കിഴിച്ച നികുതി 51-ാം വകുപ്പ് പ്രകാരം നിക്ഷേപിക്കാതിരിക്കുകയോ അടയ്ക്കാതിരിക്കുകയോ ചെയ്യുക.

f). 52-ാം വകുപ്പ് പ്രകാരം ഉറവിടത്തിൽ വസൂലാക്കേണ്ട നികുതി വസൂലാക്കാതിരിക്കുകയോ കുറച്ചു മാത്രം വസൂലാക്കുകയോ അല്ലെങ്കിൽ അടയ്ക്കാതിരിക്കുകയോ ചെയ്യുക.

g). ചരക്കുകളോ സേവനങ്ങളോ സ്വീകരിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കുകയോ ലഭ്യമാക്കുകയോ ചെയ്യുക.

h). കൃത്രിമമമായി നേടുന്ന റീഫണ്ട്.

j). വകുപ്പ് 20-നെ ലംഘിച്ചുകൊണ്ട് ഇൻപുട്ട് സേവന വിത രണക്കാർ നേടുന്നതും അല്ലെങ്കിൽ വിതരണം ചെയ്യു ന്നതുമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്.

k). നികുതി വെട്ടിപ്പിനു വേണ്ടി തെറ്റായ വിവരങ്ങൾ നൽകുക അല്ലെങ്കിൽ സാമ്പത്തിക കണക്കു പുസ്ത കത്തിൽ തെറ്റായി രേഖപ്പെടുത്തുക അല്ലെങ്കിൽ തെറ്റായ രേഖകളോ കണക്കുകളോ നൽകുക.

l). നികുതി വിധേയനായിട്ടും രജിസ്റ്റർ ചെയ്യാതിരിക്കുക.

m). രജിസ്ട്രേഷനായുള്ള നിർബന്ധിതമായ കോളങ്ങളിൽ തെറ്റായ വിവരങ്ങൾ നൽകുക.

n). ഏതെങ്കിലും ഉദ്യോഗസ്ഥന് ഉത്തരവാദിത്തം നിറവേ റ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സമാകുകയോ ചെയ്യുക.

o). നിശ്ചിത രേഖകൾ ഇല്ലാതെ ചരക്കുകൾ കടത്തുക.

p). നികുതി ബാധ്യതയിൽ നിന്നും ഒഴിഞ്ഞുമാറാനായി മൊത്ത വിറ്റുവരവ് കുറച്ചു കാണിക്കുക.

q). കണക്കു പുസ്തകങ്ങളും രേഖകളും നിയമാനുസൃതം സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുകയോ നിയമത്തിൽ പറഞ്ഞ കാലയളവിലെ കണക്കുപുസ്തകങ്ങളും രേഖ

കളും നിലനിറുത്തുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക.

r). ഒരു ഉദ്യോഗസ്ഥന് നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങളും രേഖകളും നൽകുന്നതിൽ പരാജയപ്പെടുകയോ ഏതെങ്കിലും നട പടിക്രമത്തിന്റെ ഭാഗമായി തെറ്റായി നൽകുക.

s). കണ്ടു കെട്ടലിന് കാരണമാകാവുന്ന തരത്തിലുള്ള ചര ക്കുകൾ സംഭരിക്കുന്നതിലോ കടത്തുന്നതിലോ വിത രണം ചെയ്യുന്നതിലോ ഏർപ്പെടുക.

t). മറ്റൊരാളുടെ GSTIN ഉപയോഗിച്ച് ഇൻവോയ്സ്/ മറ്റു രേഖകളോ പുറപ്പെടുവിക്കുക.

u). ആവശ്യമായ തെളിവുകൾ കേടുവരുത്തുകയോ നശി പ്പിക്കുകയോ ചെയ്യുക.

v). നിയമം പ്രകാരം തടഞ്ഞുവയ്ക്കപ്പെട്ടതോ പിടിച്ചെടു ത്തതോ ജപ്തി ചെയ്യപ്പെട്ടതോ ആയ ചരക്കുകൾ കേടു വരുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യുക.

ചോ.2. 'പിഴ' എന്ന പദം കൊണ്ട് എന്താണുദ്ദേശിക്കുന്നത്.?

ഉ. CGST/SGST നിയമപ്രകാരം 'പിഴ' എന്ന പദത്തെ നിർവചി ച്ചിട്ടില്ല. എന്നാൽ ന്യായതീർപ്പുകളുടെയും നിയമശാസ്ത്രങ്ങ ളുടെയും അടിസ്ഥാനത്തിൽ പിഴയുടെ സ്വഭാവം താഴെ പറയും വിധമാണ്.

i). ഒരു കുറ്റം ചെയ്തതിനുള്ള താല്ക്കാലിക ശിക്ഷയോ ശിക്ഷയായി നിയമപ്രകാരം അടയ്ക്കേണ്ടുന്ന തുകയോ

ii). എന്തെങ്കിലും ചെയ്തതിനോ കടമ പ്രകാരം ചെയ്യേണ്ടി യിരുന്ന എന്തെങ്കിലും ചെയ്യാതിരുന്നതിനോ നിയമപ്ര കാരമോ കരാർപ്രകാരമോ ചുമത്തിയ ശിക്ഷ.

ചോ.3. പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട പൊതുചിട്ടകൾ എന്തെല്ലാം?

ഉ. നിയമശാസ്ത്രത്തിന്റെയും സ്വാഭാവിക നീതിയുടെയും അന്താരാഷ്ട്ര വാണിജ്യത്തെയും സമ്മതപത്രങ്ങളെയും നയി ക്കുന്ന തത്വങ്ങളുടെയും അടിസ്ഥാനത്തിലുള്ള ശിക്ഷണ

വ്യവസ്ഥകൾക്ക് വിധേയമായാണ് പിഴ ചുമത്തുന്നത്. വകുപ്പ് 126- ൽ ഉൾക്കൊള്ളുന്ന അത്തരം വ്യവസ്ഥകൾ പ്രകാരം.

a). ഒരാൾക്കും അയാൾക്കെതിരെ ആരോപണങ്ങളെ ഖണ്ഡിക്കാനും പറഞ്ഞുകേൾക്കാനുള്ള അവസരം നൽകാതെയോ കാരണം കാണിക്കൽ നോട്ടീസ് കൊടുക്കാതെയോ പിഴ ചുമത്താൻ പാടുള്ളതല്ല.

b). പിഴ കേസിന്റെ മുഴുവൻ വസ്തുതകളുടെയും സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം.

c).നിയമത്തിന്റെയും ചട്ടത്തിന്റെയും ആരോപിക്കപ്പെട്ട ലംഘനത്തിന്റെ നിരക്കിനും തീവ്രതയ്ക്കും ആനുപാതികമായിരിക്കണം ചുമത്തിയ പിഴ

d). പിഴ ചുമത്തിയ ഉത്തരവിന്റെ സ്വഭാവം തെളിവോടെ വ്യക്തമാക്കണം.

e). നിയമത്തിന്റെ ഏതു വകുപ്പുകൾ പ്രകാരമാണ് പിഴ ചുമത്തിയതെന്ന് വ്യക്തമാക്കണം.

വകുപ്പ് 126-ാം പ്രകാരം ഗണ്യമായ പിഴ താഴെ പറയുന്ന സാഹചര്യങ്ങളിൽ ചുമത്താൻ പാടുള്ളതല്ല.

1. ലഘു നിയമലംഘനങ്ങളിൽ (5000/- രൂപ യിൽ താഴെ നികുതിയുൾപ്പെട്ട ഒരു കേസിൽ വകുപ്പുകളുടെ ലംഘനമുണ്ടെങ്കിൽ, അതാണ് ലഘു നിയമലംഘനം)

2. നടപടിക്രമവുമായ ബന്ധപ്പെട്ട കേസിൽ

3. വഞ്ചനാപരമായ ഉദ്ദേശ്യത്തോടുകൂടിയോ പൂർണ്ണമായ നിരുത്തരവാദിത്വവും മൂലമോ അല്ലാതെ വന്നു ചേർന്ന രേഖകളിൽ എളുപ്പം തിരുത്താവുന്ന തെറ്റുകളും വീഴ്ചകളുമായി (രേഖകളിൽ വ്യക്തമായ തെറ്റുകളെന്ന് നിയമത്തിൽ വിശദീകരിക്കുന്ന) ബന്ധപ്പെട്ട കേസുകൾ.

കൂടാതെ CGST/SGST നിയമപ്രകാരം എവിടെയെല്ലാം പിഴ നിശ്ചിത തുകയായോ നിശ്ചിത ശതമാനമായോ നിശ്ചയിച്ചിരിക്കുന്നുവോ അത്തരം കേസുകളിലും മേൽപ്പറഞ്ഞത് ബാധമാകും.

ചോ.4. CGST/SGST നിയമപ്രകാരം പിഴയുടെ തുക എങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു.?

ഉ. വകുപ്പ് 122(1) പ്രകാരം നികുതി വിധേയവ്യക്തി വകുപ്പ് 122-ൽ പറഞ്ഞ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ താഴെ പറയുന്നതിൽ കൂടിയ തുക എന്താണോ അത് പിഴയായി ചുമത്തി ശിക്ഷക്കപ്പെടുന്നതാണ്.

വെട്ടിക്കാൻ ശ്രമിച്ച നികുതിയുടെ ബാധ്യത വ്യാജമായി നേടാൻ ശ്രമിച്ചാൽ മടക്കി നൽകുന്ന നികുതി തുക, വരവിനത്തിൽ ചേർത്ത് തുക തട്ടിക്കിഴിക്കാതിരിക്കുകയോ വസൂലാക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ചുമാത്രം തട്ടിക്കിഴിക്കുകയോ വസൂലാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ തുക പതിനായിരം രൂപ (Rs.10,000/-)കൂടാതെ വകുപ്പ് 122(2) പ്രകാരം ഏതെങ്കിലും രജിസ്റ്റർ ചെയ്ത നികുതി വിധേയനായ വ്യക്തി ആവർത്തിച്ചടയ്ക്കേണ്ട തുകയിൽ കുറവ് വരുത്തുകയാണെങ്കിൽ അയാൾ താഴെ പറയുന്നതിൽ കൂടിയ തുകയുടെ പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കും.

1. അടയ്ക്കുന്നതിൽ കുറവ് വരുത്തിയ നികുതിയുടെ10%
2. പതിനായിരം രൂപ (Rs.10,000/-)

ചോ.5. നികുതി വിധേയ വ്യക്തി അല്ലാതെ മറ്റാർക്കെങ്കിലും പിഴ നിശ്ചയിച്ചിട്ടുണ്ടോ?

ഉ. ഉണ്ട്. വകുപ്പ് 122(3) പ്രകാരം 25000/- രൂപ വരെയുള്ള പിഴ താഴെ പറയുന്ന കുറ്റങ്ങൾ ചെയ്യുന്ന ഏതൊരു വ്യക്തിക്കെതിരെയും ചുമത്താവുന്നതാണ്.

1. 21 കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നവർ
2. കണ്ടുകെട്ടലിനധീനമായ ചരക്കുകളുമായി ഇടപെടുന്ന ആൾ (സ്വീകരിക്കുകയോ, നൽകുകയോ, സംഭരിക്കുകയോ, കടത്തുകയോ ചെയ്യുന്നവർ)
3. നിയമത്തിനു വിരുദ്ധമായി സേവനങ്ങൾ വിതരണം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ആൾ.
4. സമ്മൺസ് നൽകിയ അധികാരിയുടെ മുന്നിൽ ഹാജ

രാകാതിരിക്കുന്ന ആൾ.

5. ഇൻവോയ്സ് നൽകാതിരിക്കുകയോ അല്ലെങ്കിൽ ഇൻവോയ്സിന്റെ കണക്കുകൾ രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന ആൾ.

ചോ.6. CGST/SGST നിയമത്തിൽ പ്രത്യേക പിഴകൾ നിശ്ചയിക്കാത്ത നിയമലംഘനത്തിന് എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത്?

ഉ. CGST/SGST നിയമം 125-ാം വകുപ്പു പ്രകാരം ഏതെങ്കിലും ആൾ നിയമത്തിലേയോ അതിൽ കീഴിലുള്ള ചട്ടങ്ങളുടെയോ വകുപ്പുകളുടേയോ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ അതിനു പ്രത്യേക പിഴ നിശ്ചയിച്ചിട്ടില്ലെങ്കിലും 25000 രൂപ വരെയുള്ള പിഴ ശിക്ഷയായി നൽകാവുന്നതാണ്.

ചോ.7. സാധുതയുള്ള രേഖകളില്ലാതെ ചരക്കുകൾ കടത്തുകയോ അല്ലെങ്കിൽ യുക്തമായ രേഖാ പുസ്തകങ്ങളില്ലാതെ ചരക്കുകൾ നീക്കാൻ ശ്രമിക്കുകയോ ചെയ്താൽ നടപടി എടുക്കാനാകും?

ഉ. നിയത്തിൽ നിശ്ചയിക്കപ്പെട്ട രേഖകൾ ഇല്ലാതെ (അതായത് ഇൻവോയ്സ്/ഡിക്ലറേഷൻ) ആരെങ്കിലും ചരക്കുകൾ സഞ്ചാരമാർഗ്ഗത്തിൽ കടത്തുകയോ സംഭരിക്കുകയോ അല്ലെങ്കിൽ കണക്കുപുസ്തകത്തിൽ രേഖപ്പെടുത്താത്ത ചരക്കുകൾ ആരെങ്കിലും സംഭരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്താൽ ആ ചരക്കുകൾ കടത്താനുപയോഗിച്ച വാഹനത്തോടെ തടഞ്ഞു വയ്ക്കലിന് അധീനമാകും. അത്തരം ചരക്കുകൾ ബാധകമായ നികുതിയും പലിശയും പിഴയുമടച്ച് അതേ സംഖ്യയ്ക്ക് തുല്യമായ ഈടിൻ മേൽ വിട്ടുകൊടുക്കാവുന്നതാണ്.

ഉടമസ്ഥൻ മുന്നോട്ട് വരികയാണെങ്കിൽ: നികുതിയും നികുതിയ്ക്ക് 100% തുല്യമായ പിഴയുമടച്ചോ അല്ലെങ്കിൽ അതേ സംഖ്യയ്ക്ക് തുല്യമായ ഈടിൻമേൽ ചരക്കുകൾ വിട്ടുകൊടുക്കാവുന്നതാണ്.

നികുതി ഒഴിവാക്കപ്പെട്ട ചരക്കുകളിന്മേൽ, ചരക്കിന്റെ വിലയുടെ 2% അല്ലെങ്കിൽ 25,000 രൂപ ഏതാണോ കുറവ്

അത് അടയ്ക്കേണ്ടതാണ്.

ഉടമസ്ഥൻ മുന്നോട്ട് വന്നില്ലാ എങ്കിൽ: നികുതിയും നികുതിയുടെ 50% ന് തുല്യമായ പിഴയും അടയ്ക്കുകയോ അല്ലെങ്കിൽ അതേ സംഖ്യയ്ക്ക് തുല്യമായ തുകയുടെ ഈടിന്മേൽ ചരക്കുകൾ വിട്ടുകൊടുക്കാവുന്നതാണ്.

നികുതി ഒഴിവാക്കപ്പെട്ട ചരക്കുകളിന്മേൽ ചരക്കിന്റെ വിലയുടെ 5% അല്ലെങ്കിൽ 25000 രൂപ ഏതാണോ കുറവ് അത് അടയ്ക്കേണ്ടാതണ്.

ചോ.8. കോമ്പോസിഷൻ സ്കീമിൽ അർഹതയില്ലാത്ത ഒരാൾ അത് തിരഞ്ഞെടുത്താൽ എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത്.?

ഉ. കോമ്പോസിഷൻ സ്കീം പിൻപറ്റിയ ഒരാൾക്ക് അതിനർഹതയില്ലെന്ന് കണ്ടാൽ വകുപ്പ് 10 (4) പ്രകാരം ശരിക്കും നികുതിയടയ്ക്കാൻ ബാധ്യസ്ഥനായ ഒരാൾ എത്ര നികുതി അടയ്ക്കണമോ അതിന് തുല്യമായ തുക ഒടുക്കാൻ ബാധ്യസ്ഥനാണ്. ഈ പിഴ അയാൾ അടയ്ക്കേണ്ട നികതിയ്ക്കും പുറമെയാണ്.

ചോ.9. 'കണ്ടുകെട്ടൽ' എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്.?

ഉ. കണ്ടുകെട്ടലിനെ നിയമത്തിലൊരിടത്തും നിർവചിച്ചിട്ടില്ല. ഈ ആശയം ഉരുത്തിരിഞ്ഞു വന്ന റോമൻ നിയമത്തിൽ പിടിച്ചെടുക്കുക, ചക്രവർത്തിയുടെ കൈകളിലേയ്ക്കെടുക്കുക, ചക്രവർത്തിയുടെതായി മാറ്റുക, എന്നീ അർത്ഥങ്ങളാണുള്ളത്. അയ്യരുടെ നിയമനിഘണ്ടു പ്രകാരം 'കണ്ടുകെട്ടൽ' എന്ന പദത്തിന് സ്വകാര്യ വസ്തുവകകൾ രാഷ്ട്രത്തിന് പിഴയായി കൊടുതത് വിനിയോഗിക്കുക എന്നർത്ഥമാണുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ ചരക്കുകളുടെ ഉടമസ്ഥാവകാശം സർക്കാരിന് കൈമാറുക എന്നാണ്.

ചോ.10. CGST/SGST നിയമ പ്രകാരം ഏതൊക്കെ സാഹചര്യങ്ങളിലാണ് ചരക്കുകൾ കണ്ടു കെട്ടാനാവുന്നത്.?

ഉ. CGST നിയമം 70-ാം വകുപ്പു പ്രകാരം താഴെ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ ഒരു വ്യക്തി ചെയ്യുമ്പോഴാണ് ചരക്കുകൾ കണ്ടുകെട്ടലിനധീനമാക്കുന്നത്.

1. നിയമത്തിലെ ഏതെങ്കിലും വകുപ്പുകൾ ലംഘിച്ച് ചര

ക്കുകൾ വിതരണം ചെയ്യുകയും അത്തരം നിയമലംഘ നങ്ങൾ നികുതി വെട്ടിപ്പിലേയ്ക്ക് നയിക്കുകയും ചെയുന്നു.

2. നിയമത്തിൽ വിവരിക്കുന്ന രീതിയിൽ ചരക്കുകൾ കണ ക്കിൽപ്പെടുത്താതിരിക്കുക.

3. നികുതി ബാധ്യതയുള്ള ചരക്കുകൾ രജിസ്ട്രേഷന് അപേ ക്ഷിക്കാതെ വിതരണം ചെയ്യുക.

നികുതി വെട്ടിക്കാനായി നിയമത്തിന്റെയോ ചട്ടത്തി ന്റെയോ വകുപ്പുകൾ ലംഘിക്കുകയോ

4. ചരക്കുകൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് വഹിക്കാനുപയോഗിക്കുന്ന ഏതെങ്കിലും വാഹനം CGST/SGST നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുക യാണെങ്കിൽ (ഉടമസ്ഥന്റെ അറിവോടെ അല്ലാതെ ഉപ യോഗിക്കുക.)

ചോ.11. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കണ്ടുകെട്ടിയ ചരുക്കുകൾക്ക് എന്ത് സംഭവിക്കും?

ഉ. കണ്ടുകെട്ടലിൽ, കണ്ടുകെട്ടിയ ചരക്കുകളുടെ അവകാശം (title) സർക്കാരിനാവുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അപേക്ഷപ്രകാരം ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ചര ക്കുകളെടുക്കാൻ സഹായിക്കണം.

ചോ.12. കണ്ടുകെട്ടലിനു ശേഷം കണ്ടുകെട്ടിയ ചരക്കുകൾ വീണ്ടെ ടുക്കാൻ വ്യക്തിക്ക് അവസരം നൽകേണ്ടതുണ്ടോ?

ഉ. ഉണ്ട്. വകുപ്പ് 130 (2) പ്രകാരം കണ്ടുകെട്ടലിന് വിധേയമാ കുന്ന ചരക്കുകളുടെ ഉത്തരവാദിത്വം ഉള്ള വ്യക്തിയ്ക്കോ ഉടമയ്ക്കോ കണ്ടുകെട്ടുന്നതിന് പകരം പിഴകൊടുക്കാനുള്ള അവസരം കൊടുക്കേണ്ടതാണ്. (ഈ പിഴ കണ്ടുകെട്ടുന്ന ചരക്കുകളുടെ മാർക്കറ്റ് വിലയെക്കാൾ കൂടുതലാകരുത്) ഈ പിഴ അടയ്ക്കേണ്ട നികുതിയ്ക്കും മറ്റു ചാർജ്ജുകൾക്കും പുറമെയാണ്.

ചോ.13. നിശ്ചയിക്കപ്പെട്ട രേഖകളില്ലാതെ ചരക്കുകൾ കൊണ്ടുപോ കുന്ന വാഹനം കണ്ടുകെട്ടാമോ?

ഉ. അതെ, വകുപ്പ് 130 പ്രകാരം നിയമത്തിൽ നിശ്ചയിച്ച ഡിക്ല റേഷനോ മറ്റു രേഖകളോ ഇല്ലാതെ ചരക്കുകൾകൊണ്ടുപൊ കുന്ന ഏതു വാഹനവും കണ്ടുകെട്ടലിന് വിധേയമാണ്. എന്നാൽ വാഹനത്തിന്റെ ഉടമ അയാളുടെ അറിവി

ല്ലാതെയോ അയാൾ കൂട്ടുനിൽക്കാതെയോ അയാളുടെ പ്രതിനിധി അറിയാതെയോ കൂട്ടുനിൽക്കാതെയോ ആണ് ചരക്കുകൾ ആവശ്യമായ രേഖകളോ ഡിക്ലറേഷനോ ഇല്ലാതെ വാഹനത്തിൽ കടത്തിയതെന്ന് തെളിയിച്ചാൽ, വാഹനം കണ്ടുകെട്ടലിന് വിധേയമാകില്ല.

ചോ.14. എന്താണ് 'പ്രോസിക്യൂഷൻ'?

ഉ. കുറ്റം ചെയ്ത ആൾക്കെതിരെ കുറ്റം ചെയ്തു എന്നു കാണിക്കുന്ന നിയമനടപടി ക്രമത്തിന്റെ തുടക്കവും തുടർന്നുള്ള നടപടികളുമാണ്. 'പ്രോസിക്യൂഷൻ'? ക്രിമിനൽ നടപടിക്രമത്തിന്റെ (Cr PC) വകുപ്പ് 198 പ്രകാരം ഒരാൾക്കെതിരെയുള്ള നടപടിക്രമം തുടങ്ങുന്നതും തുടർന്നുകൊണ്ടുപോകുന്നതുമാണ് പ്രോസിക്യൂഷൻ.

ചോ.15. CGST/ SGST നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ ആവശ്യമാകുന്നത് ഏതെല്ലാം കുറ്റങ്ങളിലാണ്?

ഉ. CGST/SGST നിയമം 73-ാം വകുപ്പുപ്രകാരം ക്രിമിനൽ പ്രൊസീഡിംഗ്സും പ്രോസിക്യൂഷനും ആവശ്യമാകുന്ന ഗുരുതരകുറ്റങ്ങൽ ക്രോഡീകരിച്ചിരിക്കുന്നത്. അത്തരം 12 കുറ്റങ്ങൾ താഴെ കൊടുക്കുന്നു.

a) ഇൻവോയ്സ് ഇല്ലാതെയോ തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ചോ വിതരണത്തിൽ ഏർപ്പെടുക.
b) വിതരണം നടത്താതെ ഇൻവോയ്സ് ഇറക്കുക.
c) വസൂലാക്കിയ നികുതി 3 മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക.
d) ചരക്കുകളോ സേവനങ്ങളോ ലഭിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പടുത്തുകയോ ഉപയോഗിക്കുകയോ ചെയ്യുക.
e) വ്യാജമായ റീഫണ്ട് നേടുക.
f) ക്ലോസ് (clause) (a) മുതൽ (e) വരെയുള്ളതിൽ പെടാത്ത കുറ്റങ്ങളായ നികുതി വെട്ടിപ്പ്, തെറ്റായി ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ റീഫണ്ടു നേടുക എന്നിവ.
g) തെറ്റായ നികുതി വിവരങ്ങൾ നൽകുകയോ അല്ലെങ്കിൽ സാമ്പത്തിക കണക്കുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തുകയോ അല്ലെങ്കിൽ തെറ്റായ രേഖകളോ കണ

ക്കുകളോ നൽകുകയോ ചെയ്യുക.

h) ഏതെങ്കിലും ഉദ്യോഗസ്ഥന് ഉത്തരവാദിത്തം നിറവേറ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുക.

i) കണ്ടുകെട്ടലിന് വിധേയാകേണ്ട ഏതെങ്കിലും ചരക്കുകൾ സ്വീകരിക്കുന്നതിലോ സംഭരിക്കുന്നതിലോ കടത്തുന്നതിലോ വിതരണം ചെയ്യുന്നതിലോ ഏർപ്പെടുക.

j) നിയമത്തിനു വിരുദ്ധമായി സേവനങ്ങൾ വിതരണം ചെയ്യുകയോ സ്വീകരിക്കുകയോ ഏർപ്പെടുകയോ ചെയ്യുക.

k) ഏതെങ്കിലും പ്രധാനപ്പെട്ട തെളിവുകളോ രേഖകളോ നശിപ്പിക്കുകയോ ഉപയോഗ ശൂന്യമാക്കുകയോ ചെയ്യുക.

l) നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങൾ നൽകാതിരിക്കുക അല്ലെങ്കിൽ തെറ്റായ വിവരങ്ങൾ നൽകുക.

m) മുകളിൽ പറഞ്ഞ 12 കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുന്നതിന് സഹായം നൽകുകയോ ചെയ്യുന്നു.

ചോ.16. CGST/ SGST നിയമപ്രകാരം കുറ്റക്കാരന്റെ മേൽ ചുമത്തപ്പെടുന്ന ശിക്ഷാവിധി എന്താണ്?

ഉ. വകുപ്പു 132 (1) പ്രകാരം ശിക്ഷാ വിധി നൽകുന്ന രീതി താഴെപ്പറയുന്നു.

| ബന്ധപ്പെട്ട കുറ്റങ്ങൾ | ശിക്ഷ (പരമാവധി തടവിന്റെ കാലാവധി) |
|---|---|
| 1) 250 ലക്ഷത്തിനു മുകളിൽഅല്ലെങ്കിൽ 5 കോടിക്കു മുകളിൽ ഉള്ളനികുതി വെട്ടിപ്പ്. | 1) 5 വർഷം തടവും പിഴയും |
| 2) 2കോടിക്ക് മുകളിലും 5 കോടിക്കുതാഴെയുമുള്ള നികുതി വെട്ടിപ്പ് | 2) 3 വർഷം തടവും പിഴയും |
| 3) 1കോടിക്കു മുകളിലും 2 കോടിക്കു താഴെയുമുള്ള നികുതി വെട്ടിപ്പ് | 3) 1 വർഷം തടവും പിഴയും |
| 4) തെറ്റായ റിക്കോർഡുകൾ ഉദ്യോഗസ്ഥനു വിഘ്നം വരുത്തുക കൈക്കോർഡുകൾ നശിപ്പിക്കുക | 4)6 മാസ തടവും പിഴയും |

ചോ.17. CGST/ SGST നിയമപ്രകാരം കോഗ്നിസബിൽ നോൺ കോഗ്നിസബിൽ കുറ്റങ്ങൾ എന്താണ്?

ഉ. CGST/ SGST നിയമം വകുപ്പു 132 (4) ഉം വകുപ്പു 132 (5) പ്രകാരം.

വെട്ടിച്ച നികുതി ബാധ്യത 5 കോടിയിൽ കുറവാണെങ്കിൽ അത്തരം കേസുകൾ നോൺ കോഗ്നിസബിൽ കേസുകളാണ്. അത്തരം കേസുകളിൽ ജാമ്യം അനുവദിനീയമാണ്.

വെട്ടിച്ച നികുതി, ബാധ്യത 5 കോടിയിൽ അധികമായാൽ അത്തരം കേസുകളിൽ കോഗ്നിസബിൽ കേസുകളാണ്. ഇത്തരം കേസുകളിൽ ജാമ്യം അനുവദനീയമല്ല.

ചോ.18. പ്രോസിക്യൂഷൻ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട അധികാരിയുടെ മുൻകൂർ അനുവാദം നിർബന്ധമാണോ?

ഉ. അതെ, ബന്ധപ്പെട്ട അധികാരിയുടെ മുൻകൂർ അനുവാദം ഇല്ലാതെ ഒരു വ്യക്തിയെയും എന്തു കുറ്റത്തിനാണെങ്കിലും, പ്രോസിക്യൂട്ട് ചെയ്യാൻ പാടില്ല.

ചോ.19. CGST/ SGST നിയമപ്രകാരം പ്രോസിക്യൂട്ട് ചെയ്യാൻ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം (mensrea), കുറ്റകാരണമായ മാനസികനില (culpable; mental state) എന്നീ ഘടകങ്ങൾ ആവശ്യമാണോ?

ഉ. അതെ, കുറ്റകാരണമായ മാനസിക നിലയും (culpable; mental state) കുറ്റം ചെയ്യാനുള്ള ഉദ്ദേശവും (mensrea) കുറ്റം ചെയ്യുവാൻ ആവശ്യമാണന്നും അത്തരം കുറ്റങ്ങൾ മാനസിക നില ഇല്ലാതെ ചെയ്യാൻ പറ്റില്ലെന്നും വകുപ്പു 135- ൽ അനുമാനിക്കുന്നു.

ചോ.20. എന്താണ് കുറ്റകാരണമായ മാനസിക നില (culpable state of mind)?

ഉ. ഒരു പ്രവൃത്തി ചെയ്യുമ്പോൾ കുറ്റകാരണമായ മാനസിക നില എന്താണെന്നു പറഞ്ഞാൽ അത്തരം മനസ്സു പ്രകാരം ചെയ്യുന്ന പ്രവൃത്തി മനപൂർവ്വമായിരിക്കുക

a. പ്രവൃത്തിയെയും, അതിന്റെ പരിണിത ഫലങ്ങളെപ്പറ്റിയും ബോധവാനായിരിക്കുക.
b. പ്രവൃത്തി ചെയ്യുന്ന ആൾ ഭീഷണിക്കു വഴങ്ങാതെയും തടസ്സങ്ങൾ മറികടന്നും പ്രവൃത്തിചെയ്യുക.
c. പ്രവൃത്തി ചെയ്യുന്ന ആൾ ചെയ്യുന്നതു നിയമവിധേയമല്ലെന്നു വിശ്വസിക്കുകയോ? വിശ്വസി

ക്കാൻ കാരണം ഉണ്ടാക്കുകയോ ചെയ്യുക.

ചോ.21. ST/SGST നിയമപ്രകാരം ഒരു കമ്പനിക്കെതിരെ പ്രോസിക്യൂഷനോ മറ്റു നടപടികളോ നടത്താമോ?

ഉ. അതെ, CGST/SGST നിയമം 137-ാം വകുപ്പു പ്രകാരം, ഒരു കമ്പനിയുടെ നടത്തിപ്പിൽ നിയന്ത്രണാധികാരവും ഉത്തരവാദിത്വമുള്ള ഏതൊരാൾക്കും എതിരെ, കമ്പനിക്കൊപ്പം, അയാളുടെ ഉത്തരവാദിത്വത്തിലുള്ള കാലഘട്ടത്തിൽ ചെയ്ത കുറ്റത്തിന്, നടപടികളെടുക്കുകയും ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്. ഒരു കമ്പനി ചെയ്ത ഏതെങ്കിലും കുറ്റം ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടെയും കൂട്ടുനിന്നതിന്റെയും ഫലമായി നടന്നതാണെങ്കിൽ- വീഴ്ച കാരണം സംഭവിച്ചതാണെങ്കിൽ ആ ഉദ്യോഗസ്ഥൻ കുറ്റം ചെയ്തതായി കണക്കാക്കി ആ കുറ്റത്തിന് ശിക്ഷിക്കാവുന്നതാണ്.

ചോ.22. കുറ്റം ഒത്തുതീർപ്പാക്കാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

ഉ. ക്രിമിനൽ നടപടി ക്രമത്തിന്റെ 320-ാം വകുപ്പു പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നതു, പരിഗണനയുടെ ബലത്തിൽ നിർത്തലാക്കുക അല്ലെങ്കിൽ ഏതെങ്കിലും സ്വകാര്യ ലക്ഷ്യത്തിനുവേണ്ടി നിർത്തലാക്കുക എന്നതാണ് ഒത്തുതീർപ്പാക്കൽ കൊണ്ടുദ്ദേശിക്കുന്നത്.

ചോ.23. എല്ലാം കുറ്റങ്ങളും CGST/SGST നിയമപ്രകാരം ഒത്തുതീർപ്പാക്കാമോ?

ഉ. അതെ CGST/SGST നിയമം 138-ാം വകുപ്പു പ്രകാരം, താഴെപ്പറയുന്നതൊഴികെയുള്ള ഏതു കുറ്റവും നിശ്ചയിച്ച ഒത്തുതീർപ്പു തുക അടയ്ക്കുകയാണെങ്കിൽ അതു പരിഗണിച്ചു പ്രോസിക്യൂഷനു മുമ്പോ, പിൻപോ ഒത്തതീർപ്പാക്കുന്നതാണ്.

1. പതിനഞ്ചാം ചോദ്യത്തിൽ (15) ക്രമപ്പെടുത്തിയ 12 ഗുരുതര കുറ്റങ്ങളിൽ 1-6 വരെയുള്ള കുറ്റം ചെയ്ത ആൾ മേൽപ്പറഞ്ഞ കുറ്റങ്ങൾക്കു ഇതിനുമുമ്പ് ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ.
2. 12 ഗുരുതര കുറ്റങ്ങളിൽ 1-6 വരെയുള്ള കുറ്റങ്ങൾ ചെയ്യാൻ സഹായിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്ത ആൾ ഇതിനുമുമ്പ് മേൽപ്പറഞ്ഞ മറ്റേതെങ്കിലും

കുറ്റം ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ.

മുകളിൽ പറഞ്ഞ കുറ്റങ്ങളൊഴികെ CGST/SGST നിയമത്തിനു കീഴിലുള്ളതും 1 കോടിയിലധികം വിലയുള്ള വിതരണവുമായി ബന്ധപ്പെട്ട മറ്റേതു കുറ്റവും കുറ്റം ചെയ്ത ആൾ ഇടപെട്ട മറ്റേതു കുറ്റവും കുറ്റം ചെയ്ത ആൾ ഇതിനുമുമ്പ് ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ

CGST/SGST നിയമപ്രകാരം മാത്രമല്ലാതെ NDPSA അല്ലെങ്കിൽ FEMA നിയമത്തിൻ പ്രകാരം കൂടിയുള്ള കേസുകൾ

ഇതുപ്രകാരം ഒത്തുതീർപ്പാക്കൽ അനുവദിക്കുന്നതു നികുതിയും, പലിശയും പിഴയും അടച്ചതിനുശേഷം മാത്രമാണ്. മറ്റേതെങ്കിലും നിയമത്തിനു കീഴിൽ തുടങ്ങിക്കഴിഞ്ഞ ഒരു നടപടി ക്രമത്തെയും ഒത്തുതീർപ്പാക്കൽ ബാധിക്കുന്നില്ല.

ചോ.24. ഒത്തുതീർപ്പാക്കലിനു ധനപരമായ പരിധികളേതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ?

ഉ. അതെ, ഒത്തുതീർപ്പാക്കലിന്റെ താഴ്ന്ന പരിധി താഴെ പറയുന്നതുകളിൽ ഏതാണോ വലുത് അതായിരിക്കും.

1. ബന്ധപ്പെട്ട നികുതിയുടെ 50% അല്ലെങ്കിൽ 10,000 രൂപ.
2. ഒത്തുതീർപ്പാക്കലിന്റെ ഉയർന്ന പരിധി. താഴെപ്പറയുന്ന തുകകളിൽ ഏതാണോ വലുത് അതായിരിക്കും.
3. ബന്ധപ്പെട്ട നികുതിയുടെ 150% അല്ലെങ്കിൽ 30,000 രൂപ

ചോ.25. CGST/SGST നിയമപ്രകാരമുള്ള കുറ്റങ്ങൾ ഒത്തുതീർപ്പാക്കിയാൽ പരിണിത ഫലങ്ങൾ എന്തൊക്കെയാണ്?

ഉ. വകുപ്പു 138 ഉപവകുപ്പു 3 പ്രകാരം ഒത്തുതീർപ്പു തുക അടയ്ക്കുകയാണെങ്കിൽ തുടർ നടപടികൾ ഈ നിയമപ്രകാരം അവസാനിക്കുകയും കൂടാതെ മുൻപേ തുടങ്ങിയ ക്രിമിനൽ നടപടികൾ അസാധുവാക്കുകയും ചെയ്യും.

# IGST നിയമത്തിന്റെ പൊതുവായ അവലോകനം

# IGST നിയമത്തിന്റെ പൊതുവായ അവ ലോകനം

ചോ.1. എന്താണ് IGST?

ഉ. ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (IGST) എന്നാൽ IGST ആക്ടിന്റെ കീഴിൽ അന്തർസംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണത്തിൻമേൽ ചുമത്തപ്പെടുന്ന ടാക്സ് ആണ്.

ചോ.2. എന്താണ് അന്തർ സംസ്ഥാന വിതരണങ്ങൾ?

ഉ. അന്തർ സംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ, ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം എന്നാൽ വിതരണം ചെയ്യുന്ന ആളിന്റെ സ്ഥലവും വിതരണം ലഭിക്കുന്ന സ്ഥലവും രണ്ടു വ്യത്യസ്ഥ സംസ്ഥാനങ്ങളിലോ രണ്ടു വ്യത്യസ്ത കേന്ദ്രഭരണ പ്രദേശങ്ങളിലോ അല്ലെങ്കിൽ ഒരു സംസ്ഥാനവും ഒരു കേന്ദ്രഭരണ പ്രദേശവും, SEZ യൂണിറ്റുകൾക്കോ ഡെവലപ്പറിനോ നൽകുന്ന വിതരണങ്ങൾ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിനകത്ത് നടക്കുന്ന വിതരണങ്ങൾ അല്ലാത്ത ഏതൊരു വിതരണവുമാണ് (വകു:7 IGSTനിയമം)

ചോ.3. GST യുടെ കീഴിൽ എങ്ങനെയാണ് സാധനങ്ങളുടെയും സേവനങ്ങളുടെയും അന്തർ സംസ്ഥാന വിതരണങ്ങൾക്കു നികുതി ചുമത്തപ്പെടുന്നത്?

ഉ. അന്തർ സംസ്ഥാന വിതരണത്തിന്റെ കാര്യത്തിൽ IGST ചുമത്തുന്നതും പിരിച്ചെടുക്കുന്നതും കേന്ദ്ര സർക്കാരാണ്. IGST പൊതുവായി CGST യും SGST യും ചേർന്നതും നികുതി ബാധ്യതയുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ എല്ലാ അന്തർ സംസ്ഥാന വിതരണങ്ങൾക്കും ചുമത്തപ്പെടുന്നതുമാണ്. അന്തർസംസ്ഥാന വില്പനക്കാരൻ തന്റെ വാങ്ങലിൻമേൽ ലഭിക്കുന്ന IGST/CGST കൂടാതെ SGST ക്രെഡിറ്റുകൾ അഡ്ജസ്റ്റ് ചെയ്ത ശേഷം വർദ്ധിച്ച മൂല്യത്തിന്മേൽ IGST അടയ്ക്കും. കയറ്റി അയക്കുന്ന സംസ്ഥാനം IGST പേയ്മെന്റിന് ഉപയോഗിച്ച SGST, ക്രെഡിറ്റ് കേന്ദ്രത്തിന് ട്രാൻസ്ഫർ ചെയ്യും. ഇറക്കുമതി ചെയ്യുന്ന ഡീലർ സംസ്ഥാനത്തെ തന്റെ നികുതി അടയ്ക്കാനുപയോഗിച്ച IGST ക്രെഡിറ്റ് എടുക്കുകയും ചെയ്യും. കേന്ദ്രം ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തിന് SGST നികുതി അടക്കാനുപയോഗിച്ച IGST ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകും. ബന്ധപ്പെട്ട വിവരങ്ങൾ ഒരു ക്ലിയറിംഗ് ഹൗസ് സംവിധാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസിക്ക് സമർപ്പിക്കുകയും അർഹതപ്പെട്ട തുക എത്രയാണെന്ന് പരിശോധിക്കുകയും തുക കൈമാറ്റം ചെയ്യാനായി അതാതു സംസ്ഥാനങ്ങളുടെ സർക്കാരുകളെ അറിയിക്കുകയും ചെയ്യും.

ചോ.4. ഡ്രാഫ്റ്റ് IGST നിയമത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

ഉ. 9 അദ്ധ്യായങ്ങളിലായി 25 വകുപ്പുകളാണ് ഡ്രാഫ്റ്റ് IGST നിയമത്തിലുള്ളത്. മറ്റുകാര്യങ്ങളോടൊപ്പം വിതരണത്തിന്റെ സ്ഥലം ഏതെന്നു നിർണ്ണയിക്കാനുള്ള നിയമങ്ങളും ഇതിലുണ്ട്. ചരക്കുകളുടെ നീക്കം വിതരണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, സ്വീകർത്താവിന് കൈമാറാനായി ചരക്കിന്റെ നീക്കം നിലക്കുന്ന സമയത്ത്, ചരക്കു സ്ഥിതിചെയ്യുന്ന സ്ഥലമാണ് വിതരണം നടന്ന സ്ഥലമായ് കണക്കാക്കുന്നത്. ചരക്കുകളുടെ നീക്കം ഉൾപ്പെടാത്ത വിതരണത്തിന്റെ കാര്യത്തിൽ വിതരണത്തിന്റെ സ്വീകർത്താവിന് ചരക്കുകൈമാറുന്ന സ്ഥലം ആണ് വിതരണം നടക്കുന്ന സ്ഥലം ഏതെങ്കിലും സ്ഥലത്തു ഘടിപ്പിച്ചും ചേർത്തുവച്ചും വിതരണം

ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ചു ഇൻസ്റ്റലേഷൻ അല്ലെങ്കിൽ അസംബ്ലി നടക്കുന്ന സ്ഥലമാണ് വിതരണം നടക്കുന്ന സ്ഥലം. ചലിക്കുന്ന ഏതെങ്കിലും വാഹനത്തിൽ ഉപയോഗിക്കാൻ നൽകുന്ന സാധനങ്ങളെ സംബന്ധിച്ച് എവിടെ വച്ചാണ് ചരക്കുകൾ ഓൺബോർഡ് നൽകുന്നത് ആ സ്ഥലമാണ് വിതരണം നടക്കുന്ന സ്ഥലം.

ഈ നിയമം സേവനങ്ങളുടെ വിതരണം നടക്കുന്ന സ്ഥലം ഏതെന്നു നിർണ്ണയിക്കാനും അതു വിതരണക്കാരനും സ്വീകർത്താവും ഇന്ത്യയിലാണ് സ്ഥിതിചെയ്യുന്നതെങ്കിൽ (ഡൊമസ്റ്റിക്ക് സപ്ലൈയേർസ്) അല്ലെങ്കിൽ വിതരണക്കാരനും സ്വീകർത്താവും ഇന്ത്യയ്ക്കു പുറത്താണ് സ്ഥിതിചെയ്യുന്നതെങ്കിൽ ( International supplies ) വിതരണത്തിന്റെ സ്ഥലനിർണ്ണയം നിർദ്ദേശിക്കുന്നു. അടുത്ത അദ്ധ്യായത്തിൽ ഇതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്

ഈ നിയമം ചില പ്രത്യേക നിർദ്ദേശങ്ങൾ, ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ചുള്ള നികുതി അടയ്ക്കൽ, വിദേശത്തു താമസിക്കുന്ന ഡാറ്റാ ബെയ്സ് ആക്സസ്സ് സെർവീസ് പ്രൊവൈഡറും ഇന്ത്യയിൽ രജിസ്ട്രേഷൻ ഇല്ലാത്തതുമായ വ്യക്തിക്കു രജിസ്ട്രേഷൻ എടുക്കുന്നതിനും തുടങ്ങിയ (IGST നിയമം 14-ാം വകുപ്പ്.)

ചോ.5. IGST മോഡലിന്റെ പ്രയോജനങ്ങൾ എന്തൊക്കെയാണ്?

ഉ. IGSTമോഡലിന്റെ പ്രധാന പ്രയോജനങ്ങൾ താഴെപ്പറയുന്നവയാണ് -

a) അന്തർ സംസ്ഥാന ഇടപാടുകളിൽ തടസ്സം കൂടാതെയുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ശൃംഖല.

b) അന്തർ സംസ്ഥാന വിൽപ്പനക്കാരനും, വാങ്ങുന്ന ആളിനും അടച്ചതുകക്ക് ക്രെഡിറ്റ് എടുക്കാമെന്നതിനാൽ മുൻകൂട്ടി മൊത്തം തുക അടക്കേണ്ടതില്ലാത്തതിനാൽ അവരുടെ പണം തടസ്സപ്പെടുന്നില്ല

c) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാം എന്നുള്ളതുകൊണ്ട് കയറ്റുമതി ചെയ്യുന്ന സംസ്ഥാനത്തു റീഫണ്ട് ചോദിക്കേണ്ട ആവശ്യമില്ല.

d) സ്വയം നിരീക്ഷണ പരിശോധനകൾക്കു വിധേയമായ മാതൃക -

e) നികുതി പിരിക്കൽ, ലളിതമാക്കുന്നതോടൊപ്പം, നിക്ഷ പക്ഷമായ നികുതിയും ഉറപ്പുവരുത്തുന്നു.

f) കൂടുതലായി ഒരുവിധ നികുതിനടപടി പാലിക്കലുകളു മില്ലാതെ ലളിതമായ കണക്കു സൂക്ഷിക്കൽ

g) ഉയർന്ന നിലവാരത്തിലുള്ള നികുതി നടപടി ക്രമപാല നവും കാര്യക്ഷമമായ നികുതി പിരിക്കലും എളുപ്പമാ ക്കുന്നു. ബിസിനസ്സ് ടു ബിസിനസ്സ് (B2B) ഇടപാടുകളും, ബിസിനസ്സ് ടു കസ്റ്റമർ ഇടപാടുകളും (B2C) ഈ മോഡൽ IGST നിയമത്തിന് കൈകാര്യം ചെയ്യാൻ സാധി ക്കുന്നു.

ചോ.6. കയറ്റുമതിയും ഇറക്കുമതിയും GST യിൽ എങ്ങനെയാണ് നിയമവിധേയമാക്കുന്നത്.?

ഉ. GST/(IGST) ചുമത്തുന്ന കാര്യത്തിൽ എല്ലാ ഇറക്കുമതിയും കയറ്റുമതിയും അന്തർ സംസ്ഥാന വിതരണമായിട്ടാണ് കണ ക്കാക്കുന്നതു. നികുതി അടവ് ലക്ഷ്യസ്ഥാന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതും SGST നികുതി വരുമാനം ഇറ ക്കുമതി ചെയ്ത സാധനങ്ങളോ സേവനങ്ങളോ ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിനു ലഭിക്കുകയും ചെയ്യുന്നു. ഇറ ക്കുമതി നടപ്പാക്കുമ്പോൾ നടക്കുന്ന IGST ക്കു പൂർണ്ണമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നു. ചരക്കുകളുടെയോ സേവനങ്ങളുടെയോ കയറ്റുമതി നടക്കുന്നത് ശൂന്യനികുതി നിരക്കിലാണ്. ഒന്നുകിൽ നികുതി അടയ്ക്കാതെ ITC റീഫണ്ടിനു അവകാശപ്പെടുകയോ അല്ലെങ്കിൽ കയറ്റുമതി സമയത്ത് IGST അടച്ച് പിന്നീട് 'IGST റീഫണ്ട്' അവകാശ പ്പെടുകയോ ഒരു കയറ്റുമതിക്കാരന് ചെയ്യാവുന്നതാണ്. കസ്റ്റംസ് താരിഫ് ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം ഇറ ക്കുമതിക്കു IGST ചുമത്തേണ്ടതാണ്. കസ്റ്റംസ് നിയമം ചുമ ത്തുന്ന നികുതിയോടൊപ്പം IGST യും ഇറക്കുമതി സമയത്ത് പിരിച്ചെടുക്കേണ്ടതാണ്. (IGST നിയമം വകുപ്പ്5)

ചോ.7. IGST നികുതി എങ്ങനെയാണ് അടയ്ക്കേണ്ടത്?

ഉ. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ അല്ലെങ്കിൽ പണമായോ IGST അടയ്ക്കാം. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് IGST അടയ്ക്കാൻ ഉപയോഗിക്കുന്നത് താഴെപ്പറയുന്ന ക്രമത്തിലും മുൻഗണനയിലും വേണം.

a) ആദ്യം IGST യുടെ ITC IGST അടക്കാൻ ഉപയോഗിക്കാം.

b) IGST യുടെ ITC ഉപയോഗിച്ചു തീർന്നാൽ IGST യുടെ CGST അടയ്ക്കാൻ ഉപയോഗിക്കാം.

c) IGST യുടെയും CGST യുടെയും ITC ഉപയോഗിച്ചു തീർന്നാൽ മാത്രമെ SGST യുടെ ITC IGST അടയ്ക്കാൻ ഉപയോഗിക്കാവു.

പിന്നീട് IGST ബാദ്ധ്യത ബാക്കിയുണ്ടെങ്കിൽ അതുപണമായി അടയ്ക്കണം. IGST അടയ്ക്കുന്നതിനുള്ള ഈ മുൻഗണനാക്രമം GST സിസ്റ്റം വഴി ഉറപ്പാക്കും.

ചോ.8. എങ്ങനെയാണ് കേന്ദ്രവും കയറ്റുമതി ചെയ്യുന്ന സംസ്ഥാനവും ഇറക്കുമതിചെയ്യുന്ന സംസ്ഥാനവും തമ്മിലുള്ള സെറ്റിൽമെന്റ് നടക്കുന്നത്?

ഉ. താഴെപ്പറയുന്ന രണ്ടു രീതികളിൽ കണക്കുകളുടെ സെറ്റിൽമെന്റ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നടക്കുന്നതാണ്:-

a) കേന്ദ്രവും കയറ്റുമതി സംസ്ഥാനവും തമ്മിൽ - കയറ്റുമതി ചെയ്യുന്ന സംസ്ഥാനം അവിടെയുള്ള സപ്ലെയർ, SGST യുടെ ITC ഉപയോഗിച്ചതിനു തുല്യമായ തുക കേന്ദ്രത്തിനു കൊടുക്കണം.

b) കേന്ദ്രവും ഇറക്കുമതി സംസ്ഥാനവും തമ്മിൽ - IGST യുടെ ITC ഉപയോഗിച്ചു സംസ്ഥാനത്തിനുള്ളിലെ ഇടപാടുകൾക്കു അടക്കേണ്ട SGST അടയ്ക്കാൻ ഉപയോഗിച്ചതിനു തുല്യമായ തുക കേന്ദ്രം നൽകണം.

സെറ്റിൽമെന്റ് കാലയളവിൽ എല്ലാ ഡീലർമാരും നൽകുന്ന വിവിരങ്ങൾ കണക്കിലെടുത്തു മൊത്തമായിട്ടാണ് ഓരോ സംസ്ഥാനത്തിനും സെറ്റിൽമെന്റ് നടത്തുന്നത്.

CGST യുടെയും SGST യുടെയും സെറ്റിൽമെന്റും സമാന മായ രീതിയിൽ നടത്തുന്നു.

ചോ.9. SEZ യൂണിറ്റുകൾക്കോ അല്ലെങ്കിൽ ഡെവലപ്പറിനോ നൽകുന്ന സപ്ലൈകളുടെ മേലുള്ള നികുതി കണക്കാക്കൽ എങ്ങനെ?

ഉ. മറ്റേതൊരു കയറ്റുമതിക്കും നൽകുന്ന അതേ രീതിയിലുള്ള ശൂന്യനിരക്കിലാണ് SEZ യൂണിറ്റുകൾക്കും സപ്ലൈയർക്കും ഡെവലപ്പറിനും സപ്ലൈ നടത്തുന്നത്. സപ്ലൈയർക്കു വേണ മെങ്കിൽ SEZ നു നൽകുന്ന സപ്ലൈകളുടെ മേലുള്ള നികുതി അടക്കാതെ അത്തരം സ്പ്ലൈകളുടെ ITC യുടെ റീഫണ്ടിന് അവകാശപ്പെടാവുന്നതാണ്. (IGST നിയമം 16-ാം വകുപ്പ്)

ചോ.10. IGST നിയമത്തിലും SGST നിയമത്തിലും ബിസിനസ്സുകളുടെ നടപടിക്രമങ്ങളും ആജ്ഞാനുവർത്തിത്വവും (Compliances) ഒരേപോലെ ആകണമെന്നുണ്ടോ?

ഉ. രജിസ്ട്രേഷൻ, റിട്ടേൺ സമർപ്പിക്കുക, നികുതി അടക്കുക തുടങ്ങിയവയുടെ പ്രക്രിയകൾക്കുവേണ്ടിയുള്ള നടപടിക്ര മങ്ങളും അനുസരണവും ഒരേ പോലെ ആയിരിക്കണം. പിന്നീട് IGST നിയമം നികുതിനിർണ്ണയവും കണക്കു പരി ശോധന ( audit) മൂലനിർണ്ണയം, വിതരണസമയം, ഇൻവോ യ്സ്, അക്കൗണ്ടുകൾ, റിക്കോർഡുകൾ, അപ്പീൽ തുടങ്ങി യവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ CGST നിയമത്തിൽ നിന്ന് കടം കൊള്ളേണ്ടതാണ്. ( IGST നിയമം 20-ാം വകുപ്പ്)

# ചരക്കുകളുടെയും സേവനങ്ങ ളുടെയും സപ്ലൈ ലഭിച്ച സ്ഥലം (Place of supply of Goods & Service)

# ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ ലഭിച്ച സ്ഥലം (Place of supply of Goods & Service)

ചോ.1. GST - ക്കു കീഴിൽ ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ ലഭിച്ച സ്ഥലത്തിന്റെ ആവശ്യം/ പ്രസക്തി എന്താണ്?

ഉ. GST - യുടെ അടിസ്ഥാനതത്വം സപ്ലൈകളുടെ ഉപഭോഗത്തെ അതിന്റെ ലക്ഷ്യസ്ഥാനത്തുവച്ചോ അല്ലെങ്കിൽ അതിന്റെ ഉപഭോഗഘട്ടത്തിലോ ഫലപ്രദമായി നികുതി പിരിക്കുക എന്നതാണ്. അതിനാൽ “സപ്ലൈ ലഭിച്ച സ്ഥലം” എന്ന വ്യവസ്ഥയാണ് നികുതി എത്തിച്ചേരേണ്ട സ്ഥലം അഥവാ നികുതി പിരിക്കപ്പെടേണ്ട അധികാര പരിധി നിർണ്ണയിക്കുന്നത്. ഒരു ഇടപാട് അന്തർസംസ്ഥാന ഇടപാടാണോ അതോ സംസ്ഥാനത്തിനുള്ളിൽ നടന്ന ഇടപാടാണോ എന്നു തീരുമാനിക്കപ്പെടുന്നത് സപ്ലൈ സ്ഥലം അടിസ്ഥാനമാക്കിയാണ്. അതായത് ഒരു സപ്ലൈ ഏതെങ്കിലും ഒരു സംസ്ഥാനത്തെ SGST ക്കും CGST ക്കും വിധേയമാണോ അല്ലെങ്കിൽ അത് IGST ബാധകമാണോ എന്നു നിർണ്ണയിക്കുന്നതിന് സപ്ലൈ ലഭിച്ച സ്ഥലം അറിയേണ്ടത് ആവശ്യമാണ്.

ചോ.2. സപ്ലൈ ലഭിച്ച സ്ഥലത്തെ സംബന്ധിച്ച വ്യവസ്ഥകൾ ചരക്കുകളുടെയും സേവനങ്ങളുടെയും കാര്യത്തിൽ വ്യത്യസ്ഥമാകുന്നതെന്തുകൊണ്ട്?

ഉ. ചരക്കുകൾ പ്രത്യക്ഷമായ വസ്തുക്കൾ ആകയാൽ അവ

യുടെ ഉപഭോഗം നടക്കുന്ന സ്ഥലം നിർണ്ണയിക്കാൻ ബുദ്ധി മുട്ടുകളൊന്നും ഉണ്ടാകാറില്ല. എന്നാൽ സേവനങ്ങൾ പ്രത്യ ക്ഷമല്ലാത്തതിനാൽ അവയുടെ സപ്ലൈസ്ഥലം കണ്ടുപിടി ക്കാൻ പല ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അവയുടെ അതി നുള്ള പ്രധാനഘടകങ്ങൾ താഴെപറയുന്നവയാണ്.

1) സേവനങ്ങളുടെ ഡെലിവറി നടത്തുന്ന രീതി എളുപ്പ ത്തിൽ മാറ്റാവുന്നതാണ്. ഉദാഹരണത്തിനു ടെലികോം സേവനം പോസ്റ്റ് പെയ്ഡിൽ നിന്നു പ്രിപെയ്ഡിലേക്കു മാറാവുന്നതാണ്, ബില്ലിംഗ് - വിലാസം മാറാവുന്നതാ ണ്, ബില്ലറുടെ വിലാസം മാറ്റാവുന്നതാണ്. സോഫ്റ്റ് വെയർ കേടുപാടു തീർക്കലോ, അറ്റകുറ്റപണിയോ ഓൺ സൈറ്റിൽ നിന്ന് ഓൺലൈൻ ആക്കി മാറ്റാവുന്നതാണ്. ബാങ്കിംഗ് സേവനങ്ങൾക്കു നേരത്തെ ഉപഭോക്താവ് ബാങ്കിൽ പോകേണ്ട ആവശ്യം ഉണ്ടായിരുന്നു, എന്നാ ഇപ്പോൾ ഉപഭോക്താവിനു എവിടെ നിന്നും ബാങ്കിംഗ് സേവനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും.

2) സേവനദാതാവ്, സേവനസ്വീകർത്താവ് നല്കപ്പെട്ട സേവനം എന്നിവ തിട്ടപ്പെടുത്താൻ സാധിക്കണമെന്നില്ല അല്ലെങ്കിൽ എളുപ്പത്തിൽ മൂടിവക്കപ്പെടാം കാരണമെ ന്തെന്നാൽ പ്രത്യേക്ഷത്തിൽ ഒന്നും നീങ്ങുന്നതായി കാണപ്പെടുന്നില്ല. മാത്രമല്ല ഒരടയാളവും ശേഷിക്കപ്പെ ടുന്നുമില്ല.

3) ഒരു സേവനം സപ്ലൈ ചെയ്യുന്നതിനു സേവനദാതാ വിനു ഒരു നിശ്ചിത സ്ഥാനം വേണമെന്നു നിർബന്ധമി ല്ല. സേവന സ്വീകർത്താവിനാകട്ടെ സേവനം യാത്രക്കി ടയിൽ സ്വീകരിക്കുകയും ചെയ്യാം. ബില്ലിംഗ് സ്ഥലമാ ണെങ്കിൽ ഒറ്റരാത്രികൊണ്ട് മാറ്റാവുന്നതേ ഉള്ളുതാനും.

4) ചിലപ്പോൾ ഒരേ ഘടകം തന്നെ ഒന്നിൽ കൂടുതൽ സ്ഥല ങ്ങളിലേക്കു നീങ്ങാനും സാധ്യതയുണ്ട്. ഉദാഹരണ ത്തിനു ഒരു റെയിൽവേ ലയിനിന്റെയോ നാഷണൽ ഹൈവേയുടെയോ ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ ഒഴുകുന്ന ഒരു നദിക്കു കുറുകയുള്ള പാലത്തിന്റെയോ നിർമ്മാണവും അനുബന്ധ സേവനങ്ങളും. അതു

പോലെ തന്നെ ഒരു സിനിമയുടെ വിവിധ സംസ്ഥാനങ്ങളിലെ വിതരണത്തിനും എക്സിബിഷനുമുള്ള കോപ്പിറൈറ്റ് ഒരൊറ്റ ഇടപാടിലൂടെ നടത്താവുന്നതാണ്. അതുപോലെ ഒരു പരസ്യം അഥവാ പരിപാടി ഒരേസമയത്തു തന്നെ രാജ്യത്തുടനീളം പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഒരു എയർലൈൺ 10 ലിഫ്ടുകൾ അടങ്ങുന്ന ഒരു സീസൺ ടിക്കറ്റ് ഇറക്കുകയാണെന്നിരിക്കട്ടെ. അവ ഉപയോഗിച്ചു രാജ്യത്ത് ഏതെങ്കിലും രണ്ടു സ്ഥലങ്ങൾക്കിടയിൽ യാത്ര ചെയ്യാവുന്നതാണ്. ഡൽഹി മെട്രോ നൽകുന്ന ഒരു കാർഡ് നോയിഡയിലോ ഡൽഹിയിലോ ഫരീദാബാദിലോ ഉള്ള ഒരാൾക്ക് ഉപയോഗിക്കാവുന്നതാണ്. ഡൽഹി മെട്രോയ്ക്കാകട്ടെ പണമടക്കുന്ന സമയത്തെ ഇയാളുടെ സ്ഥാനമോ യാത്രകളോ വേർതിരിച്ച് അറിയാൻ കഴിയുകയില്ല.

5) സേവനങ്ങൾ തുടർച്ചയായി മാറിക്കൊണ്ടേ ഇരിക്കും. പുതിയ വെല്ലുവിളികൾ ഉയർത്തിക്കൊണ്ടേ ഇരിക്കും. ഉദാഹരണത്തിനു 15–20 വർഷം മുമ്പ് ഓൺലൈൻ വിവരങ്ങൾ, ഓൺലൈൻ ബാങ്കിംഗ്, ഓൺലൈൺ ടിക്കറ്റ് ബുക്കിംഗ്, ഇന്റർനെറ്റ്, മൊബൈൽ ടെലി കമ്യൂണിക്കേഷൻസ് മുതലായവയെക്കുറിച്ചു ആരും ചിന്തിച്ചുപോലും കാണില്ല.

ചോ.3. "സപ്ലൈ ലഭിച്ച സ്ഥലം" നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന അനുമാനങ്ങൾ അല്ലെങ്കിൽ പ്രോക്സികൾ എന്തെല്ലാം?

ഉ. ഒരു സേവന ഇടപാടിൽ ഉൾപ്പെട്ട വിവിധ ഘടകങ്ങളെ സപ്ലൈ ലഭിച്ച സ്ഥലം കണ്ടുപിടിക്കാനുള്ള അനുമാനങ്ങളായി ഉപയോഗിക്കാം. മറ്റുള്ളവയെക്കാൾ ഉചിതമായ സ്ഥലം തരുന്ന ഒരനുമാനം അല്ലെങ്കിൽ പ്രോക്സി നമുക്കു സപ്ലൈ ലഭിച്ച സ്ഥലം കണ്ടുപിടിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഇവയെക്കുറിച്ചു താഴെ പ്രതിപാദിക്കുന്നു.

a) സേവനദാതാവിന്റെ സ്ഥലം

b) സേവന സ്വീകർത്താവിന്റെ സ്ഥലം

c) ഇടപാട് നടക്കുന്ന സ്ഥലം അല്ലെങ്കിൽ പ്രകടനം നടക്കുന്ന സ്ഥലം

d) അത് ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലം

e) യഥാർത്ഥ ആനുകൂല്യം ലഭിക്കുന് സ്ഥലം/വ്യക്തി.

ചോ.4. B2B (രജിസ്ട്രേർഡ് വ്യക്തികൾക്കുള്ള സ്പ്ലൈ) B2C (നോൺ-രജിസ്റ്റേർഡ് വ്യക്തികൾക്കുള്ള സപ്ലൈ) ഇടപാടുകളുടെ കാര്യത്തിൽ, സപ്ലൈ ലഭിച്ച സ്ഥലത്തെ സംബന്ധിച്ചു പ്രത്യേക നിയമങ്ങൾ ഉണ്ടാകേണ്ട ആവശ്യകത എന്താണ്?

ഉ. B2B ഇടപാടിൽ അടയ്ക്കപ്പെട്ട നികുതി സ്വീകർത്താവ് ക്രെഡിറ്റ് ആയി എടുക്കുന്നു. അതിനാൽ ഈ ഇടപാടുകൾ വാസ്തു ഇടപാടുകൾ ആകുന്നു. B2B വിതരണത്തിന്റെ കാര്യത്തിൽ ശേഖരിക്കുന്ന GST യഥാർത്ഥത്തിൽ സർക്കാരിനു ബാധ്യതയും സ്വീകർത്താവിന് ആസ്തിയും ആയിരിക്കും. കാരണമെന്തെന്നാൽ സ്വീകർത്താവിന് ഇത് ഭാവി നികുതിയുടെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി ഉപയോഗിക്കാവുന്നതാണ്. B2B ഇടപാടുകളുടെ കാര്യത്തിൽ മിക്കപ്പോഴും സ്വീകർത്താവിന്റെ സ്ഥലം ആണ് പ്രധാനം. കാരണമെന്തെന്നാൽ ഭാവിയിൽ ക്രെഡിറ്റ് എടുക്കുക സ്വീകർത്താവായിരുക്കും. സാധാരണ രണ്ടായി സ്വീകർത്താവ് മറ്റൊരു ഉപഭോക്താവിന് വീണ്ടും സപ്ലൈ ചെയ്യുന്നു. ഒരു B2B ഇടപാട് B2C ഇടപാടായി മാറുമ്പോൾ മാത്രമേ സപ്ലൈയുടെ ഉപഭോഗം ഒടുവിൽ നടക്കുകയും അടയ്ക്കപ്പെട്ട നികുതി സർക്കാരിൽ എത്തിച്ചേരുകയും ചെയ്യുന്നു.

ചോ.5 ചരക്കുകൾ നീക്കം ചെയ്യപ്പെടുകയാണെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം എന്തായിരിക്കും?

ഉ. സ്വീകർത്താവിനു സപ്ലൈക്കുവേണ്ടി ചരക്കുകളും നീക്കം അവസാനിക്കുന്ന സമയത്ത് ചരക്കുകളുടെ സ്ഥാനം എവിടയാണോ അവിടെ ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം ( IGST നിയമം വകുപ്പ്10)

ചോ.6 ഒരു വ്യക്തി മറ്റൊരു വ്യക്കിക്കു മൂന്നാമതൊരു വ്യക്തിയുടെ നിർദദ്ദേശപ്രകാരം ചരക്കു സപ്ലൈ ചെയ്യുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ ഇത്തരം സാഹചര്യത്തിൽ മൂന്നാമത്തെ വ്യക്തിക്ക് ചരക്കുകൾ ലഭിച്ചതായി കണക്കാക്കുന്നു. അതിനാൽ ആ വ്യക്തിയുടെ മുഖ്യ ബിസിനസ്സ് സ്ഥലത്തെ സപ്ലൈ ലഭിച്ച സ്ഥലം ആയി കണക്കാക്കുന്നു. ( IGST നിയമം വകുപ്പ് 15(3))

ചോ.7. യാത്രചെയ്യുമ്പോൾ, അതായത് കപ്പലിലോ വിമാനത്തിലോ ട്രെയിനിലോ അല്ലെങ്കിൽ ഒരു മോട്ടോർ വാഹനത്തിലോ വച്ച് ചരക്കുകൾ / സേവനങ്ങൾ സപ്ലൈ ചെയ്താൽ ഏതായിരിക്കും സ്പ്ലൈ ലഭിച്ച സ്ഥലം?

ഉ. ചരക്കുകളുടെ കാര്യത്തിൽ അവ വാഹനത്തിന്റെ ഉള്ളിൽ കയറ്റുന്ന സ്ഥലം ആയിരിക്കും സ്പ്ലൈ ലഭിച്ച സ്ഥലം ( IGST നിയമം 9(11) വകുപ്പ്)

ചോ.8. B2B സേവനങ്ങളുടെ കാര്യത്തിൽ സപ്ലൈ ലഭിച്ച സ്ഥലത്തെ കുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ്?

ഉ. രജിസ്റ്റർ ചെയ്തിട്ടുള്ള നികുതിദായകർ, രജിസ്റ്റർ ചെയ്യാത്ത നികുതിദായകർ എന്നിവയാണ് IGST നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ. രജിസ്ട്രേർഡ് വ്യക്തികൾക്കുള്ള സ്പ്ലൈയുടെ കാര്യത്തിൽ ആ വ്യക്തിയുടെ സ്ഥലം ആണ് സപ്ലൈ ലഭിച്ച സ്ഥലം എന്നതാണ് അനുമാനം. സ്വീകർത്താവ് രജിസ്ട്രേർഡ് ആയതിനാൽ വിലാസം ലഭ്യമായിരിക്കും. അതിനാൽ ആ സ്ഥലം തന്നെ ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

ചോ.9. രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ വിതരണ സ്ഥലത്തെ കുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ്?

ഉ. രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ സാധാരണ ഗതിയിൽ സ്വീകർത്താവിന്റെ സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. എന്നിരുന്നാലും പലപ്പോഴും സ്വീകർത്താവിന്റെ വിലാസം ലഭ്യമല്ല. അത്തരം സന്ദർഭങ്ങളിൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്നവരുടെ സ്ഥലം സപ്ലൈ ലഭിച്ച സ്ഥലം ആയി പരിഗണിക്കപ്പെടും.

ചോ.10. സ്ഥാവരവസ്തുക്കളുടെ കാര്യത്തിൽ വസ്തു സ്ഥിതിചെ

യ്യുന്ന സ്ഥലം തന്നെയാണ് സപ്ലൈ ലഭിച്ച സ്ഥലം. ഡൽഹിയിൽ നിന്ന് മുബൈയിലേയ്ക്ക് ഒന്നിലധികം സംസ്ഥാനങ്ങളിൽ കൂടി കടന്നുപോകുന്ന ഒരു റോഡ് നിർമ്മിക്കുകയാണെന്ന് കരുതുക. അങ്ങനെയെങ്കിൽ ഏതായിരിക്കും വിതരണ സ്ഥലം?

ഉ. സ്ഥാവര വസ്തുക്കൾ ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുകയാണെങ്കിൽ ഓരോ സംസ്ഥാനത്തും അതതു കരാറുകളുടെയോ ഉടമ്പടികളുടെയോ മറ്റു ന്യായമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ വെവ്വേറെ ശേഖരിച്ച അല്ലെങ്കിൽ നിശ്ചയിച്ച സേവനങ്ങളുടെ മൂല്യത്തിന്റെ അനുപാതത്തിൽ അതതു സംസ്ഥാനങ്ങളിൽ സേവനങ്ങളുടെ സപ്ലൈ നടന്നതായി കണക്കാക്കും ( IGST നിയമത്തിലെ 12(3)-ാം വകുപ്പിലെ വിവരണം നോക്കുക)

ചോ.11. ഐ.പി.എൽ. ക്രിക്കറ്റ് പരമ്പരപോലെ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കുമ്പോൾ ഏതായിരിക്കും സേവനങ്ങളുടെ വിതരണ സ്ഥലം?

ഉ. ഇതുപോലുള്ള പരിപാടികളുടെ കാര്യത്തിൽ സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ സ്ഥലം ആയിരിക്കും സ്പ്ലൈ ലഭിച്ച സ്ഥലം. എന്നാൽ സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, പരിപാടി നടക്കുന്ന സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. ഇത്തരം പരിപാടികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്നതിനാലും ഒരു സമാഹൃത തുക ഇത്തരം സേവനങ്ങളുടെ ചാർജ്ജ് ആയതിനാലും, ഓരോ സംസ്ഥാനത്തും നൽകപ്പെടുന്ന സേവനങ്ങളുടെ മൂല്യത്തിന്റെ അനുപാതത്തിൽ അതത് സംസ്ഥാനങ്ങളെ സപ്ലൈ ലഭിച്ച സ്ഥലങ്ങളായി കണക്കാക്കപ്പെടുന്നു. (IGST നിയമത്തിലെ 12(7)-ാം വകുപ്പ് വിതരണം നോക്കുക)

ചോ.12. കൊറിയർ / മെയിൽ വഴി അയയ്ക്കുന്ന ചരക്കുകളുടെ കാര്യത്തിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ. ഡൊമെസ്റ്റിക് സപ്ലൈയുടെ കാര്യത്തിൽ:

ഈ സാഹചര്യത്തിൽ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സ്വീകർത്താവിന്റെ സ്ഥലം ആകും

സ്പ്ലൈ ലഭിച്ച സ്ഥലം. എന്നാൽ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ചരക്കുകൾ എവിടെ വച്ചാണോ കയറ്റി കൊണ്ടു പോകാനായി കൈമാറുന്നത് ആ സ്ഥലം ആയി രിക്കും സപ്ലൈ ലഭിച്ച സ്ഥലം.( IGST നിയമം വകുപ്പ് 10)

അന്തർദേശീയ സപ്ലൈകൾക്ക്: കൊറിയർ സേവന ങ്ങൾക്കൊഴികെ, ഗതാഗത സേവനങ്ങളുടെ സപ്ലൈ ലഭിച്ച സ്ഥലം എന്നാൽ ചരക്കുകളുടെ ലക്ഷ്യം സ്ഥാനം ആയിരി ക്കും. എന്നാൽ കൊറിയറുകളുടെ കാര്യത്തിൽ കൊറിയറി നുവേണ്ടി ചരക്കുകൾ എവിടെവച്ചാണോ കൈമാറിയത് അതാണ് സേവന സപ്ലൈയുടെ സ്ഥലം. എന്നാൽ കൊറി യർ സേവനങ്ങൾ ഭാഗീകമായി ഇന്ത്യയ്ക്കകത്താണ് നട ക്കുന്നതെങ്കിൽ, സപ്ലൈ ലഭിച്ച സ്ഥലം ഇന്ത്യയായിരിക്കും.

ചോ.13. ഒരു വ്യക്തി മുംബെയിൽ നിന്നും ഡൽഹിയിലേക്കും അവിടെ നിന്ന് തിരിച്ച് മുംബൈയിലേക്കു യാത്രചെയ്യുക യാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ. രജിസ്റ്റർ ചെയ്ത വ്യക്തി ആണെങ്കിൽ സ്വീകർത്താവിന്റെ സ്ഥലമായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. രജിസ്റ്റർ ചെയ്യ പ്പെടാത്ത വ്യക്തി ആണെങ്കിൽ മുംബയിൽ നിന്ന് ഡൽഹി യിലേക്കുള്ള മുന്നോട്ടുള്ള യാത്രയുടെ സപ്ലൈ ലഭിച്ച സ്ഥലം മുംബൈ ആയിരിക്കും. കാരണം മുംബൈ ആണു വ്യക്തി പുറപ്പെടുന്ന സ്ഥലം. എന്നാൽ മടക്കയാത്രയുടെ കാര്യത്തിൽ ഡൽഹി ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം കാരണം മടക്കയാത്രയെ മറ്റൊരു യാത്രയായ് തന്നെ കണ ക്കാക്കേണ്ടതാണ്. (IGST നിയമം 9 (11)ാം വകുപ്പിന്റെ വിവ രണം നോക്കുക.)

ചോ.14. ഇന്ത്യയിൽ മുഴുവൻ യാത്ര ചെയ്യാനുള്ള ഒരു ടിക്കറ്റ് അല്ലെങ്കിൽ പാസ്സ് എയർ ഇന്ത്യ കമ്പനി ഒരു വ്യക്തിക്ക് നൽകുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ. മുകളിലെ സാഹചര്യത്തിൽ യാത്ര പുറപ്പെടുന്ന സ്ഥലം സപ്ലൈ ലഭിക്കുന്ന സ്ഥലം ആകാൻ സാധിക്കില്ല. ഇത്തരം സന്ദർഭങ്ങളിൽ ഡിഫാൾട്ട് ചട്ടം ബാധകമായിരിക്കും. (IGST നിയമം വകുപ്പ് 12 (9) ന്റെ പ്രോവിസോ ബാധകമായിരിക്കും.)

ചോ.15. മൊബൈൽ ഫോൺ കണക്ഷന്റെ കാര്യത്തിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും? അതു വിതരണ കമ്പിനിയുടെ സ്ഥലം ആയിരിക്കുമോ?

ഉ. ദേശീയ സപ്ലൈകൾക്ക് മൊബൈൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്ന കമ്പനിയുടെ സ്ഥലം സപ്ലൈ ലഭിച്ച സ്ഥലമാകാൻ സാധിക്കിലല്. കാരണം മൊബൈൽ കമ്പനികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ ഈ സേവനങ്ങൾ നൽകുന്നു. മാത്രമല്ല മിക്ക സേവനങ്ങളും അന്തർ സംസ്ഥാന സേവനങ്ങളുമാകുന്നു. സപ്ലൈ ലഭിച്ച സ്ഥലവും കമ്പനിയുടെ സ്ഥലവും ഒന്നായാൽ ഉപഭോഗ തത്വം തകർന്നു പോകും. കാരണം റവന്യൂ മുഴുവൻ വിതരണക്കമ്പനികൾ ഉള്ള ഏതാനും സംസ്ഥാനങ്ങളിലേക്കു പോകും. മൊബൈൽ കണക്ഷനുള്ള സപ്ലൈ ലഭിച്ച സ്ഥലം കണക്ഷൻ പോസ്റ്റ് പെയ്ഡ് ആണോ പ്രീപെയ്ഡ് ആണോ എന്നതിനെ ആശ്രയിച്ചിരിക്കും. പോസ്റ്റ്പെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ സേവന സ്വീകർത്താവായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

പ്രീപെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ ഇത്തരം കണക്ഷനുകളുടെ പെയ്മെന്റ് ലഭിക്കുന്ന സ്ഥലം അല്ലെങ്കിൽ ഇത്തരം പ്രീപെയ്ഡ് വൗച്ചറുകൾ വിറ്റുപോകുന്ന സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. എന്നാൽ ഇന്റർനെറ്റ്/ ഇ-പെയ്മെന്റ് വഴിയാണ് റീചാർജ് എങ്കിൽ സേവന സ്വീകർത്താവിന്റെ രേഖകളിലുള്ള സ്ഥലമായിരിക്കും, സപ്ലൈ ലഭിച്ച സ്ഥലം.

അന്തർദേശീയ സപ്ലൈകൾക്ക് :

സേവന സ്വീകർത്താവിന്റെ സ്വലം ആയിരിക്കും ടെലികോം സർവ്വീസുകളുടെ സപ്ലൈ നടന്ന സ്ഥലം.

ചോ.16. ഗോവയിലുള്ള ഒരു വ്യക്തി ഡൽഹിയിലുള്ള ബ്രോക്കറിൽ നിന്ന് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (മുംബൈ) വഴി ഓഹരികൾ വാങ്ങുന്നു. അങ്ങനെയെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും.?

ഉ. സേവനദാതാവിന്റെ രേഖകൾ പ്രകാരം സേവന സ്വീകർത്താവിന്റെ സ്ഥലം ഏതാണോ അതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. അതുകൊണ്ട് ഗോവ സപ്ലൈ ലഭിച്ച

സ്ഥലം ആകുന്നു.

ചോ.17. മുംബൈയിൽ നിന്ന് ഒരാൾ കുളു-മണാലിയിലേക്ക് പോകുന്നു. അയാൾ മണാലിയിലെ ICICI ബാങ്കിൽ നിന്ന് ചില സേവനങ്ങൾ എടുക്കുന്നു. അങ്ങനെ എങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും.?

ഉ. സേവനം സ്വീകർത്താവിന്റെ അക്കൗണ്ടിലേക്ക് ലിങ്ക്ഡ് അല്ലെങ്കിൽ സപ്ലൈ ലഭിച്ചത് കുളു ആകുന്നു. (അതായത് സേവന സ്വീകർത്താവിന്റെ സ്ഥലം) എന്നാൽ സേവനം സ്വീകർത്താവിന്റെ അക്കൗണ്ടിലേക്ക് ലിങ്ക്ഡ് ആണെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം മുംബൈ ആകുന്നു. അതായത് സേവ നദാതാവിന്റെ രേഖകൾ പ്രകാരം സ്വീകർത്താവിന്റെ സ്ഥലം.

ചോ.18. ഗുഡ്ഗാവ് സ്വദേശിയായ ഒരാൾ എയർഇന്ത്യ വിമാനത്തിൽ നിന്നും ഡൽഹിയിലേക്ക് പോകുന്നു. ഇയാൾക്ക് യാത്ര ഇൻഷ്വറൻസ് ലഭിക്കുന്നത് മുംബൈയിൽ നിന്നാണ്. അങ്ങ നെയെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും.?

ഉ. ഇൻഷ്വറൻസ് സേവനങ്ങൾ സപ്ലൈ ചെയ്യുന്നയാളിന്റെ രേഖകൾ പ്രകാരം സേവനങ്ങളുടെ സ്വീകർത്താവിന്റെ സ്ഥലം ഏതാണോ അതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. അതുകൊണ്ട് ഗുഡ്ഗാവ് സപ്ലൈ ലഭിച്ച സ്ഥലം ആകുന്നു. (IGST നിയമം 9 (4)-ാം വകുപ്പ്.)

# ജി.എസ്.ടി പോർട്ടലിലെ ഫ്രണ്ട് -എന്റ് ബിസിനസ്സ് പ്രോസ്സസ്

# ജി.എസ്.ടി പോർട്ടലിലെ ഫ്രണ്ട് -എന്റ് ബിസിനസ്സ് പ്രോസ്സസ്

ജി.എസ്.ടി പോർട്ടലിലെ ഫ്രണ്ട് -എന്റ് ബിസിനസ്സ് പ്രോസ്സസ്

ചോ.1 ജി.എസ്.ടി.എൻ എന്നാൽ എന്താണ്?

ഉ. ചരക്കുസേവനനികുതി ശൃംഖല (ജി.എസ്.ടി.എൻ) എന്നത് ഒരു ലാഭേച്ഛയില്ലാത്ത സർക്കാർ-ഇതര കമ്പനിയാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും നികുതിദാതാക്കൾക്കും, വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും, സേവനവും നൽകുകയാണ് ഇതിന്റെ ലക്ഷ്യം. രജിസ്ട്രേഷൻ, റിട്ടേൺ, പേയ്മെന്റ് എന്നീ സേവനങ്ങൾ ജി.എസ്.ടി.എൻ നികുതിദാതാക്കൾക്കു നൽകുന്നു. സർക്കാരും നികുതിദാതാക്കളും തമ്മിലുള്ള സമ്പർക്കം ജി.എസ്.ടി.എൻ മുഖാന്തിരമായിരിക്കും.

ചോ.2 ജി.എസ്.ടി.എൻ രൂപികരിക്കേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു ?

ഉ. ജി.എസ്.ടി. സിസ്റ്റം പദ്ധതി നൂതനവും സങ്കീർണ്ണവുമായ ഒരു വിവരസാങ്കേതിക സംരംഭമാണ്. ആദ്യമായി, നികുതിദാതാക്കൾക്കായി ഒരു ഏകീകൃത സമ്പർക്ക മുഖവും കേന്ദ്ര-സംസ്ഥാന പരോക്ഷനികുതി വകുപ്പുകൾ വ്യത്യസ്ത നിയമങ്ങൾ, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ പാലിക്കുന്നു. അതിനാൽ, വിവര സാങ്കേതിക സംവിധാനങ്ങളും വേറിട്ടുതന്നെ നിൽക്കുന്നു. ജി.എസ്.ടി. നടപ്പാക്കുന്നതിനായി അവ ഏകോപിപ്പിക്കുക എന്നത് സങ്കീർണ്ണമായി

രിക്കും. കാരണം അതിനായി മുഴുവൻ പരോക്ഷ നികുതി സംവിധാനങ്ങളേയും (കേന്ദ്ര, സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ) ഒരേ വിവര സാങ്കേതിക നിലവാരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. മാത്രമല്ല, ജി.എസ്.ടി. ഒരു ലക്ഷ്യാധിഷ്ഠിത നികുതി ആയതിനാൽ ചരക്കുകളുടേയും സേവനങ്ങളുടേയും അന്തർ-സംസ്ഥാന വ്യാപാരത്തിന് ശക്തിമത്തായ ഒരു ഒത്തുതീർപ്പ് സംവിധാനവും ആവശ്യമായി വരുന്നു. ശക്തമായ വിവരസാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും സേവന സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. വിവിധ തത്പരകക്ഷികൾ, നികുതിദാതാക്കൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ബാങ്കുകൾ, ആർ.ബി.ഐ എന്നിവർ തമ്മിൽ സുഗമമായ വിവര ശേഖരണം, സംസ്കരണം, കൈമാറ്റം എന്നിവ ഇത് സാദ്ധ്യമാക്കും. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയാണ് ജി.എസ്.ടി.എൻ രൂപികരിച്ചത്.

ചോ. 3 ജി.എസ്.ടി.എൻ-ന്റെ ഉത്ഭവം എങ്ങനെയായിരുന്നു?

ഉ. 21/07/2010 ൽ നടന്ന സംസ്ഥാന ധനകാര്യമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റി 2010-ലെ നാലാമതു യോഗത്തിൽ ഇതിനെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ജി.എസ്.ടി.ക്കായുള്ള വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു എംപവേർഡ് ഗ്രൂപ്പ് (ഇ.ജി.) സ്ഥാപിക്കാൻ തീരുമാനിക്കുകയുണ്ടായി. ഡോ. നന്ദൻ നിലേകാനി അദ്ധ്യക്ഷനായി, അഡീഷണൽ സെക്രട്ടറി (റവന്യൂ), മെമ്പർ (B&C) CBEC, ഡി.ജി. (സിസ്റ്റംസ്), CBEC, FA ഫിനാൻസ് മന്ത്രാലയം, മെമ്പർ സെക്രട്ടറി ഇ.സി., അഞ്ചു സംസ്ഥാന ട്രേഡ് ടാക്സ് കമ്മീഷണർമാർ (മഹാരാഷ്ട്ര, അസ്സാം, കർണാടക, പശ്ചിമ ബംഗാൾ, ഗുജറാത്ത് ) എന്നിവർ ഇതിലെ അംഗങ്ങളാണ്. ഈ ഗ്രൂപ്പിന് നൽകിയ അനുശാസനങ്ങൾ ജി.എസ്.ടി.എൻ എന്ന് വിളിക്കപ്പെടുന്ന ഒരു പൊതുജാലകം നടപ്പാക്കാനുള്ള ഒരു നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റി (NIU/SPV) സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ, പ്രസ്തുത നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ ഘടന,

നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ, പരിശീലന സംവിധാനം എന്നിവ നിർദ്ദേശിക്കുക എന്നതായിരുന്നു.

മാർച്ച് 2010-ൽ സാമ്പത്തിക മന്ത്രാലയം രൂപീകരിച്ച ടി.എ.ജി.യു.പി., നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റികൾ സ്വകാര്യ കമ്പനികളായി രൂപീകരിക്കാൻ നിർദ്ദേശിച്ചു. ജി.എസ്.ടി., ടി.ഐ.എൻ, എൻ.പി.എസ്. തുടങ്ങിയ വിവര സാങ്കേതിക സംരംഭങ്ങളുടെ സാങ്കേതിക വശങ്ങൾ പഠിക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം.

2010 ആഗസ്റ്റ് 2 നും 2011 ആഗസ്റ്റ് 8-നും ഇടയിൽ എംപവേർഡ് ഗ്രൂപ്പ് ഏഴ് സമ്മേളനങ്ങൾ നടത്തുകയുണ്ടായി. ചർച്ചകൾക്ക് ശേഷം, ജി.എസ്.ടി. സിസ്റ്റംസ് പദ്ധതി നടപ്പാക്കാനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ ഇ.ജി. നിർദ്ദേശിച്ചു. ബുദ്ധിമുട്ടേറിയ ഒരു പരിതസ്ഥിതിയിൽ, കാര്യക്ഷമമായ രീതിയിൽ സേവനങ്ങൾ നൽകാൻ ജി.എസ്.ടി.എൻ എസ്.പി.വി.ക്കായി ഒരു സർക്കാർ-ഇതര സംവിധാനമാണ് ഇ.ജി. നിർദ്ദേശിച്ചത്. സ്വതന്ത്രമായ നടത്തിപ്പ്, തന്ത്രപ്രധാനമായ സർക്കാർ നിയന്ത്രണം, വ്യവസ്ഥിതിയുടെ ഘടനാപരമായ വഴക്കം, ത്വരിതമായ തീരുമാനം എടുക്കൽ, കഴിവുള്ള മനുഷ്യവിഭവ ശേഷി നിലനിർത്തൽ എന്നിവ ലക്ഷ്യം വച്ച് 49% സർക്കാർ ഓഹരി പങ്കാളിത്തത്തോടുകൂടിയാണ് (കേന്ദ്രസർക്കാർ 24.5%, സംസ്ഥാന സർക്കാർ - 24.5%) പ്രസ്തുത ജി.എസ്.ടി.എൻ എസ്.പി.വി രൂപീകരിക്കാൻ ലക്ഷ്യമിട്ടത്.

ജി.എസ്.ടി.എൻ-ന്റെ പ്രാധാന്യവും അതിൽ ലഭ്യമായ വിവരങ്ങളും പരിഗണിച്ച്, ജി.എസ്.ടി.എൻ-ന്റെ മേൽ സർക്കാരിന്റെ തന്ത്രപ്രധാനമായ നിയന്ത്രണവും ഇ.ജി. പരിഗണിക്കുകയുണ്ടായി. ബോർഡിന്റെ ഘടന, സ്പെഷ്യൽ റെസൊല്യൂഷൻ, ഷെയർഹോൾഡേഴ്സ് എഗ്രിമെന്റ് എന്നിവയുടെ പ്രവർത്തനരീതി, സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനം, ജി.എസ്.ടി. എൻ- എസ്.പി.വി യും സർക്കാരും തമ്മിലുള്ള കരാറുകൾ

എന്നിവ മുഖാന്തിരം എസ്.പി.വി. ക്കുമേൽ സർക്കാരിന്റെ നിയന്ത്രണം ഉറപ്പാക്കണം എന്ന് ഇ.ജി. നിർദ്ദേശിച്ചു. കൂടാതെ, ഓഹരി പങ്കാളിത്തഘടനപ്രകാരം കേന്ദ്രം തനിയെയും സംസ്ഥാനങ്ങൾ കൂട്ടായും 24.5% ഓഹരി പങ്കാളിത്തത്തോടെ ഏറ്റവും വലിയ ഓഹരിയുടമകൾ ആയിരിക്കും. മാത്രമല്ല, 49% വരുന്ന സർക്കാർ ഓഹരി പങ്കാളിത്തം മറ്റേതു സ്വകാര്യ നിക്ഷേപകരേക്കാളും കൂടുതലും ആയിരിക്കും.

100 ശതമാനം റിട്ടേൺ മാച്ചിങ് നടപ്പാക്കാൻ ആവശ്യമായ സാങ്കേതിക സംവിധാനം ഈ കമ്പനിക്ക് വേണ്ടതിന്റെ ആവശ്യകതയിലേക്കും ഇ.ജി. വിരൽ ചൂണ്ടുകയുണ്ടായി. പ്രവർത്തനരീതികളെക്കുറിച്ചുള്ള അറിവുകൾ കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എന്നാൽ, കമ്പനി നടത്തിപ്പിനായി വിവര സാങ്കേതിക മേഖലയിലെ വിദഗ്ദ്ധരെ ആവശ്യമാണ്. സ്വതന്ത്രമായ നടത്തിപ്പ് ലക്ഷ്യമിട്ടാണ് ഇ.ജി. സർക്കാർ-ഇതര സംവിധാനം കമ്പനി നിർദ്ദേശിച്ചത്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ, 2011 ആഗസ്റ്റ് 19-ന് നടന്ന 2011-ലെ മൂന്നാമത് യോഗത്തിലും, 2011 ഒക്ടോബർ 14-ന് നടന്ന 2011-ലെ നാലാമത് യോഗത്തിലും, സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. 14.10.11 ന് നടന്ന സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയുടെ സമ്മേളനത്തിൽ ജി.എസ്.ടി.എൻ- ന് ആയുള്ള വിവര സാങ്കേഭച്ഛയില്ലാത്ത വകുപ്പ്-25 കമ്പനി തുടങ്ങാനുമുള്ള ഇ.ജി. യുടെ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടു.

ജി.എസ്.ടി.എൻ. എന്നു വിളിക്കപ്പെടുന്ന എസ്.പി.വി. സ്ഥാപിക്കാനുള്ള റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ നോട്ട് കേന്ദ്ര ക്യാബിനറ്റ് 2012 ഏപ്രിൽ 12-ന് പരിഗണിക്കുകയും

അംഗീകരിക്കുകയും ചെയ്തു. താഴെപ്പറയുന്നവയും കേന്ദ്ര ക്യാബിനറ്റ് അംഗീകരിക്കുകയുണ്ടായി.

i) അനുയോജ്യരും തല്പരരും ആയ സർക്കാർ-ഇതര സ്ഥാപനങ്ങളെ ജി.എസ്.ടി.എൻ. എസ്.പി.വി. യിൽ നിക്ഷേപം നടത്തുന്നതിലേക്കായി സാമ്പത്തിക മന്ത്രാലയം തിരിച്ചറിയുകയും സ്ഥിരീകരിക്കുകയും ചെയ്യും.

ii) ജി.എസ്.ടി.എൻ.-ന്റെ മേൽ സർക്കാരിന്റെ തന്ത്രപ്രധാനമായ നിയന്ത്രണം ബോർഡിന്റെ ഘടന, സ്പെഷ്യൽ റെസൊല്യൂഷൻ, ഷെയർഹോൾഡേഴ്സ് എഗ്രിമെന്റ് എന്നിവയുടെ ഘടനകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനം, ജി.എസ്.ടി.എൻ എസ്.പി.വി.യും സർക്കാരും തമ്മിലുള്ള കരാറുകൾ എന്നിവ മുഖാന്തിരം ഉറപ്പാക്കുക.

iii) ജി.എസ്.ടി.എൻ എസ്.പി.വി. യുടെ ഡയറക്ടർ ബോർഡിൽ 14 അംഗങ്ങളുണ്ടാകും. ഇതിൽ 3 ഡയറക്ടർമാർ കേന്ദ്രത്തിൽ നിന്നും 3 ഡയറക്ടർമാർ സംസ്ഥാനങ്ങളിൽ നിന്നും, ബോർഡ് അദ്ധ്യക്ഷൻ കേന്ദ്ര-സംസ്ഥാന സംയുക്ത അംഗീകാരത്തിലൂടെയും, 3 ഡയറക്ടർമാർ സ്വകാര്യ ഓഹരി നിക്ഷേപകരിൽ നിന്നും, പ്രമുഖ വ്യക്തികളിൽ നിന്ന് തെരഞ്ഞെടുത്ത 3 സ്വതന്ത്ര ഡയറക്ടർമാരുമാണുണ്ടാവുക. ജി.എസ്.ടി.എൻ എസ്.പി.വി.യുടെ സി.ഇ.ഒ. യെ തുറന്ന തിരഞ്ഞെടുപ്പിലൂടെ നിയമിക്കുകയും ചെയ്യും.

iv) തന്ത്രപ്രധാനമായ നിയന്ത്രണത്തിനും വൈദഗ്ധ്യം ലഭ്യമാക്കുന്നതിനുമായി ജി.എസ്.ടി.എൻ. എസ്.പി.വി. യിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനം സുഗമമാക്കാൻ ചട്ടങ്ങൾ ഇളവ് ചെയ്യും.

v) ജി.എസ്.ടി.എൻ. എസ്.പി.വി. യ്ക്കു സ്വയം പര്യാപ്തമായ ഒരു റവന്യൂ മോഡൽ ഉണ്ടാകും. നികുതിദാതാക്കൾ, നികുതിവകുപ്പ് എന്നീ സേവന ഉപഭോഗവരി ഈടാക്കുക വഴിയാണ് ഇത് സാദ്ധ്യമാക്കുക.

vi) പരോക്ഷനികുതി സംബന്ധമായ ഏകീകൃത സേവനങ്ങൾ നൽകുന്നതിന് ചുമതലപ്പെട്ട ഏക ദേശീയ ഏജൻസി ആയിരിക്കും ജി.എസ്.ടി.എൻ.-എസ്.പി.വി. സമാനമായ സേവനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന സേവനദാതാക്കൾ

ഇതിനായി ജി.എസ്.ടി.എൻ- എസ്.പി.വി യുമായി ഔപചാരിക കരാറിൽ ഏർപ്പെടേണ്ടതാണ്.

vii) എസ്. പി. വി. യുടെ സ്ഥാപനത്തിനും ആദ്യ 3 വർഷങ്ങളിലെ നടത്തിപ്പു ചെലവിനുമായി കേന്ദ്രസർക്കാർ 315 കോടി രൂപയുടെ ഒറ്റത്തവണ നോൺ റെക്കറിംഗ് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതാണ്.

ചോ.4 ജി.എസ്.ടി.എൻ -ന്റെ ഓഹരി ഘടനയും വരുമാന മാതൃകയും എന്താണ്?

ഉ. 4 (a) ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. എൻ കമ്പനി നിയമം, വകുപ്പ്-25 അനുസരിച്ച് ലാഭേച്ഛയില്ലാത്ത സ്വകാര്യ കമ്പനിയായി രജിസ്റ്റർ ചെയ്യുകയുണ്ടായി. അതിലെ ഓഹരി പങ്കാളിത്തം താഴെ കൊടുത്തിട്ടുള്ള പ്രകാരമാണ്.

| | |
|---|---|
| കേന്ദ്രസർക്കാർ | 24.5% |
| സംസ്ഥാന സർക്കാർ | 24.5% |
| എച്ച്.ഡി.എഫ്.സി. | 10% |
| ഐ.സി.ഐ.സി.ഐ. ബാങ്ക് | 10% |
| എൻ.എസ്.ഇ സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് കമ്പനി | 1% |
| എൽ.ഐ.സി. ഹൗസിങ് ഫിനാൻസ് | 11% |

നീണ്ടകാലയളവിലെ ചർച്ചകൾക്കുശേഷം സംസ്ഥാനധനകാര്യമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയുടെയും കേന്ദ്രസർക്കാരിന്റേയും അംഗീകാരത്തോടെയാണ് ജി.എസ്.ടി.എൻ അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ സ്ഥാപിക്കപ്പെട്ടത്.

(b) വരുമാന മാതൃക:
ജി.എസ്.ടി.എൻ- എസ്.പി.ബി രൂപവൽകരിക്കുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 315 കോടി രൂപയ്ക്ക് 2013 ൽ അനുമതി നൽകി. 31.03.2013 മുതൽ 31.03.2016 വരെയുള്ള കാലങ്ങളിൽ ഇതിൽ നിന്നും 143.96 കോടി രൂപ ജി.എസ്.ടി.എൻ-ന് നൽകിയിട്ടുണ്ട്. ഇതിൽ

നിന്നും പ്രസ്തുത കാലങ്ങളിൽ 62.11 കോടി രൂപ മാത്രമാണ് കമ്പനി രൂപവൽക്കിരിക്കുന്നതിനും പ്രവർത്തനം തുടങ്ങുന്നതിനുമായി ചെലവായത്. ബാക്കി തുക കേന്ദ്രത്തിന് തിരിച്ച് നൽകുകയാണുണ്ടായത്. 2016–17 കാലയളവിൽ വാണിജ്യ ബാങ്കുകളിൽ നിന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി പോർട്ടൽ വഴി സേവനം ലഭ്യമാക്കുന്നതിനുള്ള ഐ.ടി പ്ലാറ്റ് ഫോമുകൾ 27 സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ബാക്ക്എൻഡ് വികസിപ്പിക്കുന്നതിനായി ലോൺ ലഭിക്കുകയുണ്ടായി. സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റി ജി.എസ്.ടി പോർട്ടൽ വഴി നികുതിദായകർക്കും മറ്റ് താൽപരകക്ഷികൾക്കും സേവനങ്ങൾ നൽകുന്നതിന് യൂസർ ചാർജ്ജ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടയ്ക്കുന്ന രീതിയിൽ ജി.എസ്.ടി.എൻ ന്റെ വരുമാന മാതൃക അംഗീകരിക്കുകയുണ്ടായി. ഈ യൂസർ ചാർജ്ജ് കേന്ദ്രവുംസംസ്ഥാനവും തുല്യമായി വഹിയ്ക്കേണ്ടതാണ്. സംസ്ഥാനങ്ങൾക്കിടയിൽ രജിസ്റ്റേഡ് നികുതി ദായകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ചാർജ്ജ് വീതം വയ്ക്കുന്നതായിരിക്കും.

ചോ.5 എന്താണ് ജി.എസ്.ടി.എൻ. നിർവഹിക്കുന്ന സേവനങ്ങൾ?

ഉ. 5 ജി.എസ്.ടി.യുടെ പൊതു പോർട്ടലിലൂടെ താഴെപ്പറയുന്ന സേവനങ്ങൾ ആണ് നിർവഹിക്കുന്നത്.

(a) രജിസ്ട്രേഷൻ (നികുതിദായകരുടെ മൈഗ്രേഷനും പാൻ അധിഷ്ഠിത രജിസ്ട്രേഷൻ നമ്പർ കൊടുക്കലും).
(b) പേയ്മെന്റ് ഗേറ്റ് വേ, ബാങ്കിങ് സംവിധാനത്തിലേക്കുള്ള സംയോജനം അടക്കമുള്ള പണമടവ് ക്രമീകരണം.
(c) റിട്ടേൺ സമർപ്പണവും വിലയിരുത്തലും.
(d) നികുതിദായകരെ പ്രാപ്തരാക്കൽ, അക്കൗണ്ട് മാനേജ്മെന്റ്, അറിയിപ്പുകളും വിവരങ്ങളും തൽസ്ഥിതി അറിയലും.
(e) നികുതി അക്കൗണ്ടും ലെഡ്ജറും കൈകാര്യം ചെയ്യൽ.
(f) കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള നികുതിവിഹിതം കണക്കാക്കുക (ഐ.ജി.എസ്.ടി. വിഹിതം തീർപ്പാക്കിക്കുക അടക്കം ഐ.ജി.എസ്.ടി. യുടെ ക്ലീയറിങ് ഹൗസ്).

(g) ഇറക്കുമതിയിലുള്ള ജി.എസ്.ടി. കണക്കാക്കി തിട്ടപ്പെടുത്തുകയും കസ്റ്റംസ് ഇ.ഡി.ഐ സിസ്റ്റവുമായി സംയോജിപ്പിക്കുകയും ചെയ്യുക.

(h) മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റംസ് ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ, ബിസിനസ്സ് ഇന്റലിജൻസ് അടക്കമുള്ളവ.

(i) സാധാരണ ജി.എസ്.ടി. പോർട്ടലും നികുതി ഭരണ വ്യവസ്ഥയുമായുള്ള സമ്പർക്കമുഖം.

(j) ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുക.

(k) നികുതി അധികാരികൾക്ക് വിശകലനവും ബിസിനസ്സ് ഇന്റലിജൻസ് വിവരങ്ങളും നൽകുക.

(l) ഗവേഷണങ്ങൾ നടത്തുക, മികച്ച പ്രാക്ടീസുകളെക്കുറിച്ച് പഠിക്കുക.

ചോ.6 ജി.എസ്.ടി.എൻ ഉം സംസ്ഥാനങ്ങളും/ സി.ബി.ഇ.സി-യും തമ്മിലുള്ള സമ്പർക്കമുഖമെന്താണ്?

ഉ. നികുതിദായകരുടെ രജിസ്ട്രേഷൻ അപേക്ഷ, ഇൻവോയ്സ് അപ് ലോഡ് ചെയ്യുക, റിട്ടേൺ സമർപ്പിക്കുക ഇവ ചെയ്യുമ്പോൾ ജി.എസ്.ടി. സിസ്റ്റം ആണ് അവ സ്വീകരിക്കുന്നത്. മറ്റു നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ (രജിസ്ട്രേഷൻ അംഗീകരിക്കൽ, റിട്ടേൺ പരിശോധന, അന്വേഷണം നടത്തുക, കണക്കു പരിശോധന (ഓഡിറ്റിംഗ്) ഇവ) കേന്ദ്ര സംസ്ഥാന നികുതി അധികാരി കളാണ് ചെയ്യുന്നത്. അതായത് ഫ്രണ്ടെന്റ് ജോലികൾ ജി.എസ്.ടി.എൻ ഉം മറ്റ് ബാക് എൻഡ് ജോലികൾ സംസ്ഥാന/ കേന്ദ്ര സർക്കാരുകൾ നേരിട്ടുമാണ് ചെയ്യുക. എന്നാൽ 27 സംസ്ഥാനങ്ങൾ (മോഡൽ 2 സ്റ്റേറ്റ്) ജി.എസ്.ടി.എൻ. തന്നെ തങ്ങൾക്ക് വേണ്ടി ബാക് എൻഡ് മോഡ്യൂളുകൾ വികസിപ്പിച്ചെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സി.ബി.ഇ.സി. യും ബാക്കി 9 സംസ്ഥാനങ്ങളും സ്വന്തമായി ത്തന്നെ ബാക് എൻഡ് മോഡ്യൂളുകൾ വികസിപ്പി ച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളവും സ്വന്തമായി ബാക് എൻഡ് മോഡ്യൂളുകൾ വികസിപ്പിക്കാൻ തീരുമാനിച്ച സംസ്ഥാനങ്ങളിൽ ഒന്നാണ്. മോഡൽ 1 സംസ്ഥാനങ്ങൾക്കും സി.ബി.ഇ.സി. യ്ക്കും നികുതി

ദായകർ നൽകുന്ന മുഴുവൻ ഡാറ്റകളും(രജിസ്ട്രേഷൻ, റിട്ടേൺ, പേയ്മെന്റ് തുടങ്ങിയവ) വിവരത്തിനും വിശകലനത്തിനുമായി നൽകുന്നതാണ്.

ചോ. 7. രജിസ്ട്രേഷനിൽ ജി.എസ്.ടി.എൻ-ന്റെ പങ്കെന്ത്?

ഉ. രജിസ്ട്രേഷൻ ഓൺലൈനായി ജി.എസ്.ടി.എൻ. പോർട്ടലിൽ ആണ് ചെയ്യേണ്ടത്. ചില പ്രധാന വിവരങ്ങളായ പാൻ, ബിസിനസ്സ് ഘടന, ആധാർ, CIN/ DIN തുടങ്ങിയവ (ബാധകമായവ) CBDT, UID, MCA തുടങ്ങിയ അതാതു ഏജൻസികളുമായി ഓൺലൈൻ വഴി ഒത്തുനോക്കുന്നത് മൂലം ഏറ്റവും കുറവ് ഡോക്യുമെന്റേഷൻ ഉറപ്പ് വരുത്തുന്നുണ്ട്. അപേക്ഷകളും സ്കാൻ ചെയ്ത അനുബന്ധ പ്രമാണങ്ങളും ജി.എസ്.ടി.എൻ അതാത് കേന്ദ്ര/സംസ്ഥാനത്തിനു അയയ്ക്കുന്നതും അവർ അതിനു ആവശ്യമെങ്കിൽ വിശദീകരണം തേടിയശേഷം തിരസ്കരിക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയും അതിനു ശേഷം ഡിജിറ്റൽ ഒപ്പുവച്ച രജിസ്ട്രേഷൻ ജി.എസ്.ടി. എൻ-ൽ നിന്ന് നികുതിദായകന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

ചോ.8 ജി.എസ്.ടി.എൻ-ൽ ഇൻഫോസിസിന്റെ പങ്കെന്താണ്?

ഉ. ജി.എസ്.ടി.എൻ., ഇൻഫോസിസിനെ എല്ലാ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറും ടൂൾസും അടിസ്ഥാനസൗകര്യങ്ങളുമടങ്ങിയ ജി.എസ്.ടി. സിസ്റ്റത്തിന്റെ ആവിഷ്കാരം, വികസനം, വിന്യാസം, എന്നിവ നടത്തി 5 വർഷത്തേയ്ക്ക് പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും ഒക്കെയുള്ള ഒരു നിയന്ത്രിത ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ചോ.9 ജി.എസ്.ടി. പൊതുപോർട്ടലിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

ഉ. ജി.എസ്.ടി. പോർട്ടൽ (WWW.gst.gov.in) ഇന്റർനെറ്റ് വഴി എല്ലാവർക്കും (അതായത് നികുതിദായകർ, അവരുടെ ചാർട്ടേഡ് അക്കൗണ്ടന്റ് മാർ നികുതി അഭിഭാഷകർ

എന്നിവർ) ഇൻട്രാനെറ്റ് വഴി നികുതി ഉദ്യോഗസ്ഥർക്കും ലഭ്യമാണ്. ഈ പോർട്ടൽ ജി.എസ്.ടി. സംബന്ധമായ എല്ലാ സേവനങ്ങൾക്കും ഉള്ള ഏക പൊതു പോർട്ടൽ ആയിരിക്കും.

ഉദാഹരണം;

i) നികുതിദായകന്റെ രജിസ്ട്രേഷൻ (പുതിയവ, തിരികെ നൽകുക, റദ്ദാക്കുക, മാറ്റംവരുത്തുക)

ii) ഇൻവോയ്സ് അപ് ലോഡ് ചെയ്യൽ, വാങ്ങുന്ന ആളുടെ രജിസ്റ്റർ ഓട്ടോ ഡ്രാഫ്റ്റ് ചെയ്യുക, നിശ്ചിത തീയതികളിൽ ഓരോ വിഭാഗ റിട്ടേൺ ഫയൽ ചെയ്യുക.

iii) ചെല്ലാൻ തയ്യാറാക്കി നികുതി അടയ്ക്കുക കൂടാതെ ബാങ്കുകളുമായി സംയോജിപ്പിക്കുക.

iv) ഐ.ടി.സി ലെഡ്ജർ, ക്യാഷ്ലഡ്ജർ, ബാധ്യത ലഡ്ജർ മുതലായവ തയ്യാറാക്കൽ

v) നികുതിദായകർക്കും, നികുതി ഉദ്യോഗസ്ഥർക്കും തൽപര കക്ഷികൾക്കും MIS റിപ്പോർട്ടുകൾ നൽകുക.

vi) നികുതി ഉദ്യോഗസ്ഥർക്ക് ബിസിനസ് ഇന്റലിജൻസ്/ അനലറ്റിക്സ് നൽകുക.

ചോ.10 ചരക്ക് സേവന നികുതിയുടെ ആവാസവ്യവസ്ഥ (Ecosystem)എന്താണ്?

ഉ. പൊതുവായ ഒരു ചരക്ക് സേവന നികുതി വ്യവസ്ഥ ഇതിന്റെ ഭാഗഭാക്കുകളായ സംസ്ഥാന/ കേന്ദ്ര രണ പ്രദേശ വാണിജ്യനികുതി വകുപ്പുകൾ, കേന്ദ്രനികുതി അധികാരികൾ, നികുതിദായകർ, ബാങ്കുകൾ മറ്റ് ഭാഗഭാക്കുകൾ എന്നിവരെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ നികുതി ദാതാവ് തുടങ്ങി നികുതി ഉപദേശകർ, നികുതി അധികാരികൾ, ജി.എസ്.ടി. പോർട്ടൽ, ബാങ്ക് എന്നിവരെയെല്ലാം ഉൾപ്പെടുത്തി യിട്ടുള്ളതാണ്..

ചോ.11 ആരാണ് ജി.എസ്.പി. (ജി.എസ്.ടി.-സുവിധാദാതാവ്)?

ഉ. നികുതി ദായകർക്ക് ജി.എസ്.ടി സിസ്റ്റം പഠിക്കുന്നതിനും ജി.എസ്.ടിയുമായി ബന്ധപ്പെട്ട നടപടികൾ ചെയ്യുന്നതിനും

ഒരു ജി. എസ്. റ്റി  പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഞങ്ങളുടെ പർച്ചേസ്/ സെയിൽസ് രജിസ്റ്ററിലെ ഡാറ്റാ ജി. എസ്.ടി ക്ക് അനുയോജ്യമായ ഫോർമാറ്റിലേക്ക് പരിവർത്തനം ചെയ്യൽ. തങ്ങളുടെ അക്കൗണ്ടിങ് പാക്കേജുകൾ (ERP GST) സിസ്റ്റവുമായി സംയോജനം ചെയ്യൽ മുതലായവ, ചേർച്ചയുള്ള / പൊരുത്തക്കേടുള്ള ITC ക്ലെയിമുകൾ കാണുവാൻ വേണ്ട വിവിധതരം ഡാഷ് ബോർഡുകൾ നികുതി ബാധ്യത, ഫയൽ ചെയ്തതിന്റെ സ്റ്റാറ്റസ് മുതലായ പലതരത്തിലുള്ള സൗകര്യങ്ങൾ ആവശ്യമായ വൈവിധ്യമുള്ള നികുതിദായകർ SMV വലിയ സംരംഭങ്ങൾ മുതലായവ) ഉണ്ടാകാം. ഇൻവോയ്സ് വച്ചുള്ള ഫയലിംഗ് വേണ്ടതിനാലും വൻ സ്ഥാപനങ്ങൾക്ക് വലിയ സംഖ്യകളിൽ ഇൻവോയിസുകൾ ഒരു വെബ് പോർട്ടൽ വഴി അപ്ലോഡ് ചെയ്യുന്നത് പ്രായോഗികമായി അസാധ്യമായതിനാലും അവർക്ക് GST സിസ്റ്റവുമായി സംവദിക്കാൻ ഒരു ഓട്ടോമാറ്റഡ് സംവിധാനം ആവശ്യമായി വരാം. അതിനാൽ ഇതുപോലുള്ള നികുതിദായകരെ ജി.എസ്.ടി.പാലിക്കുന്നതിന് ഒരു പരിസ്ഥിതി വ്യവസ്ഥ ആവശ്യമാണ്.

നികുതിദായകരുടെ സൗകര്യമായിരിക്കും ജി.എസ്.ടി ഭരണത്തിന്റെ വിജയം എന്നതിനാൻൽ,  നികുതിദായകൻ ജി.എസ്.ടിക്ക് അനുസൃതമായി ഡെസ്ക്ടോപ്പിലും / മൊബൈൽ -ലും വിവിധതരം ഇന്റർഫേസുകൾ നൽകുന്ന മൂന്നാം കക്ഷികളുടെ ആപ്ലിക്കേഷനുകൾ ഓപ്ഷനും ഈ പരിസ്ഥിതി വ്യവസ്ഥ നൽകും.

മേൽപ്പറഞ്ഞ എല്ലാ കാരണങ്ങളാൽ ജി.എസ്. ടി. സിസ്റ്റത്തിലോട്ടു പ്രവേശിക്കാൻ കഴിയുന്നവരും ഇത്തരം ആപ്ലിക്കേഷനുകൾ വികസിപ്പിക്കാൻ കഴിവുള്ളവരുമായ മൂന്നാംകക്ഷി സേവനദാതാക്കളുടെ ഒരു പരിസ്ഥിതി വ്യവസ്ഥ ആവശ്യമാണ്. ഇത്തരം സേവനദാതാക്കൾക്ക് നൽകിയ പൊതുവായ പേരാണ് ജി.എസ്.ടി. സുവിധ ദാതാവ് (GSP)

ചോ. 12.  എന്തായിരിക്കും ജി.എസ്.ടി. സുവിധാദാതാവിന്റെ പങ്ക്?

ഉ. റിട്ടേൺ ഫയൽ ചെയ്യുക , പർച്ചേയ്സ് ഡേറ്റായെ ആട്ടോ ജനറേറ്റ് ചെയ്യുന്ന ഡാറ്റയുമായി റികൺസിലേഷൻ നടത്തി സ്വീകരിക്കൽ , തിരസ്കരിക്കൽ , മാറ്റം വരുത്തൽ എന്നിവ ചെയ്യൽ , നികുതി ദായകർക്ക് ജി. എസ്. ടി പാലിക്കുന്നത് ഉറപ്പ് വരുത്താൻ ആവശ്യമായ ഡാഷ്ബോർഡുകൾ എന്നീ സൗകര്യങ്ങളോട് കൂടിയ ആപ്ലിക്കേനുകൾ ജി. എസ്. ടി വികസിപ്പിക്കും. ഒരു കമ്പനിയ്ക്ക് അകത്ത് തന്നെയുള്ള വിവധ തരം ഉപഭോക്താക്കൾക്ക് അനുസരിച്ച് ജി. എസ്. ടിയു മായി ബന്ധപ്പെട്ട് ഇൻവോയ്സുകൾ അപ് ലോഡ് ചെയ്യുക, റിട്ടേൺ ഫയൽ ചെയ്യുക തുടങ്ങിയ വിവിധ തരം കാര്യങ്ങൾക്കായി റോൾ പ്രകാരമുള്ള അക്സസും ജി. എസി. ടി നല്കുന്നതോടെ ടാക്സ് പ്രൊഫഷണൽസിന് അവരുടെ കക്ഷികളുടെ ജി. എസ് . ടി കാര്യങ്ങൾക്കും നിലവിലുള്ള അക്കൗണ്ടിംഗ് പാക്കേജുകളും ഇ. ആർ. പി മുതലായവ ജി. എസ്. ടി സിസ്റ്റവുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുമുള്ള ആപ്ലിക്കേഷൻസും ജി. എസ് . പി വികസിപ്പിക്കുന്നതാണ്.

ചോ.13 ജി.എസ്.പി. ഉപയോഗിക്കുന്നതുകൊണ്ട് നികുതിദായകന് കിട്ടുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ്?

ഉ. ജി. എസ്. ടി നിയമപ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നികുതിദായകർക്ക് ജി. എസ്. ടി പോർട്ടൽ വഴി ചെയ്യാവുന്നതാണ്. ജി. എസ്. പി എന്നത് ജി. എസ്. ടി നിയമപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു അധിക മാർഗ്ഗം മാത്രമാണ്. കൂടാതെ അതിന്റെ സേവനം ഓപ്ഷണൽ ആണ്. ജി. എസ്. ടിയിൽ നിതുതിദായകരുടെ താഴെ പറയുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജി. എസ്. പിയ്ക്ക് പ്രത്യേക സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കാവുന്നതാണ്.

i) നിലവിലുള്ള അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഇൻവോയ്സ് ഫോർമാറ്റിനെ (csv, pdf, excel, word format എന്നിവയിലേക്ക് മാറ്റുക.

ii) നിലവിൽ എക്സൽ, സി.എസ്. സി അല്ലെങ്കിൽ മറ്റ് പ്രൊപ്രൈറ്ററി ഡേറ്റാ സേവിൽ സൂക്ഷിച്ചിരിക്കുന്ന

പർച്ചേസ് രജിസ്റ്റർഡാറ്റാ ജി.എസ്.ടി പോർട്ടൽ ആട്ടോ പോപ്പുലേറ്റ് ചെയ്യുന്ന ഡാറ്റയുമായി റക്കൺസിലിയേഷൻ നടത്തുകയും അതിനെ ലൈസൺ/സി.എസ്.ടി എന്നി ജി.എസ്. ടി ഫോർമ്മാറ്റിൽ അപേലോഡ് ചെയ്യുകയും ചെയ്യുന്നു.

iii) നിലവിലെ ജി.എസ്.ടി സിസ്റ്റം ഒരു യൂസർ ഐഡിയും പാസ്സ് വേഡും മാത്രം നൽകുന്നതിനാൽ വിവിധ ബ്രാഞ്ചുകൾ ഉള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് ബ്രാഞ്ച് തലത്തിൽ ഇൻവോയിസുകൾ അപ് ലോഡ് ചെയ്യുന്നതിന് ഒരു മാർക്ഷം ആവശ്യമാണ്.

iv) വിവിധ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷനുള്ള കമ്പനികൾക്ക് വിവിധ ബ്രാഞ്ചുകളുടെ സംക്ഷിപ്ത രൂപം ഒരു സ്ക്രീനിൽ ആവശ്യമാണ്.

v) ജി.എസ്.ടി പ്രൊഫണലുകൾക്ക് തങ്ങളുടെ കക്ഷിയായ നികുതിദായകരുടെ ജി.എസ്.ടി സംബന്ധിച്ച പ്രവർത്തനങ്ങൾ. ഒരു ഡാഷ് ബോർഡിൽ നിന്നും ചെയ്യാൻ പറ്റുന്ന ആപ്ലികേഷനുകൾ ആവശ്യമാണ്.

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ചില ഉദാഹരണങ്ങൾ മാത്രമാണ്. വിവധ തരം നികുതിദായകർക്ക് ഇത് കൂടാതെ വിവിധതരം ആവശ്യങ്ങൾ ഉണ്ടായിരിക്കും. ഇ ആവശ്യ ങ്ങളെല്ലാം ജി. എസ്.ടി കൾക്ക് സാധിച്ചു കൊടു ക്കാവുന്നുതാണ്.

ചോ.14 ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുക്കുകയും പരിപാലിക്കു കയും ചെയ്യുന്ന ജി.എസ്.ടി. പൊതുപോർട്ടലിൽ നികുതിദായകന്റെ പങ്കെന്തെല്ലാമാണ്?

ഉ. ജി.എസ്.ടി നിയമപ്രകാരം ഒരു നികുതിദായകന്റെ എല്ലാ ആവശ്യങ്ങൾക്കുള്ള ഒരു പരിഹാരമാണ്, ജി.എസ്.ടി പൊതുപോർട്ടൽ. ജി.എസ്.ടി. എൻ പോർട്ടൽ വഴി നികുതി ദായകർക്ക് താഴെ പറയുന്നവ നിരീക്ഷിക്കാവുന്നതാണ്.

i) പുതിയ രജിസ്ട്രേഷൻ നിലവിലുള്ള രജിസ്ട്രേഷൻ റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കൽ പ്രൈഫൈൽ മാനേജ്മെന്റ്

ii) പെനാൽറ്റി, ഫൈൻ, പലിശ മുതലായവ ഉൾപ്പെടെയുള്ള നികുതികൾ അടയ്ക്കുക. ബാങ്കിങ്ങ് സ്ഥാപനത്തിൽ പെയ്മെന്റ് നടത്തുന്നതിനാവശ്യമായ ചെല്ലാൻ നിർമ്മിക്കുക.

iii) സാധാരണ സ്കീമിൽ നിന്നും കോമ്പൗണ്ടിലേക്കും തിരിച്ചും സ്റ്റാറ്റസ് ചെയ്ഞ്ച് ചെയ്യുക.

iv) ഇൻവോയ്സ് ഡാറ്റ അപ് ലോഡ് ചെയ്യുക, സ്റ്റാറ്റ്യൂട്ടറി റിട്ടേൺ, വാർഷിക സ്റ്റേറ്റ്മെന്റും ഫയൽ ചെയ്യുക.

v) റിട്ടേൺ, ടാക്സ് ലഡ്ജർ, ക്യാഷ് ലഡ്ജർ തുടങ്ങിയവ ജി.എസ്.ടി പോർട്ടൽ വ്യത്യസ്തമായ അപ്ലിക്കേഷൻ റഫറൻസ് നമ്പർ (ARN) ഉപയോഗിച്ച് ട്രാക്ക് ചെയ്യുക..

vi ) റീഫണ്ട് അപ്ലിക്കേഷൻ ഫയൽ ചെയ്യുക.

vii) റിട്ടേൺ, ടാക്സ് ലെഡ്ജർ, ക്യാഷ് ലഡ്ജർ എന്നിവയുടെ സ്റ്റാറ്റസ് റിവ്യൂ ചെയ്യുക

ചോ.15. ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുക്കുന്ന ജി.എസ്.ടി. വ്യവസ്ഥയിൽ കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥരുടെ പങ്കെന്തായിരിക്കും?

ഉ. ഈ ഉദ്യോഗസ്ഥർ ബാക്ക് എൻഡിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ജി.എസ്.ടി.എൻ. ഉപയോഗപ്പെടുത്തേണ്ടതാണ്.

നികുതിദായകരുടെ അംഗത്വം രജിസ്ട്രേഷൻ ഇവയുടെ അംഗീകാരം/ തിരസ്കരണം.

സംസ്ഥാനനികുതിയുടെ രണനിർവഹണം (നികുതി നിർണ്ണയം/ കണക്കുപരിശോധന/ റീഫണ്ട് അപ്പീൽ/ അന്വേഷണം) MIS ഉം മറ്റിതര പ്രവർത്തനങ്ങളും.

ബിസിനസ് അനലറ്റിക്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം മറ്റ് നിയമപരമായ പ്രവർത്തനങ്ങൾ.

ചോ.16 ഓരോ ഇൻവോയിസിനും ജി.എസ്.ടി.എൻ. സവിശേഷ തിരിച്ചറിയൽ സൃഷ്ടിക്കുമോ?

ഉ. ഇല്ല. ജി.എസ്.ടി.എൻ അങ്ങനെ സവിശേഷ തിരിച്ചറിയൽ ഉണ്ടാക്കുന്നില്ല. വിതരണക്കാരന്റെ GSTIN ഇൻവോയ്സ് നമ്പർ, സാമ്പത്തികവർഷം എന്നിവ HSN/SACകോഡുമായി കൂട്ടിയിണക്കി ഓരോ വരിയും സവിശേഷമാക്കുകയാണ് ചെയ്യുന്നത്.

ചോ.17 ദൈനംദിനമായി ഇൻവോയ്സ് വിവരങ്ങൾ അപ് ലോഡ് ചെയ്യാൻ കഴിയുമോ?

ഉ. അതെ. ഏതു സമയത്തും നികുതി ദായകർക്ക് ഇൻവോയ്സ് ഡാറ്റ അപ് ലോഡ് ചെയ്യുവാനുള്ള സൗകര്യം ജി.എസ്.ടി പോർട്ടിൽ ഉണ്ട്. ഇൻവോയിസുകൾ നേരത്തെ സപ്ലെയർ നികുതി ദായകർ അപ് ലോഡ് ചെയ്യുക വഴി റിസീവർ നികുതിദായകർക്ക് ഇൻവോയ്സ് ഡാറ്റ മുൻകൂട്ടി റിട്ടേൺ ചെയ്യുന്നതിനു അതുകൂടി സപ്ലെയർ നികുതി ദായകർക്ക് ഇൻവോയ്സ് അപ് ലോഡ് ചെയ്യുന്നതിന് അവസാന ദിവസം തിരക്കുണ്ടാകുന്നത് ഒഴിലാക്കാൻ സാധിക്കും.

ചോ.18 ജി.എസ്.ടി. പോർട്ടലിൽ ഇൻവോയ്സ് അപ് ലോഡ് ചെയ്യാനുള്ള സഹായികൾ ഉണ്ടോ?

ഉ. ഉണ്ട്. ഒറ്റത്തവണയായി തന്നെ ഇൻവോയ്സ് ക്രോഡീകരിക്കാനും അത് അപ് ലോഡ് ചെയ്യാനും പറ്റുന്ന രീതിയിൽ സ്പ്രെഡ്ഷീറ്റ് (മൈക്രോസോഫ്റ്റ് എക്സൽ പോലെ) സൗജന്യമായി GSTN ലഭ്യമാക്കുന്നത് വഴി ഇത് സാദ്ധ്യമാണ്. ഇത് ഒരു ഓഫ്‌ലൈൻ ടൂൾ ആയതിനാൽ ഓൺലൈൻ ആകാതെ ഡാറ്റ കൊടുക്കാവുന്നതും പിന്നീട് ഫയലാക്കി ഒറ്റയടിക്ക് അപ് ലോഡ് ചെയ്യാവുന്നതാണ്.

ചോ. 19 രജിസ്റ്ററുകളും മറ്റു അക്കൗണ്ടുകളും കാണുന്നതിനായി GSTN മൊബൈൽ ആപ്ലിക്കേഷനുകൾ ലഭ്യമാക്കുന്നുണ്ടോ?

ഉ. ഉണ്ട്. ആപ്ലിക്കേഷനുകൾ GSTN രൂപകൽപന ചെയ്തിട്ടുള്ളത് അത് ഏതു സ്മാർട്ട് ഫോണിലും കാണാവുന്ന രീതിയിലാണ്. അതിനാൽ ക്യാഷ് ലെഡ്ജർ, ബാദ്ധ്യത ലഡ്ജർ, ITC ലെഡ്ജർ തുടങ്ങിയ ലെഡ്ജറുകൾ മൊബൈൽഫോണിൽ കാണാവുന്നതാണ്.

ചോ.20 ജി.എസ്.ടി. പ്രാക്ടീഷണർമാർക്ക് ഇപ്പോൾ ചെയ്യുന്നതുപോലെ നികുതിദായകന്റെ ഐ.ഡി.യും പാസ്സ് വേർഡും ഉപയോഗിക്കാതെ അവരുടെ കക്ഷികൾക്ക് വേണ്ടി പ്രവർത്തിക്കാൻ പ്രത്യേക പാസ്സ് വേർഡും ഐ.ഡി.യും കൊടുക്കുമോ?

ഉ. ടാക്സ് പ്രൊഫഷണലുകൾക്ക് കക്ഷികൾക്ക് വേണ്ടി എല്ലാവിധ പ്രവൃത്തികളും ചെയ്യുന്നതിനായി പ്രത്യേക യൂസർനെയിമും പാസ്സ് വേർഡും GSTN -ൽ ഉണ്ടായിരിക്കുന്നതാണ്. ജി.എസ്.ടി. നിയമപ്രകാരം കക്ഷികൾക്ക് വേണ്ടി എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ ഇത് അവരെ സഹായിക്കും.

ചോ.21 നികുതിദായകർക്ക് താൻ ഒരിക്കൽ തിരഞ്ഞെടുത്ത ജി.എസ്.ടി. പ്രാക്ടീഷണറെ മാറ്റാൻ ഈ സംവിധാനത്തിൽ വ്യവസ്ഥയുണ്ടോ?

ഉ. നികുതി ദായകന് മറ്റൊരു ടാക്സ് പ്രൊഫനണലിനെ തെരഞ്ഞെടുക്കാനായി ജി.എസ്.ടി.എൻ. പോർട്ടലിൽ അൺസെലക്ട് ചെയ്തശേഷം ഒരു പുതിയ ടാക്സ് പ്രൊഫഷനലിനെ ചുമതലപ്പെടുത്തിയാൽ മതി.

ചോ.22 ഇപ്പോൾ സെൻട്രൽ എക്സൈസ്, സർവീസ് ടാക്സ്, സംസ്ഥാന വാറ്റ് നികുതിദായകർക്ക് ജി.എസ്.ടി.യിൽ പുതിയതായി രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ടോ?

ഉ. വേണ്ട. ജി.എസ്.ടി യിലേക്ക് ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ നികുതികൾക്ക് കീഴിൽ വരുന്ന നിലവിലുള്ള നികുതി ദായകർക്ക് പാൻ ഉള്ള പക്ഷം ജി.എസ്.ടി യിൽ പുതിയതായി രജിസ്ട്രേഷന്റെ ആവശ്യകത ഇല്ല. അവർക്ക് ജി,എസ്.ടി എൻ ആറുമാസ കാലാവധി ഉള്ള താൽകാലിക ജി.എസ്.ടി.എൻ നൽകുന്നതാണ്. അത്തരക്കാർ ജി.എസ്.ടി പോർട്ടിൽ ജി.എസ്.ടി എൻ റോൾമെന്റ് ഫോമിൽ ആവശ്യമായ വിവരങ്ങൾ നൽകേണ്ടതാണ്. ഡാറ്റാ ഫയലിങ്ങ് പൂർത്തിയാകുന്നതോടെ നികുതിദായകന്റെ സ്റ്റാറ്റാസ് "മൈഗ്രേറ്റട്ട്" എന്നായി മാറും. ജി.എസ്.ടി നിലവിൽ വരുന്ന ദിവസം നികുതി ദായകൻരെ സ്ററാറ്റസ്

അക്ടീവ് എന്നായി മാറുകയും ജി.എസ്.ടിയുടെ പൊതു പോർട്ടൽ വഴി നികുതി ദായകർക്ക് ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്യുക, നികുതി അടയ്ക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്.

ജി.എസ്.ടിഎൻ താൽകാലിക ഐഡി എല്ലാ നികുതിദായകർക്കും നിർമ്മിക്കുകയും അത് ബന്ധപ്പെട്ട നികുതി അധികാരികൾക്ക് അറിയിച്ചിട്ടുള്ളതുമാണ്. ജി,എസ്.ടി എൻഗേജ്ഡ് പ്രക്രിയ പോർട്ടലിൽ 8.11.2016 മുതൽ 31.03.2017 വരെ നടത്തുകയും ധാരാളം നികുതിദായകർ ഈ അവസരം ഉപപോഗപ്പെടുത്തുകയുണ്ടായി. കൂടുതൽ വിവരങ്ങൾക്ക് https://www.gst.gov.in/help സന്ദർശിക്കുക.

ചോ.23 നികുതിദായകരുടെ പ്രയോജനാർത്ഥം ജി.എസ്.ടി. പോർട്ടലിന്റെ വിവിധ വശങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി ജി.എസ്.ടി.എൻ. പരിശീലന വീഡിയോകൾ ഉണ്ടാകുമോ?

ഉ. ഉണ്ട്. ജി.എസ്.ടി. പോർട്ടലിൽ ചെയ്യേണ്ട പ്രവൃത്തികൾ ഓരോ ഘട്ടത്തെപ്പറ്റിയുമുള്ള വീഡിയോകൾ കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനസാമഗ്രികളുടെ ഒപ്പം തന്നെ ജി.എസ്.ടി.എൻ. തയ്യാറാക്കിവരുന്നുണ്ട്. ജി.എസ്.ടി. പോർട്ടലിലും ടാക്സ് അധികാരികളുടെ വെബ്സൈറ്റിലും അത് ലഭ്യമാണ്.

കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സഹായികൾ കൂടാതെ വിവിധ യൂസർ മാന്വലുകൾ , ചോദ്യോത്തരങ്ങൾ തുടങ്ങിയവയും പഠനത്തിനായി ജി. എസ്. ടി പോർട്ടലിൽ ലഭ്യമാണ്. ഇത് കൂടാതെ നികുതി ദായകർക്ക് സഹായത്തിനായി (help desk@gst.gov.in ) എന്ന മെയിൽ ഐഡിയിലും (0124-4688999) എന്ന ഫോൺ നമ്പറും സഹിതമുള്ള ഹെൽപ് ഡെസ്ക് ലഭ്യമാണ്. കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സഹായികൾ ചോദ്യോത്തരങ്ങൾ എന്നിവയ്ക്കായി https://www.gst.gov.in/help സന്ദർശിക്കുക.

ചോ.24 ജി.എസ്.ടി. പൊതുപോർട്ടലിൽ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേൺ, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സുരക്ഷിതമായിരിക്കുമോ?

ഉ. അതെ. നികുതിദായകർ പൊതു ജി.എസ്.ടി. പോർട്ടലിൽ സമർപ്പിക്കുന്ന വ്യക്തിഗതവും ബിസിനസ്സ് സംബന്ധമായും ഉള്ള വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ജി.എസ്.ടി.എൻ-ൽ ചെയ്തുവരുന്നുണ്ട്. റോൾ ബെയ്സ്ഡ് ആക്സസ് കൺട്രോൾ (R A B C) നിയന്ത്രണവും നികുതിദായകന്റെ പ്രധാനവിവരങ്ങളുടെ രഹസ്യഭാഷയിൽ ഉള്ള സൂക്ഷിപ്പും പ്രസരണവും ഉറപ്പുവരുത്തുക വഴിയാണ് ഇവ ചെയ്യുന്നത്. അധികാരപ്പെടുത്തിയിട്ടുള്ള നികുതി ഉദ്യോഗസ്ഥർക്ക് മാത്രമേ വിവരങ്ങൾ കാണാനും വായിക്കാനും കഴിയുകയുള്ളൂ.

ചോ.24 ജി.എസ്.ടി. സിസ്റ്റത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ജി.എസ്.ടി.എൻ. എന്തൊക്കെ സുരക്ഷാക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്?

ഉ. വിവരസേവന സുരക്ഷിതത്വത്തിനുവേണ്ട ജി.എസ്.ടി. വ്യവസ്ഥ പദ്ധതിയിൽ അത്യാധുനിക സുരക്ഷാ ചട്ടക്കൂടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മികച്ച ഫയർവാൾ, കടന്നുകയറ്റം കണ്ടെത്തൽ, സ്ഥിതിയിലും ചലനാവസ്ഥയിലും ഉള്ള വിവരങ്ങളുടെ രഹസ്യഭാഷാ ശേഖരണം, സമ്പൂർണ്ണമായ ഓഡിറ്റ് പിന്തുടർച്ച, സുസ്ഥിരമായ ഫിഷിങ് (PHISHING) അൽഗോരിതം ഉപയോഗിച്ചുള്ള കടന്നുകയറ്റം തടയൽ, OS, ഹോസ്റ്റ് ഇവ കഠിനമാക്കുന്ന രീതി കൂടാതെ ജി.എസ്.ടി.എൻ പ്രാഥമികഘട്ടത്തിലും ദ്വിതീയഘട്ടത്തിലും സുരക്ഷിത പ്രവർത്തന നിർദ്ദേശങ്ങൾ, നിയന്ത്രണകേന്ദ്രം സ്ഥാപിക്കുക എന്നിവ അതാതു സമയത്തുതന്നെ ക്ഷുദ്ര ആക്രമണങ്ങളെ സജീവമായി നിരീക്ഷിക്കുകയും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സാധാരണ അറിയുന്നതും അറിയപ്പെടാത്തതും ആയ ഭീഷണികളിൽ നിന്നുള്ള സംരക്ഷണത്തിനായി തുടർച്ചയായി സോഴ്സ്കോഡ് നിരീക്ഷിക്കുക വഴി ജി.എസ്.ടി.എൻ. സുരക്ഷിത കോഡിങ് രീതികൾ ഉറപ്പുവരുത്തുന്നു.

# സ്ഥിതിമാറ്റ വ്യവസ്ഥകൾ

# സ്ഥിതിമാറ്റ വ്യവസ്ഥകൾ

ചോ.1. മുൻ നിയമത്തിൽ കീഴിലെ അവസാന റിട്ടേണിൽ ബാക്കിയുള്ള CENVAT ക്രെഡിറ്റ് (അല്ലെങ്കിൽ VAT ക്രെഡിറ്റ്) ചരക്കുസേവന നിയമത്തിൽ കീഴിൽ ഐ.റ്റി.സി ആയി ലഭ്യമാകുമോ?

ഉ. കോസോഷിഷൻ സ്കീം പ്രകാരം നികുതി അടയ്ക്കും എന്ന് തിരഞ്ഞെടുത്ത വ്യക്തിയൊഴികെയുള്ള, രജിസ്റ്റേർഡ് വ്യക്തിക്ക് ബാക്കിയുള്ള ക്രെഡിറ്റ് നികുതി, വിധേയ വ്യക്തിയുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ക്രെഡിറ്റ് ചെയ്യും. (വ്യവസ്ഥകൾക്കനുസരിച്ച് അവസാനകാലയളവിലെ റിട്ടേണിലെ ബാക്കിയുള്ള ( ENVAT, CGST/ SGST നിയമം 140 (1)-ാം വകുപ്പ് )

ചോ.2. എന്തൊക്കെയാണ് ആ വ്യവസ്ഥകൾ?

ആ വ്യവസ്ഥകൾ:

i. പറഞ്ഞ ക്രെഡിറ്റ് തുക ഈ നിയമപ്രകാരം ITC ആയി അനുവദിക്കുക.

ii. നിയുക്ത ദിവസത്തിന് തൊട്ടുമുൻപുള്ള 6 മാസകാലയളവിലെ റിട്ടേണുകൾ നിലവിലുള്ള നിയമ (കേന്ദ്ര എക്സൈസ് & VAT) അനുസരിച്ചുള്ളത് ഒരു രജിസ്റ്റേർഡ് നികുതിദായക വ്യക്തി സമർപ്പിച്ചിരിക്കണം.

iii. ഈ പറഞ്ഞ തുക നോട്ടിഫിക്കേഷൻ നമ്പർ പ്രകാരം

ഉള്ള ചരക്കുകൾ വിറ്റതുമായി ബന്ധപ്പെട്ടതാകാൻ പാടി ല്ലാത്തതും അതിൽമേൽ അടച്ച VAT ന്റെ റീഫണ്ടിന് അവകാശപ്പെടുന്നതുമായത്.

SGST നിയമപ്രകാരം ഒരു വ്യവസ്ഥകൂടി താഴെ തന്നിരി ക്കുന്നു:

1956 ലെ കേന്ദ്ര വിൽപ്പനനികുതിയുടെ വകുപ്പ് 8 (8) അല്ലെങ്കിൽ വകുപ്പ് 6, വകുപ്പ് 6 (A), വകുപ്പ് 3 വകുപ്പ് 5 (3) എന്നിവപ്രകാരം ക്ലെയിമിന് അവകാശപ്പെടാവുന്ന ക്രെഡിറ്റ് നിർദ്ദിഷ്ട കാലയളവിനകം സാധൂകരിക്കപ്പെട്ടില്ല എങ്കിൽ കേന്ദ്ര വിൽപ്പന നികുതി (രജിസ്ട്രേഷൻ ആൻഡ് ടേണോ വർ) ചട്ടങ്ങൾ 1957 പ്രകാരം ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജിറിൽ ക്രെഡിറ്റ് ചെയ്യാൻ അർഹതിയില്ല.

എന്നാലും 1957 ലെ കേന്ദ്രവിൽപ്പന നികുതി (രജി സ്ട്രേഷൻ ആൻഡ് ടേണോവർ) ചട്ടങ്ങൾ പ്രകാരം നിർദ്ദിഷ്ട രീതിയിൽ സാധൂകരിക്കപ്പെട്ട ക്ലെയിമുകൾ നില വിലുള്ള നിയമപ്രകാരം മുകളിൽ പറഞ്ഞ തുകയ്ക്ക് തുല്യ മായ കെഡ്രിറ്റ് റീഫണ്ട് ചെയ്യാവുന്നതാണ്.

ചോ.3. ഒരു രജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തി 2017-18 ജൂൺ പാതത്തിൽ നിലവിലുള്ള നിയമം (കേന്ദ്ര എക്സൈസ്) ക്യാപിറ്റൽ ഗുഡ്സ് വാങ്ങുന്നുവെന്ന് കരുതുക. അതിന്മേലുള്ള ഇൻയോസ് ജൂൺ 30 നകം കൈപ്പ റ്റുകയും എന്നാൽ ക്യാപ്പിറ്റൽ ഗുഡ്സ് കൈപ്പറ്റിയതു 2017 ജൂലൈ 5 നാണ്. (അതായത് GSTപരിധിയിൽ ) ആ വ്യ ക്തിക്കു GSTപരിധിയിലെ (ENVAT) പ്രകാരമുള്ള ഫുൾ ക്രെഡിറ്റ് ലഭിക്കുമോ?

ഉ. അതെ നിലവിലുള്ള നിയമപ്രകാരം ( CENVAT ) ക്രെഡിറ്റ് ലഭിക്കുകയും കൂടാതെ CGST പ്രകാരവും ക്രെഡിറ്റായി ലഭിക്കും (വകുപ്പ് 140 (2), CGST നിയമം)

ചോ.4. കേന്ദ്ര എക്സൈസ് നിയമപ്രകാരം "X"&"Y" തുടങ്ങിയ വസ്തുക്കൾ വാറ്റ് ക്രെഡിറ്റ് ലഭ്യമാകാത്ത ക്യാപിറ്റൽ ഗുഡ്സ് ആണ്. അവ GST യുടെ കീഴിൽ വരുന്നവയും അവ യുടെ മേൽ ഒരു രജിസ്റ്റേർഡ് നികുതി വിധേയ വ്യക്തിക്ക് ഇപ്പോൾ ക്ലെയിം ചെയ്യാൻ സാധിക്കുമോ?

ഉ. അത്തരം ITC മുൻനിയമത്തിലും ചരക്കുസേവന നിയമത്തിലും ഒരു പോലെ ലഭ്യമാണെങ്കിൽ മാത്രമെ അദ്ദേഹത്തിന് അവകാശപ്പെടാൻ സാധിക്കൂ. ഈ രണ്ടു ഇനത്തിനും മുൻനിയമത്തിൽ ക്രെഡിറ്റ് ലഭ്യമല്ലാതിരുന്നതിനാൽ ആ വ്യക്തിക്ക് അവ ചരക്കുസേവന നിയമത്തിൽ അവകാശപ്പെടാനാവില്ല. ( SGST നിയമം പ്രേവിസോ വകുപ്പ് 140 (2)).

ചോ.5. മുകളിൽ പ്രസ്താവിച്ച വ്യക്തി അത്തരം ക്രെഡിറ്റ് തെറ്റായി എടുത്താൽ (ചോദ്യം 4 നോക്കുക) അവയുടെ റിക്കവറി മുൻ നിയമത്തിലാണോ GST നിയമത്തിലാണോ നടപ്പിലാക്കുക?

ഉ. തെറ്റായി എടുത്ത ITC യുമായി ബന്ധപ്പെട്ട റിക്കവറി നിലവിലുള്ള നിയമപ്രകാരം റിക്കവർ ചെയ്തില്ല എങ്കിൽ, GST നിയമപ്രകാരം നികുതി കുടിശ്ശികയായി റിക്കവർ ചെയ്യാവുന്നതാണ്.

ചോ.6. കേന്ദ്ര എക്സൈസ് അല്ലെങ്കിൽ വാറ്റ് നിയമത്തിൽ രജിസ്ട്രേഷൻ ആവശ്യമില്ലാതിരുന്നതും എന്നാൽ ചരക്കുസേവന നിയമത്തിൽ രജിസ്ട്രേഷൻ ആവശ്യമുള്ളതുമായ രണ്ടു നികുതി വിധേയരുടെ ഉദാഹരണങ്ങൾ പറയുക?

ഉ. മുൻ നിയമത്തിൽ 60 ലക്ഷം വിറ്റുവരവുള്ള ഒരു ഉത്പാദകന് SSI ഒഴിവു ലഭ്യമായിരുന്നു. എന്നാൽ ചരക്കുസേവന നിയമത്തിലെ മൊത്തം വിറ്റു വരിവിന്റെ ഇളവു പരിധി ആയ 20 ലക്ഷത്തിലും കൂടുതൽ വിറ്റുവരവ് ഉള്ളതിനാൽ ഈ ഉല്പാദകനു രജിസ്ട്രേഷൻ ആവശ്യമാണ്.

ഇ- കോമേർസ് ഓഫറേറ്റർ വഴി വില്പന നടത്തുന്ന വ്യാപാരിക്ക് വിറ്റ് വരവ് വാറ്റ് (VAT) അടിസ്ഥാന ഒഴിവിന് താഴെയാണെങ്കിലും ചരക്കുസേവന നികുതി പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്. ഇപ്രകാരമുള്ള വ്യക്തിക്ക് അടിസ്ഥാന ഒഴിവ് ലഭ്യമല്ല. (വകുപ്പ് 24)

ചോ.7. നിയുക്ത ദിവസം ഒരു സേവനദാതാവിന്റെ കൈവശം സ്റ്റോക്കിലുള്ള വാറ്റ് അടച്ച ചരക്കിന്റെ ITC ലഭ്യമാണോ?

ഉ. അതെ. വകുപ്പ് 140(3) ലെ വ്യവസ്ഥകൾ പ്രകാരം കൈവശം സ്റ്റോക്കിലുള്ള ഇൻപുട്ടുകൾക്ക് ITC കിട്ടാൻ അയാൾക്ക്

അവകാശമുണ്ടായിരിക്കും.

ചോ.8. നിയുക്ത ദിവസത്തിനു തൊട്ടുമുമ്പുള്ള കാലയളവിലെ അവസാനത്തെ വാറ്റ് റിട്ടേൺ പ്രകാരം ഒരു രജിസ്റ്റേർഡ് നികുതി വിധേയ വ്യക്തിക്ക് 10,000 രൂപയുടെ അധിക ITC ഉണ്ട്. GST നിയമപ്രകാരം ആയാൽ കോമ്പോസിഷൻ സ്കീം ആണ് തെരഞ്ഞെടുത്തത്. അയാൾക്കു മുകളിൽപ്പറഞ്ഞ അധിക ITC GST യിലേക്കു മാറ്റാൻ സാധിക്കുമോ?

ഉ. ഒരു രജിസ്റ്റേർഡ് നികുതിദായകൻ GST നിയമപ്രകാരം കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തതെങ്കിൽ ആയാൾക്കു വാറ്റു പ്രകാരമുള്ള അധിക ITC GST യിലേക്ക് മാറ്റാൻ സാധിക്കില്ല (വകുപ്പ് 140(1))

ചോ.9. കേന്ദ്ര വിൽപ്പന നികുതിയിൽ ( Central Sales Tax നിയമം) 6 മാസത്തിനകമുള്ള സെയിൽസ് റിട്ടേണിന് വിറ്റുവരവിൽ നിന്നും കിഴിവ് അനുവദനീയമാണോ? അങ്ങനെയെങ്കിൽ GST പരിധിയിൽ ചരക്കുവാങ്ങിയ വ്യക്തി 6 മാസത്തിനകം ചരക്കു തിരികെ കൊടുത്താൽ GST പ്രകാരം ഇതു നികുതി വിധേയമാണോ?

ഉ. നിലവിലുള്ള നിയമ പ്രകാരം CGST നികുതി അടക്കുകയും നിയുക്ത ദിവസത്തിന് 6 മാസം മുൻപില്ലാതെ വിൽപ്പന നടത്തുകയും ചെയ്ത ചരക്കുകൾ നിയുക്ത ദിവസത്തിനു ശേഷം വാങ്ങിയ വ്യക്തി അതു തിരികെ നൽകുകയും ചെയ്താൽ മടക്കികിട്ടിയ ചരക്ക് വാങ്ങിയ വ്യക്തി നടത്തിയ സപ്ലൈ ആയി GST യിൽ കണാക്കാക്കുകയും അത്തരം സപ്ലൈകൾക്ക് നികുതി അടക്കുകയും വേണം എങ്ങനെ യെന്നാൽ-

(1). GST നിയമപ്രകാരം ചരക്കുകൾ നികുതിവിധേയമാവുകയും

(2). GST നിയമപ്രകാരം വാങ്ങിയ വ്യക്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും.

എന്നാലും മുകളിൽ പറഞ്ഞതു വാങ്ങിയ വ്യക്തി രജിസ്റ്റർ ചെയ്യാത്ത വ്യക്തിയും നിയുക്ത ദിവസം മുതൽ 6 മാസത്തിനകം ചരക്കുകൾ തിരികെ കൊടുക്കുകയും പരമാ

വധി 2 മാസത്തേക്കു കൂടി നീട്ടിയ കാലാവധി ) ചരക്കു തിരിച്ചറിയാൻ സാധിക്കുകയും ചെയ്താൽ, വില്പ്പന നടത്തിയ വ്യക്തിക്ക് നിലവിലുള്ള നിയമപ്രകാരം അടച്ച നികുതി റീഫണ്ടായി കിട്ടാൻ അവകാശമുണ്ട്.

ചോ.10. മുൻനിയമപ്രകാരം പുറം കരാർ ജോലിക്കയച്ച ഇൻപുട്ട് അഥവാ ഭാഗീകമായി പൂർത്തിയായ ചരക്കുകൾ പുറം കരാർ ജോലി പൂർത്തീകരിച്ചു നിയുക്ത ദിവസത്തിനു ശേഷം തിരിച്ചയ്ക്കുകയാണെങ്കിൽ ഉൽപ്പാദകനോ പുറം കരാർ ജോലിക്കാരനോ നികുതി നൽകേണ്ടതുണ്ടോ?

ഉ. ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഉൽപ്പാദകനോ പുറം കരാർ ജോലിക്കാരനോ യാതൊരു നികുതിയും അടക്കേണ്ടതില്ല.

1. ഇൻപുട്ട് അഥവാ ഭാഗീകമായി പൂർത്തിയായ ചരക്കുകൾ നിയുക്ത ദിവനസത്തിനു മുൻപ് മുൻ നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പുറം കരാർ ജോലിക്കായി അയച്ചിട്ടുണ്ടെങ്കിൽ

2. പുറം കരാർ ജോലിക്കാരൻ നിയുക്ത ദിവസത്തിന് ശേഷം 6 മാസത്തിനകം അവ തിരിച്ചയക്കുകയാണെങ്കിൽ (നീട്ടിക്കിട്ടിയ 2 മാസക്കാലയളവിനുള്ളിൽ )

3. ഉൽപ്പാദകനും പുറം കരാർ ജോലിക്കാരനും നിയുക്ത ദിവസം പുറം കരാർ ജോലിക്കാരന്റെ കൈവശമുള്ള ഇൻപുട്ടിന്റെ വിശദാംശങ്ങൾ നിർദ്ദിഷ്ട ഫാറത്തിൽ പ്രസ്താവിക്കുകയാണെങ്കിൽ പ്രസക്തമായ വകുപ്പുകൾ 141 (1), 141 (2),& 141 (4)

എന്നിരുന്നാലും ഈ പറഞ്ഞ ഇൻപുട്ട് അല്ലെങ്കിൽ ഭാഗീകമായി പൂർത്തിയായ ചരക്കുകൾ 6 മാസത്തിനകം തിരികെ കിട്ടിയില്ലെങ്കിൽ (അല്ലെങ്കിൽ നീട്ടിയ 2 മാസക്കാലയളവിനുള്ളിൽ) എടുത്ത ITC റിക്കവർ ചെയ്യാൻ ബാദ്ധ്യതയുണ്ട്.

ചോ.11. പുറം കരാർ ജോലിക്കാരൻ നിശ്ചിത സമയപരിധിക്കുള്ളിൽ ചരക്കു തിരിച്ചയക്കുന്നില്ലെങ്കിൽ എന്തു സംഭവിക്കും?

ഉ. പുറം കരാർ ജോലിക്കാരൻ നിയുക്ത ദിവസം മുതൽ 6

മാസത്തിനകം അല്ലെങ്കിൽ പരമാവധി നീട്ടിക്കിട്ടിയ 2 മാസ ക്കാലയളവിനുള്ളിൽ ചരക്കുകൾ തിരികെ ഉൽപ്പാദകന്റെ ബിസിനസ്സ് സ്ഥലത്തേക്ക് അയച്ചില്ലാ എങ്കിൽ നികുതി അടയ്ക്കേണ്ടതാണ്. (വകുപ്പ് 141 (1), 141 (2))

ചോ.12. നിർമ്മാണം പൂർത്തിയാക്കിയ പരീക്ഷണ ആവശ്യ ങ്ങൾക്കായി അയച്ച ചരക്ക്, ഉൽപാദകന് മറ്റൊരു നികുതി വിധേയ വ്യക്തിയുടെ പരിസരത്തേയ്ക്ക് അയക്കുവാൻ സാധിക്കുമോ?

ഉ. ഒരു ഉൽപ്പാദകന് മേൽപ്പറഞ്ഞ ചരക്ക് 6 മാസത്തിനുള്ളിലോ (നീട്ടിക്കിട്ടിയ പരമാവധി രണ്ടു മാസത്തിനുള്ളിലോ) രജി സ്ട്രേഷനുള്ള മറ്റൊരു നികുതി വിധേയ വ്യക്തിക്ക് നികുതി അടച്ചും കയറ്റുമതിക്കാണെങ്കിൽ നികുതി ഇല്ലാതെയും അയ ക്കാവുന്നതാണ്.

ചോ.13. നിർമ്മാണം പൂർത്തിയാക്കി ചില പ്രക്രിയകൾക്കായി ഫാക്റ്ററിയിൽ നിന്നും മുൻ നിയമപ്രകാരം അയച്ച ചരക്ക് നിയുക്ത ദിവസമോ അതിനു ശേഷമോ തിരിച്ച് അയക്കുക യാണെങ്കിൽ ചരക്കു സേവന നികുതി അടയ്ക്കേ ണ്ടതുണ്ടോ?

ഉ. നിയുക്ത ദിവസത്തിനുമുമ്പ് ഉൽപ്പാദനമല്ലാത്ത പ്രക്രിയ കൾക്കായി അയച്ച ചരക്കുകൾ പരിശോധനകൾക്കു ശേഷമോ അല്ലെങ്കിൽ മറ്റു പ്രക്രിയകൾക്കു ശേഷമോ 6 മാസ ത്തിനകം (നീട്ടിക്കിട്ടിയ പരമാവധി കാലയളവ് 2 മാസത്തി നുള്ളിൽ) തിരിച്ചയക്കുകയാണെങ്കിൽ GST നിയമപ്രകാരം നികുതി അടയ്ക്കേണ്ടതില്ല. (വകുപ്പ് 141 (3)).

ചോ.14. നിലവിലുള്ള നിയമപ്രകാരം ഉൽപ്പാദനത്തിനല്ലാതെ, ഉൽപ്പാ ദനം പൂർത്തിയായ ചരക്കുകൾ പരിശോധനകൾക്കോ മറ്റു പ്രക്രിയകൾക്കോ വേണ്ടി ജോബ് വർക്കറിന് അയച്ചു കൊടു ക്കുകയാണെങ്കിൽ ചരക്കു സേവന നികുതി പ്രകാരം നികുതി അടയ്ക്കേണ്ടത് എപ്പോൾ?

ഉ. നിലവിലുള്ള നിയമപ്രകാരം ഉല്പാദനത്തിനല്ലാതെ, ഉൽപ്പാ ദനം പൂർത്തിയായ ചരക്കുകൾ പരിശോധനയ്ക്ക് വേണ്ടിയോ മറ്റു ചരക്കുകൾ പരിശോധനയ്ക്ക് വേണ്ടിയോ മറ്റു പ്രക്രിയകൾക്കു വേണ്ടിയോ നിയുക്ത ദിവസത്തിനു

മുൻപ് ഒരു ജോബ് വർക്കറിന് അയച്ചു കൊടുക്കുകയും എന്നാൽ ആ ചരക്കുകൾ നിയുക്ത ദിവസം മുതൽ 6 മാസത്തിനകം (നീട്ടിക്കിട്ടിയ കാലയളവ് പരമാവധി 2 മാസത്തിനുള്ളിൽ) ഉല്പാദനകന് തിരച്ചയച്ചില്ലാ എങ്കിൽ അത്തരം ചരക്കുകൾക്ക് ചരക്കുസേവന നികുതി നിയമപ്രകാരം നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ നിയുക്ത ദിവസം മുതൽ 6 മാസത്തിനകം തിരികെ ലഭിക്കാത്ത ചരക്കുകൾക്ക് ലഭിച്ച ITC ഉല്പദാകനിൽ നിന്ന് റിക്കവർ ചെയ്യേണ്ടതാണ്. (വകുപ്പ് 141 (3))

ചോ.15. വകുപ്പ് 141 ൽ പ്രതിപാദിക്കുന്ന 2 മാസത്തെ നീട്ടി നൽകൽ സ്വയമേയുള്ളതാണോ?

ഉ. അല്ല. അതു സ്വയമേയുള്ളതല്ല. മതിയായ കാരണം കാണിച്ചാൽ ബന്ധപ്പെട്ട കമ്മീഷണർ നീട്ടിനൽകും.

ചോ.16. വിലപുതുക്കുന്നതിനായി ഡെബിറ്റ്/ ക്രെഡിറ്റ് നോട്ടസ് നൽകുവാനുള്ള സമയപരിധി എത്രയാണ്?

ഉ. നികുതി വിധേയ വ്യക്തിക്ക് വിലപുതുക്കി 30 ദിവസത്തിനകം ഡെബിറ്റ് / ക്രെഡിറ്റ് നോട്ടസ് അഥവാ അനുബന്ധ ഇൻവോയ്സ് നൽകുവാൻ സാധിക്കും.

വില കുറക്കുയാണ് ചെയ്യുന്നതെങ്കിൽ ഇൻവോയ്സ് അഥവാ ക്രെഡിറ്റ് നോട്ട്സ് ലഭിക്കുന്ന വ്യക്തി തന്റെ ITC അങ്ങനെ കുറഞ്ഞ നികുതി ബാദ്ധ്യതക്കനുസരിച്ച് കുറച്ചെങ്കിൽ മാത്രമേ നികുതി വിധേയ വ്യക്തിക്ക് തന്റെ നികുതി ബാദ്ധ്യത കുറയ്ക്കുവാൻ സാധിക്കും (വകുപ്പ് 142 (3))

ചോ.17. നിലവിലുള്ള നിയമപ്രകാരം തീർപ്പാക്കാതെ നിലനിൽക്കുന്ന നികുതി / പലിശ റീഫണ്ടുകൾക്ക് എന്തു സംഭവിക്കും.?

ഉ. തീർപ്പാക്കാത്ത റീഫണ്ട് ക്ലെയിമുകൾ നിലവിലുള്ള നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും.

ചോ.18. നിലവിലുള്ള നിയമപ്രകാരം തീർപ്പാക്കാതെ നിലനിൽക്കുന്ന വാറ്റി (VAT) ൻമേലുള്ള CENVAT/ITC ക്ലെയിമുമായി ബന്ധപ്പെട്ട അപ്പീൽ അപേക്ഷക്ക് എന്ത് സംഭവിക്കും. അത് ഔട്ട്പുട്ട് ബാദ്ധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു

വെങ്കിൽ എന്തുസംഭവിക്കും.?

ഉ. നിയുക്ത ദിവസത്തിലോ മുൻപോ ശേഷമോ നിലവിലുള്ള നിയമപ്രകാരം തീർപ്പാക്കാതെ നിലനിൽക്കുന്ന CENVAT/ ITC ക്ലെയിമുകൾ അല്ലെങ്കിൽ ഏതെങ്കിലും ഔട്ട്പുട്ട് നികുതി ബാദ്ധ്യതയുമായി ബന്ധപ്പെട്ട് അപ്പീൽ, റിവിഷൻ, റിവ്യൂ അല്ലെങ്കിൽ റഫറൻസുകൾക്ക് നിലനിൽക്കുന്ന നിയമത്തിലെ വകുപ്പുകൾ പ്രകാരം തീർപ്പാക്കുകയും CENVAT / ITC അല്ലെങ്കിൽ ഔട്ട്പുട്ട് നികുതി എന്നിവക്ക് അർഹമായ റീഫണ്ട് ഉണ്ടെന്നു കണ്ടാൽ, നിലവിലുള്ള നിയമപ്രകാരം റീഫണ്ട് നടത്തിയിരിക്കണം. ഭാവിയിൽ നികുതി കുടിശ്ശിക ആയി ഏതെങ്കിലും തുക റിക്കവർ ചെയ്യാനുണ്ടെങ്കിൽ അത് GST നിയമപ്രകാരം റിക്കവർ ചെയ്തിരിക്കണം. (വകുപ്പ് 142 (6)/142 (7))

ചോ.19. ഒരു അപ്പീൽ അഥവാ പുനരവലോകന ഉത്തരവിനുള്ള അപേക്ഷ നികുതിദായകന് അനുകൂലമായാൽ, റീഫണ്ട് ചരക്കുസേവന നികുതിയിൽ നൽകുമോ? തീരുമാനം നികുതിദായകന് പ്രതികൂലമായാൽ എന്ത് സംഭവിക്കും?

ഉ. റീഫണ്ട് നിലവിലുള്ള നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും. ഏതെങ്കിലും റിക്കവറി നടത്തേണ്ടതായിട്ടുണ്ടെങ്കിൽ ചരക്കുസേവന നികുതിക്കു കീഴിലെ കുടിശ്ശികയായി കണക്കാക്കി റിക്കവർ ചെയ്യും. (വകുപ്പ് 142 (6)/ 142 (7))

ചോ.20. നിലവിലുള്ള നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകൾ പുതുക്കിയതുമൂലമുണ്ടാകുന്ന റീഫണ്ട് ചരക്കുസേവന നികുതിയിൽ എങ്ങനെ കൈകാര്യം ചെയ്യും.?

ഉ. നിലവിലുള്ള നിയമപ്രകാരം നിയുക്ത ദിവസത്തിനു ശേഷം സമർപ്പിച്ച റിട്ടേണുകൾ പുതുക്കിയതിന്റെ ഫലമായി ഏതെങ്കിലും തുക റീഫണ്ടു ചെയ്യേണ്ടതായി കണ്ടെത്തിയാൽ ഇപ്പോഴുള്ള നിയമത്തിലെ വകുപ്പുകൾക്കനുസരിച്ചു പണമായി നൽകും. (വകുപ്പ് 142 (9) (b))

ചോ.21. നിലവിലുള്ള നിയമമനുസരിച്ചുള്ള കരാർ പ്രകാരം സാധനങ്ങൾ അഥവാ സേവനങ്ങൾ ചരക്കുസേവന നികുതിയിൽ സപ്ലൈ നടത്തുകയാണെങ്കിൽ ഏതു നികുതിയാണ്

നൽകേണ്ടത്?

ഉ. അത്തരം വിതരണത്തിനു ചരക്കുസേവന നികുതിയാണ് അടക്കേണ്ടത്. (വകുപ്പ് 142 (10), GST നിയമം)

ചോ.22. ഒരു പ്രത്യേക ചരക്കു/ സേവന വിതരണത്തിൻമേൽ നിലവിലുള്ള നിയമപ്രകാരം നികുതി അടക്കേണ്ടതാണ്. അത്തരം സപ്ലൈക്ക് ചരക്കു/ സേവന നികുതി പരിധിയിൽ നടത്തുകയാണെങ്കിൽ ചരക്കുസേവന നികുതിയും നൽകേണ്ടതുണ്ടോ?

ഉ. നിലവിലുള്ള നിയമപ്രകാരം നികുതിക്ക് വിധേയമായ ചരക്കു/ സേവന സപ്ലൈക്ക് ചരക്കുസേവന നികുതിനിയമപ്രകാരം യാതൊരു നികുതിയും അടക്കേണ്ടതില്ല.

ചോ.23. നിയുക്ത ദിവസത്തിനുശേഷം നിലവിലുള്ള നിയമപ്രകാരം നടത്തിയ നികുതി നിർണ്ണയം അല്ലെങ്കിൽ വിധി പ്രസ്താവിക്കൾ എന്നിവ പ്രകാരം നികുതി, പലിശ, ഫൈൺ, പിഴ, എന്ന ഇനത്തിൽ ഏതെങ്കിലും ഒരു തുക റീഫണ്ടു ചെയ്യേണ്ടതായി കണ്ടെത്തിയാൽ ആ തുക ചരക്കു/ സേവന നികുതി നിയമപ്രകാരം റീഫണ്ടു ചെയ്യാൻ സാധിക്കുമോ?

ഉ. നിലവിലുള്ള നിയമപ്രകാരം അത്തരം റീഫണ്ടു തുകകൾ പണമായി നൽകില്ല. (വകുപ്പ് 142 (8)(6), GST നിയമം

ചോ.24. മുൻപുള്ള നിയമപ്രകാരം ഇൻപുട്ട് സേവനദാതാവിൽ നിന്നും സേവനം സ്വീകരിച്ചതിന്, ആ വിതരണവുമായി ബന്ധപ്പെട്ട് ITC, GST പരിധിയിൽ ലഭിക്കുമോ?

ഉ. നിയുക്ത ദിവസത്തിലോ ശേഷമോ ലഭിച്ച അത്തരം സേവനങ്ങളുമായി ബന്ധപ്പെട്ട ഇൻവോയിസ്സുകൾക്ക് ലഭ്യമാകും (CGST നിയമം വകുപ്പ് 140 (7))

ചോ.25. സംസ്ഥാന വാറ്റ് (VAT) നിയമപ്രകാരം ഉറവിടത്തിൽ വച്ചു തന്നെ നികുതി തട്ടിക്കിഴിക്കേണ്ട ചരക്കുകൾ വിൽക്കുകയും നിയുക്ത ദിവസത്തിനുമുമ്പ് ഇൻവോയ്സ് നൽകുകയും ചെയ്താൽ CGST നിയമപ്രകാരം നിയുക്ത ദിവസത്തിനുമുമ്പ് ഇൻവോയ്സ് നൽകുകയും ചെയ്താൽ CGST നിയമപ്രകാരം നിയുക്ത ദിവസത്തിനുശേഷം പണമടക്കുകയും അതിനുമേലുള്ള നികുതി ഉറവിടത്തിൽ വെച്ചു തന്നെ

കുറയ്ക്കാൻ സാധിക്കുമോ?

ഉ. ഇല്ല. അത്തരത്തിലുള്ള ഉറവിടത്തിൽ വച്ചുള്ള നികുതി തട്ടിക്കിഴിക്കൽ GST നിയമപ്രകാരം നടത്താൻ പാടില്ല.

ചോ.26. നിയുക്ത ദിവസത്തിനുമുമ്പ് അംഗീകാരത്തോടെ അയച്ച ചരക്കുകൾ നിയുക്ത ദിവസം മുതൽ 6 മാസത്തിനുശേഷം വിൽപ്പനക്കാരനു തിരിച്ചയക്കുകയാണെങ്കിൽ ചരക്കുസേവന നികുതി അടക്കേണ്ടതുണ്ടോ?

ഉ. അതെ. ഇത്തരം ചരക്കിനു ചരക്കുസേവന നികുതി ബാദ്ധ്യത ഉണ്ടാവുകയും ചരക്കു നിരസിക്കുന്ന അഥവാ അംഗീകരിക്കാത്ത വ്യക്തി അത് നിയുക്ത ദിവസത്തിന് 6 മാസത്തിനു ശേഷം (2 മാസം നീട്ടികൊടുക്കാവുന്നത്) തിരിച്ചയക്കുകയും ചെയ്താൽ ആ ചരക്കിന് ചരക്കു/ സേവനേ നികുതി ബാദ്ധ്യത ഉണ്ടാകും. ഇത്തരം അവസരങ്ങളിൽ ആരാണ് അംഗീകാരത്തോടെ ചരക്ക് അയക്കുന്നത് അയാളും നികുതി അടക്കേണ്ടതാണ്. (വകുപ്പ് 142 (12))

* * *